

ശ്രീനിപട്ടത്താനം

# തെരഞ്ഞെടുത്ത യുക്തിവാദ ലേഖനങ്ങൾ

RW
Publications

# തെരഞ്ഞെടുത്ത
# യുക്തിവാദ ലേഖനങ്ങൾ

# തെരഞ്ഞെടുത്ത യുക്തിവാദലേഖനങ്ങൾ

ശ്രീനി പട്ടത്താനം

Malayalam
**Theranjedutha Yukthivadha Lekhanangal**
(Essays)
by **Sreeni Pattathanam**

*Copyright* : Sreeni Pattathanam
*First Edition* : December 2022

*Published by* : Rationalist Writers Publications
DTP & Design : Paul Ambrose, Ph : 9746429028
*Printed at* : Akshara Printers, Thiruvananthapuram

Disclaimer
Any part of this publication may be reproduced, stored in or introduced into a retrieval system, or transmitted in any form, or by any means, electronic, mechanical, photocopying, recording or otherwise with the prior written permission of the publisher only

**Price : Rs.150/-**

# മുഖവുര

നമ്മുടെ ഭൂരിഭാഗം ജനങ്ങളും, വിദ്യാസമ്പന്നരിൽ ഭൂരിഭാഗവും ശാസ്ത്ര വിജ്ഞാനം ലഭിച്ചിട്ടുള്ളവരല്ല. അതുകൊണ്ട് തന്നെ അവർ പലപ്പോഴും പെട്ടെന്ന് അന്ധവിശ്വാസങ്ങളിൽ വീഴുക പതിവാണ്. ഇതു നല്ലതുപോലെ മനസ്സിലാക്കിയ പൗരോഹിത്യ വർഗ്ഗത്തിന്റെ പല ഏജന്റുമാരും സന്ദർഭമനുസരിച്ച് പുതിയ വിശ്വാസങ്ങൾ നിർമ്മിക്കുകയോ പഴയ വിശ്വാസങ്ങളെ പുനഃസ്ഥാപിക്കുകയോ ചെയ്യുക പതിവാണ്.

ഈ കുതന്ത്രങ്ങൾ സാധാരണക്കാർക്ക് മനസ്സിലാവില്ല. അവർ ഇവർ ഉണ്ടാക്കുന്ന കെണികളിൽ വീഴുക പതിവാണ്. ഇത് സംഭവിക്കാതിരിക്കാൻ ഇങ്ങനെയുള്ള ചില സന്ദർഭങ്ങളിലുണ്ടായ എന്റെ ഇടപെടലുകളാണ് ഈ ഗ്രന്ഥത്തിൽ പറയുന്ന ഓരോ ലേഖനങ്ങളും. ഇവ ഇനിയും പ്രയോജനം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. അതു യാഥാർത്ഥ്യമായിത്തീരും എന്ന വിശ്വാസത്തോടെ ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു.

**ശ്രീനിപട്ടത്താനം**

# പ്രസാധക കുറിപ്പ്

1985 മുതൽ ശ്രീനി പട്ടത്താനം എഴുതിയ ചില പ്രധാന ലേഖനങ്ങളാണ് 'തെരഞ്ഞെടുത്ത ലേഖനങ്ങൾ' എന്ന പേരിൽ ഞങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. ഭരണഘടന അനുശാസിക്കുന്നു 51 എ.എച്ച്.പ്രകാരം ജനങ്ങളിൽ യുക്തിചിന്തയും ശാസ്ത്രബോധവും വളർത്തുക എന്നതാണ് ഈ ലേഖന രചനയുടെ ഉദ്ദേശ്യം.

ഇതു വായനക്കാരിൽ പുത്തൻ പ്രകാശം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. ഞങ്ങൾ പ്രതീക്ഷകളോടെ ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു.

2022 ഡിസംബർ

പ്രസാധകർ
റാഷണലിസ്റ്റ് റൈറ്റേഴ്സ് പബ്ലിക്കേഷൻസ് കമ്മിറ്റി

## ഉള്ളടക്കം

അദ്ധ്യായം-1 പ്രേതബാധയും മനോരോഗങ്ങളും
അദ്ധ്യായം-2 പൊരുത്തം നോക്കൽ : യുവതീ യുവാക്കളെ വിഴുങ്ങുന്ന ക്യാൻസർ
അദ്ധ്യായം-3 മനുഷ്യ ദൈവങ്ങൾ മാധ്യമങ്ങളെ അടിമകളാക്കുന്നതെങ്ങനെ?
അദ്ധ്യായം-4 സാനിയ മിർസയുടെ വേഷനിഷേധം
അദ്ധ്യായം-5 മാവേലിയുടെ പോരാട്ടം
അദ്ധ്യായം-6 ഗുരു യോഗത്തെ ഉപേക്ഷിച്ചത് എന്തുകൊണ്ട്?
അദ്ധ്യായം-7 യേശുദാസ് ദിവ്യഗായകനോ?
അദ്ധ്യായം-8 ഒരു വെടിക്കെട്ട് ദുരന്തം
അദ്ധ്യായം-9 ക്രൈസ്തവ പുരോഹിതരുടെ തട്ടിപ്പുകൾ
അദ്ധ്യായം-10 അസ്തമിച്ച ചന്ദ്രൻ
അദ്ധ്യായം-11 ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ അതിർവരമ്പുകൾ
അദ്ധ്യായം-12 മകരവിളക്കിന്റെ പിന്നാമ്പുറം
അദ്ധ്യായം-13 സത്യസായി ബാബയുടെ മറുപുറം
അദ്ധ്യായം-14 മതതീവ്രവാദികൾ ആക്രമിച്ച സിനിമകൾ
അദ്ധ്യായം-15 ജാതി ഭ്രാന്തിൽ ചരമം പ്രാപിച്ച ആദ്യ സിനിമ
അദ്ധ്യായം-16 മതനിന്ദാ നിയമങ്ങൾ യുക്തിവാദികൾക്ക് ബാധകമല്ല
അദ്ധ്യായം-17 യുക്തിവാദി സംഘം ദേശീയ ചരിത്രം
അദ്ധ്യായം-18 ചട്ടമ്പിസ്വാമിയുടെ യുക്തിവാദ ചിന്തകൾ
അദ്ധ്യായം-19 ദൃഢപ്രതിജ്ഞയുടെ ചരിത്രം
അദ്ധ്യായം-20 വി.ആർ.കൃഷ്ണയ്യരും മരണാനന്തര ജീവിതവും
അദ്ധ്യായം-21 ആറാട്ടുപുഴയുടെ തകരുന്ന തറവാട്
അദ്ധ്യായം-22 ഒരു വിവാദ പാഠഭാഗം

# 1
# പ്രേതബാധയും മനോരോഗങ്ങളും

തഴവ കടത്തൂർ കണ്ണങ്കര കുറ്റിയിൽ വീട്ടിൽ ഹസൻകുഞ്ഞിന്റെ മകൾ ഹസീന (26) അതിദാരുണമായി കൊല്ലപ്പെട്ടു. ശരീരത്തിൽ കൂടിയിരിക്കുന്ന ജിന്നിനെ ഒഴിക്കാൻ മന്ത്രവാദിയായ ആലപ്പുഴ നൂറനാട് ആദിക്കാട്ട് കുളങ്ങര സ്വദേശി സിറാജുദ്ദീൻ നടത്തിയ ശ്രമത്തിലാണ് മരണമുണ്ടായത്. യുവതിയുടെ ഉള്ളിൽ ജിന്നുണ്ടെന്നും ഈ ജിന്നിനെ ചാടിച്ചു കുപ്പിയിൽ അടച്ച് സിദ്ധൻ കടലിൽ കൊണ്ട് കളയുന്നതോടെ പ്രേതബാധ മാറുമെന്നും മന്ത്രവാദി വീട്ടുകാരെ വിശ്വസിപ്പിക്കുകയും അതിനുവേണ്ടിയുള്ള മന്ത്രവാദമാണിതെന്ന് പറഞ്ഞുമാണ് ചികിത്സ ആരംഭിക്കുന്നത്. അർദ്ധരാത്രി ചികിത്സയ്ക്ക് മന്ത്രവാദി എത്തുകയും നേരം വെളുക്കുംവരെ ജിന്നിനെ പുറത്തുചാടിക്കാൻ ശ്രമിക്കുകയും നേരം വെളുക്കുന്നതിനുമുമ്പ് രണ്ടായിരവും മൂവായിരവും രൂപയും യാത്രപ്പടി വാങ്ങി മുങ്ങുകയും ചെയ്യുകയാണ് മന്ത്രവാദിയുടെ പതിവ്. ഏറ്റവും വിലപിടിപ്പുള്ള കാറിലാണ് മന്ത്രവാദിയും കൂട്ടരും വന്നു പോകുന്നത്. കൂടുതൽ ദിവസം ആഹാരം കൊടുക്കാതെയും ദിവസങ്ങളോളം ദുർഗന്ധപുകയുള്ള മുറിയിൽ അടയ്ക്കുകയും ബന്ധുക്കളുടെ സാന്നിദ്ധ്യത്തിലും അല്ലാതെയും മസാജ് ഉൾപ്പെടെയുള്ള ചികിത്സാക്രമങ്ങൾ പതിവുരീതികളാണ്. അവസാനം ഹസീനയെ കമിഴ്ത്തിക്കിടത്തി നട്ടെല്ലിലേക്ക് മന്ത്രവാദി മുട്ടുകാലുകൊണ്ട് ഇടിക്കുകയും

ചെയ്തതോടെയാണ് യുവതി മരണമടയുന്നത്. തൽക്ഷണം ബന്ധുമിത്രാദികൾ തടിച്ചുകൂടുകയും നൊയ്മ്പ് ആരംഭിക്കുന്നതിന് മുമ്പ് കബറടക്കാൻ നിർബന്ധം പിടിക്കുകയും അതിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഏതോ അയൽവാസി വളരെ രഹസ്യമായി ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെ വിവരം അറിയിക്കുന്നത്. യുവതി മരിച്ചതിൽ സംശയമുണ്ടെന്നും മന്ത്രവാദിയുടെ ഇടപെടൽ മൂലമാണെന്നും അന്വേഷിക്കണമെന്നും, വിവരം ലഭിച്ച ഉടൻ പോലീസ് സ്ഥലത്തെത്തുകയും കബറടക്കം തടസ്സപ്പെടുത്തുകയും ചെയ്തു. തുടർന്നു പോലീസുമായി വാഗ്വാദമുണ്ടായെങ്കിലും ശക്തമായ ഇടപെടൽ മൂലം ബോഡി പോസ്റ്റുമാർട്ടം ചെയ്യുന്നതിനു നിയോഗിക്കുകയും ചെയ്തു. പോസ്റ്റുമോർട്ടം റിപ്പോർട്ടിലാണ് തെളിയുന്നത് യുവതിയുടെ നട്ടെല്ലും വൃക്കകളും മറ്റ് ആന്തരാവയവങ്ങളും തകർന്ന് ചോരയൊലിച്ചതിന്റെ ഫലമാണ് മരണമുണ്ടായതെന്ന്. യുവതിയെ കമിഴ്ത്തിക്കിടത്തി നട്ടെല്ലിലേക്ക് മന്ത്രവാദി മുട്ടെല്ലുകൊണ്ടു ഇടിച്ചതിന്റെ ഫലമായും കൈ രണ്ടും തലമുടിയും മുകളിലോട്ട് പിടിച്ചു വലിച്ചതിന്റെ ഫലമായും പിതാവ് പിന്നിൽ നിന്നും രണ്ടു കാലുകൾ പിടിച്ച് ഉയർത്തിയതുകൊണ്ടുമാണ് മരിച്ചതെന്നു. സംഭവമറിഞ്ഞതിനെ തുടർന്ന് മന്ത്രവാദി മുങ്ങി. പിതാവായ ഹസൻ കുഞ്ഞിനേയും മന്ത്രവാദിയുടെ സഹായിയായ എം.അബ്ദുൾ കബീറിനേയും പോലീസ് അറസ്റ്റ് ചെയ്തു. തുടർന്ന് സംഭവം ദൃശ്യമാധ്യമങ്ങളും പത്രമാധ്യമങ്ങളും ഭംഗിയായി റിപ്പോർട്ടു ചെയ്തു. ഡി.വൈ.എഫ്.ഐ., യൂത്ത് കോൺഗ്രസ്സ്, പുരോഗമന കലാസാഹിത്യ സംഘം, മഹിളാ സംഘം, ശാസ്ത്ര സാഹിത്യ പരിഷത്ത്, ഭാരതീയ യുക്തിവാദി സംഘം തുടങ്ങിയ പ്രസ്ഥാനങ്ങൾ പ്രക്ഷോഭവുമായി മുന്നോട്ടു വന്നു.

സർക്കിൾ ഇൻസ്പെക്ടർ കെ.എ.വിദ്യാധരന്റെ നേതൃത്വത്തിൽ അന്വേഷണം ശക്തമാക്കി. തുടർന്ന് മന്ത്രവാദിയെ പത്തനംതിട്ടയിൽ നിന്നും പോലീസ് അറസ്റ്റു ചെയ്തു. രണ്ടു പ്രാവശ്യം വിവാഹിതയായ ഹസീനയ്ക്ക് മുന്നു വയസ്സുള്ള ഒരു കുട്ടിയുണ്ട്. ഈ കൊലപാതകത്തിനു പിന്നിൽ ആരൊക്കെയാണ് കുറ്റവാളികൾ? പൊതുവെ പറഞ്ഞാൽ അന്ധവിശ്വാസത്തിന്റെ ബലിക്കല്ലിൽ തകർന്നതാണ് ഹസീനയുടെ ജീവിതം. ഹസീനയുടെ രോഗ

കാരണം ഒരു ജിന്നാണെന്ന് ഒരുപക്ഷെ വിശ്വസിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്ത മന്ത്രവാദി. ജിന്നിനെ അന്ധമായി വിശ്വസിക്കുന്ന മാതാപിതാക്കളും ബന്ധുക്കളും. എല്ലാ പ്രേതബാധകളും ജിന്നിന്റെ പ്രവർത്തനമാണെന്ന തെറ്റായ ധാരണയാണ് ഇതിന് ആധാരം. പ്രേതബാധാ പ്രവർത്തനങ്ങളെല്ലാം മാനസിക രോഗാവസ്ഥയാണെന്നുള്ള അറിവില്ലായ്മയാണ് ഇതിന് പ്രധാന കാരണം. പ്രേതസങ്കല്പം ഉടലെടുക്കുന്നത് ആത്മസങ്കല്പത്തിൽ നിന്നാണ്. ഇത് പ്രാകൃത വിശ്വാസത്തിന്റെ സൃഷ്ടിയാണ്. ആദി മനുഷ്യനിൽ നിന്ന് തന്നെയാണ് ആ വിശ്വാസത്തിന്റെ ജനനവും. കൂടെയുള്ളവരിൽ ഒരാൾ മരിച്ചപ്പോൾ ജീവനുള്ളവരിൽ നിന്നും വ്യത്യസ്തമായി കണ്ടത് മരിച്ചയാൾ ചലനമില്ലാതെ കിടക്കുന്നതാണ് . ജീവനുള്ളവർ ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ മരിച്ചയാൾ ശ്വാസോചാസമില്ലാതെ കിടക്കുന്നു. ജീവനുള്ളവർ കരുതി മരിച്ചയാളിന്റെ ഉള്ളിൽ ഏതോ കിളിയുണ്ടായിരുന്നുവെന്നും അത് മരണത്തോടെ ശരീരം ഉപേക്ഷിച്ചു അതു പറന്നുപോയി എന്ന്. മാത്രമല്ല മരിച്ചവരുടെ കൂടെയുള്ളവർ സ്വപ്നത്തിൽ കാണുവാൻ തുടങ്ങി. ഇതോടെ ആത്മസങ്കൽപ്പം പിറവിയെടുത്തു. നമ്മുടെ എല്ലാ മതഗ്രന്ഥങ്ങളിലും പറയുന്ന ആത്മസങ്കല്പം ഈ അന്ധവിശ്വാസത്തിൽ നിന്നും ഉടലെടുത്തതാണ്. ഈ ആത്മസങ്കല്പമാണ് എല്ലാ ആത്മീയ തത്വശാസ്ത്രങ്ങളുടെയും മൂലക്കല്ലും.

ഈ ആത്മാവാണ് നമ്മുടെ നാട്ടിലെ പഴയ യക്ഷിക്കു ജന്മം നൽകിയത്. രാത്രികാലങ്ങളിൽ മനുഷ്യന്റെ രക്തം ഊറ്റിക്കുടിക്കാനിറങ്ങുന്ന സുന്ദരിയായ യക്ഷി തൂവെള്ള വസ്ത്രമാണ് ധരിച്ചിരുന്നത്. സ്വർണ്ണാഭരങ്ങൾ ധരിച്ചിരുന്നു. മുല്ലപ്പൂവ് ചൂടിയിരുന്നു. മുതുക് പൊള്ളയായിരുന്നു. പാദങ്ങൾ നിലത്തു തൊട്ടിരുന്നില്ല. യഥാർത്ഥത്തിൽ മരിച്ച സ്ത്രീ പ്രേതമായി വരുമ്പോൾ നഗ്ന ശരീരമാണ് കാണേണ്ടത്. പക്ഷെ അവരുടെ വേഷാധികളെങ്ങനെയുണ്ടായി. യക്ഷി ധരിച്ചിരുന്ന പരുത്തി വസ്ത്രങ്ങൾക്ക് പ്രേതമുണ്ടോ, മുല്ലപ്പൂവിന് പ്രേതമുണ്ടോ, സ്വർണ്ണാഭരണങ്ങൾക്ക് പ്രേതമുണ്ടോ? ഇവിടെയാണ് പ്രേതത്തിന്റെ അസ്തിത്വം നിഷേധിക്കപ്പെടുന്നത്.

യഥാർത്ഥത്തിൽ എല്ലാ പ്രേതബാധകളും മനുഷ്യൻ അറിഞ്ഞുകൊണ്ടോ അറിയാതെയോ സ്വയം അഭിനയിക്കുന്ന മനോ

നാടകങ്ങളാണ് എന്നാണ് എല്ലാ മനഃശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെടുന്നത്. മനോരോഗം ആരംഭിക്കുന്നത് പാരമ്പര്യം, പരിതസ്ഥിതി, ശാരീരിക ക്രമക്കേടുകൾ തുടങ്ങിയ കാരണങ്ങളിൽ നിന്നാണ്. നിത്യജീവിതത്തിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഘർഷാത്മകമായ പ്രശ്നങ്ങൾ ചിലത് നേരിടാൻ കഴിയില്ല. അത്തരക്കാർക്കുണ്ടാകുന്ന ആഘാതം (Stress) മനസ്സിന്റെ പ്രതിരോധ നിരകളെ തകർക്കുന്നു. ഈ തകർച്ച രോഗമായി മാറുന്നു. ഇതിൽ പ്രേതബാധയുടെ സ്വഭാവങ്ങൾ കാണിക്കുന്ന മനോരോഗങ്ങൾ രണ്ടു വിഭാഗത്തിൽപ്പെടുന്നതായി മനോരോഗ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

ഒന്ന് ഞരമ്പ് രോഗങ്ങൾ (Neuroses) എന്ന വിഭാഗത്തിലെ ഹിസ്റ്റീയ (Hysteria). രണ്ട് ഉന്മാദ രോഗങ്ങൾ (Psychoses) എന്ന വിഭാഗത്തിലെ സ്കിസോഫ്രേനിയ (Schizophrenia), വിഷാദ രോഗങ്ങൾ (MDP depression), വിഭ്രാന്തികൾ (MDP Mania), അപസ്മാരരോഗം (Epilephtic psychoses) എന്നിവ. ഇത്തരം രോഗികൾ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനായി പ്രേതബാധ, മറവി (Hy-ammnesia), സ്വപ്നാടനം (Somnambulism) തുടങ്ങിയ രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നു. ഇതിനെ സൗകര്യാർത്ഥം ഇങ്ങനെ തിരിക്കാവുന്നതാണ്. 1. മറവി (Hy-ammnesia) 2. ഉന്മാദാവസ്ഥ (Hyfuge state) 3.സ്വപ്നാടനം (Somnambulism) 4.വിവിധ വ്യക്തിത്വം (Multiple personality) 5. പ്രേതബാധ (Possession Syndrome), 6.എച്ച്.എ.ആർ. (Hy Conversion Reactions) 7. അപസ്മാരം (Hyfits) 8. അന്ധത (Hy-blindness) 9. ബധിരത (Hy-deafness) 10. മൂകത (Hy-aphonia) 11. തളർവാതം (Hy-hamiplegia & para plegia monoplegia etc.).

പ്രേതബാധക്ക് പണ്ടു മുതലേയുള്ള ചികിത്സ മന്ത്രവാദമാണ്. ചിലർക്ക് ഭാഗികമായ ഫലപ്രാപ്തിയും ലഭിച്ചിട്ടുണ്ട്. അതിനുകാരണം പക്വതയില്ലാത്ത മനസ്സിന് തളർച്ച ബാധിക്കുമ്പോൾ ആജ്ഞാശക്തിയുള്ള ഒരാളുടെ മേധാശക്തി ഗുണകരമായി മാറാറുണ്ട്. അതു സജഷൻ (Suggestion) ഹിപ്നോസിസ് തുടങ്ങി തത്ത്വങ്ങളാണ്. എന്നാൽ രോഗത്തിന്റെ മൂലകാരണം കണ്ടെത്താത്ത ശാസ്ത്രീയ അടിത്തറയില്ലാത്ത ഈ ചികിത്സ ശാശ്വതമായ രോഗപരിഹാരം ഉണ്ടാക്കില്ല.

ഇത്തരം രോഗങ്ങൾക്ക് പരിഹാരം സൈക്കോ തെറാപ്പിയാണെ

ന്നു ഡോക്ടർമാർ അഭിപ്രായപ്പെടുന്നു. സിറാജുദ്ദീൻ എന്ന ഒരു മന്ത്രവാദിയെ ഹസീനാ വധത്തിൽ കാണുമ്പോൾ നാം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം ഇത്തരം ജിന്നുകളെ ഒഴിപ്പിക്കുന്ന നൂറുകണക്കിനു മന്ത്രവാദികൾ ഇന്നു കേരളത്തിലുണ്ട്. 'ജിന്ന്' എന്നതു ഒരു മതവുമായി ബന്ധപ്പെട്ട വിശ്വാസമാണ്. അതുകൊണ്ട് അവരുടെ സ്ഥാപനങ്ങൾ ക്രേന്ദ്രീകരിച്ചും ഇതു നടന്നു വരുന്നുണ്ടു. പൂന്തുറ ബീമാ പള്ളിയിൽ ചെന്നാൽ ചികിത്സ ലഭിക്കാതെ തടവറയിൽ കിടക്കുന്ന ജിന്ന് ബാധിച്ച രോഗികളെ കാണാം. ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിൽ ചെന്നാൽ മരത്തിൽ ശിരസ്സുകൊണ്ട് ആണി അടിച്ചു തറക്കുന്ന പ്രേതബാധയുള്ള രോഗികളെ കാണാം. പോട്ട ആശ്രമത്തിൽ ചെന്നാലും സാത്താൻ കൂടിയ മനോരോഗികളെ കാണാം. ഇത് എല്ലാ മതവിഭാഗങ്ങളിലുമുണ്ട്. മനസ്സിനെ ബാധിക്കുന്ന രോഗമാണു പ്രേതബാധ എന്നറിഞ്ഞുകൂടാതിരുന്ന പ്രാകൃത ജനം അങ്ങനെ വിശ്വസിച്ചു.

മന്ത്രവാദികളെല്ലാം മതപുരോഹിതന്മാരും കൂടിയാണ്. ഇതിൽ പലരും ഇന്നു ഈ ചികിത്സ കൃഷിയാക്കി മാറ്റിയിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ ആധുനിക ചികിത്സാരംഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. ഹസീന ആധുനിക ആശുപ്രതികളിലെ ചികിത്സകൾക്ക് ശേഷമാണ് മന്ത്രവാദിയെ കാണാൻ പോയത്.

മന:ശാസ്ത്രജ്ഞന്റെ പരിശോധനക്ക് ശേഷമാണ് മനോരോഗ വിദഗ്ദ്ധൻ പരിശോധിച്ചു മരുന്നു കൊടുക്കേണ്ടത്. എന്നാൽ ആ രീതി നമ്മുടെ പല ആശുപത്രികളിലും ഇല്ല. മാനസിക പ്രശ്നമുള്ള വ്യക്തിക്കും ചില മനോരോഗ വിദഗ്ദ്ധൻ സെഡേറ്റീവ് മെഡിസിൻ കൊടുത്തുവിടുക പതിവാണ്. പലപ്പോഴും കുടുംബാംഗങ്ങൾക്ക് ഈ രോഗത്തെക്കുറിച്ച് അവബോധമില്ലാത്തതിനാൽ രോഗിക്കു കൃത്യമായി മരുന്നുകൊടുക്കാറില്ല. അതുമൂലം രോഗം കുറയാറില്ല.

പലപ്പോഴും ആറുമാസം, 3 വർഷം, ലൈഫ് ലോംഗ് ആയി മരുന്നു കഴിക്കേണ്ടവരുണ്ട്. അത്രയും നാൾ കൃത്യമായി കഴിക്കാത്തതിനാൽ രോഗം കുറയാറില്ല. ഇക്കാരണത്താൽ വിണ്ടും മന്ത്രവാദിയെകുടി പരീക്ഷിച്ചു നോക്കാൻ വീട്ടുകാർ പ്രേരിതരാകുന്നു. അതിനാൽ ആധുനികരംഗം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇതു പ്രേതബാധ ഉന്മൂലനം ചെയ്യാനുള്ള ഒരു വഴിയാണ്. അന്ധവിശ്വാ

സങ്ങൾക്കെതിരെ ഭരണഘടനയിലെ ആർട്ടിക്കിൾ 51എ.എച്ച്. പ്രകാരം ജനങ്ങളിൽ ഏതൊരു പൗരനും യുക്തിചിന്തയും ശാസ്ത്ര ബോധവും പ്രചരിപ്പിക്കേണ്ടതുണ്ട്. അതാണ് സമൂഹത്തിൽ നിന്നും പ്രേതബാധയകറ്റാനുള്ള ഒരു മാർഗ്ഗം. അതുപോലെ, ഇത്തരം മന്ത്ര വാദികളെയും സിദ്ധന്മാരെയും മനുഷ്യ ദൈവങ്ങളെയും ജ്യോത്സ്യ ന്മാരെയും നിയന്ത്രിക്കുവാൻ മഹാരാഷ്ട്രയിൽ ഒരു അന്ധവിശ്വാസ വിരുദ്ധ നിയമം പാസ്സാക്കിയിട്ടുണ്ട്.

# 2

# പൊരുത്തം നോക്കൽ : യുവതീ യുവാക്കളെ വിഴുങ്ങുന്ന ക്യാൻസർ

രാധിക സുന്ദരിയാണ്. എം.എസ്സി. മാത്സ്. കോളേജ് അധ്യാപിക. രണ്ടു സഹോദരന്മാരുടെ ഏക സഹോദരി. സഹോദരന്മാർ ഉയർന്ന ഉദ്യോഗസ്ഥന്മാർ. മാതാപിതാക്കൾ റിട്ടയേർഡ് അധ്യാപകർ. നല്ല സാമ്പത്തികം. രാധികക്ക് അനുയോജ്യമായ വിവാഹബന്ധത്തിനുവേണ്ടി പത്രങ്ങളിലും നെറ്റിലും പരസ്യം കൊടുത്തു. പരസ്യം വന്നയുടൻ ഫോണിലൂടെ കാളുകൾ വന്നു. കാളുകാരോട് ഗ്രഹനില അയക്കാൻ പറഞ്ഞു. അപ്രകാരം അവർ അഞ്ചു പേർ ഗ്രഹനില അയച്ചു. ഗ്രഹനില ലഭിച്ചയുടൻ അമ്മയും നാത്തൂനും ചേർന്നു പൊരുത്തം നോക്കാൻ വൈകുണ്ഠൻ നമ്പൂതിരിയുടെ അടുത്തുപോയി. ഗ്രഹനില ഒത്തു നോക്കിയപ്പോൾ മൂന്നെണ്ണത്തിനു പൊരുത്തമില്ല രണ്ടെണ്ണത്തിനു പൊരുത്തമുണ്ട്. പൊരുത്തമില്ലാത്തവരോട് വിവരമറിയിക്കുകയും പൊരുത്തമുള്ള രണ്ടു പേരിലൊരാളെ വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്തു. നിർഭാഗ്യമെന്നു പറയട്ടെ രാധികക്കും വീട്ടുകാർക്കും ചെറുക്കനെ ഇഷ്ടപ്പെട്ടില്ല. അടുത്ത ആൾ വരാൻ വീണ്ടുമറിയിച്ച പ്രകാരം രണ്ടാമൻ വന്നു. രണ്ടാമൻ ബിസിനസ്സുകാരനായതുകൊണ്ട് അവസാനം അതും വേണ്ടെന്നായി. ഇവിടെ ഉയരുന്ന ഒരു ചോദ്യം രണ്ടു പേർക്കു പൊരുത്തമുണ്ടെന്നു പറഞ്ഞിട്ടു അവസാനം പൊരുത്തപ്പെടാതെ പോയ

ത് എന്തുകൊണ്ടെന്നാണ്. അപ്പോൾ പൊരുത്തമുണ്ടാകണമെങ്കിൽ ജ്യോത്സ്യരുടെ ഗ്രഹനില മാത്രം പോരെന്നു വ്യക്തമല്ലെ. അതു പോലെ ജ്യോത്സ്യരുടെ ഇടപെടൽ മൂലം ഗ്രഹനില നോക്കി പൊരുത്തമില്ലെന്നു പറയുന്നതോടെ യുവതീ യുവാക്കളുടെ ആദ്യത്തെ കൂടിക്കാഴ്ച നഷ്ടപ്പെടുകയും ചെയ്യുന്നു. ഒരു പക്ഷെ ജ്യോത്സ്യരുടെ ഇടപെടീലില്ലെങ്കിൽ ആ കൂടിക്കാഴ്ചയിൽ പല വിവാഹവും നടക്കുമായിരുന്നില്ലേ?

**ഇനി മറ്റൊരു കേസ് പറയാം**

കോടികളുടെ ആസ്തിയുള്ള മാതാപിതാക്കളുടെ ഏക മകളാണ് അഞ്ജലി. എം.ബി.എ. കഴിഞ്ഞു ഐ.സി.ഡബ്ല്യുവിന് പോകുന്നു. വെളുത്തു സുന്ദരിയായ പെൺകുട്ടി. വിവാഹപ്രായം കഴിഞ്ഞിട്ടും മാതാപിതാക്കൾ മകൾക്ക് വിവാഹം ആലോചിക്കുന്നില്ല. ബന്ധുമിത്രാദികൾ എന്തുകൊണ്ട് അവളെ കെട്ടിച്ചു വിടുന്നില്ലെന്നു ചോദിക്കുമ്പോൾ രണ്ടും പേരും പറയും നോക്കിക്കൊണ്ടിരിക്കുകയാണ്. അവസാനം മുത്തശ്ശിയാണ് കാര്യം പറയുന്നത് ജ്യോത്സ്യൻ പറഞ്ഞു. അവൾക്ക് 28 വയസ്സ് കഴിഞ്ഞെ വിവാഹം നടത്താവൂ എന്ന് അല്ലെങ്കിൽ ദോഷമാണെന്ന്. അതുകൊണ്ടാണ് വിവാഹം ആലോചിക്കാതിരുന്നത്.

**മറ്റൊരു കേസ് കൂടി പറയാം**

ശാലിനിക്കു വയസ്സ് 38. സുന്ദരി മലയാളം എം.എ. നല്ല സാമ്പത്തിക ശേഷിയുള്ള കുടുംബം. എന്നിട്ടും എന്തുകൊണ്ട് ഇതു വരെ വിവാഹം നടന്നില്ല. പലരും പറഞ്ഞു അവൾക്ക് ആരുമായോ പ്രേമമുണ്ട്. അതല്ല പ്രേമനൈരാശ്യമാണ്. അതല്ല മാനസിക രോഗമാണ്. അതല്ല.... അങ്ങനെ പൊതുജനാഭിപ്രായം പലതും ഉരുണ്ടു കൂടിക്കൊണ്ടിരുന്നു.

അവസാനമാണ് സത്യമറിയുന്നത് ശാലിനിക്കു ചൊവ്വാദോഷമാണ് ജ്യോത്സ്യര് പറഞ്ഞിട്ടുണ്ട്. ചൊവ്വാദോഷമുള്ള പയ്യൻ തന്നെ വിവാഹം കഴിക്കണം അല്ലെങ്കിൽ അപകടമാണ്. മരണപ്പൊരുത്തമാണെന്നൊക്കെ. നിർഭാഗ്യമെന്ന് പറയട്ടെ ശാലിനിക്ക് ചൊവ്വാദോഷമുള്ള പയ്യനെ കിട്ടിയില്ല. അവൾ അവിവാഹിതയായി വാർദ്ധക്യത്തിലേക്ക് നീങ്ങുകയാണ്.

സെക്രട്ടറിയേറ്റ് അസിസ്റ്റന്റാണ് മോഹൻ പ്രഭാകർ ജോലിയിൽ ചാർജ്ജെടുത്തപ്പോൾ തന്നെ വകയിൽ ബന്ധുവായ ബ്രോക്കർ ചെല്ലനോട് കാര്യം പറഞ്ഞു ചെല്ലൻ ആദ്യമായി ഒരു ആലോചന കൊണ്ടു വന്നു. ബന്ധം ഇഷ്ടപ്പെട്ടു. മോഹന്റെ ഗ്രഹനില ചെല്ലൻ വാങ്ങിക്കൊണ്ടു പോയി. പക്ഷെ ദിവസങ്ങൾ കഴിഞ്ഞിട്ടും അന ക്കമില്ല. പിന്നീട് തിരക്കിയപ്പോഴാണ് ചെല്ലൻ വന്നു പറയുന്നത് പൊരുത്തമില്ലെന്നു അവർ പറഞ്ഞുവെന്ന്. പക്ഷേ വിശ്വാസം വ രാത്തതുകൊണ്ട് മോഹൻ പെൺകുട്ടിയുടെ ഗ്രഹനിലയുമായി ര ണ്ടു ജ്യോത്സ്യന്മാരെ ചെന്നു കണ്ടു. രണ്ടു പേരും പൊട്ടിത്തെറിച്ചു കൊണ്ടു പറഞ്ഞു നിനക്ക് വേറെ പെണ്ണിനെ കിട്ടത്തില്ലേ. ഇതിനെ കെട്ടിയാൽ നിന്റെ ജന്മം പോകും. ജ്യോത്സ്യർ അങ്ങനെ പറയാൻ കാരണം പെണ്ണിന്റെ നാൾ കേട്ടയാണ്. കേട്ട നക്ഷത്രക്കാർക്ക് വൈവാഹിത ജീവിതം സുഗമമായിരിക്കില്ലെന്നാണ് പ്രമാണം.

ജ്യോത്സ്യന്റെ പൊരുത്തം കുറിപ്പ് മൂലം ജീവിതം ഹോമിക്കുന്ന ആയിരക്കണക്കിന് യുവതീ യുവാക്കൾ നമ്മുടെ കേരളത്തിലുണ്ട്. ഈ ജ്യോതിഷം ശാസ്ത്രീയമാണോ? അതോ അശാസ്ത്രീയമാ ണോ? നമ്മൾ പരിശോധിക്കേണ്ടിയിരിക്കുന്നു. പൊരുത്തത്തെക്കു റിച്ച് ജ്യോത്സ്യത്തിൽ പറയുന്നത് 35 ഓളം പൊരുത്തങ്ങൾ ഉണ്ടെ ന്നാണ്. അവ ചുവടെ ചേർക്കുന്നതാണ്. രാശിപ്പൊരുത്തം, രാശ്യാധി പപ്പൊരുത്തം, വശ്യപ്പൊരുത്തം, മഹേന്ദ്രപ്പൊരുത്തം, ഗണ പ്പൊരുത്തം, യോനിപ്പൊരുത്തം, ദിനപ്പൊരുത്തം, സ്ത്രീ ദീർഘ പ്പൊരുത്തം, രജ്ജുപ്പൊരുത്തം, വേദപ്പൊരുത്തം, ഗോത്രപ്പൊരുത്തം, ജാതിപ്പൊരുത്തം, നാഡിപ്പൊരുത്തം, പക്ഷിപ്പൊരുത്തം, മൃഗപ്പൊ രുത്തം, ഭൂതപ്പൊരുത്തം, മനഃപ്പൊരുത്തം, അഷ്ടവർഗ്ഗപ്പൊരുത്തം, ആയപ്പൊരുത്തം, രണരണീഭാവപ്പൊരുത്തം, പാണ്ഡ്യപ്പൊരുത്തം, ചോളപ്പൊരുത്തം, ആയപ്പൊരുത്തം, യോഗപ്പൊരുത്തം, തീയതി പ്പൊരുത്തം, മാസപ്പൊരുത്തം, ശക്തിപ്പൊരുത്തം, ലഗ്നരാശിപ്പൊ രുത്തം, ഗ്രഹപ്പൊരുത്തം, നക്ഷത്രപ്പൊരുത്തം, ദൈവാധീനപ്പൊ രുത്തം, നിമിത്തപ്പൊരുത്തം, പ്രശ്നപ്പൊരുത്തം, സാമുദ്രികപ്പൊരു ത്തം എന്നിവയാണ്. എന്നാൽ ജ്യോത്സ്യന്മാർ പ്രധാനമായും കണ ക്കിലെടുക്കുന്നത് 10 പൊരുത്തമാണ്. അത് രാശി, രാശ്യധിപൻ, വശ്യം, മാഹേന്ദ്രം, ഗണം, യോനി, ദിനം, സ്ത്രീദീർഘം, രജ്ജു, വേധം എന്നിവയാണ്.

എന്താണീ 10 പൊരുത്തങ്ങൾ ഓരോന്നും നമുക്ക് പരിശോധിക്കാം. രാശിപ്പൊരുത്തം എന്നത് ജനനസമയത്ത് ചന്ദ്രൻ നില്ക്കുന്ന രാശി (27 ദിവസത്തെയോ ഒരു രാശി എന്നു പറയും) എന്നർത്ഥം അത് സ്ത്രീ ജനിച്ച രാശിയിൽ നിന്നും രണ്ടും മൂന്നും അഞ്ചും കുറുകളിൽ ജനിച്ച പുരുഷൻ വിവാഹത്തിന് ശുഭമല്ല, ഏഴ്, പത്ത്, പതിനൊന്നു, പന്ത്രണ്ടു എന്നീ കുറുകളിൽ ജനിച്ച പുരുഷൻ ശുഭനാണ് എന്നാണ്. സ്ത്രീയുടെ രണ്ടാം കൂറിൽ പുരുഷ നക്ഷത്രം വരുകയാണെങ്കിൽ ദാരിദ്ര്യം ഫലം ആകുന്നു. സ്ത്രീയുടെ ആറാം കൂറിൽ പുരുഷൻ ജനിച്ചാൽ അന്യോന്യ വൈരവും ദുരിതഫലങ്ങളും അങ്ങനെ പോകുന്നു. രാശ്യാധിപപ്പൊരുത്തമെന്നത് രാശികൾക്ക് അധിപന്മാരുണ്ട്. ഉദാ: മേടത്തിന്റെയും ഇടവത്തിന്റെയും അധിപന്മാർ ചൊവ്വയും ശുക്രനുമാണ്. സ്ത്രീ പുരുഷന്മാർ ജനിച്ച കൂറിന്റെ അധിപന്മാർ ഒരു ഗ്രഹമായാലും ഉത്തമമാണ് എന്നതാണ്. വശ്യപ്പൊരുത്തമെന്നത് ദാമ്പത്യ ജീവിതത്തിലെ ദൃഢാനുരാഗത്തെയും പരസ്പര വശ്യതയേയും സൂചിപ്പിക്കുന്നു.

മഹേന്ദ്രപ്പൊരുത്തമെന്നത് സ്ത്രീയെ സംരക്ഷിക്കുന്നതിനുള്ള പുരുഷന്റെ ശാരീരികവും സാമ്പത്തികവുമായ കഴിവുകളെയാണ് കാണുന്നത്. ഗണപ്പൊരുത്തമെന്നത് സ്ത്രീ പുരുഷന്മാരുടെ സ്വഭാവാനുകൂല്യത്തെയും അഭിപ്രായ ഐക്യത്തേയും സൂചിപ്പിക്കുന്ന പൊരുത്തമാണ്. യോനിപ്പൊരുത്തമെന്നത് പുരുഷൻ പുരുഷനക്ഷ്ത്രത്തിലും സ്ത്രീ സ്ത്രീ നക്ഷത്രത്തിലും ജനിച്ചാൽ പൊരുത്ത ഉത്തമം. അല്ലെങ്കിൽ ദോഷം (നക്ഷത്രങ്ങളിൽ സ്ത്രീയും പുരുഷനുമുണ്ടെന്നു ജ്യോത്സ്യർ) ദിനപ്പൊരുത്തമെന്നത് സ്ത്രീ ജനിച്ച നക്ഷ്ത്രത്തിൽ നിന്നും 3, 5, 7 എന്നീ നാളുകളിൽ ജനിച്ച പുരുഷൻ അതികഷ്ടനാകുന്നു. സ്ത്രീ ദീർഘപ്പൊരുത്തമെന്നത് സ്ത്രീയുടെ ജന്മ നക്ഷത്രത്തിൽ നിന്നും പുരുഷനക്ഷ്ത്രം എത്രയും അകന്നു നില്ക്കുന്നുവോ അത്രയും നല്ലതെന്നാണ്. രജ്ജുപ്പൊരുത്തമെന്നത് ഭരണി, മകയിരം, പൂയം, പൂരം, ചിത്തിര, അനിഴം, പൂരാടം, അവിട്ടം, ഉതൃട്ടാതി എന്നീ മദ്ധ്യമരജ്ജുവിൽ സ്ത്രീപുരുഷന്മാർ ഇരുവരുടെയും നക്ഷ്ത്രം ഉൾപ്പെട്ടിരുന്നാൽ മരണ വൈധവ്യാദി പദോഷങ്ങൾ സംഭവിക്കുമെന്നു പറയുന്നു.

വേധമെന്നത് കണ്ഠവേദങ്ങളിൽ ജനിച്ച നക്ഷത്രക്കാർക്ക് വൈ

ധവ്യവും കടീവേധത്തിൽപ്പെട്ടവർക്ക് അർത്ഥനാശവും കക്ഷി വേധത്തിന് സന്താനനാശവും ശിരോവേധത്തിന് മരണവും ഫലം.

ഈ പത്തു പൊരുത്തങ്ങളിൽ പലതും ഗണിക്കാതെ തന്നെ അറിയാവുന്നതാണ്. വശ്യപ്പൊരുത്തവും മഹേന്ദ്രപ്പൊരുത്തവും ഗണപ്പൊരുത്തവും അതിൽപ്പെടുന്നു. ബാക്കിയുള്ളതിന് എന്തു ശാസ്ത്രീയമായ അടിത്തറയാണുള്ളതെന്നു വ്യക്തമല്ല.

**മനപ്പൊരുത്തം**

10 പൊരുത്തങ്ങളിൽ ഒന്നുപോലും പൊരുത്തപ്പെടുന്നില്ലെങ്കിൽ ആരും വിഷമിക്കണ്ടെന്നു ജ്യോതിഷിതന്നെ പറയുന്നു. ആ ഭാഗം മനപ്പൊരുത്തമാണ്. അതിപ്രകാരം പറയുന്നു. പരിശുദ്ധമായ ഹൃദയമുള്ളവന് നിഷ്ക്കളങ്കമായ സ്നേഹം ഏതൊരു കന്യകയിൽ ഉണ്ടാകുന്നുവോ ആ കന്യകയെതന്നെ വിവാഹം ചെയ്യാം. ദശവിധപ്പൊരുത്തങ്ങളെക്കാൾ ഈ പൊരുത്തത്തിന് പ്രാധാന്യമുണ്ടെന്നു ജ്യോതിഷാചര്യന്മാർ പറയുന്നു. (ഇവിടെ മനപ്പൊരുത്തം എന്നുദ്ദേശിക്കുന്നത് പരസ്പരമുള്ള സ്നേഹത്തെയാണ്. പുരുഷമേധാവിത്വമുള്ള വ്യവസ്ഥിതിയിൽ ഈ നിയമം ഉണ്ടായതുകൊണ്ടാണ് സ്ത്രീയെ അവഗണിച്ചത് എന്തായാലും ദശവിധപ്പൊരുത്തങ്ങളെ നിഷേധിച്ചതിൽ നിന്നും ഒരു കാര്യം വ്യക്തമാണ് ഗ്രഹനില അവസാന വാക്കല്ലെന്നും അത് വ്യാജമാണെന്നു ജ്യോതിഷിക്കറിയാമെന്നുള്ളതും).

മനപ്പൊരുത്തമുണ്ടെങ്കിൽ വിവാഹം നടത്താമെന്നാണെങ്കിൽ അതുമാത്രം നോക്കിയാൽ പോരെ മറ്റ് പൊരുത്തങ്ങൾ എന്തിന് നോക്കണം. ഇവിടെയാണ് ഒരു യാഥാർത്ഥ്യം തെളിഞ്ഞു വരുന്നത്. ഉദരപൂരണത്തിനായി ബ്രാഹ്മണർ രൂപപ്പെടുത്തിയ ഒരു തട്ടിപ്പ് വിദ്യയാണിതെന്ന കാര്യം.

ചൊവ്വാദോഷം

“ധനേ വ്യയേച പാതാളേ
ജാമിത്രേ ചാഷ്മേ കുജ
സ്ത്രീണാം ഭർത്തൃ വിനാശായ
പും സാം ഭാര്യാ വിനാശനം”

പുരുഷജാതകത്തിൽ ചൊവ്വാ ദോഷമുണ്ടെങ്കിൽ സ്ത്രീജാതകത്തിലും അതുണ്ടാവണം. സ്ത്രീ ജാതകത്തിൽ ചൊവ്വാദോഷമു

ണ്ടെങ്കിൽ പുരുഷജാതകത്തിലും അതുണ്ടാവണം. അല്ലെങ്കിൽ മരണവും വൈധവ്യവും ഉണ്ടാവുന്നു.

ഇതൊരു അസംബന്ധ പ്രസ്താവനയാണ്. ഒരു സ്ത്രീയെയും പുരുഷനേയും ഭൂമിയിൽ നിന്നും 22.77 കോടി കി.മീ. അകലവും 6920 കി.മീ. വ്യാസവുമുള്ള ചൊവ്വാഗ്രഹത്തിന് എങ്ങനെയാണ് ദോഷം ചെയ്യാൻ കഴിയുക. ചന്ദ്രനെക്കുറിച്ചും ചൊവ്വയെക്കുറിച്ചും ഗ്യാലക്സികളെക്കുറിച്ചും ഇരുണ്ട ഗർത്തങ്ങളെക്കുറിച്ചും അറിഞ്ഞുകൂടാതിരുന്ന ഒരു ജനസമൂഹത്തെ ഭയപ്പെടുത്തി ചൂഷണം ചെയ്യാൻ ബോധപൂർവ്വം ബ്രാഹ്മണർ കണ്ടെത്തിയ ഒരു കുടില തന്ത്രം മാത്രമാണ് ചൊവ്വാദോഷങ്ങളും ഗ്രഹനിലയുമൊക്കെ.

**പരിഹാരം**

പൊരുത്തം നോക്കൽ ഒന്നാംതരം തട്ടിപ്പാണെന്നതിന് മറ്റു തെളിവുകൾ വേണ്ട. പൊരുത്തക്കുറവിന് പ്രായശ്ചിത്ത പരിഹാരങ്ങൾ ചെയ്യുന്നതിനും ദോഷശാന്തിക്കുമുള്ള ജ്യോതിഷികളുടെ നിർദ്ദേശം അറിഞ്ഞാൽ മാത്രം മതിയാവും. ഈ ജ്യോതിഷികൾ ആദ്യകാലത്ത് ബ്രാഹ്മണരായിരുന്നു. ബുദ്ധികൊണ്ടുള്ള ജോലിയായിരുന്ന ബ്രാഹ്മണൻ നിർവ്വഹിച്ചിരുന്നത്. സാധാരണക്കാരന്റെ അജ്ഞതയെ ചൂഷണം ചെയ്തു ഉപജീവനം കഴിക്കലായിരുന്നു ബ്രാഹ്മണന്റെ തൊഴിൽ. അതിനുവേണ്ടി കണ്ടെത്തിയ കപടശാസ്ത്രമാണ് ജ്യോതിഷവും ജാതകവും. ഈ തട്ടിപ്പ് നൂറ്റാണ്ടുകളെ അതിജീവിച്ചു ഇപ്പോഴും തുടരുന്നു.

എന്താണ് പരിഹാരങ്ങളെന്നു നോക്കാം. രാശിപ്പൊരുത്തം ഇല്ലെങ്കിൽ ആ കുറവ് നികത്തുന്നതിന് സ്വർണ്ണംകൊണ്ട് സ്ത്രീ പുരുഷ പ്രതിമയുണ്ടാക്കി ഉമാമഹേശ്വരപൂജ നടത്തി ബ്രാഹ്മണന് ദാനം ചെയ്യുക. രാശ്യാധിപ പൊരുത്തമില്ലെങ്കിൽ ശ്രീരാമ പട്ടാഭിഷേക പ്രതിമയുണ്ടാക്കി താന്ത്രിക വിധിപ്രകാരം ബ്രാഹ്മണന് ദാനം ചെയ്യുക. വശ്യപ്പൊരുത്തമില്ലെങ്കിൽ കാഞ്ചന നിർമ്മിതമായ ശുക്രന്റെ പ്രതിമ ഉണ്ടാക്കി ഉത്തമ ബ്രാഹ്മണന് ദാനം ചെയ്യണം. ഗണപ്പൊരുത്തമില്ലെങ്കിൽ ഗണപതി ഹോമം നടത്തി വിനായക പ്രതിമ ബ്രാഹ്മണന് ദാനം ചെയ്യണം. യോനിപ്പൊരുത്തമില്ലെങ്കിൽ സ്വർണ്ണംകൊണ്ടുള്ള കാമധേനു പ്രതിമയുണ്ടാക്കി വിഷ്ണുപൂജ നടത്തി. ബ്രാഹ്മണന് ദാനം ചെയ്യുക തുടങ്ങിയവയാണ്.

**തീവണ്ടി**

പെരുമൺ ദുരന്തംപോലെ ബീഹാറിൽ ഒരു തീവണ്ടി അപകടമുണ്ടായി ഇരുന്നൂറോളം പേർ മരിച്ചു മുന്നൂറോളം പേർക്ക് പരിക്ക്. പരിക്കുപറ്റി ആശുപത്രിയിൽ കിടന്നവരിൽ വിവാഹം കഴിഞ്ഞു വീട്ടിലേക്ക് വരുന്ന നവദമ്പതികളിൽ വരനും ബന്ധുക്കളും ഉണ്ടായിരുന്നു. പരിക്കുപറ്റിയവരെ സന്ദർശിച്ച ഒരു പത്ര പ്രവർത്തകൻ വരനോട് ചോദിച്ചു. നിങ്ങൾ പൊരുത്തം നോക്കിയാണോ കല്യാണം കഴിച്ചത്. വരൻ പറഞ്ഞു പത്തിൽ പത്തു പൊരുത്തവുമുണ്ടായിരുന്നു മാത്രമല്ല, അവൾ തൊണ്ണൂറുകഴിഞ്ഞെ മരിക്കുകയുള്ളുവെന്ന് ദീർഘായുസിന്റെ കാര്യവും പറഞ്ഞിരുന്നു. പിന്നെന്താണു മരിച്ചതെന്ന് പത്രപ്രവർത്തകൻ ചോദിച്ചു. ചോദ്യം കേട്ടു വരൻ മിണ്ടാതെ നിന്നു.

**കോടതി**

നമ്മുടെ കുടുംബ കോടതികളിൽ വരുന്ന ആയിരക്കണക്കിന് കേസുകളിൽ 99 ശതമാനവും പൊരുത്തം നോക്കി വിവാഹം കഴിച്ചതാണ്. പിന്നെന്തുകൊണ്ടു ഇവയെല്ലാം വേർപിരിയുന്നു. അപ്പോൾ ഐശ്വര്യ സമ്പൂർണ്ണമായ കുടുംബജീവിതത്തിന് വേണ്ടത് ഗ്രഹനില അല്ലെന്നും മറ്റു ചില ഘടകങ്ങളാണെന്നുമുള്ള വസ്തുതയല്ലെ? കാവ്യാ മാധവനെയും ഉർവ്വശിയെയും ഓർത്താൽ മതി.

**അച്ചുതാനന്ദൻ**

തെരഞ്ഞെടുപ്പ് അടുത്ത് വരുമ്പോൾ ജ്യോത്സ്യന്മാർ തല പൊക്കുക പതിവാണ്. മുൻമന്ത്രി സഭയുടെ തെരഞ്ഞെടുപ്പ് അനൗൺസ് ചെയ്തപ്പോൾ കൊല്ലത്തുള്ള ഒരു ജ്യോത്സ്യർ പത്രത്തിലൂടെ ഒരു പ്രവചനം നടത്തുകയുണ്ടായി. വി.എസ്. അച്യുതാനന്ദന് കാളസർപ്പ യോഗമാണെന്ന്. അതുകൊണ്ട് അച്യുതാനന്ദൻ തോൽക്കുകയും പാർട്ടി ഭൂരിപക്ഷത്തിൽ ജയിക്കുമെന്നും അല്ലെങ്കിൽ അചുതാനന്ദൻ ജയിക്കുകയും പാർട്ടി തോൽക്കുകയും ചെയ്യുമെന്നുമായിരുന്നു. പക്ഷെ റിസൾട്ട് വന്നപ്പോൾ അച്ചുതാനന്ദനും പാർട്ടിയും ഒരുമിച്ചു ജയിക്കുകയാണുണ്ടായത്. അക്കാലത്തു ഈ ലേഖകൻ ഒരു പത്രത്തിൽ ഒരു പ്രസ്താവന കൊടുക്കുകയുണ്ടായി. പിടികിട്ടാപ്പുള്ളിയായി അജ്ഞാതവാസം നടത്തുന്ന സുകുമാരക്കുറുപ്പ് എവിടെയുണ്ടെന്നു ജ്യോത്സ്യന്മാർക്ക് ഒന്നു വെളിപ്പെടുത്താ

മോ എന്നു. പക്ഷെ ഒരു ജോത്സ്യനും അതിനു തയ്യാറായില്ല.

**ജ്യോതിഷ്യം**

ജ്യോതിഷത്തിന്റെ അടിസ്ഥാനം ഭൗമയൂഥ സിദ്ധാന്തമാണ്. ഭൂമിയെ ചുറ്റുന്ന ഗ്രഹങ്ങളാണു സൂര്യനും ചന്ദ്രനുമെന്ന് ജ്യോതിഷം സിദ്ധാന്തിക്കുന്നു. ഇത് തെറ്റായ ശാസ്ത്രമാണെന്നു എല്ലാവർക്കു മറിയാം. ഇതിനെ ചുവടുപിടിച്ചു ഫലങ്ങൾ പറഞ്ഞാൽ പിന്നെ എങ്ങനെ ശരിയാവും. ജ്യോതിഷത്തിന്റെ ഉല്പന്നങ്ങളാണ് ജാതക ഫലവും പൊരുത്തവുമെല്ലാം. ഒരു കുഞ്ഞു ജനിക്കുമ്പോൾ ജീവൻ പ്രവേശിക്കുന്നുവെന്നും മരിക്കുമ്പോൾ ജീവൻ വിട്ടകന്നു പോകുന്നു വെന്നുമുള്ള മതചിന്ത അബദ്ധമാണ്. കാരണം കുഞ്ഞ് അമ്മയുടെ ഉദരത്തിൽ 9 മാസത്തിൽ ചിലാനം ജീവനോടെയുള്ളത് നമ്മൾ കാണുന്നുണ്ട്. പിന്നെ പ്രസവത്തിലാണ് ജീവൻ ഉണ്ടാകുന്നതെ ന്നു പറയുന്നതിൽ എന്തു ന്യായമാണുള്ളത്. മാത്രമല്ല ജീവിച്ചിരി ക്കുന്ന രണ്ടു മനുഷ്യരുടെ ശരീത്തിലുള്ള ജീവനുള്ള രണ്ടു ഘടക ങ്ങളുടെ സംയോജനമാണു ഒരു കുട്ടിയുടെ ആദ്യ പിറവി. ഈ സ മയം നിർണ്ണയിക്കാൻ ഇപ്പോൾ സംവിധാനങ്ങളൊന്നുമില്ല. ഇതൊ ന്നും മനസ്സിലാക്കാതെയാണ് ജ്യോത്സ്യന്മാർ ഗ്രഹനില നോക്കു ന്നതും പൊരുത്തം കുറിക്കുന്നതും. അതുകൊണ്ടു ഈ പൊരു ത്തം നോക്കലിന് ശാസ്ത്രീയമായി ഒരടിത്തറയില്ലെന്നും തെളി യുകയാണ്. ഇത് തട്ടിപ്പാണ്. അതുകൊണ്ട് യുവതീയുവാക്കൾ പൊ രുത്തം എന്ന ജ്യോത്സ്യന്റെ സർട്ടിഫിക്കറ്റിനു കാത്തു നില്ക്കാതെ നേരിട്ടു കണ്ടു കാര്യങ്ങൾ മനസ്സിലാക്കി വിവാഹ ബന്ധം ഉണ്ടാ ക്കുകയാണ് വേണ്ടത്.

# 3

# മനുഷ്യദൈവങ്ങൾ മാധ്യമങ്ങളെ അടിമകളാക്കുന്നതെങ്ങനെ?

മനുഷ്യദൈവങ്ങളുടെ ഒരു പ്രധാന പരസ്യതന്ത്രം സ്വമേധയാ പ്രചരണം നടത്തുകയെന്നതാണ്. അതിനുവേണ്ടി അവർ ഗ്രന്ഥരചനയും മാസികാ പ്രവർത്തനവും ചാനൽ പ്രവർത്തനവും നടത്തുന്നു. ദൈവം ആനയാണ്, ചേനയാണ് എന്നു നിരന്തരം പറഞ്ഞുകൊണ്ടിരിക്കും. ദൈവത്തിന്റെ അപദാനങ്ങളെ പുകഴ്ത്തുന്ന കഥകളായിരിക്കും എല്ലാം. അതിന് ഒരു ടീമിനെ തന്നെ നിയോഗിച്ചിട്ടുണ്ട്. പത്രസമ്മേളനങ്ങൾക്ക് ദൈവം പ്രസ്സ് ക്ലബ്ബ് ബുക്കു ചെയ്തു പോകാറില്ല.

പത്രക്കാരെ ദൈവത്തിന്റെ ആസ്ഥാനത്തേക്ക് വരുത്തുകയാണ് പതിവ്. പത്രക്കാർ വരുമ്പോൾ അവർക്ക് തൃപ്തികരമായ സമ്മാനങ്ങളും മറ്റും കൊടുത്താണ് പിറ്റേന്ന് വാർത്ത സൃഷ്ടിക്കുന്നത്. ഏകദേശം 1985 മുതൽ കേരളത്തിലെ ഒരു പ്രധാന മനുഷ്യദൈവത്തിന്റെ ആശ്രമത്തിൽ കൂടെകൂടെ മരണങ്ങൾ ഉണ്ടാവുക പതിവായിരുന്നു. ഈ സന്ദർഭത്തിലെല്ലാം യുക്തിവാദി സംഘത്തിന്റെ ഒരു വക്താവ് എന്ന നിലയിൽ മരണങ്ങൾ സംശയ കരമാണെന്നും അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ വാർത്ത കൊടുക്കുന്നത് പതിവായിരുന്നു.

അന്നെല്ലാം ഞാൻ കണ്ടത് എന്റെ പ്രതിഷേധകുറിപ്പ് വന്ന പത്രങ്ങളിലെല്ലാം പിറ്റേന്നു വലിയ പരസ്യങ്ങൾ വരുന്നതാണ് കണ്ടിട്ടുള്ളത്. അതിനുശേഷം ഞാൻ പത്രമാഫീസിൽ ചെല്ലുമ്പോൾ, അവർ എന്തൊക്കെ നല്ല കാര്യങ്ങളാണ് ചെയ്യുന്നത്, നിങ്ങളീപ്പറയുന്നതിലെന്തെങ്കിലും അർത്ഥമുണ്ടോ എന്നു അവർ കയർക്കുക പതിവായിരുന്നു. അപ്പോഴാണ് ഞാനാലോചിച്ചത് എന്തുകൊണ്ടാണ് ഈ പത്രക്കാർ ഇത്രവേഗം അവരുടെ വക്താവായി മാറുന്നതെന്ന്. അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത് മരണത്തെക്കുറിച്ച് ഒരു ഇൻവെസ്റ്റിഗേഷൻ നടത്തി ഒരു റിപ്പോർട്ട് കൊടുക്കാൻ പത്രക്കാരൻ തയ്യാറാകാതിരിക്കാൻ ലക്ഷങ്ങൾ കോഴ കൊടുക്കാൻ പരസ്യ മാർഗ്ഗം ഇവർ ഉപയോഗിക്കുകയായിരുന്നു. ഈ സ്ഥാപനത്തിൽ നിന്നും ലക്ഷങ്ങൾ പരസ്യം കിട്ടി തുടങ്ങിയതോടെ അവരെ സംരക്ഷിക്കുന്ന ചുമതല പത്രങ്ങൾ ഏറ്റെടുത്തു. മാത്രമല്ല അവർക്കുമറ്റു പല നേട്ടങ്ങളും സ്ഥാപനത്തിൽ നിന്നും ലഭിക്കാൻ തുടങ്ങി. ചുരുക്കത്തിൽ പണംകൊണ്ട് അവർ പത്രങ്ങളുടെ വായ് മൂടിക്കെട്ടി.

പിൽക്കാലത്തുള്ള ഈ ദൈവം ഒരു പത്രത്തിന്റെ ഓഹരികളിൽ വലിയൊരു പങ്ക് സ്വന്തമാക്കിക്കൊണ്ട് പത്രത്തിന്റെ ഉടമസ്ഥതയിലേക്ക് വരികയുണ്ടായി. മാത്രമല്ല ദൈവത്തിൻെറ ഇസങ്ങളുടെ വക്താവിനെ പത്രത്തിന്റെ മുഖ്യസ്ഥാനത്തും മറ്റു പലരെ അപ്രധാന സ്ഥാനങ്ങളിലും പ്രതിഷ്ഠിച്ചുകൊണ്ട് പത്രത്തിന്റെ നിയന്ത്രണം തന്നെ ഏറ്റെടുത്തു.

മറ്റൊരു ദൈവം അന്യമതത്തിൽപ്പെട്ട പത്രക്കാരന് ആശ്രമത്തിന്റെ എഞ്ചിനീയറിംഗ് മെഡിക്കൽ കോളേജുകളിൽ സൗജന്യമായ സീറ്റുകൾ സമ്മാനമായി നൽകികൊണ്ടാണ് ആ പത്രത്തെ സ്വന്തം വരുതിയിലേക്ക് കൊണ്ടുവന്നത്. മേപ്പടി സീറ്റുകളിലേക്ക് വിദ്യാർത്ഥികളിൽ നിന്നും ലക്ഷങ്ങൾ വാങ്ങി സ്വന്തം കീശയിലേക്കിടാമെന്ന ഓഫർ കിട്ടിയതോടെ ആ പത്രവും അവർക്ക് സ്വന്തമായി എന്നതാണ് യാഥാർത്ഥ്യം. ഏതാനും വർഷം മുമ്പ് കേരളത്തിലെ ഒരു പ്രസ്സ് ക്ലബ്ബ് പുനരുദ്ധരിച്ചപ്പോൾ ഈ ദൈവം ലക്ഷങ്ങൾ സംഭാവന ചെയ്യുകയുണ്ടായി. അതോടെ ദൈവത്തിന്റെ ഭാഗത്തേക്ക് മിക്കവാറും പത്രങ്ങൾ ഒരുമിച്ച് കൈകോർക്കുകയുണ്ടായി. ദൈവത്തിന് അനവധി സ്ഥാപനങ്ങൾ വർദ്ധിച്ചതോടെ ചില പത്ര

പ്രവർത്തകരുടെ ബന്ധുക്കൾക്കു അഡ്മിഷനും ജോലിയും സൗജന്യമായി നൽകികൊണ്ടാണ് അവരെ വരുതിയിലേക്ക് കൊണ്ടുവന്നത്. സ്ഥാപനങ്ങളുടെ പരസ്യങ്ങൾ നിരന്തരം ഈ പത്രങ്ങൾക്കു ലഭിക്കുവാൻ തുടങ്ങി. അതോടെ അവർക്കെതിരായി ഒരു വാർത്ത പോലും ആ പത്രങ്ങൾ കൊടുക്കാൻ തയ്യാറാകാതായി. വലിയ പരസ്യധാതാവ് എന്ന നിലയിൽ ദൈവം വളർന്നതോടെ ഭൂരിഭാഗം പത്ര ഉടമകളും അവരുടെ മുമ്പിൽ ഓച്ചാനിക്കുവാൻ തുടങ്ങി. ഭൂരിഭാഗം പ്രതക്കാരെയും വിലക്കെടുത്തതോടെ സ്ഥാപനത്തിനെതിരായി ഒരു വാർത്ത കൊടുക്കാൻ ഒരു പത്രക്കാരനും തയ്യാറാകാതെ വന്നു. കേരളത്തിലെ മുങ്ങിത്താന്നുകൊണ്ടിരുന്ന ഒരു ദിനപ്പ്രത്തിനു ഇവരുടെ സഹായം അനുഗ്രഹമായി. അതിനുശേഷം ആ പത്രം അവരുടെ അപദാനങ്ങൾ വാഴ്ത്തുന്ന പത്രമായി മാറി.

പ്രധാനപ്പെട്ട പത്രങ്ങളും വാരികകളും സപ്ലിമെൻറ് ഇറക്കാൻ ദൈവം സഹായിക്കാറുണ്ട്. ദൈവത്തിൻെറ സ്ഥാപനമുള്ള ഭക്തരുടെ പരസ്യം ലഭിക്കുന്നതിനുവേണ്ട ഏർപ്പാട് ചെയ്തുകൊടുത്തുകൊണ്ടാണ് സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നതിന് സഹായിച്ചത്. പ്രീണനതന്ത്രം മാത്രമല്ല ഇവർക്കുള്ളത് മാരണതന്ത്രവും ഇവർപ്രയോഗിക്കാറുണ്ട്. ഒരിക്കൽ ദൈവത്തിനെതിരായി വാർത്ത വന്നപ്പോൾ 100 കോടി രൂപയുടെ നഷ്ടപരിഹാരം ചോദിച്ചുകൊണ്ട് ഒരു പ്രമുഖ ദിനപത്രത്തെ വിരട്ടുകയുണ്ടായി. ആ പത്രം ഗദ്യന്തരമില്ലാതെ അവസാനം മാപ്പെഴുതിയ ചരിത്രമുണ്ടായി.

മറ്റൊരു സന്ദർഭത്തിൽ, ആ പത്രത്തിൽ വന്ന വാർത്ത ഖേദം പ്രകടിപ്പിച്ചുകൊണ്ട് രണ്ടാമത് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന് പിന്നിലെ രഹസ്യം പിന്നീടാണറിയുന്നത്. ദൈവത്തിന്റെ കണക്കുകളും പത്രത്തിന്റെ കണക്കുകളും ആഡിറ്റു ചെയ്യുന്നത് ഒരു നമ്പൂതിരിയായിരുന്നുവെന്നാണ്. നമ്പൂതിരിക്കു ആശ്രമത്തിലെ ഉന്നതന്മാരുമായും പത്രത്തിന്റെ ഉന്നതന്മാരുമായും അടുത്ത ബന്ധമുണ്ടായിരുന്നുവെന്നാണ് പിന്നീടറിഞ്ഞത്. ഒരിക്കൽ ദൈവത്തിനെതിരായി ഒരു കേസിന്റെ വിവരം വെളിപ്പെടുത്തിയതിന് ഒരു മാധ്യമ പ്രവർത്തകയെ 24 മണിക്കുറിനകം ജില്ലകൾക്കപ്പുറത്തേക്ക് സ്ഥലം മാറ്റിയ സംഭവമുണ്ടായി.

പത്രമാധ്യമങ്ങളെ ഇണക്കിയും വിരട്ടിയും തങ്ങളുടെ പക്ഷ

ത്തേക്ക് മാറ്റിയെന്നുമാത്രമല്ല, കോടികൾ ചെലവഴിച്ചു ചാനലുകൾ പോലും ആരംഭിക്കുവാൻ തുടങ്ങി. അതോടെ അന്യമതസ്ഥരുടെ ആക്രമണത്തെ ചെറുക്കാൻ കഴിഞ്ഞു. ദൈവത്തിനുള്ള വർഗ്ഗീയത പോലെയുള്ള എതിർ വർഗ്ഗീയ പ്രസ്ഥാനങ്ങളെ മാത്രമാണ് ഇവർക്ക് വിലക്കെടുക്കാൻ കഴിയാതെപോയത്. ദൈവത്തിനെക്കുറിച്ചു കോളേജ് മാഗസിനിൽ വിമർശലേഖനം എഴുതിയതിന് ദൈവം പ്രിൻസിപ്പാളിനേയും വിദ്യാർത്ഥികളേയും വിളിച്ചു വരുത്തി മാപ്പ് പറയിപ്പിച്ച സംഭവങ്ങളുണ്ട്. ദൈവം പ്രധാന ദിവസങ്ങളിൽ മാധ്യ മങ്ങളെ ആകർഷിക്കുന്ന ആഘോഷങ്ങൾ സംഘടിപ്പിക്കുക പതിവാണ്.

ഉത്സവരീതിയിൽ ചടങ്ങുകൾ സംഘടിപ്പിക്കുക, ദേശീയ പ്രമുഖന്മാരെ പങ്കെടുപ്പിക്കുക, അവശർക്കും അനാഥർക്കും വസ്ത്രവും പാർപ്പിടവും ചികിത്സയും മറ്റും സൗജന്യമായി ദാനം ചെയ്യുക. ഇതൊക്കെ പ്രധാന ബിസിനസ്സ് വിജയത്തിനുവേണ്ടി യുള്ള തന്ത്രങ്ങളാണ്. സെക്സും സൗന്ദര്യവും ദൈവത്തിന്റെ ഒരു പ്രധാന പരസ്യതന്ത്രമാണ്. പ്രായം 60 ൽ എത്തിയപ്പോഴും ദൈവ ത്തിന്റെ യുവത്വം തുളുമ്പുന്ന ശൃംഗാര നയനങ്ങളുള്ള മധുരപ്പതി നേഴിന്റെ പോസ്റ്ററാണ് അച്ചടിച്ചു പതിക്കുക. ആ ദൈവം ചെറുപ്പ ക്കാരെ ആകർഷിക്കാൻ മാറിടത്തിലേക്ക് അമർത്തികിടത്തി കവി ളിലേക്ക് ചുംബിക്കുന്ന പതിവുണ്ടായിരുന്നു.

പത്രങ്ങളെ (ദൃശ്യമാധ്യമങ്ങൾ) മാത്രമല്ല ഇവർ വിലക്കെടുക്കു ന്നത്. പോലീസിനെയും പൊളിട്ടിക്സിനേയും ജുഡീഷ്യറിയേയും പണശക്തിയുപയോഗിച്ചു വരുതിയിലാക്കുന്നു. രാഷ്ട്രീയക്കാർ പൊ തുപരിപാടികൾ നടത്തുന്നതിനാവശ്യമായതുക സംഭാവനയിന ത്തിൽ കൊടുക്കുന്നു. സംഭാവനക്കെത്തുമ്പോൾ മടികൂടാതെ സം ഭാവന ചെയ്തുകൊണ്ട് അവരേയും നിശബ്ദരാക്കുന്നു. പോലീസിൽ ഒരു വിഭാഗത്തേയും ജുഡീഷ്യറിയിൽ പലരേയും ഇതുപോലെ വ ശീകരിക്കാറുണ്ട്. ഇതിൽ പലരും യുക്തിബോധമില്ലാത്ത അന്ധ വിശ്വാസികൾ കൂടിയാവുന്നത് ഇവർക്ക് വളരെ സഹായകരമാവുന്നു. ഇവരെ പല ഉയർന്ന സ്ഥാനങ്ങളിലെത്തിക്കുവാൻ ഇവർക്ക് സാ ധിക്കുന്നതിനാൽ അവരൊക്കെ ഇതിനു പിന്നാലെ കൂടുന്നു.

യഥാർത്ഥത്തിൽ ഇവർ ആരാണ്. നമ്മൾ കരുതുന്നതുപോലെ

ഇവർ മനുഷ്യദൈവങ്ങളോ ദൈവങ്ങളോ അല്ല. നമ്മുടെ ആദ്യകാല മനുഷ്യദൈവം വെളിച്ചപ്പാടായിരുന്നു. വെളിച്ചപ്പാടിനെ സൃഷ്ടിച്ചത് ജന്മിത്വമായിരുന്നു. അദ്ധ്വാനിക്കുന്നവന്റെ അവസാനമിച്ചവും ഭയപ്പെടുത്തി ചൂഷണം ചെയ്യുന്ന ഉപാധിയായിരുന്നു വെളിച്ചപ്പാടന്മാർ. എന്നാൽ ഇന്നു അവരുടെ സ്ഥാനത്തു വന്നിരിക്കുന്നത് ആധുനിക മനുഷ്യദൈവങ്ങളാണ്. ഇത് മുതലാളിത്തത്തിന്റെ സൃഷ്ടിയാണ്. മനുഷ്യദൈവങ്ങൾക്ക് അതുകൊണ്ടാണ് എല്ലാ രംഗങ്ങളിലും കടന്നുകയറാനും സ്വാധീനിക്കാനും നിയന്ത്രിക്കാനും കഴിയുന്നത്. കോർപ്പറേറ്റുകൾക്കു അന്യരാജ്യങ്ങളിൽ നിന്നും ഇവിടെ മൂലധനമിറക്കാനുള്ള കുറുക്കുവഴിയാണ് മനുഷ്യദൈവങ്ങൾ. എഫ്.സി.ആർ.എ., 80 ജി തുടങ്ങിയ നിയമങ്ങൾ വഴി കാരുണ്യ പ്രവർത്തനത്തിനായി കോർപ്പറേറ്റുകൾ മനുഷ്യദൈവങ്ങൾക്ക് കോടികൾ സംഭാവനയായി നൽകുന്നു. ഈ തുക അവർ ആരോഗ്യ വിദ്യാഭ്യാസ കച്ചവടത്തിനായി ഉപയോഗിക്കുന്നു. എഞ്ചിനീയറിംഗിനും മെഡിസിനും ലക്ഷങ്ങൾ വിദ്യാർത്ഥികളിൽ നിന്നും കോഴയായി വാങ്ങുന്നു. ആശുപത്രികൾ വഴി കോടികൾ വേറെ സംഭരിക്കുന്നു. കാരുണ്യ പ്രവർത്തിനത്തിനായി ലഭിക്കുന്ന തുകയിൽ നിന്നും പത്തോ ഇരുപതോ പെർസെന്റ് എടുത്തു കാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു. ഇതു സ്ഥാപനത്തിന്റെ പരസ്യമായി ലഭിക്കുകയും ചെയ്യുന്നു.

ഈ പരസ്യത്തിന്റെ തുക ലഭിക്കുന്ന പത്രമാധ്യമങ്ങൾ ഇവരുടെ മറുവശം വെളിപ്പെടുത്താതെ കാരുണ്യ പ്രവർത്തനത്തിൻെറ അപദാനങ്ങൾ പുകഴ്ത്തി റിപ്പോർട്ടു ചെയ്യുന്നു. വിദേശ രാഷ്ട്രത്തലവന്മാരെ ക്ഷണിക്കുകയും പുരസ്ക്കാരങ്ങൾ നൽകുകയും ചെയ്യുന്നത് ദൈവത്തിന്റെ വ്യാജമുഖം വ്യക്തമാക്കുന്നതാണ്. നമ്മുടെ പഴയ മനുഷ്യദൈവങ്ങളും ഇതിനുദാഹരണമാണ്. യോഗാചാര്യനായ ധീന്ദ്രേ ബ്രഹ്മചാരി ഒരു ഭാഗത്തു യോഗ നടത്തലും മറു ഭാഗത്തു തോക്കു നിർമ്മാണ ഫാക്ടറി നടത്തുകയുമായിരുന്നു. ചന്ദ്രസ്വാമി എന്ന സന്യാസി ലോകരാഷ്ട്രത്തലവന്മാരെ തമ്മിൽ ഇണക്കി കമ്മീഷൻ കച്ചവടം നടത്തുകയായിരുന്നു. സ്വാമി സദാചാരി ഹോമകുണ്ഡത്തിൽ നിന്നും അത്ഭുത അഗ്നി ഉണ്ടാക്കി ഭക്തന്മാർക്കും മറ്റും നൽകുകയും മറുഭാഗത്തു ബ്ലൂ ഫിലിം നിർമ്മാണം നടത്തുകയുമായിരുന്നു. മണിക്കൂറിന് മൂന്നു ലക്ഷം

രൂപ വാങ്ങി വ്യഭിചാരം നടത്തിയ ആളാണ് സ്വാമി നിത്യാനന്ദ. നാരീപൂജ ഒരു വശത്തും റിയൽ എസ്റ്റേറ്റ് മറുവശത്തുമായി നടത്തിയ ആളാണ് സന്തോഷ് മാധവൻ.

ട്രസ്റ്റ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ ഇവിടെ ഏതു വിദേശിക്കും സാമുഹ്യവിരുദ്ധർക്കും വന്നു തമ്പടിക്കുവാൻ കഴിയുന്നു.കാരണം പോലീസ് റെയ്ഡില്ല. ദൈവത്തിന്റെ സ്ഥാപനം ആരും റെയ്ഡ് ചെയ്യാറില്ല. അതുകൊണ്ട് സ്വദേശി വിദേശി വ്യാപാര ബന്ധങ്ങളുടെ കമ്മീഷൻ ദൈവത്തിന് ലഭിക്കുന്നു. ക്രിമിനലുകളിൽ സാദാ ക്രിമിനലുകളും വർഗ്ഗീയ ക്രിമിനലുകളുമുണ്ട്. വർഗ്ഗീയ ക്രിമിനലുകൾക്ക് ചെല്ലും ചെലവും നൽകി സമാധാന ലംഘന പ്രശ്നങ്ങൾക്ക് വഴിമരുന്നിടുകയും ചെയ്യുന്നു. രാജ്യം വികസിത രാഷ്ട്രമാകാതിരിക്കാൻ വിദേശ വികസിത രാഷ്ട്രങ്ങൾ വിധ്വംസക പ്രവർത്തനങ്ങൾഉൾപ്പെടെ നടത്തുന്നതിന് ആൾ ദൈവങ്ങളെ ഉപാധികളാക്കുന്നു.

മറ്റൊരു പ്രധാന മനുഷ്യദൈവം മാധ്യമങ്ങളെ പ്രീണിക്കുന്നത് ടൂറിസ്റ്റ് ബസ്സുകൾ വാടകയ്ക്കെടുത്ത് കർണ്ണാടകയിലുള്ള ഹെഡ് ക്വാർട്ടറിലേക്കു ടൂർകൊണ്ടു പോകുകയെന്നതാണ്. ദൈവത്തോട് താത്വികമായി വിയോജിപ്പുള്ളവർഒഴിച്ചു ബാക്കിയെല്ലാവരും ഈ ടൂറിൽ പങ്കെടുക്കുന്നു. ഇവർക്കെല്ലാം പല ഇനത്തിലുള്ള സമ്മാനങ്ങളും അവർ നൽകും. ദൈവം കേരളത്തിൽ വരുമ്പോൾ ദൈവത്തെക്കുറിച്ചു പോയ മാധ്യമ പ്രവർത്തകർ മത്സരിച്ചാണ് ഒന്നാം പേജിൽ റിപ്പോർട്ട് കൊടുക്കുന്നത്.

# 4

# സാനിയ മിർസയുടെ വേഷനിഷേധം

ഇന്ത്യൻ ടെന്നീസിന്റെ അഭിമാനമായ സാനിയമിർസക്കെതിരെ ഏതാനും വർഷങ്ങൾക്കുമുമ്പ് ഇന്ത്യയിലെ ചില മുസ്ലീം നേതാക്കൾ ചില അഭിപ്രായങ്ങൾ അഴിച്ചുവിടുകയുണ്ടായി. അതിൽ അവരുടെ പ്രധാന ആവശ്യം സാനിയ മിർസ നഗ്നത മറയ്ക്കണമെന്നായിരുന്നു. ഇസ്ലാമിൽ സ്ത്രീയുടെ നഗ്നതയെന്നുപറഞ്ഞാൽ മുൻകൈയും മുഖവും ഒഴിച്ചുള്ള ഭാഗം എന്നാണ്. പുരുഷന്റെ നഗ്നത എന്നുപറഞ്ഞാൽ പൊക്കിളിനും കാൽ മുട്ടിനും ഇടയിലുള്ള ഭാഗം എന്നാണ്.

പക്ഷെ സാനിയ ഈ മതനേതാക്കളുടെ ഈ ആവശ്യത്തിന് പുല്ലുവിലപോലും കൊടുത്തില്ല. മാത്രമല്ല ശക്തമായി പ്രതിഷേധിക്കുകയും ചെയ്തു. ശരീരമാസകലം മൂടിപ്പുതച്ചും ശിരസ്സിൽ പർദ്ദയണിഞ്ഞുമുള്ള മുസ്ലീം സ്ത്രീകളുടെ രൂപം മിർസക്കു സങ്കല്പിക്കാൻ പോലും കഴിയുമായിരുന്നില്ല. കാരണം അതു പുരുഷ മേധാവിത്വത്തിന്റെ മതമായ ഇസ്ലാം മതത്തിന്റെ സംഭാവനയാണ്. അതു ഒരു പ്രാകൃത മതത്തിന്റെ വിശ്വാസവും ആചാരവുമാണ്. അതു ഒരു പരിഷ്കൃത ജനതയുടെ സംസ്ക്കാരമല്ല. അതുകൊണ്ടാണ് സാനിയ മിർസ ആ അഭിപ്രായത്തെ അംഗീകരിക്കാതിരുന്നത്. വേഷവിധാനം ഉടലെടുക്കുന്നത് ഭൂപ്രകൃതിയുടേയും കാലാവസ്ഥയുടേയും അടിസ്ഥാനത്തിലാണ്. നമ്മുടെ നാട്ടിൽ വെള്ളവും

ചെളിയും തോടും വരമ്പും ഉള്ളതുകൊണ്ടാണ് ഓടാനും ചാടാനും വെള്ളത്തിലിറങ്ങുമ്പോൾ മടക്കിക്കുത്താനും പരുവത്തിലുള്ള മുണ്ടു ധാരണരീതി ഉണ്ടായത്. അതുപോലെ തണുപ്പുമേഖലയിലുള്ള വർക്ക് കാലിൽ സോക്സും ബൂട്ടും അരയിൽനിന്നും കാലുവരെ നിവർന്നു കിടക്കുന്ന കട്ടിതുണികൊണ്ടുള്ളപാന്റ്സും കൈപ്പത്തി വരെ നീട്ടിയിടാവുന്ന ഷർട്ടിന്റെ കൈയ്യും കഴുത്തിന്റെ കോളറിൽ തണുപ്പ് അകത്തോട്ടു കടക്കാതിരിക്കാൻ ഒരു ടൈയും തലയിൽ തണുപ്പടിക്കാതിരിക്കാൻ ഒരു തൊപ്പിയും ഉണ്ടായത്.

ഇതുപോലെയാണ് നബിയുടെ ഭാര്യമാരുടെ കാലും കഴുത്തും ശിരസുപോലും മറ്റുപുരുഷന്മാർ കാണാതിരിക്കാൻവേണ്ടി പർദ്ദ സമ്പ്രദായം ഉടലെടുത്തതും മൂടിക്കെട്ടിയ സ്ത്രീവേഷരീതി ഉണ്ടാ യതും. ഖുറാനിൽ ആ വചനമുണ്ടായ സാഹചര്യം ഇങ്ങനെയാ ണ്. നബിയുടെ ഭാര്യമാർ പരപുരുഷന്മാരോട് ഇഷ്ടം പോലെ സംസാരിക്കുന്നതും ഇടപഴകുന്നതും ഖലീഫയായ ഉമ്മറിന് ഇഷ്ട പ്പെട്ടില്ല. അവരുടെ പെരുമാറ്റത്തിനൊരു നിയന്ത്രണം ഉണ്ടാകണ മെന്ന് ഉമ്മർ നബി തിരുമേനിയോടു ആവശ്യപ്പെട്ടു. അതിനെ തുടർന്നാണ് പ്രസിദ്ധമായ ഖുറാൻ വചനമുണ്ടായത്. ആ വചനം ഇങ്ങനെയാണ് "വകൽലി മുഅ്മിനാത്തിയ് അ്ള്ള് നമിൻ അബ് സാരി ഹിന്ന വയഹ് ഫ്ള് നഫുറൂജഹുന്ന വലായുബ്ദീന സീന ത്തഹുന്ന ഇല്ലാ മാളഹറ മിൻഹാ" (വിശ്വസിച്ച സ്ത്രീകളോട് അവ രുടെ കണ്ണുകൾ ചിമ്മുവാനും ജനനേന്ദ്രിയങ്ങൾ സൂക്ഷിക്കുവാനും അവരുടെ ഭംഗിയിൽ നിന്ന് വെളിപ്പെട്ടതല്ലാതെ മറ്റൊരു ഭാഗവും പ്രത്യക്ഷമാക്കരുതെന്നും താങ്കൾ പറയുക (ഖുർആൻ 24:31))

ഈ പ്രത്യേകമായ സാഹചര്യത്തിൽനിന്നാണ് ഈ വേഷവി ധാനം ഉണ്ടായത്. ബഹുഭാര്യാത്വം നിലനിന്ന ഒരു വ്യവസ്ഥിതി യിലെ പുരുഷന്റെ മനസ്സിന്റെ ആശങ്കയിൽനിന്നും ഉടലെടുത്തതാണ് ഈ വേഷരീതി. അല്ലെങ്കിൽ ബഹുഭാര്യാത്വത്തിലെ സ്ത്രീകളുടെ ലൈംഗിക അസംതൃപ്തിയെ കായികമായി അടിച്ചമർത്താനുള്ള പുരുഷന്റെ അധീശത്വത്തിൽനിന്നും ഉടലെടുത്തതാണ് ഈ വേഷ രീതി.

ഈ വേഷരീതി ഇന്നത്തെ മുസ്ലീം സ്ത്രീകൾക്കു ബാധക മാണോ?

ഇന്നത്തെ മുസ്ലീം കുടുംബങ്ങളിൽ ബഹുഭാര്യാത്വം നിലവിലി ല്ലെന്നു മാത്രമല്ല ഏക പത്നീവ്രതക്കാരുമാണ്. അതുകൊണ്ടുതന്നെ പുരുഷന് ഭയാശങ്കകളുടെ പ്രശ്നം ഉദിക്കുന്നുമില്ല. നബിയുടെ കാലത്തെ വ്യവസ്ഥിതി മാറിയ ഇന്നത്തെ സാഹചര്യത്തിൽ ഈ വേഷവിധാനത്തിന് എന്തു പ്രസക്തിയാണുള്ളത്?

ഇക്കാരണങ്ങളാലാകാം സാനിയ മിർസ മതനേതാക്കളുടെ അഭ്യർത്ഥന ശക്തമായി നിരസിച്ചത്. ടെന്നീസ് കോർട്ടിലെ മാസ്മര പ്രകടനങ്ങൾക്കു ഇസ്ലാം മതത്തിലെ വേഷം ഭൂഷണമാണോ. മിർസ യുടെ സാഹചര്യത്തിനനുയോജ്യമായ വേഷമല്ലെ മിർസ സ്വീകരി ച്ചിരിക്കുന്നത്. മതവേഷം സ്വീകരിച്ചാൽ മിർസക്കു കളിക്കാൻ പറ്റുമോ? അതുകൊണ്ടു ഈ ആവശ്യം അശാസ്ത്രീയമല്ലേ? ഒരാൾ എന്തുവേഷം ധരിക്കണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം അയാൾക്കാണ്. മറിച്ചു മറ്റുള്ളവരുടേതല്ല. മതനേതാക്കന്മാരുടെ അഭി പ്രായം സ്വീകരിച്ചാൽ മിർസ രംഗം വിടേണ്ടി വരികയും ചെയ്യും. ഇതറിയാവുന്നതുകൊണ്ടാവാം മിർസ മതനേതാക്കളുടെ ആവശ്യം നിരാകരിച്ചത്. അതുകൊണ്ട് മിർസ പരാജയത്തിൽപ്പെടാതെ വിജ യങ്ങൾ കൊയ്തു മുന്നേറുന്നു. അല്ലെങ്കിൽ ഇതവരുടെ അവസാ നമാകുമായിരുന്നു. അതാണ് ഈ ലേഖനത്തിന്റെ തുടക്കത്തിൽ നാം കണ്ടത്.

# 5

## മാവേലിയുടെ പോരാട്ടം'

'മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല"

ഈ നാടൻ പാട്ടിന്റെ കർത്താവ് ഇന്നും അജ്ഞാതമാണ്. പക്ഷേ തലമുറകളായി ഈ പാട്ട് നമ്മൾ പഠിക്കുകയും പാടുകയും ചെയ്തു വരുന്നു. ഈ വരികൾ നാം കേൾക്കുമ്പോൾ ഓണത്തിന്റെ വൈകാരികാനുഭൂതി നമ്മളിൽ അറിയാതുണ്ടാവുന്നു. ഒരു സമത്വസുന്ദരമായ ലോകം നഷ്ടപ്പെട്ടതിൽ നാം ദുഃഖിക്കുകയും അങ്ങനെയൊരു നല്ല നാളേയ്ക്കു വേണ്ടി നാം സ്വപ്നം കാണുകയും ചെയ്യുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരമില്ലാത്ത ജാതിമത വർഗീയചിന്തകളില്ലാത്ത ഒരു മാനവിക ലോകം. ആ നഷ്ടവസന്ത കാലം സ്മരിക്കുന്നതിനായി ചിങ്ങമാസത്തിൽ നാം ഓണം കൊണ്ടാടുന്നു. ആ നല്ല സങ്കൽപ്പം അങ്ങനെ തന്നെ തുടരട്ടെ.

പക്ഷേ പുരാണം പരിശോധിച്ചാൽ ഈ സങ്കൽപ്പം എങ്ങനെ ഉണ്ടായി എന്ന് നമുക്കൽഭുതം തോന്നും. കാരണം അവിടെ ഇത് വ്യക്തമല്ല. മഹാബലിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾക്ക് വിരുദ്ധമാണ് കാര്യങ്ങൾ. നമുക്ക് പരിശോധിക്കാം.

ബ്രഹ്മാവിന്റെ പൗത്രനും മരീചിയുടെ പുത്രനുമായ കശ്യപ പ്രജാപതിക്ക് ദിതി എന്ന ഭാര്യയിൽ ഉണ്ടായ പുത്രരാണ് ദൈത്യൻമാർ അഥവാ അസുരൻമാർ. ഇവരിൽ ഹിരണ്യാക്ഷൻ, ഹിരണ്യകശിപു, ശുരപത്മാവ്, ഗോമുഖൻ, താരകാസുരൻ, സിംഹവക്ത്രൻ എന്നിവർ പ്രമുഖരായിരുന്നു.

ഹിരണ്യകശിപുവിന് പ്രഹ്ലാദൻ, ഹ്രാദൻ, സംഹ്രാദൻ, അനിഹ്രാദൻ എന്നു നാലു പുത്രൻമാരുണ്ടായിരുന്നു. അവരിൽ പ്രഹ്ലാദന്റെ പുത്രനായിരുന്നു വിരോചനൻ. വിരോചനന്റെ പുത്രനായിരുന്നു മഹാബലി. മഹാബലിക്ക് നിപാതകവചൻമാർ എന്ന പേരിൽ നാലു കോടി അസുരൻമാരും ഉണ്ടായിരുന്നു.

ഒരിക്കൽ ബലി ദേവേന്ദ്രന്റെ സ്വത്ത് മുഴുവൻ അപഹരിച്ചു കൊണ്ടു പോയി. വഴിമധ്യേ അതു സമുദ്രത്തിൽ പതിച്ചു. ബലിയുടെ ഭരണകാലത്ത് ബ്രാഹ്മണർക്കും ദേവകൾക്കും അവരർഹിക്കുന്ന സുഖസൗകര്യങ്ങൾ നിഷേധിച്ചിരുന്നു. മഹാബലി ബാല്യകാലം മുതൽക്കെ ബ്രാഹ്മണ വിദ്വേഷിയായിരുന്നു (മഹാഭാരതം ശാന്തിപർവ്വം). ബലി ബ്രാഹ്മണരോട് അഹങ്കാര പൂർവ്വമായി പെരുമാറുകയാൽ ലക്ഷ്മീ ദേവി ബലിയെ പരിത്യജിച്ചു. നീ സ്വന്തം രാജ്യത്തിൽ ചാതുർവർണ്ണ്യം പുനഃസ്ഥാപിക്കും (ഹരിവംശം). അവർ വിഷ്ണുവിനെ കണ്ടു സങ്കടം പറഞ്ഞു. വിഷ്ണു വാമനനായി അവതരിച്ചുകൊള്ളാമെന്ന് അവർക്ക് ഉറപ്പു നൽകി. വിഷ്ണു അദിതിയുടെ ഗർഭത്തിൽ ജനിച്ചു. അതോടെ അസുരവംശത്തിനും രാജ്യത്തിനും നാശം തുടങ്ങി. ദൈവമാതാവായ അദിതി അങ്ങനെ വാമനനെ പ്രസവിച്ചു.

ഈ സമയത്ത് നർമ്മദാ നദീതീരത്ത് ബലി ഒരു മഹായജ്ഞം നടത്തുകയായിരുന്നു. വാമനൻ ഒരു മുനികുമാരന്റെ വേഷത്തിൽ വന്നു മൂന്നടി മണ്ണു ചോദിച്ചു. തന്റെ രാജ്യത്തിലുള്ള ഭൃംഗാരകം തുടങ്ങിയ ദേശങ്ങൾ കൊടുക്കാൻ തയ്യാറാണെന്നു ബലി പറഞ്ഞു. പക്ഷേ മുനികുമാരൻ അതിന് തയ്യാറായില്ല. തട്ടിപ്പ് മനസ്സിലാക്കിയ

ശുക്രാചാര്യർ ബാലൻ തട്ടിപ്പുകാരനാണെന്ന് ബലിയോട് പറഞ്ഞു. പക്ഷേ ബലി മൂന്നടി മണ്ണ് തന്നെ ദാനം ചെയ്യാൻ തീരുമാനിച്ചു. വാമനൻ സ്ഥലമളക്കാൻ തുടങ്ങിയതോടെ സ്വയം വളർന്നു തുടങ്ങി. ഭയവിഹ്വലരായ അസുരൻമാർ എല്ലാ ആയുധവുമെടുത്ത് വാമനനെ ആക്രമിച്ചു. പക്ഷേ വാമനൻ വളർന്നുകൊണ്ടേയിരുന്നു. അംബരചുംബിയായി വളർന്ന വാമനൻ ഒരു ചുവട് കൊണ്ട് ഭൂമി മുഴുവനും രണ്ടാം ചുവടു കൊണ്ട് സ്വർഗ്ഗം മുഴുവനും അളന്നു. മൂന്നാം ചുവടു കൊണ്ട് ഗത്യന്തരമില്ലാതായപ്പോൾ മാവേലിയെ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തി.

നമ്മുടെ നാടൻ പാട്ടിൽ നിന്നും വ്യത്യസ്തമാണ് പുരാണകഥയെന്നു തെളിയുന്നു.

മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെയല്ലെന്നു പുരാണം പറയുന്നു. സുരൻമാരും അസുരൻമാരും തമ്മിൽ എപ്പോഴും യുദ്ധമായിരുന്നു. മാവേലി തന്നെ ദേവൻമാരുമായി പലപ്പോഴും ഏറ്റുമുട്ടി. ദേവൻമാരെ തോൽപ്പിച്ച മാവേലി ഇന്ദ്രനായി മാറി. ദേവേന്ദ്രന്റെ സ്വത്തു മുഴുവൻ മാവേലി തന്നെ മോഷ്ടിച്ചു കൊണ്ടുപോയി. മാവേലി ബ്രാഹ്മണർക്കും ദേവകൾക്കും തലവേദനയായിരുന്നു. മാവേലിയുടെ ജീവിതാന്ത്യം തന്നെ ചതിയിലായി. ചുരുക്കത്തിൽ മാവേലിയുടെ ഭരണം ഒരു വർഗ്ഗത്തിനു മാത്രമായിരുന്നു ആനന്ദം. അവർണ്ണനും ഇല്ലായ്മക്കാരനും, സവർണ്ണനും സമ്പന്നനും എതിരായിരുന്നു. ഒരു പക്ഷേ ചൂഷകനായ ദേവേന്ദ്രന്റെ സ്വത്തു മുഴുവൻ പാവങ്ങൾക്ക് കൊടുക്കാൻ വേണ്ടി മാവേലി മോഷ്ടിച്ചതായിരിക്കാം. ജാതി സമ്പ്രദായത്തോട് മാവേലി എതിരായിരുന്നു. മാവേലി എല്ലാ മനുഷ്യരെയും ഒന്നു പോലെ കണ്ടു. മാവേലി യാദവരാജാവവായിരുന്നതായി ഭാഗവതം ദശമസ്കന്ധത്തിൽ പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ സവർണ്ണതക്കെതിരെ ചൂഷണത്തിനെതിരെ പോരാടിയെന്നത് വ്യക്തമാണ്.

നർമ്മദാതീരത്തിരുന്ന് യാഗം നടത്തുകയും ഭൃംഗാരകം തുടങ്ങിയ ദേശങ്ങൾ മുനികുമാരന് നൽകാമെന്നും പറയുമ്പോൾ മാവേലിയുടെ നാട് കേരളമല്ല മധ്യപ്രദേശോ ഗുജറാത്തോ മഹാരാഷ്ട്രയോ ആണെന്നു തെളിയുകയാണ്. 86.7 ശതമാനം മധ്യപ്രദേശിലും 11.5 ശതമാനം ഗുജറാത്തിലും 1.5 ശതമാനം മഹാരാഷ്ട്ര

യിലുമായി വ്യാപിച്ചു കിടക്കുന്ന നദിയാണ് നർമ്മദ. ഉത്തര ദക്ഷിണേന്ത്യകളെ വേർതിരിച്ചുകൊണ്ടു സത്പുര പർവ്വതത്തിനും വിന്ധ്യാപർവ്വതത്തിനും ഇടയിൽ 98796 ച.കി. നീളത്തിൽ നർമ്മദ ഒഴുകുകയാണ്. ഈ നദിയുടെ ഏതോ തീരത്തിരുന്നാണ് മഹാബലി ഈ യാഗം നടത്തിയത്.

പത്താം നൂറ്റാണ്ടിൽ കമ്പം-ഗൂഡല്ലൂർ ഭാഗത്ത് മാവേലി രാജവംശം നാടു ഭരിച്ചിരുന്നതായി പറയുന്നു. ഒന്നാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനുമിടയിൽ ചേരവംശജനായ മഹാബലി തൃക്കാക്കര കേന്ദ്രമാക്കി കേരളം ഭരിച്ചിരുന്നതായി പറയുന്നു. അഞ്ചാം ശതകത്തിൽ എഴുതപ്പെട്ട 'മധുരെക്കാഞ്ചി' എന്ന ചെന്തമിഴ് ഗ്രന്ഥത്തിൽ നെടുഞ്ചേഴിയൻ എന്ന പാണ്ഡ്യരാജാവ് മധുരയിൽ ഓണം ആഘോഷിച്ചിരുന്നതായി പറയുന്നു. ശ്രവണപദത്തിലേക്ക് പ്രവേശിക്കുന്ന സന്യാസിമാർക്കു ബുദ്ധൻ മഞ്ഞപ്പൂക്കളും മഞ്ഞമുണ്ടും നൽകുന്ന ചടങ്ങുണ്ടായിരുന്നു. അതാണ് നമ്മുടെ അത്തപ്പൂക്കളത്തിൽ മഞ്ഞപ്പൂക്കളുടെയും കുട്ടികൾ ധരിക്കുന്ന മഞ്ഞമുണ്ടിന്റെയും ഉറവിടമെന്നു പറയുന്നു.

അങ്ങനെയാണെങ്കിൽ ബ്രാഹ്മണ്യത്തിനെതിരെ ഉയർന്ന ബുദ്ധമതം സ്വീകരിച്ചവരാണ് യാദവർ. തെക്കേ ഇന്ത്യയിലേക്ക് ബുദ്ധമതം പ്രചരിച്ചപ്പോൾ മാവേലിയുടെ കഥകളും പ്രചരിച്ചു. എന്തായാലും മാവേലി ദുരിതമനുഭവിക്കുന്നവന് വേണ്ടി സമരം ചെയ്ത വക്താവാണ്. അങ്ങനെയൊരു ലോകം തന്നെ സൃഷ്ടിക്കാൻ ശ്രമിച്ചയാളാണ്. എന്നാൽ അദ്ദേഹത്തെ അവസാനം ശത്രുക്കൾ പരാജയപ്പെടുത്തി. തികച്ചും മതരഹിതവും ചൂഷണരഹിതവും മാനവികവുമായ ഒരു ലോകമായിരുന്നത്രെ മാവേലിയുടെ ലോകം. അവിടെയാണ് മാവേലിപ്പാട്ട് യാഥാർത്ഥ്യമാവുന്നത്. സമത്വസുന്ദരമായ ആ ലോകം യാഥാർത്ഥ്യമാകുന്നതുവരെ നമുക്ക് മാവേലിയുടെ ഓർമ്മകളുമായി മുന്നോട്ടു പോകാം.

# 6

# ഗുരു യോഗത്തെ ഉപേക്ഷിച്ചത് എന്തുകൊണ്ട്?

ശ്രീ നാരായണഗുരു മാനവികവാദിയും ഡോ.പൽപ്പു ഈഴവ സമുദായവാദിയുമായിരുന്നു. മൃഗത്തിന്റെ വില പോലുമില്ലാതിരുന്ന പിന്നാക്ക സമുദായങ്ങളിലുള്ളവരെ മനുഷ്യരാക്കിയെടുക്കുകയെന്നതായിരുന്നു നാരായണഗുരുവിന്റെ ലക്ഷ്യം. എന്നാൽ പിന്നാക്കാവസ്ഥയിൽ കഴിയുന്ന ഈഴവ സമുദായത്തെ മുന്നോക്കാവസ്ഥയിലേക്ക് കൊണ്ടു വരിക എന്നതായിരുന്നു ഡോ. പൽപ്പുവിന്റെ ലക്ഷ്യം.

ഗോക്കൾക്ക് ഗോത്വമെന്നപോലെ മനുഷ്യർക്ക് മനുഷ്യത്വമാണ് ജാതി. (മനുഷ്യാണാം മനുഷ്യത്വം ജാതിർഗോത്വാഗവാം യഥാഃ) എന്നു ചിന്തിക്കുകയും ജാതിക്കുപരി മനുഷ്യനെന്ന ഒരു ജാതിയെയുള്ളുവെന്നു ഗുരുചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു വരുമ്പോഴാണ് ഈഴവ സമുദായത്തെ സംഘടിപ്പിക്കുവാൻ ആകുന്ന പണി അറുപത്തെട്ടും നോക്കി പരാജയപ്പെട്ട ഡോ. പൽപ്പുവിന്റെ രംഗ പ്രവേശനം. മൈസൂറിൽ ഹെൽത്ത് ഡയറക്ടറായി ജോലി ചെയ്തിരുന്ന ഡോ.പൽപ്പു മൈസൂർ രാജാവിന്റെ അതിഥിയായി വന്ന സ്വാമി വിവേകാനന്ദനെ കാണാനിടയായി. പൽപ്പുവിന്റെ താൽപര്യം നിറവേറ്റുവാൻ ഈഴവ സമുദായത്തിൽ നിന്നും ഒരു സന്യാസിയെ കണ്ടെത്തി അദ്ദേഹത്തെ മുൻനിറുത്തി സമുദായ പ്രവർത്തനം നടത്തിയാൽ വിജയിക്കുമെന്നു കൂടിക്കാഴ്ചയിൽ വിവേകാനന്ദൻ പറഞ്ഞു. അപ്രകാരം പൽപ്പു കേരള

ത്തിൽ വന്നു നടത്തിയ അന്വേഷണത്തിലാണ് അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി വിപ്ലവം സൃഷ്ടിച്ച നാണുഗുരു എന്നു പേരുള്ള ഒരു സന്യാസിയുള്ളതായി അറിയുന്നത്. ഇതിന്റെ ഫലമായിട്ടാണ് 1903 ൽ ശ്രീ നാരായണ ഗുരു അധ്യക്ഷനായി ശ്രീനാരായണ ധർമ്മ പരിപാലന യോഗം (എസ്.എൻ.ഡി.പി.) സ്ഥാപിതമാകുന്നത്.

ഒരു പക്ഷേ ശ്രീനാരായണ ഗുരുവിനെപ്പോലെയുള്ള ഒരു സന്യാസിയെയായിരുന്നില്ല സ്വാമി വിവേകാനന്ദൻ ഉദ്ദേശിച്ചത്. മാനവനുപരി ബ്രഹ്മത്തിൽ ചരിക്കുന്ന ഒരു സന്യാസിയെയാണ് വിവേകാനന്ദൻ ഉദ്ദേശിച്ചത്. നാരായണ ഗുരു ബ്രഹ്മത്തിനുപരി മനുഷ്യന് പ്രഥമ സ്ഥാനം നൽകിയ ഒരാളായിരുന്നു. ഇത്രയും പുരോഗമനകാരിയായ ഒരാളാണ് നാരായണഗുരുവെന്ന് അടുത്തറിഞ്ഞിരുന്നുവെങ്കിൽ വിവേകാനന്ദൻ പൽപ്പുവിനോട് അങ്ങനെ പറയില്ലായിരുന്നു. ഈഴവ സമുദായം ജാതിരാഹിത്യത്തിലേക്കുയരുന്നുവെന്ന് ധരിച്ചാണ് ഗുരു എസ്.എൻ.ഡി.പി. യോഗത്തിന്റെ അദ്ധ്യക്ഷനായത്. ആ സ്ഥാനത്ത് തുടരുമെന്നായിരുന്നു സമുദായ സ്നേഹിയായ പൽപ്പു വിശ്വസിച്ചത്. അതുകൊണ്ട് പൽപ്പു ബോധപൂർവ്വം ഗുരുവിനെ കെണിയിലാക്കുകയായിരുന്നു. ഈഴവ സമുദായം ലക്ഷ്യമാക്കിയ പൽപ്പുവിന്റെ മോഹം ഒരു ഈഴവ മഹാസഭയായിരുന്നു. ഗുരു അതിനെതിരായിരുന്നു. അപ്പോൾ പിന്നാക്കരായ എല്ലാ സമുദായാംഗങ്ങളുടെയും ഉന്നമനമാണെന്ന് വിശ്വസിപ്പിച്ചാണ് ഗുരുവിനെ ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ അദ്ധ്യക്ഷൻ ആക്കിയത്. ആ സ്ഥാനത്ത് തുടരുമെന്നായിരുന്നു സമുദായ സ്നേഹിയായ പൽപ്പു വിശ്വസിച്ചത്. എന്നാൽ പേരിനോടൊപ്പം 'തീയ്യൻ' എന്ന ജാതിപ്പേര് കൂടി ചേർക്കണമെന്ന് യോഗം തീരുമാനിച്ചപ്പോൾ ഗുരു എസ്.എൻ.ഡി.പി. യോഗത്തിൽ നിന്നും 1916 മെയ് 22 ന് സംഘത്തെ ഉപേക്ഷിച്ചുകൊണ്ട് ഡോ.പൽപ്പുവിന് കത്ത് നൽകി. ഡോ.പൽപ്പുവിന് നൽകിയ കത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു. "യോഗത്തിന് ജാത്യാഭിമാനം വർദ്ധിച്ചു വരുന്നതുകൊണ്ട് നാം യോഗത്തെ വിട്ടിരിക്കുന്നു." തുടർന്ന് ഗുരു ഈഴവ ജാതിയും ഹിന്ദുമതവും ഉപേക്ഷിച്ചു.

ഗുരു എസ്.എൻ.ഡി.പി.യിൽ നിന്നു രാജിവെച്ചതു പോലെ തന്നെ താൻ ജനിച്ച ഈഴവ ജാതിയും ഹിന്ദുമതവും ഉപേക്ഷിച്ചു കൊണ്ട് വിളംബരം പുറപ്പെടുവിച്ചിട്ടുണ്ട്. 1916 മെയ് 28 നാണ് ആ

വിളംബരം. അതിലിങ്ങനെ പറയുന്നു. 'നാം ജാതിമതഭേദം വിട്ടിട്ടു ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചിലർ നമ്മെ അവരുടെ വർഗ്ഗത്തിൽപ്പെട്ടവരായി ചിന്തിച്ചും പ്രവർത്തിച്ചും വരുന്നതായും അതു നമ്മുടെ വാസ്തവത്തിനു വിരുദ്ധമായ ധാരണയ്ക്കിട വന്നിട്ടുണ്ടെന്നും നാം അറിയുന്നു. നാം ഒരു പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല.' (പ്രബുദ്ധ കേരളം 1916) ഈ വിളംബരം കൂടാതെ മറ്റൊരു പ്രഖ്യാപനം കൂടി അദ്ദേഹം നടത്തിയിട്ടുണ്ട്. 1916 ജൂലൈ 15 നാണ് ആ പ്രഖ്യാപനം. കൊല്ലം പട്ടത്താനത്ത് അച്യുതൻ കോൺട്രാക്ടർ പണി കഴിപ്പിച്ച കെട്ടിടത്തിന്റെ ഗൃഹപ്രവേശനത്തിന് അദ്ദേഹം പറഞ്ഞു. അതിങ്ങനെയാണ് - "ഏതെങ്കിലും മതവുമായി നമുക്ക് യാതൊരു ബന്ധവുമില്ല. നാമായിട്ട് ഒരു മതം സ്ഥാപിച്ചിട്ടുമില്ല. നാം ജാതിമതങ്ങൾ വിട്ടിരിക്കുന്നു."

1916 മെയ് 22, 1916 മെയ് 28 നുള്ള ഗുരുവിന്റെ വെളിപ്പെടുത്തലുകൾ വളരെ പ്രാധാന്യമുള്ളതാണ്. അതുപോലെ ക്ഷേത്രങ്ങൾ സ്ഥാപിച്ച ഗുരു മരിക്കുന്നതിന് ഒരു വർഷം മുമ്പ് മനസ്സില്ലാമനസ്സോടെ കളവങ്കോടത്ത് നടത്തിയ കണ്ണാടി പ്രതിഷ്ഠ, പ്രാകൃത ദൈവങ്ങളെ ഇളക്കിമാറ്റൽ ഇതൊക്കെ തന്നെ പ്രാധാന്യമുള്ള വസ്തുതകളാണ്. ഇക്കാലത്ത് എസ്.എൻ.ഡി.പി.യുടെ പോക്കിൽ അദ്ദേഹം അമർഷം കൊള്ളുകയുണ്ടായി. 1923 ൽ എസ്.എൻ.ഡി.പി.ക്കാരെല്ലാം ജാതിപ്പേര് ചേർക്കണമെന്ന തീരുമാനത്തോടു ഗുരു വിയോജിക്കുകയുണ്ടായി. ഇതൊക്കെ ചൂണ്ടിക്കാണിക്കുന്നത് ഗുരുവിന്റെ ശ്രീനാരായണ ധർമ്മ പരിപാലനവും യോഗത്തിന്റെ ധർമ്മ പരിപാലനവും രണ്ടാണെന്നുള്ളതാണ്. ഗുരുവിന്റെ ഈ ദുഃഖം മനസ്സിലാക്കിയ ചില ശിഷ്യന്മാരുണ്ടായിരുന്നു. സഹോദരൻ അയ്യപ്പൻ, സി.വി.കുഞ്ഞിരാമൻ എന്നിവർ. അയ്യപ്പൻ ചെറായിയിൽ വെച്ച് ഒരു മിശ്രഭോജനം നടത്തി. അതു കഴിഞ്ഞ് തിരിച്ചു വരുമ്പോൾ അയ്യപ്പനോട് ഗുരു പറഞ്ഞത് ക്രിസ്തുവിനോളം ക്ഷമവേണമെന്നായിരുന്നു. തുടർന്ന് അയ്യപ്പൻ 1917 ൽ ഒരു സംഘടനയുണ്ടാക്കി. ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യന് എന്ന മുദ്രാവാക്യവുമായി. സഹോദര സംഘമെന്നാണിതിന്റെ പേര്. ഇതിന് ഗുരുവിന്റെ എല്ലാവിധ മൗനസമ്മതവും ഉണ്ടായിരുന്നു.

അയ്യപ്പനെപോലെ ഗുരുവിന്റെ ആശയങ്ങൾ പ്രാവർത്തികമാക്കിയ മറ്റൊരു പ്രസ്ഥാനമായിരുന്നു നടരാജഗുരു നേതൃത്വം

നൽകിയ മാനവിക പ്രസ്ഥാനം. ഏക മാനവലോകവും ഏക ലോക ഗവൺമെന്റും ഈ പ്രസ്ഥാനത്തിന്റെ സംഭാവനയായിരുന്നു. ഇതിന്റെ ആസ്ഥാനമാണ് വർക്കലയിലെ ഗുരുകുലം ശാഖയും തമിഴ്നാട്ടിലെ ഫേൺഹില്ലും. എന്നാൽ ഈ പ്രസ്ഥാനവും ഇന്നു അപചയത്തിലേക്ക് തിരിഞ്ഞിരിക്കയാണ്.

നടരാജനെ വിദേശത്ത് അയച്ചു പഠിപ്പിച്ചതും പണം ചെലവ ഴിച്ചതും നാരായണ ഗുരുവായിരുന്നു. ഗുരുവിന്റെ ആശയങ്ങൾ വിദേശങ്ങളിലെത്തിക്കുക എന്ന ഉദ്ദേശ്യം ഇതിനു പിന്നിലുണ്ടാ യിരുന്നു. ഇതിനു ഡോ.പൽപ്പുവിന്റെ പൂർണ്ണ സമ്മതവുമുണ്ടായി രുന്നു. ഗുരുവിനെ വേദനിപ്പിച്ചതിന് പൽപ്പു അറിഞ്ഞുകൊണ്ട് ഗുരു വിന് നൽകിയ ദാനമായിരുന്നു പൽപ്പുവിന്റെ മകനായ നടരാ ജൻ. ഈ നടരാജൻ പിന്നീട് നടരാജഗുരുവായി.

ചുരുക്കത്തിൽ മാനവരെല്ലാം ഒന്നാണെന്ന ഗുരുവിന്റെ ശ്രീ നാരായണധർമ്മം ഇങ്ങനെ വഴി തിരിഞ്ഞപ്പോൾ ഡോ.പൽപ്പു നേതൃത്വം കൊടുത്ത എസ്.എൻ.ഡി.പി. യോഗം ജാതി ഭ്രാന്തു മായി തഴച്ചു കൊഴുത്തു വളരാൻ തുടങ്ങി. പൽപ്പു തുടങ്ങി വച്ച ആ പ്രസ്ഥാനമാണ് വെള്ളാപ്പള്ളി നടേശൻ ഇന്നു നയിക്കുന്ന പ്രസ്ഥാനം. 1869 ൽ ജാതി സംവരണം നേടുന്നതിനു വേണ്ടി പതിനായിരം പേർഒപ്പിട്ട ഈഴവ മെമ്മോറിയൽ തിരുവിതാംകൂർ മഹാരാജാവായ ശ്രീമൂലം തിരുനാൾ രാമവർമ്മയ്ക്ക് പൽപ്പു സമർപ്പിച്ചു. അതേ ആവശ്യത്തിന്റെ തുടർച്ചയാണ് ഇപ്പോൾ വെള്ളാപ്പള്ളിയും നടത്തുന്നത്.

ഈ പ്രസ്ഥാനത്തിന് നാരായണ ഗുരുവുമായി പുലബന്ധമില്ല. എസ്.എൻ.ഡി.പി.യോഗക്കാർ സ്ഥാപിക്കേണ്ട പ്രതിമ നാരായണ ഗുരുവിന്റേതല്ല ഡോ.പൽപ്പുവിന്റേതാണ്. ജാതിയ്ക്കെതിരെ പോരാടിയ നാരായണഗുരുവിനെ ഈഴവരുടെ നേതാവായി കാണു ന്നതു അപഹാസ്യമാണ്. ഗുരു കേരള ജനതയുടെ, നവോത്ഥാന ത്തിന്റെ വഴികാട്ടിയാണ്. അല്ലാതെ ഈഴവ സമുദായത്തിന്റെ വഴി കാട്ടിയല്ല.

ഗുരുവിന്റെ ചിന്താഗതിക്കുവേണ്ടി ശ്രമിച്ച അവസാന കണ്ണി യാണ് ശാശ്വതികാനന്ദ. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന് അപടകമരണം വരിക്കേണ്ടി വന്നതും. ഗുരുവും അവസാനകാ ലത്ത് ദുരിതങ്ങൾ അനുഭവിച്ചാണ് മരിച്ചത്.

# 7

# യേശുദാസ് ദിവ്യഗായകനോ?

ആസ്ഥാനഗായകനും ഗാനഗന്ധർവ്വനുമായ യേശുദാസ് അടുത്തകാലത്ത് തന്റെ കഴിവിനെകുറിച്ചു ചില അഭിപ്രായങ്ങൾ പറയുകയുണ്ടായി. ആ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു. "ഞാനീ ചെയ്യുന്നതെല്ലാം ദൈവേച്ഛ. പരബ്രഹ്മത്തിന്റെ നിയോഗം അനുസരിക്കുന്നു. അത്ര മാത്രം. ശബ്ദം പോലും ദൈവദത്തം. അജ്ഞാതമായ ഒരു ശക്തി പറയുന്നു - ദാസ് പാടൂ, ഞാൻ പാടുന്നു.

അച്ഛൻ അഗസ്റ്റ്യൻ ജോസഫ് ഭാഗവതർ ജന്മവാസന കൊണ്ടു മാത്രം ശാസ്ത്രീയ സംഗീത രംഗത്ത് വന്നയാളാണ്. ആ വേദനയും അദ്ദേഹത്തിനുണ്ടായിരുന്നു. വേദനയിലുരുകിയ പ്രാർത്ഥനയുടെ ഫലമാണ് ഞാൻ. മാതാപിതാക്കൾ മനസ്സുരുകി പ്രാർത്ഥിച്ചാൽ അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള സന്തതികൾ ഉണ്ടാകുമെന്നു നിശ്ചയം. ഭക്തിയാണ് സംഗീതത്തിന്റെ ജീവൻ. ഭക്തിയുടെ ശൈലി ദു:ഖമയവും. ഈ ദൈവകൃപയുടെ മഹത്വം ഞാൻ മറക്കാറില്ല. എനിക്കു കിട്ടിയ വരദാനമാണ് എന്റെ ശബ്ദം. ഞാനത് ദൈവകാരുണ്യവും ഗുരുകടാക്ഷവുമായി കാണുന്നു.

### സംഗീതവും അന്ധവിശ്വാസങ്ങളും

യേശുദാസിന്റെ ശബ്ദം മാധുര്യം ഏറിയതാണ്. ക്ലാസിക്കൽ സംഗീതത്തിൽ യേശുദാസ് സമർത്ഥമായ കഴിവു തെളിയിച്ചിട്ടില്ലെങ്കിലും ലളിതഗാന (നാടകം, സിനിമ, റേഡിയോ ഗാനങ്ങൾ

തുടങ്ങിയവ) ത്തിൽ കഴിവു തെളിയിച്ചിട്ടുണ്ട്. അതു നമുക്ക് ബോധ്യമുള്ള കാര്യമാണ്.

എന്നാൽ സംഗീതത്തിന്റെ ചരിത്രപരവും ശാസ്ത്രീയവുമായ വിജ്ഞാന ശാഖകളിൽ യേശുദാസ് ആരുമല്ലെന്നു തെളിയിക്കുകയാണ് മുകളിൽ ഉദ്ധരിച്ച അഭിപ്രായങ്ങൾ. ഈ അഭിപ്രായങ്ങൾ കേവലം അന്ധവിശ്വാസപരവുമാണ്. അങ്ങനെ യേശുദാസ് പറയാൻ കാരണമുണ്ട്. ഒരു പക്ഷേ യേശുദാസിനെപ്പോലെ തന്നെ പല സംഗീതജ്ഞൻമാരും ഈ അഭിപ്രായം തന്നെ പറഞ്ഞിട്ടുള്ളതാണ്. സംഗീതലോകത്തെ ആചാര്യൻമാരായ ത്യാഗരാജനും, മുത്തുസ്വാമി ദീക്ഷിതരും, ശ്യാമശാസ്ത്രിയുമൊക്കെ യേശുദാസിനെപ്പോലെ വിശ്വാസികളായിരുന്നു. അങ്ങനെ അവർ അന്ധവിശ്വാസികളാകാൻ കാരണമുണ്ട്. ആരും പഠിച്ചതല്ലേ പാടൂ എന്നൊരു ചൊല്ലുണ്ടല്ലോ അതു മാത്രമാണ്. സംഗീതത്തെക്കുറിച്ചുള്ള പ്രമുഖ ആധികാരിക ഗ്രന്ഥങ്ങളിൽ സംഗീതത്തിന്റെ ഉത്ഭവം ദൈവദത്തമായിട്ടാണ് എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. അതു പഠിച്ച യേശുദാസും സംഗീതാചാര്യൻമാരും മറിച്ചൊന്നു പറയാനിടയില്ലല്ലോ. ഗ്രന്ഥങ്ങളിലെ അഭിപ്രായങ്ങൾ തന്നെ നോക്കാം. സംഗീതമുണ്ടായതെങ്ങനെയെന്നു പറയുന്നത് നോക്കൂ.

"ശങ്കരം പാർവതീനത്വാ ദുഷ്ട്യാ
പേദം വചോ ബ്രവീത
സംഗീതശാസ്ത്രം ഹേ നാഥ!
മഹ്സം വദ സുഖപ്രദം"

പണ്ടൊരിക്കൽ പാർവ്വതി പരമശിവനെ നോക്കി വണങ്ങി. നാഥാ ഈ ലോകത്തിൽ എല്ലാ ജീവരാശികൾക്കും അനുപമമായ ആനന്ദം നൽകുന്ന സംഗീതത്തിന്റെ ശാസ്ത്ര തത്വങ്ങളെപ്പറ്റി എനിക്ക് വിശദമായി പറഞ്ഞു തരുമാറാകണം എന്നു അഭ്യർത്ഥിക്കവേ, പരമശിവൻ ഇപ്രകാരം പറഞ്ഞു.

"ശൃണു പാർവ്വതി പൂർവം മേസർവ്വ-ലോകസുഖായ
സദ്യോജാത മുഖാത് പൃഥി ഗാന്ധാരശ്ച സ്വരോഭവത്
പൃഥി വ്യാശ്ചർമ വാദ്യാനി ജാതാനി-തദനന്തരം
വാമദേവ മുഖാ ദാപ: ധൈവ തശ്ച-സ്വരോഭവത്
അദ്ഭ്യോ ജാതാനി ശംഖാദി വാദ്യാനി സുഭഗാനനോ

അഘോരാദനല; ഷഡ്ജ, ഋഷഭശ്ചതഥാഭവൻ
ജാതിനിഹൃഗ്നിതോ ലോകേകാം സൃവാദ്യാനി പാർവതി
തതസ്തത് പുരുഷാദ് വക്രതാദ്വാത:പഞ്ചമ ഏവ ച
തസ്മാദ് വാതാത് സമുത്പന്നം വേണ്വാദ്യം രന്ധ്രവാദ്യകം
ഈശാനാസ്യാന്നിഷാദശ്ച മധ്യമശ്ച-സ്വരസ്തഥാ
ആകാശോപി സമുത്പന്ന തന്ത്രിവദ്യം തതോ, ഭവതാഭവത്"

(ഹേ, പാർവതീ, സംഗീത തത്വത്തെപ്പറ്റി പറയാം. ശ്രദ്ധിക്കുക. സകലലോകങ്ങൾക്കും എളുപ്പം സുഖമുണ്ടാകുന്നതിന് ഞാൻ എന്റെ അഞ്ചു മുഖങ്ങളിൽ നിന്നും പഞ്ചഭൂതങ്ങളേയും സംഗീതത്തിനടിസ്ഥാനമായ സപ്തസ്വരങ്ങളേയും സൃഷ്ടിച്ചു. സദ്യോജാതം എന്ന മുഖത്തിൽ നിന്നു ഭൂമിയേയും ഗാന്ധാരസ്വരത്തേയും സൃഷ്ടിച്ചു. ആ ഭൂമിയിൽ നിന്നു ചർമവാദ്യങ്ങൾ, അതായത് തോൽ ബന്ധിച്ചിട്ടുള്ള, മൃദംഗം പോലുള്ള വാദ്യങ്ങൾ ഉണ്ടായി. പിന്നീട് വാമദേവം എന്ന മുഖത്തിൽ നിന്നു ഞാൻ ജലത്തേയും ധൈവത സ്വരത്തേയും സൃഷ്ടിച്ചു. ജലത്തിലിരുന്നു ശംഖുപോലുള്ള വാദ്യങ്ങളുണ്ടായി. അഘോരം എന്ന മുഖത്തിൽ നിന്നു അഗ്നിയേയും ഷഡ്ജം, ഋഷഭം എന്നീ സ്വരങ്ങളേയും സൃഷ്ടിച്ചു. അഗ്നിയിൽ നിന്നു താളം തുടങ്ങിയ കാംസ്യവാദ്യങ്ങൾ (വെങ്കലത്തിലുള്ള വാദ്യങ്ങൾ) ഉണ്ടായി. തത്പുരുഷം എന്ന മുഖത്തുനിന്നു വായുവും പഞ്ചമസ്വരവുമുണ്ടായി. വായുവിൽ നിന്നു കുഴൽ മുതലായ രന്ധ്രവാദ്യങ്ങൾ ഉൽഭവിച്ചു. ഈശാനം എന്ന അഞ്ചാമത്തെ മുഖത്തിൽ നിന്നു ആകാശവും, നിഷാദം, മധ്യമം എന്നീ സ്വരങ്ങളുണ്ടായി. ആകാശത്തിൽ നിന്നു വീണ തുടങ്ങിയ തന്ത്രവാദ്യങ്ങൾ ഉണ്ടായി. ഇങ്ങനെ സംഗീതത്തിനു മൂലകാരണം ഞാൻ തന്നെയെന്നു അറിഞ്ഞുകൊള്ളുക.)

ഇങ്ങനെ ജന്മം കൊണ്ട സംഗീതം ലോകം മുഴുവൻ പ്രചരിച്ചതെങ്ങനെയെന്നു പറയുന്നത് നോക്കൂ.

"ഏവം സദാശിവപ്രോക്തം
ശാസ്ത്രം സംഗീതം സംജ്ഞകം ഭരതാദ്യൈസ്തുമുനിഭി:
സർവ്വത്രാഥ പ്രചാരിതം"

(അതായത് സംഗീത ശാസ്ത്രത്തെ ശിവനിൽ നിന്നു ഭരതൻ, മഗതൻ മുതലായ മുനീശ്വരന്മാർ ഉപദേശം വാങ്ങി ലോകം മുഴുവൻ

പ്രചരിപ്പിച്ചു.)

പൊതുവെ സംഗീതത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചും പ്രചരണത്തെക്കുറിച്ചുമുള്ള കഥകൾ നാം കണ്ടു. എന്നാൽ സംഗീതത്തിന്റെ ശാസ്ത്രീയ വശം എന്തെന്നു നാം കാണേണ്ടിയിരിക്കുന്നു.

സംഗീതം എങ്ങനെയാണ് ഉണ്ടാകുന്നതെന്നു 'സംഗീത കല്പദ്രുമം' എന്ന ഗ്രന്ഥത്തിൽ ഡോ. എൽ. മുത്തയ്യ ഭാഗവതർ പറയുന്നത് ഇങ്ങനെയാണ്.

"സർവ്വലോകോദ് ഭവാത് പൂർവം
യേന വ്യാപ്തം ചരാചരം
നാദാത്മകം തദാകാശം"

(ഈ ലോകമെല്ലാം ഉണ്ടാകുന്നതിന് മുമ്പ് ഏതൊരു മഹത്തായ വസ്തുവാണോ സ്ഥാവര ജംഗമമായ ഈ ലോകവും ആകാശവും മുഴുവൻ വ്യാപിച്ചിരിക്കുന്നത്, ഏതാണോ ലോകവ്യവഹാരത്തിന് മൂലകാരണമായിരിക്കുന്നത് അതാണ് നാദം. ആകാശ സംഭവോ നാദ എന്നു നാരദൻ പറഞ്ഞിട്ടുള്ളതനുസരിച്ച് ആകാശത്തിൽ നിന്നും ആദ്യമുണ്ടായ വായു നാദത്തിനു ആദികാരണമായ 'സ്' എന്ന ശബ്ദത്തെയുണ്ടാക്കി. ഇതിന് ഉദാഹരണം മൂലം സ്പഷ്ടമാക്കാം. ഒരു പന്തിൽ കാറ്റടിച്ചിട്ട് സൂചി കൊണ്ട് അതിൽ ചെറിയൊരു ദ്വാരമിട്ടാൽ ആ ദ്വാരത്തിൽ കൂടി വെളിയിലേക്ക് കടക്കുന്ന വായു പുറപ്പെടുവിക്കുന്ന ശബ്ദം 'സ്' എന്നതാണെന്നു നമുക്ക് മനസ്സിലാകുന്നു. ഈ 'സ്' എന്ന ശബ്ദത്തോട് 'അ' എന്ന അക്ഷരം ചേർത്ത് ഉച്ചരിച്ചാൽ അത് 'സ' എന്ന അക്ഷരമായി ധ്വനിക്കും. ഇതിനെ ആദ്യാക്ഷരമായി വ്യാകരണ ശാസ്ത്രത്തിൽ പറയുന്നു.

പാണിനിയ ശിക്ഷ ഗ്രന്ഥത്തിൽ

"ഉദാത്ത നിഷാദ ഗന്ധാരാവനുദാത്താ വൃഷഭ ധൈവതൗ സ്വരിത പ്രഭവാഹ്യേതേഡ്ജ മധ്യമ പഞ്ചമാ:"

എന്നു പറഞ്ഞു കാണുന്ന 'സ' എന്ന അക്ഷരം ആദിശക്തിയായ പരമാത്മാവിന്റെ ബീജാക്ഷരമായി മന്ത്രശാസ്ത്രത്തിൽ പറയുന്നു.

ഈ 'സ' തന്നെയാണ് സംഗീത ശാസ്ത്രത്തിൽ ഷഡ്ജമെന്ന് പറയപ്പെടുന്നത്. ഇത് കണ്ഠം മുതലായ ആറു സ്ഥാനങ്ങളിൽ നിന്നുമുണ്ടാകുന്നതിനാലും രിഗമപധനി എന്ന ആറു സ്വരങ്ങൾക്കും

കാരണമാകുന്നതിനാലും ഇതിനു ഷഡ്ജം എന്നു പേർ. ചുരുക്കത്തിൽ ശബ്ദം തന്നെയാണ് സംഗീതമെന്നു മുത്തയ്യാഭാഗവതർ പറയുന്നു. സംഗീതം ദൈവദത്തമെന്നു പറയുമ്പോൾ തന്നെ വിശ്വാസിയായ മുത്തയ്യാ ഭാഗവതർ പറയുന്നു ശബ്ദം തന്നെയാണു സംഗീതമെന്നും. ഒരേ സമയം തന്നെ വിശ്വാസികളായ സംഗീതജ്ഞർ വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ പറയുന്നു. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. അന്ധവിശ്വാസി സംഗീതം ശിവനിൽ നിന്നുണ്ടായതെന്നു പറയുമ്പോൾ വിശ്വാസിയായ സംഗീതജ്ഞനിലെ ശാസ്ത്രബോധം ശബ്ദം തന്നെയാണ് സംഗീതമെന്നു പറയുന്നു.

**ശബ്ദവും സംഗീതവും**

എന്താണ് ശബ്ദവും സംഗീതവും. എളുപ്പത്തിൽ നമുക്കിങ്ങനെ പറയാം. ശ്രവണസുന്ദരമല്ലാത്ത ശബ്ദം വെറും ശബ്ദവും ശ്രവണസുന്ദരമായ ശബ്ദം സംഗീതവും. ഉദാഹരണത്തിന് മരം വെട്ടുന്നതും കല്ലു പൊട്ടിക്കുന്നതും വെറും ശബ്ദമാണ്. ഇതിൽ കലയില്ല. എന്നാൽ കമ്പിയിൽ നഖം കൊണ്ട് മീട്ടുമ്പോഴുള്ള ശബ്ദം, പുല്ലാങ്കുഴൽ, നാഗസ്വരം, ശംഖ് എന്നിവ വായിക്കുമ്പോഴുണ്ടാകുന്ന ശബ്ദം, തോൽ വലിച്ചു കെട്ടിയിട്ടുള്ള മൃദംഗം, പെരുമ്പറ തുടങ്ങിയവയിൽ കൊട്ടുമ്പോഴുണ്ടാകുന്ന ശബ്ദം, ജാലർ, ചേങ്ങില എന്നീ ലോഹ ഉപകരണങ്ങളിൽ തട്ടുമ്പോഴുള്ള ശബ്ദം, മനുഷ്യന്റെ കണ്ഠത്തിൽ നിന്നുണ്ടാകുന്ന മാധുര്യമേറിയ ശബ്ദം എന്നിവ സംഗീതമാണ്.

അങ്ങനെയാണെങ്കിൽ സംഗീതത്തിന്റെ ഉറവിടമായ ശബ്ദം എങ്ങനെയാണ് ഉണ്ടാകുന്നത്. ജി.അൻഫിലോവ് രചിച്ചതും പി.എസ്.നമ്പൂതിരി വിവർത്തനം ചെയ്തിട്ടുള്ളതുമായ 'ഭൗതികവും സംഗീതവും' എന്ന ഗ്രന്ഥത്തിൽ ശബ്ദമുണ്ടായതെങ്ങനെയെന്നു പറയുന്നത് നോക്കുക. നിങ്ങൾ കൈകൊട്ടുമ്പോൾ കൈകൾക്കിടയിലെ വായു പെട്ടെന്നൊരു സമ്മർദ്ദത്തിന് വിധേയമാകുന്നു. വായുവിന്റെ ഇലാസ്തികത കാരണം അതു വികസിക്കുകയും തൊട്ടടുത്തു സ്ഥിതി ചെയ്യുന്ന വായുവിനെ അമർത്തുകയും ചെയ്യുന്നു. അങ്ങനെ അമർത്തപ്പെട്ട വായു വികസിക്കുവാൻ ശ്രമിക്കുമ്പോൾ അതിനടുത്തുള്ള വായു അമർത്തപ്പെടുന്നു.

അങ്ങനെ അഗോചരമായ ഒരു തരംഗം മുന്നോട്ട് പ്രസരിക്കുവാൻ തുടങ്ങുന്നു. ഈ തരംഗം വായുവിലൂടെ കാതുകളിൽ കർണപുടത്തിൽ തട്ടുമ്പോൾ ശബ്ദം കേൾക്കുന്ന തോന്നൽ നമുക്കുണ്ടാകുന്നു.

ഇനി മനുഷ്യരിൽ നിന്നു എങ്ങനെയാണ് ശബ്ദമുണ്ടാകുന്നതെന്നു നോക്കാം. മനുഷ്യന്റെ തൊണ്ടയിൽ സ്വനപേടകം (larynz) എന്നൊരു അറയുണ്ട്. ഇതിൽ സ്വനതന്തു എന്ന ഒരു ചർമ്മമുണ്ട്. ശ്വാസകോശത്തിൽ നിന്നു വരുന്ന വായു ഇതിൽ തട്ടുമ്പോൾ കമ്പനം ചെയ്യുന്നതിന്റെ ഫലമായി ശബ്ദമുണ്ടാകുന്നു.

**ശബ്ദം എങ്ങനെ സംഗീതമാക്കാം?**

ഒരാളുടെ തൊണ്ടയിൽ പിറക്കുന്ന ശബ്ദം എങ്ങനെ സംഗീതമാക്കാം? മനുഷ്യ മസ്തിഷ്കത്തിൽ പ്രഭാഷണകേന്ദ്രം (Speech Centre) എന്നൊരു ഭാഗമുണ്ട്. ഈ ഭാഗം തൊണ്ട, നാസാദ്വാരം എന്നീ ഭാഗങ്ങളിലൂടെ ശബ്ദത്തെ വേണ്ടതു പോലെ നിയന്ത്രിച്ചു പ്രവഹിപ്പിക്കുന്നു.

അതായതു പാടാൻ കഴിയുന്ന ഒരാൾ ഈ നിയന്ത്രണത്തിലൂടെ പരിശീലനം നേടിയാൽ നല്ലതു പോലെ പാടാൻ കഴിയും.

**ജന്മവാസന**

എന്താണ് ജന്മവാസന? ഒരാൾക്ക് ജനിക്കുമ്പോഴേ പൈതൃക വാസന ഉണ്ടായിരിക്കുക. സംഗീതവുമായി ബന്ധമുള്ള പൈതൃകത്തിന്റെ സന്തതിയാണെങ്കിൽ പാടാനുള്ള കഴിവുമായ് ജനിക്കുക. ഈ കഴിവിനെ വേണ്ടതുപോലെ പോഷിപ്പിച്ചാൽ നല്ല തിളക്കമുണ്ടാകും. അതേ സമയം പോഷിപ്പിച്ചില്ലെങ്കിൽ ആ തിളക്കം നഷ്ടപ്പെടുകയും ചെയ്യും. ഈ ജന്മസിദ്ധമായ കഴിവിനെ പാരമ്പര്യ ഗുണമെന്നു വിളിക്കുന്നു.

ജീവകോശങ്ങളിലെ ന്യൂക്ലിയസിലെ ക്രോമസോമുകളിലെ ജീനുകളാണ് ശാരീരികവും മാനസികവുമായ പാരമ്പര്യഗുണദോഷങ്ങളെ അടുത്ത തലമുറയിലേക്ക് പകർത്തുന്നത്.

മനുഷ്യനിൽ അനേകം സ്വഭാവങ്ങളും വൈകല്യങ്ങളും ഇന്നു കണ്ടു പിടിക്കപ്പെട്ടിട്ടുണ്ട്. ചുരുണ്ട മുടി, വർണ്ണമുള്ള തൊലി, ചെമ്പിച്ച തലമുടി, കൂടുതൽ വിരലുകൾ, നീളം കുറഞ്ഞ വിരലു

കൾ, മുയൽ ചുണ്ട് തുടങ്ങിയവയും കഷണ്ടി, കുട്ടിനര എന്നിവയും മാതാപിതാക്കളിൽനിന്നും സന്താനങ്ങളിലേക്ക് ലഭിക്കുന്നതാണെന്നു ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. അതുപോലെ ശബ്ദം, സംഗീതം, സംസാരം, ബുദ്ധി തുടങ്ങിയ മാനസിക ഗുണങ്ങളുടെ പ്രവാഹത്തെക്കുറിച്ചു മനഃശ്ശാസ്ത്രജ്ഞന്മാരായ ഹാൾട്ടൻ, ടേർമൻ, ഗൊഡ്ഡാർഡ്, ഗെസൽ തുടങ്ങിയവരും സമ്മതിച്ചിട്ടുണ്ട്.

ഈ ജീനുകൾ മുഖേന ലഭിച്ച ശബ്ദവും സംഗീതശേഷിയുമാണ് യേശുദാസിൽ കാണുന്നത്. ശബ്ദം ദൈവദത്തമാണെന്നും വരദാനമാണെന്നും പരബ്രഹ്മ നിയോഗമാണെന്ന് പറഞ്ഞതും മാതാപിതാക്കൾ മനസ്സുരുകി പ്രാർത്ഥിച്ചാൽ ഇഷ്ട സന്താനമുണ്ടാകുമെന്നു പറഞ്ഞതും ഭക്തിയുടെ ശൈലി ഈശ്വരകൃപയാണെന്നു പറഞ്ഞതുമൊക്കെ ജീനുകളെക്കുറിച്ചുള്ള യേശുദാസിന്റെ അറിവില്ലായ്മ മൂലമാണ്.

**പാരമ്പര്യവും സാഹചര്യവും**

ഒരു വ്യക്തിയുടെ അസാമാന്യവ്യക്തിത്വം പൂർണത പ്രാപിക്കുന്നത് ഉയർന്ന പാരമ്പര്യഗുണവും അനുകൂലമായ സാഹചര്യവും സംഘടിതമായി സമ്മേളിക്കുമ്പോഴാണ്. ജന്മസിദ്ധമായി ഒരാൾക്കുണ്ടായിരുന്ന കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരാൾക്കു ലഭിച്ചാലേ ആ വാസനയെ പൂർണതയിലെത്തിയ്ക്കാൻ കഴിയൂ.ജന്മവാസനയ്ക്ക് അനുയോജ്യമായി സാഹചര്യ സഹായം ലഭിച്ചില്ലെങ്കിൽ ജന്മസിദ്ധമായ കഴിവു വികസിക്കാതെ മുരടിച്ചുപോകും. അതുപോലെ ജന്മസിദ്ധമായ വാസനയില്ലാത്ത ഒരാളിന് സാഹചര്യം പൂർണത സൃഷ്ടിച്ചാൽ അയാളിൽ വാസന ഉണ്ടായിതുടങ്ങുകയേയുള്ളൂ.

യേശുദാസിന്റെ പിതാവ് അഗസ്റ്റിൻ ജോസഫ് ശബ്ദമാധുര്യമുള്ള നല്ലൊരു നാടകഗായകനായിരുന്നു. യേശുദാസിന് പൈതൃകമായി ലഭിച്ച ഈ പാരമ്പര്യ ഗുണവും യേശുദാസിന്റെ ശ്രമവുമാണു ദാസിനെ നല്ലൊരു പാട്ടുകാരനായി ഉയർത്തിയത്. മറിച്ച് ദൈവത്തിന്റെ വരദാനമല്ല. ഡി. എൻ.എ.യുടെ ഗുണവിശേഷം മാത്രമാണ്. യേശുദാസിന്റെ പിതാവ് സംഗീതവുമായി ഒരു ബന്ധവുമില്ലാത്ത ആളായിരുന്നുവെങ്കിൽ യേശുദാസ് പാട്ടുകാരനാവുകയില്ലായിരുന്നു എന്നതാണുയാഥാർത്ഥ്യം. അതുപോലെ പിതാവിൽ

നിന്നും ലഭിച്ച ഈ പാരമ്പര്യ ഗുണം യേശുദാസ് വികസിപ്പിക്കുന്നതിനു വേണ്ടി സംഗീതം അഭ്യസിക്കാൻ തൃപ്പൂണിത്തുറ മ്യൂസിക് അക്കാദമിയിലും തിരുവനന്തപുരം സ്വാതിതിരുനാൾ അക്കാദമിയിലും മറ്റും പോയില്ലായിരുന്നുവെങ്കിൽ യേശുദാസ് ഇതുപോലെ ഒരു പാട്ടുകാരൻ ആവുകയില്ലായിരുന്നു.

ഇക്കാര്യം യേശുദാസ് തന്നെ അറിയാതെ സമ്മതിക്കുന്നുണ്ട്. ശെമ്മാം കുടി ശ്രീനിവാസയ്യർ, ചെമ്പൈ തുടങ്ങിയ സംഗീതാചാര്യന്മാരുടെ ശിഷ്യനാകാൻ ശ്രമിച്ച കഥകളും സംഗീതം അഭ്യസിക്കുന്നതിനുവേണ്ടി സഹിച്ച ത്യാഗങ്ങളും ശബ്ദം നഷ്ടപ്പെടാതിരിക്കാൻ യേശുദാസ് ഇന്നും സശ്രദ്ധം പരിപാലിച്ചു പോരുന്ന കൃത്യനിഷ്ടയുമൊക്കെ ഇതിനുദാഹരണങ്ങളാണ്. യേശുദാസിനു ലഭിച്ച ശബ്ദ മാധുര്യം വരദാനമാണെങ്കിൽ എന്തിനാണ് ഇങ്ങനെയൊക്കെ കഷ്ടപ്പെട്ടത്? ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. യേശുദാസ് ധരിച്ചുവെച്ചിരിക്കുന്നതു പോലെയല്ല യേശുദാസിന്റെ സംഗീതശേഷിയുടേയും സ്വരമാധുര്യത്തിന്റെയും രഹസ്യം. അതു യേശുദാസ് നടത്തിയ നിരന്തര ശ്രമത്തിന്റെയും പാരമ്പര്യത്തിന്റെയും ഫലം മാത്രമാണ്. അതിനുള്ള മറ്റൊരുതെളിവാണ് ശബ്ദങ്ങൾ പീലി വിടർത്തിയാടുന്ന മനുഷ്യനിർമ്മിതമായ ആധുനിക സംഗീപോകരണങ്ങളായ ഓർഗൺ, സിന്തസൈസർ തുടങ്ങിയവയുടെ പ്രവർത്തനം. ഈ ഉപകരണങ്ങൾക്കു എന്തുവരദാനം ലഭിച്ചിട്ടാണു ശ്രവണസുന്ദരത ഉണ്ടായതെന്നു യേശുദാസ് പറയട്ടെ. വ്യക്തി കഠിനതപം മൂലം ഉത്തുംഗ സ്ഥാനങ്ങളിലെത്തുമ്പോൾ അതു തന്റെ ദൈവത്തിന്റെ ദാനമാണെന്നു പറയുന്നത് ലജ്ജാകരമാണ്.

പരബ്രഹ്മത്തിന്റെ നിയോഗമാണെന്നും, ഏതോ അദൃശ്യശക്തി യേശുദാസിനോട് പാടാൻ പറയുന്നു, ഞാൻ പാടുന്നു എന്നൊക്കെ പറയുമ്പോൾ യേശുദാസിനു ഏതുപാട്ടും പാടുവാൻ കഴിയണ്ടെ. പക്ഷെ യേശുദാസിന് അതു കഴിഞ്ഞിട്ടില്ലെന്നു പ്രമുഖ സംഗീതജ്ഞന്മാർ പറയുകയുണ്ടായി. യേശുദാസ് നാലു കാലത്തിനു മുകളിൽ ഇന്നുവരെ പാടിയിട്ടില്ല. അഞ്ചും ആറും കാലം യേശുദാസിനു ഇന്നും അപ്രാപ്യമാണ്. രാഗാലാപനയിൽ അങ്ങേയറ്റത്തെ പ്രയോഗ വൈദഗ്ദ്യമാണു ശ്രുതി ഭേദം ചെയ്തു രാഗം പാടുക, സ്വരം പാടുക (താളസംബന്ധമായി ഗതി ഭേദം ചെയ്യുക) തുടങ്ങിയവ. ഇതൊക്കെ ഇന്നും യേശുദാസിന് അപ്രാപ്യമായ

സംഗീതലോകത്തെ കൊടുമുടികളാണ്. കുറെ സ്വരങ്ങൾ പാടുക മാത്രമാണു യേശുദാസ് ഇന്നുവരെ ചെയ്തിട്ടുള്ളത്. അതേസമയം ഉത്തരേന്ത്യൻ സംഗീതജ്ഞന്മാരായ പർവിൻ സുൽത്താൻ ബഡേ ഗുലാം അലിഖാൻ തുടങ്ങി മൺമറഞ്ഞ ജി.എൻ.പി ബാലസുബ്രഹ്മണ്യൻ (ദക്ഷിണേന്ത്യൻ സംഗീതജ്ഞൻ) തുടങ്ങിയവർ അപ്രാപ്യമായ ഈ സംഗീത മേഖലകൾ നിഷ്പ്രയാസം കൈകാര്യം ചെയ്യുന്നു.

അപ്പോൾ യേശുദാസ് അവകാശപ്പെടുന്ന പരബ്രഹ്മനിയോഗത്തിനു എന്താണൊരു പ്രസക്തി? തന്റെ താടിയും തൊണ്ടയും ശബ്ദവും ദൈവസൃഷ്ടിയാണെന്നു അവകാശപ്പെടുന്നതിൽ എന്തർത്ഥം? ഈ അവസരത്തിൽ യേശുദാസിന്റെ അന്ധവിശ്വാസപരമായ അഭിപ്രായ പ്രകടനങ്ങൾ സംഗീതത്തെ ആദരിക്കുന്ന ജനകോടികളെ അവഹേളിക്കുകമാത്രമാണു ചെയ്തിരിക്കുന്നത്. ആയതിനാൽ നല്ലൊരു പാട്ടുകാരനായ യേശുദാസ് മതപരമായ അന്ധവിശ്വാസത്തിൽ നിന്നും സംഗീതത്തെ വേർതിരിച്ചു കാണുകയും മതപരമായ അന്ധവിശ്വാസത്തിന്റെ വക്താവാകാതെ യഥാർത്ഥ സംഗീതത്തിന്റെ വക്താവായി മാറണമെന്നും അഭ്യർഥിക്കുന്നു.

# 8

# ഒരു വെടിക്കെട്ട് ദുരന്തം

പുറ്റിങ്ങൽ ദുരന്തം ഉണ്ടാകുമ്പോൾ ഞാൻ ബാഗ്ലൂരിലായിരുന്നു. രാവിലെ ഉറക്കമെഴുന്നേറ്റു വരുമ്പോൾ കൂടെയുണ്ടായിരുന്ന ആർ.കെ. കാനം പറഞ്ഞു, രാവിലെ വല്ലാത്തൊരു ദുരന്തവാർത്ത യാണ് കൊല്ലത്തുനിന്നും കേൾക്കുന്നത്. ഞാൻ ചോദിച്ചു. എന്താ ണ്? കാനം ദുരന്ത വാർത്ത പറഞ്ഞു. തൽക്ഷണം ഞങ്ങൾ ടെലി വിഷന്റെ മുന്നിലേക്ക് നീങ്ങിയിരുന്നു. ദുരന്ത ഭൂമിയിൽ നിന്നുള്ള ദൃശ്യങ്ങളും റിപ്പോർട്ടുകളും മാറിമാറി വെച്ചുനോക്കി. മാധ്യമ പ്രവർത്തകരുടെ വിവരണം നമ്മെ ഞെട്ടിപ്പിക്കുന്നതായിരുന്നു. ഒരു നിമിഷംകൊണ്ട് എല്ലാം തകർന്നു തരിപ്പണമായിക്കിടക്കുന്ന ക്ഷേത്ര പറമ്പ്. കുരുക്ഷേത്രയുദ്ധം കഴിഞ്ഞ ഭൂമി പോലെ അംഗഭംഗം വരികയും ജീവൻ നഷ്ടപ്പെട്ടതുമായ മൃതദേഹങ്ങൾ. ഞങ്ങൾ ചാനലുകൾ മാറിമാറി വെച്ചു നോക്കികൊണ്ടിരുന്നു. ഉച്ചയ്ക്ക് ഒരു മണിവരെ ഞങ്ങൾ ഒറ്റയിരിപ്പിരുന്നു. കൊല്ലത്ത് എന്റെ വീട്ടിൽ നിന്നും ഏകദേശം 20 കി.മി ദൂരം മാത്രമാണ് ദുരന്ത ഭൂമിയിലേക്കു ള്ളത്. എന്റെ ബന്ധുക്കളിൽ എട്ടുപത്തു കുടുംബക്കാർ ക്ഷേത്ര ത്തിനു ചുറ്റിലുമായി താമസമുണ്ട്. അതുപോലെ ക്ഷേത്രത്തിനടു ത്തുള്ള ഒരു സ്കൂളിൽ ഹെഡ് മാസ്റ്ററായി മുന്നാലു വർഷം ജോലി ചെയ്തിരുന്നു. അതുമൂലം അനവധി അദ്ധ്യാപകരും അവരുടെ കുടുംബങ്ങളും കുട്ടികളും അവരുടെ രക്ഷകർത്താക്കളും പി.റ്റി.എ.

വികസന കമ്മിറ്റികളിൽപ്പെട്ടവർ കലാസാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കുന്നവർ സാധാരണക്കാർ അങ്ങനെ ധാരാളം പേർ എനിക്ക് പരിചയക്കാരായി ഉള്ള സ്ഥലമാണ് പുറ്റിങ്ങൽ. അതുകൊണ്ട് ഞാൻ വല്ലാതെ അസ്വസ്ഥനായി. ഇവരിൽ എത്രപേരെ ഇനി നാട്ടിൽ ചെല്ലുമ്പോൾ കാണാൻ കഴിയും. ഇതിൽ എത്രപേർ മരിച്ചിട്ടുണ്ടാവും എനിക്കുടൻ പുറപ്പെടാൻ ധൃതിയായി. എന്തായാലും വിദ്യാരണ്യ പുരയിൽ സംഘടിപ്പിച്ചിരിക്കുന്ന യോഗത്തിൽ ഞങ്ങൾ സംസാരിച്ചശേഷം വൈകിട്ട് തന്നെ അവിടെ നിന്നും കേരളത്തിലേക്ക് പുറപ്പെട്ടു.

പിറ്റേന്നു വന്നപാടെ കയ്യിലിരുന്ന സാധനങ്ങൾ വീട്ടിലേക്കെറിഞ്ഞിട്ടു ഉടൻതന്നെ ഞാൻ ദുരന്ത ഭൂമിയിലേക്കു പുറപ്പെട്ടു. ശ്മശാന ഭീകരത നിറഞ്ഞു നിൽക്കുന്ന പറമ്പ്. അന്തരീക്ഷമാകെ വെടിമരുന്നിന്റെയും ചോരയുടേയും പച്ച മാംസത്തിന്റെയും ശ്വാസം മുട്ടിക്കുന്ന ഗന്ധം. മാധ്യമ പ്രവർത്തകരും, രാഷ്ട്രീയക്കാരും സിനിമ കലാകാരന്മാരും മരിച്ചവരുടെ ബന്ധുക്കളും ഘോഷ യാത്രപോലെ അവിടെ വന്നുകൊണ്ടിരുന്നു. വെടിപ്പുരയും ദേവസ്വം ഓഫീസും തകർന്നു തറയിൽ കിടക്കുന്നു. ദേവിയുടെ ആടയാഭരണങ്ങൾ വെക്കുന്ന കൊട്ടാരത്തിന്റെ മേൽക്കൂരയും മറ്റും തകർന്നിട്ടുണ്ട്. അതിനകത്ത് ഇനി ആരെങ്കിലും അവശേഷിക്കുന്നുണ്ടോ എന്നറിയാൻ ജെ.സി.ബി. കഠിനാദ്ധ്വാനം നടത്തിക്കൊണ്ടിരിക്കുന്നു. മാടനും മറുതയും ഇരിക്കുന്ന കൊച്ചമ്പലത്തിന്റെ മതിലുകളിൽ പച്ചചോരയുടെ ഗന്ധമുള്ള ചോരപ്പാടുകൾ. തറയിൽ അങ്ങുമിങ്ങും ചോരപറ്റിയ വസ്ത്രങ്ങളുടെ അവശേഷിപ്പുകൾ. രക്തം കട്ടപിടിച്ചുണങ്ങിയ ചെരിപ്പുകൾ. ചുറ്റമ്പലത്തിലെ മതിലിൽ ഉറപ്പിച്ചിരുന്ന ഭദ്രകാളിയുടെയും ദാരികന്റെയും ഗണപതി തുടങ്ങിയ ദേവതകളുടെയും അംഗങ്ങൾ തറയിൽ കിടക്കുന്നു.

ക്ഷേത്രപറമ്പിലെ കച്ചവടക്കാരുടെ കടകൾ തകർന്നു കിടക്കുന്നു. അവരുടെ സ്റ്റൗവും വിളക്കും മറ്റും ഉരുകി വെറും ലോഹമായി മാറിക്കിടക്കുന്നു. തകർന്ന കെട്ടിടത്തിന്റെ അവശിഷ്ടം ഒരു കി.മി ചുറ്റളവിൽ നാലുഭാഗത്തെ റോഡിലും പറമ്പുകളിലും മേൽകൂരകളിലും വീണുകിടപ്പുണ്ട്. അലക്ക് കല്ലിന്റെ നീളത്തിലും വീതിയിലും ഉള്ള ഒരു കല്ല് 200 മീ അകലത്തിൽ പറന്നു പോവുകയും ഒരു വീടിന്റെ ടെറസ്സ് ഇടിച്ചു തകർത്തിട്ടു ടെറസ്സിനു മുകളിൽ കമ്പം

കണ്ടു നിന്നവരെയും തെറിപ്പിച്ചു വീടിന്റെ പിന്നിലെ ടെറസും ഇടിച്ചു തകർത്തു അടുത്ത കെട്ടിടത്തിന്റെ ടെറസ്സിലേക്കുള്ള കോവണിയിലേക്കു ഇടിച്ചുകയറിയിരിക്കുന്ന ചിത്രം നമുക്ക് കാണാവുന്നതാണ്.

അമിട്ടു മുകളിലോട്ടു പൊട്ടികുടയായി വിരിഞ്ഞു വീഴുന്നതു പോലെയായിരുന്നു വാർത്ത സിമന്റു കൊണ്ടുള്ള കമ്പപ്പുര പൊട്ടി ആകാശത്തിലേക്കു പോയി വിരിഞ്ഞു തിരിച്ചുകുടയായി നാലുഭാഗത്തേക്കും വീണത്. ഈ സിമന്റ് പാളികൾ വീണാണ് ഭൂരിഭാഗം പേരും മരണത്തിനിരയായത്. കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളിലൊന്നാണ് പരവൂർ പുറ്റിങ്ങൽ ക്ഷേത്രം. ആണ്ടുതോറും ഇവിടുത്തെ ഉത്സവം നാട്ടുകാർക്ക് ദേശീയോത്സവമാണ്. എല്ലാ കുടുംബങ്ങളിലും അന്നു എല്ലാവരും ഒത്തുകൂടുന്നു. ഈ ക്ഷേത്രത്തിലെ പ്രധാന വഴിപാടാണ് വെടിക്കെട്ട്. വെടിക്കെട്ട് പിന്നീട് മത്സരകമ്പമായി മാറി. പൊതുജനങ്ങൾ ആഘോഷത്തിൽ പങ്കെടുത്തു ആനന്ദചിത്തരായി പോകുമ്പോൾ അമ്പലത്തിന് ചുറ്റിലും താമസിക്കുന്ന കുറേ വീട്ടുകാർ സങ്കടത്തിലാവുക പതിവാണ്. കാരണം അവരുടെ വീടുകൾ മിക്കവാറും കമ്പത്തിന്റെ ആഘാതത്തിൽ തകരുക പതിവാണ്. അതുകൊണ്ട് ഇക്കൂട്ടർ ആണ്ടു തോറും കമ്പം നടത്താതിരിക്കുവാൻ പരാതി കൊടുക്കാറുണ്ട്. ദുരന്തവർഷം അധികാരിക്ക് പരാതിയുമായിപോയത് റിട്ട.അദ്ധ്യാപികയായ പരവൂർ കുറുമണ്ടൽ പങ്കജഭവനത്തിൽ പങ്കജാക്ഷി ആയിരുന്നു. പങ്കജാക്ഷി ജില്ലാ കളക്ടർക്ക് പരാതി സമർപ്പിച്ചു. അതിനു ദേവസ്വക്കാരുടേയും മറ്റും പൂരപ്പാട്ടിനു ടീച്ചർ നിത്യവും വിധേയമാവുകയും ചെയ്തു. തുടർന്നു ജില്ലാ കളക്ടർ ഷൈനാമോൾ നടത്തിയ അന്വേഷണത്തിന്റെ ഫലമായി കമ്പം തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ രാഷ്ട്രീയ പ്രേരിതമായി പോലീസിന്റെ ഒത്താശയോടെ കമ്പം നടത്തുകയും ചെയ്തു. അന്നു രാത്രി 11 ആയതോടെ ക്ഷേത്രപ്പറമ്പ് ആയിരങ്ങൾ കൊണ്ടു നിറഞ്ഞു. കമ്പം ആരംഭിക്കുന്നതിൽ ജനം അക്ഷമരാവുകയും ബഹളം ഉണ്ടാക്കുകയും ചെയ്തു. തൽക്ഷണം 11.45ന് ആദ്യത്തെ അമിട്ടുപൊട്ടി. അസാധാരണമായ ശബ്ദമായിരുന്നു. ആവെടിയിൽ ഒരു പയ്യന്റെ ഹൃദയം പൊട്ടുകയായിരുന്നു. അവൻ നിലവിളിക്കുമ്പോൾ വായിൽ നിന്നും രക്തം വന്നുകൊണ്ടിരുന്നു. ഉടൻ

ഫയർഫോഴ്സുകാർ പാഞ്ഞു വരുകയും പയ്യനെ ആംബുലൻസിൽ കയറ്റി നെടുങ്ങോലം രാമറാവു മെമ്മോറിയൽ ആശുപത്രിയിലേക്ക് കൊണ്ടു പോവുകയും ചെയ്തു. കമ്പത്തിന്റെ ഇടവേള നീളുന്നതു കൊണ്ടും കണ്ണാനന്ദകരമല്ലാത്തതിനാലും ജനം ആർത്തിരമ്പി അവർ കമ്പകെട്ടാശാൻമാരെയും ക്ഷേത്രഭാരവാഹികളെയും പച്ചത്തെറി വിളിക്കാൻ തുടങ്ങി.

എങ്ങനെയെങ്കിലും രാത്രി 3 മണിയിലേക്കു നിങ്ങി. അപ്പോൾ ഉച്ചഭാഷിണിയിൽ നിന്നും മുഴങ്ങി ആശാന് ഇഷ്ടമുള്ളതുപോലെ ചെയ്യാം. അതുകേട്ടയുടൻ ആശാൻ തിരികൊളുത്തി. തൽക്ഷണം ലോകമാകെ തകർന്നുവീണപോലെ ഒരു ശബ്ദമായിരുന്നു. ആകാശം ഒരു തീഗോളമായിനിന്നു കത്തുന്നു. എങ്ങും ഒരനക്കവുമില്ല. ഞരക്കങ്ങൾ മാത്രം. വൈദ്യുതി പൂർണമായും നിലച്ചിരുന്നു. പിന്നീട് എങ്ങും നിലവിളിയായി. പെട്ടെന്ന് നാലുഭാഗത്തു നിന്നും ഓട്ടോ റിക്ഷകളും പ്രൈവറ്റ് ബസുകളും ഓടിയെത്തി. എവിടെ നിന്നൊക്കെയോ നാട്ടുകാർ ഓടിയെത്തി കുരുക്ഷേത്ര യുദ്ധം കഴിഞ്ഞു മരിച്ചു കിടക്കുന്ന ശവങ്ങളെയും പെറുക്കി എല്ലാവരും ആശുപത്രിയിലേക്ക് പായുന്നു. 110 പേരുടെ ജീവൻ അപകരിക്കപ്പെടുകയും 300 ഓളം പേർക്ക് പരിക്കേൽക്കുകയും 300 ഓളം കോടിയുടെ നാഷനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തു. പുറ്റിങ്ങൽക്കാരുടെ രക്ഷകയെന്നു വിശ്വസിച്ചിരുന്ന ഭഗവതി ഈ പ്രാവശ്യം ചതിച്ചു. ദുരന്തം തടയാനോ മരിച്ചവരെ രക്ഷിക്കാനോ ഭഗവതിക്ക് കഴിഞ്ഞില്ല. ദുരന്തത്തിനിരയായവർ ഭഗവതിയെ ശപിച്ചു. ഭഗവതിയെ അവർ ഉപേക്ഷിച്ചു. അപ്പോൾ ചിലർ വന്നു ദേവിക്കുവേണ്ടി വാദിക്കുവാൻ തുടങ്ങി. എന്തൊക്കെയായിരുന്നു ആ വാദങ്ങൾ എന്നുനോക്കാം.

അവർ പറയുന്നു ഭഗവതി പലരേയും രക്ഷിക്കുകയും ഉത്സവക്കൊടിയേറ്റു മുതൽ ദുസ്സൂചനകൾ കാട്ടുകയും ചെയ്തുവെന്നാണ്. എന്തൊക്കെയാണ് ദേവികാട്ടിയ അത്ഭുതങ്ങൾ. ആനപ്പുറത്തിരുന്ന ദേവിയുടെ തിടമ്പ് തറയിലേക്ക് വീണു. ശ്രീകോവിലിൽ നിന്നും കത്തിച്ച കമ്പത്തിനുള്ള വിളക്ക് രണ്ടു പ്രാവശ്യം അണഞ്ഞു. കലാപരിപാടികൾക്കായി പറമ്പിൽ കെട്ടിയിരുന്ന സ്റ്റേജിന്റെ മുകൾഭാഗം പരിപാടി നടന്നുകൊണ്ടിരിക്കെ തകർന്നു വീണു., അശ്വതി

നാളിലെ ദീപക്കാഴ്ചയ്ക്ക് ഒരിക്കലും മഴപെയ്തിട്ടില്ല. എന്നാൽ ഈ അശ്വതി നാളിൽ മഴ പെയ്യുകയും ദീപങ്ങൾ അണഞ്ഞുപോവുകയും ചെയ്തിരുന്നു. സന്ധ്യയ്ക്ക് ദീപാരാധനയ്ക്ക് ശ്രീകോവിൽ അങ്കണത്തിലേക്ക് കയറേണ്ട ആന കയറാതെ മടിച്ചു നിന്നു. ആദ്യത്തെ അമിട്ട് പൊട്ടിയപ്പോൾ ഒരു പയ്യന് ഹൃദയാഘാതമേറ്റു. മാത്രമല്ല ഭൂരിഭാഗം വെടിമരുന്നും പൊട്ടിത്തീരുന്നതു വരെയും ഭൂരിഭാഗം പേർ വീട്ടിൽ പോകുന്നതു വരെയും ദേവി അപകടത്തെ പിടിച്ചു നിർത്തി. അല്ലെങ്കിൽ മരണസംഖ്യമൂന്നോനാലോ ഇരട്ടി ആകുമായിരുന്നു.

അടുത്ത ഒരു വീട്ടുകാരെ രക്ഷിച്ചുകഥ ഇങ്ങനെ പറയുന്നു. തൊട്ടടുത്ത വീട്ടിൽ ഒരേറ്റുമുട്ടലുണ്ടായി. രാവിലെ 10 മണിക്ക് വീട്ടിനകത്ത് ഒരു കല്ലുവന്നു വീണു. നോക്കിയപ്പോൾ മുകളിലെ ഓട് പൊട്ടിയിട്ടുണ്ട്. മുറ്റത്തിറങ്ങി നോക്കി ആരുമില്ല. ആ വീട്ടിലെ കുട്ടികൾ വെളിയിലിറങ്ങി ബഹളം വെച്ചു. ഉടൻ അടുത്ത പറമ്പിലെ കുട്ടികൾ പ്രതികരിച്ചു. കുട്ടികൾ തമ്മിൽ വാക്കേറ്റമായി കയ്യേറ്റമായി. തുടർന്നു വീട്ടുകാർ പോലീസിൽ പരാതികൊടുത്തു. പോലീസ് വന്നു പരിസരത്തെ പിള്ളാരെ പിടിച്ചോണ്ട് പോയി. വൈകിട്ടായപ്പോൾ വീട്ടുകാർക്കും പിള്ളാർക്കും ഭയംതോന്നി. അവർ വീടുവിട്ടിറങ്ങിയില്ല. വൈകിട്ട് അടിനടക്കുമെന്ന് അവർ ഭയന്നു. രാത്രി എല്ലാവരും വീട്ടിലുണ്ടായിരുന്നു. പിറ്റേന്ന് എല്ലാവരും ജീവിച്ചിരിക്കുന്നു. അടുത്ത പറമ്പ് ശവപ്പറമ്പ് ആയപ്പോൾ ഭഗവതിയാണ് കല്ലെറിഞ്ഞു ആ കുടുംബത്തെ രക്ഷിച്ചതെന്നു അവർ വിശ്വസിക്കുന്നു. അപകടം ഉണ്ടാകുന്നതിന് അരമണിക്കൂർ മുമ്പ് ക്ഷേത്രപരിസരത്തിലെ പലവീഥികളിൽ ഭഗവതിയെ കണ്ടതായി പലരും പറയുന്നു. പ്രായം ചെന്ന നരച്ചതലമുടിയുള്ള വെള്ളിക്കമ്പി കെട്ടിയ വടിയുംപിടിച്ചു വെളുത്ത വസ്ത്രധാരിയായ വൃദ്ധയുടെ വേഷത്തിൽ അമ്മ അപകടസൂചന അറിയിക്കാനിറങ്ങിയതായിരുന്നു. ചുരുക്കത്തിൽ ഭഗവതിയോട് നമുക്ക് ചോദിക്കുവാൻ തോന്നുന്നത് ദുശ്ശകുനങ്ങൾ കാണിക്കാൻ നില്ക്കാതെ എങ്ങനെയെങ്കിലും വിവരം വെളിപ്പെടുത്തി ഒരു മഴയെങ്കിലും പെയ്യിച്ചു സ്ഫോടനം തടയാഞ്ഞത് എന്തു കൊണ്ടാണെന്നാണ്? എന്തിന് ഈ മഹാദുരന്തത്തിന് കൂട്ടുനിന്നുവെന്നാണ്.

അതുപോലെ ഭഗവതിയുടെ ശ്രീകോവിലിന് ഒന്നും സംഭവിച്ചില്ലെന്നാണ് പറയുന്നത്. പക്ഷെ കോവിലിനോട് ചേർന്നു നിൽക്കുന്ന ബാലശാസ്താവിന്റെയും ആനമറുതയുടെയും ഉപകോവിലുകൾ തകർന്നതെന്തുകൊണ്ടാണ്. ദേവസ്വം കെട്ടിടം തകർന്നതെന്തുകൊണ്ടാണ്. കമ്പപ്പുര തകർന്നതെന്തുകൊണ്ടാണ്. ക്ഷേത്രജീവനക്കാർ താമസിക്കുന്ന വീട് തകർന്നതെന്തുകൊണ്ടാണ് നാരായണഗുരു പ്രതിഷ്ഠയും മണ്ഡപവും തകർന്നതെന്തുകൊണ്ടാണ്. ഇതൊന്നും ഭഗവതിയുടെ ഭാഗങ്ങളല്ലേ? യഥാർത്ഥത്തിൽ ശ്രീകോവിൽ തകരാതിരുന്നത് നല്ല കനത്ത ലോകത്തകിട്കൊണ്ട് മേൽക്കുര മേഞ്ഞിരുന്നതുകൊണ്ടല്ലേ? മരിച്ചവർ അംഗഭംഗം വന്നവർ സ്ഥാവരജംഗമ സ്വത്തുക്കൾ നഷ്ടപ്പെട്ടവർ ഭഗവതിയോട് ചോദിക്കുന്നു. നിങ്ങൾ രാത്രിമൂന്നു മണിക്ക് ഉറങ്ങിപ്പോയോ? എല്ലാവരുടേയും രക്ഷകയായ നിങ്ങൾ എന്തിന് ഞങ്ങളുടെ ശിക്ഷകയായി. ഞങ്ങളെ രക്ഷിക്കാൻ കഴിയാത്ത നിങ്ങളെ ആയിരുന്നല്ലോ ഇത്രയും നാൾ ഞങ്ങൾ രക്ഷകയെന്നു വിശ്വസിച്ചിരുന്നത്? ഞങ്ങളിൽ ചിലരെ രക്ഷിക്കുകയും ബാക്കിപ്പേരെ ചുട്ടുകൊല്ലുകയും ചെയ്ത നിങ്ങൾക്ക് കാരുണ്യമില്ലാതായിപ്പോയല്ലോ.

നിങ്ങൾ ഇനിയുള്ളകാലം ഇവിടെ തുടരരുത്. നിങ്ങൾ ഏതെങ്കിലും നാട്ടിലേക്ക് ഇവിടെ നിന്നും പൊയ്ക്കോള്ളണം. വിശ്വാസികളുടെ ചിന്ത അങ്ങനെ കാടുകയറി. രണ്ടുസമുദായങ്ങളുടെ ശത്രുത ഈ ക്ഷേത്രത്തിന്റെ പിന്നാമ്പുറത്തുണ്ട്. കോടതിവരെ ആ വഴക്ക് എത്തിച്ചേർന്നിട്ടുണ്ട്. ക്ഷേത്രത്തിന് 29 ഏക്കറോളം സ്ഥലം ഉണ്ടായിരുന്നതായി എതിർ സമുദായക്കാർ പറയുന്നു. അവർ കുടിയേറി എല്ലാം പിടിച്ചടക്കി സ്വന്തമാക്കിയെന്നുമാണ് അവരുടെ ആരോപണം. അതുകൊണ്ട് തന്നെ ഇരുകൂട്ടർക്കും വാശിയാണ്. വെടിക്കെട്ടിൽ തകരുന്ന വീട്ടുകാർ പരാതി പറയുമ്പോൾ ദേവസ്വക്കാരുടെ മനസ്സിലിരുപ്പ് ഭഗവതിയുടെ സ്ഥലംകയ്യേറിയതല്ലേ വെടിക്കെട്ട് ശല്യം ചെയ്യുന്നെങ്കിൽ അവിടെ നിന്നങ്ങുമാറിപ്പോകണം എന്നാണ്. ഈ മനസ്സിലിരുപ്പ് തകരുന്ന വീട്ടുകാർ സമ്മതിച്ചു കൊടുക്കകയുമില്ല. ഈ മത്സരബുദ്ധി ഈ ദുരന്തത്തിന്റെ പിന്നിലെ ഒരു അച്ചുതണ്ടായിരുന്നു. വളരെ ഉയരത്തിലെത്തി പൊട്ടേണ്ട അമിട്ടാണ് സുര്യകാന്തി. എന്നാൽ നിശ്ചയിച്ച ഉയരത്തിൽ എത്തുന്നതിന് മുമ്പ് പൊട്ടിയതാണ് ദുരന്തകാരണമെന്നു പറയുന്നു. അതല്ല ഒരു കമ്പ

കാരൻ സ്ഥാപിച്ച കുറ്റിമറിഞ്ഞ് അമിട്ട് കമ്പപ്പുരയിലേക്ക് തെറിച്ചു എന്നാണ് മറ്റൊരഭിപ്രായം. ക്ഷേത്രത്തിനു പടിഞ്ഞാറുവശം കടലും കായലുമായതിനാൽ അട്ടിമറി സാധ്യതയുണ്ടോ എന്നു അന്വേഷിക്കേണ്ടതുണ്ടെന്നു കോടതി നിരീക്ഷിക്കുകയുണ്ടായി. അതുപോലെ 15 ഓളം ദേവസ്വം അംഗങ്ങൾക്ക് ഒരുപോറൽപോലും ഉണ്ടാകാഞ്ഞതെങ്ങനെ എന്ന ചോദ്യവും കോടതി ചോദിച്ചു. മനുഷ്യന്റെ സ്വൈര്യജീവിതത്തിന് തടസ്സമായി നിൽക്കുന്ന ശബ്ദമലിനീകരണങ്ങൾ തടയുന്നതിനുള്ള നിയമമാണ് 1998 ൽ അനിൽകുമാർ മിത്തൽ സുപ്രീംകോടതിയിൽ സമർപ്പിച്ച പരാതി കോടതി പരിഗണിച്ചിട്ടുണ്ട് അതുപോലെ 125 ഡെസിമൽ ശബ്ദത്തിനു മുകളിൽ പോകാൻ പാടില്ലെന്നു നിയമമുണ്ട്.

ഈ നിയമങ്ങൾ കർശനമായി പാലിച്ചാൽ വെടിക്കെട്ട് അപകടങ്ങൾ ഒഴിവാക്കാവുന്നതാണ്. എന്നാൽ അധികാരികളെ പലപ്പോഴും രാഷ്ട്രീയക്കാരും മറ്റും വേട്ടയാടുക പതിവാണ്. പുറ്റിങ്ങൽ ദുരന്തത്തിലും അതുണ്ടായി. ഒരു മുൻ എം.പി.യും ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥനുമാണ് അവിഹിത മാർഗ്ഗത്തിലൂടെ പോലീസിനെകൊണ്ടു ജില്ലാ കളക്ടർ നിരോധിച്ച വെടിക്കെട്ട് പോലീസിനെകൊണ്ട് നടപ്പിലാക്കിയത്. നിരോധിച്ച മത്സരക്കമ്പത്തെ നേർച്ച വെടിക്കെട്ടാക്കിയാണ് കമ്പം നടത്തിയത്. അതാണ് ദുരന്തത്തിന് വഴിയൊരുക്കിയത്.

ഈ ശവപ്പറമ്പിൽ നിന്നുകൊണ്ടാണ് സർവ്വകക്ഷിയോഗം വിളിച്ച് കൂട്ടി തൃശൂരിൽ പൂരക്കമ്പം നടത്തിയത്. വെടിക്കെട്ട് ദുരന്തം ഒരു പുതിയ സംഭവമല്ല. നേരത്തെ പോരുവഴി മലനടയിലും തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിലും അങ്ങനെ ചെറുതും വലുതുമായ എത്രയോ ദുരന്തം ഉണ്ടായിരിക്കുന്നു. ഇക്കാര്യത്തിൽ എന്നിട്ടും ഗൗരവമായ ഒരു ചെറുത്തുനിൽപ് ഉണ്ടാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

# 9

## ക്രൈസ്തവ പുരോഹിതരുടെ തട്ടിപ്പുകൾ

അടുത്തകാലത്ത് കൊല്ലം പുല്ലിച്ചിറ അമലോൽഭവ മാതാ പള്ളിയിൽ ഒരത്ഭുതം നടന്നു. പള്ളിയിൽ സ്ഥാപിച്ചിരുന്ന ക്രൂശിത യേശു ക്രിസ്തുവിന്റെ ഉദരത്തിൽ മുൾകിരീടമണിഞ്ഞ യേശുവിന്റെ തിരുമുഖം തെളിഞ്ഞുവന്നതും ശരീരത്തിലെ മുറിവിൽ നിന്നും രക്തം പ്രവഹിച്ചതും.

ഫ്രെബുവരി 14 നാണ് സംഭവം. തുടർന്ന് പള്ളിപ്പെരുനാൾ, കാലത്തെ ഭക്തജനപ്രവാഹം പോലെ കന്യാസ്ത്രീകളുടെയും മറ്റു ഭക്തജനങ്ങളുടെയും ഒഴുക്ക് പള്ളിയിലേക്കുണ്ടായി. ഈ സംഭവം അറിഞ്ഞ ഉടൻ ഈ ലേഖകൻ സ്ഥലം സന്ദർശിക്കുകയുണ്ടായി. പള്ളിക്കകത്തു കയറി അത്ഭുതരൂപത്തെ പരിശോധിച്ചു. ഏകദേശം ഇരുപതടി ഉയരത്തിലുള്ള ഭിത്തിയിലാണ് മൂന്നടിയോളം നീളമുള്ള യേശുവിന്റെ രൂപം സ്ഥാപിച്ചിട്ടുള്ളത്. ഹെർക്കുലിസിന്റെ ശരീരഘടനയുള്ളതാണ് യേശുവിന്റെ രൂപം. തറയിലും ബാൽക്കണിയിലും നിന്നു നോക്കുമ്പോൾ യേശുവിന്റെ ഉദരത്തിൽ രൂപം കാണാം. ഇതൊരു തോന്നൽ മാത്രമാണെന്ന് പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞു. യഥാർത്ഥത്തിൽ തോന്നുന്ന രൂപം യേശുവിന്റേതല്ല. ഒരു വൃദ്ധന്റേതുപോലെയാണ്. ആ രൂപം യേശുവിന്റേതായി ഭക്തനു തോന്നുന്നത് ഭക്തന്റെ മനസ്സിൽ യേശുവിന്റെ രൂപം ഉള്ളതുകൊണ്ട് മാത്രമാണ്. ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ

വരുന്നതെല്ലാം അവനെന്ന് തോന്നുമെന്നു പറയുന്ന ചൊല്ലു പോലെ.

ഇവിടെ ഇങ്ങനെയൊരു തോന്നലിനു കാരണം ഈ ലേഖകൻ ബൈനോക്കുലർ വെച്ച് രൂപത്തെ നോക്കിയപ്പോൾ മനസ്സിലായി. ശിരസ്സ് വലത്തോട്ട് ചരിഞ്ഞ് ഇടത്തേ തോൾ മുകളിലോട്ട് ഉയർന്നു നിൽക്കുന്ന രൂപത്തെ ഉദരഭാഗം മുകളിലോട്ട് വലിഞ്ഞിരിക്കയാണ് മുതുകിൽ നിന്നും മുന്നിലേക്കു വരുന്ന രണ്ട് വാരിയെല്ലുകൾക്കു സമാന്തരമായി ഉദരത്തിന്റെ മുകൾഭാഗത്ത് രണ്ടു വശങ്ങളിലായി വാരിയെല്ലുകൾ പോലെ രണ്ടു മാംസപേശികൾ ഉയർന്നു നിൽപ്പുണ്ട്. ഇതു ദൂരെക്കാഴ്ചയിൽ രണ്ടു ഇരുണ്ട പുള്ളികളായും വിശ്വാസിക്കു അത് കണ്ണുകളായും അനുഭവപ്പെട്ടു. അതുപോലെ പൊക്കിളിനു താഴ് ഭാഗത്ത് മുകൾ ഭാഗത്തെ അപേക്ഷിച്ച് പരപ്പ് കൂടുതലാണ്. ഈ ഭാഗം ദൂരെക്കാഴ്ചയിൽ കണ്ണുകൾക്കൊപ്പം വച്ച് നോക്കുമ്പോൾ ഒരു വൃദ്ധന്റെ താടിഭാഗമായി തോന്നും. വാരിയെല്ലിന്റെ 'റ' പോലുള്ള അകഭാഗം ദൂരക്കാഴ്ചയിൽ ശിരസ്സിന്റെ മുഖഭാഗമായും മുൾക്കിരീടമായും തോന്നും. ഇങ്ങനെ തോന്നുന്നത്. അത്രയും ഉയരത്തിൽ ഒരു പ്രത്യേക ആംഗിളിൽ പ്രത്യേക പ്രകാശ സംവിധാനത്തിൽ ഈ രൂപം ഉറപ്പിച്ചിരിക്കുന്നതു കൊണ്ടാണ്. മാത്രമല്ല ആ തോന്നൽ ഇപ്പോൾ അനുഭവപ്പെടാൻ കാരണം ഈ വർഷത്തെ പെയിന്റിംഗിന്റെ ഫലമാണ്. അങ്ങനെ പെയിന്റു ചെയ്തതിനു പിന്നിൽ ആസൂത്രണമുണ്ട്. അത് വെളിപ്പെടുത്തുന്നതാണ് 1997 മുതലുള്ള വീഡിയോ ടേപ്പുകളിൽ ഈ രൂപം നേർത്ത നിഴലുകൾ പോലെ മാത്രമേ കണ്ടിരുന്നുള്ളൂവെന്നത്.

എന്തായിരുന്നിരിക്കാം ആ ആസൂത്രണം? പത്തിരുപത് വർഷം മുമ്പ് കൊല്ലം പോലീസ് കമ്മീഷണർ ഓഫീസിന് സമീപമുള്ള ഒരു കുരിശ്ശടിയിൽ വലിയ തിരക്കായിരുന്നു. തിരക്കിനു കാരണം കൊല്ലം കടൽപ്പുറമായ ഇരവിപുരം, കൊച്ചുപിലാംമൂട്, വാടി, മൂദാക്കര, തങ്കശ്ശേരി ഭാഗത്തുള്ള ക്രൈസ്തവ സ്ത്രീകൾ പ്രാർത്ഥനയ്ക്കെത്തുന്നതായിരുന്നു. ഇക്കാലത്താണ് കൊല്ലം താലൂക്കു കച്ചേരി ജംഗ്ഷനിലുള്ള ദീപാ ഹോട്ടൽ ഉടമ തമിഴ്നാട് വേളാങ്കണ്ണി പള്ളിയിൽ നിന്നും ഒരു വേളാങ്കണ്ണി മാതാവിന്റെ ഫോട്ടോ കൊണ്ടു വന്ന് ജംഗ്ഷനിലുള്ള പുറമ്പോക്കു സ്ഥലത്ത് വയ്

ക്കുകയും മെഴുകുതിരി കത്തിക്കുകയും ചെയ്തത്. അതു വളരെ പെട്ടെന്ന് ആകാശം മുട്ടുന്ന ഒരു പള്ളിയായി മാറുകയും ചെയ്തു. അതിനു കാരണം കുരിശ്ശടി പള്ളിയിലെ ഭക്തജനം മുഴുവനും വേളാങ്കണ്ണി പള്ളിയിലേക്ക് ഒഴികിയതുകൊണ്ടായിരുന്നു. കുരിശ്ശടിയും വേളാങ്കണ്ണിപ്പള്ളിയിലും വന്ന പണം മുഴുവനും കടപ്പുറത്തായതുകൊണ്ട് പുരാതന പള്ളിയായ മൂതാക്കര പള്ളിയിലെ അച്ചനു തല വേദനയായി. അച്ചനുറക്കമില്ലാതെയായി. അച്ചൻ അതിനൊരു തന്ത്രം ആലോചിച്ചു. അതിന്റെ ഫലമായി ആറേഴു വർഷം മുമ്പ്! പുല്ലിച്ചിറ പള്ളിയിൽ നടന്നതുപോലൊരു അത്ഭുതം മൂതാക്കരപ്പള്ളിയിലും നടന്നു.

ഒരു ദിവസം അച്ചൻ അരമനയിൽ ഉറങ്ങുമ്പോൾ കട്ടിലിനരികെ ആരോ വന്നു അച്ചന്റെ കാലിൽ ചുരണ്ടി. അച്ചൻ ഞെട്ടി ഉണർന്നപ്പോൾ ഓമനയായൊരു കുഞ്ഞ്. അച്ചൻ പിടിക്കാൻ ചാടി എഴുന്നേറ്റു. അപ്പോൾ കുഞ്ഞ് അരമനയിൽ നിന്നും ഇറങ്ങിയോടി. അച്ചൻ കുഞ്ഞിന് പിന്നാലെ ഓടി അവസാനം കുഞ്ഞ് ഓടി ചെന്നത് മൂതാക്കര പള്ളിയിലേക്കായിരുന്നു. അച്ചൻ പള്ളിയിൽ ചെല്ലുമ്പോൾ കുഞ്ഞിന്റെ പൊട്ടിച്ചിരി മാത്രം കേൾക്കാം. കേൾക്കുന്ന ഭാഗത്ത് ചെല്ലുമ്പോൾ കുഞ്ഞില്ല. പൊട്ടിച്ചിരി കേൾക്കുന്ന ഓരോ തൂണുകളുടെ മറവിലും നോക്കി. പക്ഷേ കുഞ്ഞില്ല പൊട്ടിച്ചിരി മാത്രം. പെട്ടെന്ന് കപ്യാരും മെഴുകുതിരി വിൽക്കുന്ന സ്ത്രീയും ഓടിയെത്തി അവരും അതുകേട്ടു. അവസാനം എല്ലാവർക്കും ബോദ്ധ്യമായി ആ കണ്ട കുഞ്ഞ് ഉണ്ണിയേശുവായിരുന്നെന്ന്.

ഈ സംഭവത്തോടെ മുതാക്കര പള്ളിയിൽ ഭക്തജന പ്രവാഹമായി. അതോടെ വേളാങ്കണ്ണിപ്പള്ളിയിൽ ഭക്തജനം കുറഞ്ഞു. വേളാങ്കണ്ണി പ്പള്ളിയിൽ വ്യാഴാഴ്ചയാണ് പ്രാർത്ഥനയെങ്കിൽ മൂതാക്കരപ്പള്ളിയിൽ ബുധനാഴ്ച നേരം വെളുക്കുന്നതു വരെ പ്രാർത്ഥനയായി. പള്ളിയുടെ തിരുനടയിൽ ഏകദേശം 6 മീ. നീളവും ഒന്നര മീറ്റർ ഉയരവും ഒരു മീറ്റർ വീതിയുമുള്ള വഞ്ചിപ്പെട്ടിയും സ്ഥാപിച്ചു. അങ്ങനെ ഉണ്ണിയേശുവിനെ സൃഷ്ടിച്ചുകൊണ്ടും ബുധനാഴ്ച രാത്രിയിലെ പൂജ സൃഷ്ടിച്ചുകൊണ്ടും കടപ്പുറത്തെ ഭക്തജനങ്ങളെയും അവരുടെ പണത്തെയും മൂതാക്കര അച്ചൻ തടഞ്ഞു നിർത്തി.

ഈ കൃഷി തുടർന്നുകൊണ്ടിരിക്കുമ്പോഴാണ് പുല്ലിച്ചിറ പള്ളിയിലെ അച്ചന് ഉറക്കമില്ലാതായത്. കൊട്ടിയം മയ്യനാട്, ഇരവിപുരം ഭാഗത്തെ പണമെങ്കിലും മൂതാക്കരയിലേക്കൊഴുകാതിരിക്കാൻ എന്തെങ്കിലും പണി പണിയണമെന്ന് പുല്ലിച്ചിറ അച്ചൻ വിചാരിച്ചു. അതിന്റെ ഫലമായി പുല്ലിച്ചിറ അച്ചൻ കഴിഞ്ഞ വർഷം ഒരത്ഭുതം സൃഷ്ടിച്ചു. പക്ഷേ അതു പൊളിഞ്ഞുപോയി. അത്ഭുതമിങ്ങനെയായിരുന്നു മൂതാക്കരപ്പള്ളിയിലെ ഉണ്ണിയേശു ഒരു ഓട്ടോറിക്ഷയിൽ കയറി പുല്ലിച്ചിറ പള്ളിയിൽ വന്നു എന്നായിരുന്നു. കുറെ ആളൊക്കെ കൂടി യെങ്കിലും എന്തുകൊണ്ടോ അതു ക്ലച്ചുപിടിച്ചില്ല. അങ്ങനെ യാണ് ഈ വർഷം പുതിയ പരിപാടി സൃഷ്ടിച്ചത്. അതും ഇപ്പോൾ പൊളിഞ്ഞ അവസ്ഥയാണ് അടുത്ത വർഷത്തേയ്ക്കു ഇനി പുതിയ കഥ മെനയുമായിരിക്കും.

ക്രൈസ്തവ പള്ളിയിൽ അത്ഭുതമുണ്ടാകുമ്പോൾ അടുത്ത പള്ളികളിലേക്ക് ഇതു ആവർത്തിക്കുക പതിവാണ്. നാലഞ്ചു വർഷം മുമ്പ് കൊല്ലം കുരീപ്പുഴയിൽ ഒരു പള്ളിയിൽ നിന്നും യേശുവിന്റെ മുറിവിൽ നിന്നും രക്തപ്രവാഹം ഉണ്ടായെന്നു പറഞ്ഞപ്പോൾ കരുനാഗപ്പള്ളിയിലും അതുണ്ടായി. ഇപ്പോൾ പുല്ലിപ്പിറ പള്ളിയിലും അതുണ്ടായി. പുല്ലിച്ചിറയിലെ അത്ഭുതം തലയോലപറമ്പിലും വൈപ്പിൻകരയിലും മറ്റു ഇരുപതോളം പള്ളികളിലും ഉണ്ടായതായി പറയപ്പെടുന്നു. ഇതിനു കാരണം പുല്ലിച്ചിറ സംഭവം ടെലിവിഷനുകൾ കൊടുത്തതാണ്.

വിശ്വാസികളെ ചൂഷണം ചെയ്യുന്നതിന് വേണ്ടിയുള്ള പുരോഹിത വർഗ്ഗത്തിന്റെ കുടിലതന്ത്രങ്ങളുടെ ഭാഗമാണ് ഈ കള്ളക്കഥകൾ. ഈ തട്ടിപ്പ് പൊളിക്കപ്പെടേണ്ടതാണ്. അതിന് യുക്തിബോധത്തോടെ നിരീക്ഷണപാടവത്തോടെ ഇത്തരം സംഭവങ്ങളെ കാണുകയും ആ ശ്രമങ്ങളെ പരാജയപ്പെടുത്തുകയുമാണ് വേണ്ടത്.

# 10

## തകരുന്ന ചന്ദ്രപുരാണം

"അമ്പിളിയമ്മാവ
താമരക്കുമ്പിളിലെന്തുണ്ടു
കുമ്പിട്ടിരിപ്പാണോ
മാനത്തെ കൊമ്പനാനപ്പുറത്ത്"
"നിലാവിന്റെ നാട്ടിലെ
നിശാഗന്ധി പൂത്തല്ലോ
കളികൂട്ടുകാരനെ
മറന്നുപോയോ...."

മലയാളികളുടെ മനം കവർന്ന രണ്ടു പാട്ടുകളാണിത്. കെ.പി. എ.സി.യുടെ സുലോചനയും ചെമ്മീനിലെ മന്നാടെയും പാടിയ ഈ പാട്ടുകൾ അമ്പിളിയുടെയും നിലാവിന്റെയും സൗന്ദര്യാനുഭൂതി മലയാളികളുടെ മനസ്സിനെ കോരിത്തരിപ്പിച്ചു.

അതുപോലെയാണ് മലയാളം പഠിച്ചു തുടങ്ങുന്ന കാലത്തെ വ്യാകരണ ക്ലാസ്സിൽ 'മന്ദവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിന്മുഖം' എന്ന വ്യാകരണ അലങ്കാര പാഠഭാഗം. ചന്ദ്രനിൽ മനുഷ്യൻ കാലുകുത്തിയതോടെ കുട്ടികൾ ഇത് മാറ്റിപ്പറയുവാൻ തുടങ്ങി. മന്ദ്രവേന്ദ്രാ വിളങ്ങുന്നു നിൻമുഖം കല്ലുംമുള്ളും പാറയും പോലെ.

കവികളെ ഒന്നടങ്കം വശീകരിച്ച ബിംബമായിരുന്നു ചന്ദ്രൻ.

ചന്ദ്രന്റെ നിലാവെളിച്ചം ആരുടെയും മനസ്സിൽ ലഹരി പകരുന്നതായിരുന്നു. സർവ്വ ഐശ്വര്യവും ലഭിക്കുമെന്ന വിശ്വാസത്തിൽ ദേവപ്രീതിക്കായി ചന്ദ്രപൊങ്കാല ഇടുന്ന സ്ത്രീകൾ ഇന്നും നമ്മുടെ നാട്ടിൽ പതിനായിരങ്ങളാണ്. ചന്ദ്രഗ്രഹണം നടക്കുമ്പോൾ പാമ്പ് ചന്ദ്രനെ വിഴുങ്ങുന്നതാണെന്ന വിശ്വാസത്താൽ നമ്മുടെ നാട്ടിൽ ഇന്നും മടൽ എടുത്തു മണ്ണിൽ അടിച്ചു പാമ്പിനെ കൊല്ലുന്നവർ ധാരാളമുണ്ട്. വധൂവരന്മാരുടെ പൊരുത്തം തുടങ്ങിയ ജ്യോതിഷ വിധിക്കുള്ളിൽ ചന്ദ്രന് സുപ്രധാനമായ സ്ഥാനമാണുള്ളത്. ഇന്നും ചന്ദ്രൻ ഒരു ഗ്രഹമാണെന്ന് വിശ്വസിക്കുന്നവരാണ് നമ്മുടെ ജ്യോത്സ്യന്മാർ. എന്നാൽ പുരാതന കാലത്തെ യഥാർത്ഥ ശാസ്ത്രജ്ഞന്മാർ അതു വിശ്വസിച്ചിരുന്നില്ല.

ബി.സി.450 ൽ പുരാതന ഗ്രീക്കിലെ അനക്സ് ഹോറസ് എന്ന ശാസ്ത്രജ്ഞൻ ചന്ദ്രൻ സ്വയം പ്രകാശിക്കുന്നതല്ലെന്നും സൂര്യന്റെ പ്രകാശം പ്രതിഫലിക്കുന്നതാണെന്നും കണ്ടെത്തി. എന്നാൽ മറ്റൊരു ഗ്രീക്കു ശാസ്ത്രജ്ഞനായ അരിസ്റ്റാർക്കസ് സൂര്യനും ചന്ദ്രനും തമ്മിലുള്ള അകലം കണ്ടെത്തുകയുണ്ടായി. ബി.സി. 150 ൽ ഗ്രീക്കിലെ സെലുക്കാസ് എന്ന ശാസ്ത്രജ്ഞൻ ഭൂമിയുടെ വേലിയേറ്റ വേലിയിറക്കത്തിന് ചന്ദ്രന്റെയും ഭൂമിയുടെയും ആകർഷണ വികർഷണങ്ങളാണെന്ന് കണ്ടുപിടിച്ചു. 1607-ൽ ഗ്രീക്ക് ശാസ്ത്രജ്ഞനായ ഗലീലിയോ ദൂരദർശിനിയിലൂടെ ചന്ദ്രനെ ദർശിച്ചപ്പോൾ ചന്ദ്രന്റെ പ്രതലം പരുക്കനും പർവ്വതങ്ങളാലും ഗർത്തങ്ങളാലും നിറഞ്ഞതാണെന്ന് കണ്ടെത്തി. 1647-ൽ പോളീഷ് വാനശാസ്ത്രജ്ഞൻ ജോഹന്നസ് ഹീവേലിയസ് ചന്ദ്രന്റെ സമ്പൂർണ്ണ വിവരം വെളിപ്പെടുത്തുന്ന ഒരു അറ്റ്ലെസ് പ്രസിദ്ധീകരിക്കുകയുണ്ടായി. 1839-ൽ ലൂയിസ് ഡാഗ്റി ആദ്യമായി ചന്ദ്രന്റെ ഒരു ചിത്രം എടുക്കുകയുണ്ടായി.

1959 ൽ റഷ്യ നക്ഷത്ര പഠനത്തിനായി ലൂണാറിനെ അയച്ചു. അത് ചന്ദ്രന്റെ ഇരുണ്ട മറുവശത്തെകുറിച്ചുള്ള ഫോട്ടോ എടുത്തു. 1966 ൽ റഷ്യയുടെ ലൂണാർ ചന്ദ്രന്റെ ഉപരിതലത്തിലിറങ്ങി. 1968 ൽ അപ്പോളോ-11 മൂന്നു പേരെ ചന്ദ്രനിൽ കാലു കുത്തിപ്പിച്ചു. അവർ നീൽ ആംസ്ട്രോങ്, ആൽഡ്രിൻ, മൈക്കൽ കോളിൻസ് എന്നിവരായിരുന്നു.

2003 ആഗസ്റ്റ് 15-നാണ് അന്നത്തെ പ്രധാനമന്ത്രി അടൽ ബി

ഹാരി വാജ്പേയ് സ്വാതന്ത്ര്യദിന പ്രസംഗത്തിലൂടെ ചന്ദ്രയാൻ പദ്ധതി പ്രഖ്യാപിക്കുന്നത്. ഈ ബൃഹത്തായ പദ്ധതിയുടെ ആശയം ഇന്ത്യൻ ശാസ്ത്രജ്ഞർ 1999 ലെ ഇന്ത്യൻ അക്കാദമി സയൻസിന്റെ കോൺഫറൻസിൽ ചർച്ചയ്ക്കായി അവതരിപ്പിച്ചു. ആസ്ട്രോനോട്ടിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ ഈ ആശയം വികസിപ്പിക്കാൻ തീരുമാനിച്ചു. 2005-ൽ ഐഎസ്ആർഒ ഈ ദൗത്യം ഏറ്റെടുത്തു.

നൂറുകോടി സ്വപ്നങ്ങളുടെ ചിറക് വെച്ച് ചന്ദ്രന്റെ ദക്ഷിണ ധ്രൂവം ലക്ഷ്യമാക്കി ചന്ദ്രയാൻ-2 കുതിച്ചു.

ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രങ്ങളിലെ രണ്ടാം വിക്ഷേപണത്തറയിൽ നിന്നും ജൂലായ് 22 ഉച്ച തിരിഞ്ഞു 2.43 നാണ് ജി.എസ്.എൽ.വി.മാർക്ക്-3 റോക്കറ്റ് ആകാശത്തേക്ക് കുതിച്ചത്. 16 മിനിറ്റും 24 സെക്കന്റും കഴിഞ്ഞപ്പോൾ പേടകം ഭൂമിയുടെ ഭ്രമണപഥത്തിലെത്തി. ബഹിരാകാശപേടകം റോക്കറ്റിൽ നിന്നും വേർപ്പെട്ടതോടെ നിയന്ത്രണം ബാംഗ്ലൂരിലെ ഐഎസ്ആർഒ ടെലിമെട്രി ഏറ്റെടുത്തു. തുടർന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. കെ.ശിവൻ വിക്ഷേപണം വിജയിച്ചതായി വെളിപ്പെടുത്തി. പ്രധാനമന്ത്രിയും രാഷ്ട്രപതിയും ദൗത്യം വിജയിപ്പിച്ച ശാസ്ത്രജ്ഞന്മാരെ അനുമോദിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 8500-ൽപ്പരം പേർ വിക്ഷേപണത്തിന് സാക്ഷിയാകാൻ എത്തിച്ചേർന്നു. ചന്ദ്രനെ വലംവെക്കുന്ന ഓർബിറ്റർ ചന്ദ്രനിൽ ഇറങ്ങുന്ന ലാൻഡർ (വിക്രം), ചന്ദ്രന്റെ ഉപരിതലത്തിൽ ഗവേഷണം നടത്തുന്ന റോബോട്ടിക് റോവർ (പ്രഗ്യാൻ) എന്നിവ അടങ്ങിയതാണ് ചന്ദ്രയാൻ-2. ചന്ദ്രന്റെ ദക്ഷിണ ധ്രൂവത്തിലാണ് ചന്ദ്രയാൻ-2 ഇറങ്ങിയത്. സെപ്തംബർ ഏഴിനു ഇത് സംഭവിച്ചു. ചന്ദ്രന്റെ രഹസ്യങ്ങൾ അന്വേഷിക്കുന്ന പ്രഗ്യാന്റെ റിപ്പോർട്ടുകൾ വന്നതോടെ പുതിയ വിവരങ്ങൾ ഐ.എസ്.ആർ.ഒ. വഴി ലോകം അറിഞ്ഞു. ഇതോടെ മനുഷ്യരാശി ചന്ദ്രനെക്കുറിച്ച് കെട്ടിപ്പൊക്കിയ എല്ലാ യാഥാസ്ഥിതിക കഥകളും തകർന്നു വീണു. ചന്ദ്ര പുരാണങ്ങളുടെ എല്ലാ അധ്യായങ്ങളും ഇതോടെ അവസാനിച്ചു.

അൾജീരിയ, അസർബൈജാൻ, ബ്ര്യൂണോയ്, കോമോറോസ്, ഇറാൻ, മൗറിട്ടാനിയ, പാകിസ്ഥാൻ, ടുണീഷ്യ, തുർക്കുമെനിസ്ഥാൻ, ഉസ്ബകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ ദേശീയ പതാകയിലെ ചി

ഹ്നം ചന്ദ്രക്കലകളാണ്. അതുപോലെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും ആൾ ഇന്ത്യ മുസ്ലീം ലീഗിന്റെയും അതുപോലെയുള്ള രാഷ്ട്രീയ പാർട്ടികളുടെയും പതാകയിലെ ചിഹ്നം ചന്ദ്രക്കലയാണ്. ചന്ദ്രനെക്കുറിച്ചുള്ള ദിവ്യസങ്കല്പം തകർന്നതോടെ മുകളിൽ പറഞ്ഞവർ ഇനിയും ചന്ദ്രക്കല കൊണ്ടുനടക്കാൻ തയ്യാറാവുമോ?

**എന്താണ് പുരാണകഥകൾ**

**ചന്ദ്രന് ഭാര്യമാർ**

അശ്വതിയിൽ തുടങ്ങി രേവതിയിൽ അവസാനിക്കുന്ന 27 നക്ഷത്രങ്ങൾ ചന്ദ്രന്റെ ഭാര്യമാരാണെന്ന് വിശ്വാസം നിലവിലുണ്ട്.

ദേവന്മാർ പിതൃക്കൾ മനുഷ്യർ മുതലായവർക്കെല്ലാം സുഖത്തെ കൊടുക്കുന്നതു ചന്ദ്രനാണെന്ന് മറ്റൊരു വിശ്വാസം നിലവിലുണ്ട്.

**ചന്ദ്രന് കുതിരകൾ**

ചന്ദ്രന് ഒരു തേരുണ്ടെന്നും ആ തേരിന് മൂന്ന് ചക്രമുണ്ടെന്നും അതിൽ മുല്ലപ്പൂക്കളെപ്പോലെ വെളുത്ത പത്തു കുതിരകളെ കെട്ടിയിട്ടുണ്ടെന്നും ഈ കുതിരകൾ ഒരു കല്പകാലം വരെ ജീവിച്ചിരിക്കുമെന്നും വിശ്വാസമുണ്ട്.

ദേവന്മാർ ചന്ദ്രികാപാനം ചെയ്യുന്നതുകൊണ്ടാണ് ചന്ദ്രൻ ക്ഷയിച്ചു വരുന്നതെന്നും ആ സമയത്തു സൂര്യൻ സൂഷ്മ്ന എന്ന ഒരു കിരണംകൊണ്ടു ചന്ദ്രനെ ശക്തിപ്പെടുത്തുമെന്നും വിശ്വസിക്കുന്നു. ചന്ദ്രൻ ശുക്ല പക്ഷത്തിൽ ദേവന്മാരെയും കൃഷ്ണപക്ഷത്തിൽ പിതൃക്കളെയും പരിപോഷിപ്പിക്കുന്നതായി വിശ്വാസമുണ്ട്.

**ചന്ദ്രൻ പാലാഴി വസ്തു**

പാലാഴി മഥനത്തിൽ ലഭിച്ച അനേകം അമൂല്യവസ്തുക്കളിൽ ഒന്നാണ് ചന്ദ്രനെന്നും ചിലർ വിശ്വസിക്കുന്നു.

**ചന്ദ്രൻ പശുക്കിടാവ്**

ഒരിക്കൽ പൃഥി ചക്രവർത്തി ഭൂമി ദേവിയെ ഒരു പശുവായി നിർത്തി പാൽ കറന്നെടുത്തെന്നും അപ്പോൾ ബ്രഹ്മാവാണ് പശുക്കിടാവായി കിടന്നതെന്നും പിന്നീട് ഭൂമിയെ ഋഷിമാർ കറന്നപ്പോൾ പശുക്കിടാവായി കിടന്നത് ചന്ദ്രനാണെന്നും ഒരു വിശ്വാസമുണ്ട്.

**ചന്ദ്രന് ആഹാരം**

വെളുത്ത വാവു ദിവസം ചന്ദ്രൻ ഉദിക്കുന്ന സമയത്ത് ചെമ്പു പാത്രത്തിൽ പലഹാരമെടുത്തു തേനൊഴിച്ച് ചന്ദ്രന് കൊടുത്താൽ

എല്ലാ ഐശ്വര്യങ്ങളും ഉണ്ടാകുമെന്ന് ചിലർ വിശ്വസിക്കുന്നു.

**ചന്ദ്രൻ ആദ്യപിതാവ്**

ചന്ദ്രന് മനോഹര എന്ന ഭാര്യയിൽ മർക്കസ്, ശിശിരൻ, പ്രാണൻ, രമണൻ എന്ന് നാലു പുത്രന്മാരുണ്ടെന്നും ഭാരതത്തെ ഭരിച്ചിരുന്ന ചന്ദ്രവംശരാജാക്കന്മാരുടെ ആദ്യ പിതാവ് ചന്ദ്രനാണെന്നും ചിലർ വിശ്വസിക്കുന്നു.

**ചന്ദ്രന് രോഗം**

ദക്ഷന്റെ ഇരുപത്തിയേഴ് കന്യകന്മാരെ ചന്ദ്രൻ വിവാഹം കഴിച്ചു. അവരിൽ രോഹിണിയോടു ചന്ദ്രന് കൂടുതൽ പ്രേമം തോന്നിയതുകൊണ്ട് അവളെ ചന്ദ്രൻ എപ്പോഴും അടുത്തു നിർത്തി. ഇത് മറ്റു ഭാര്യമാർക്ക് രസിച്ചില്ല. അവർ ദക്ഷനോട് പരാതി പറഞ്ഞു. ദക്ഷൻ ചന്ദ്രനോട് ആജ്ഞാപിച്ചു. എല്ലാവരെയും തുല്യമായി കാണണമെന്ന്. പക്ഷേ ചന്ദ്രൻ അത് പാലിച്ചില്ല. അവർ വീണ്ടും ചന്ദ്രനോട് ആജ്ഞാപിച്ചു. എന്നിട്ടും ചന്ദ്രൻ തയ്യാറായില്ല. മൂന്നാമത് വീണ്ടും അവർ ദക്ഷനോട് പരാതി പറഞ്ഞു. കോപാകുലനായ ദക്ഷൻ ചന്ദ്രന് ക്ഷയരോഗം പിടിപ്പെടട്ടെ എന്നും ശപിച്ചു. ചന്ദ്രൻ ക്ഷയരോഗം മൂലം വളരെ കഷ്ടപ്പെട്ടു. ദക്ഷൻ അവസാനം പരിഹാരം നിർദ്ദേശിച്ചു. തോൽക്കുമ്പോൾ ക്ഷയരോഗം മാറുമെന്നും അപ്രകാരം ചന്ദ്രന്റെ രോഗം മാറിയെന്നും ചിലർ വിശ്വസിക്കുന്നു.

**ചന്ദ്രനെ വിഴുങ്ങുന്ന പാമ്പുകൾ**

ദേവാസുരന്മാർ ഒരുമിച്ചു പാലാഴി കടഞ്ഞു പാലാഴിയിൽ നിന്നും ധന്വന്തരി അമൃതകുംഭവുമായി ഉയർന്നുവന്നു. പക്ഷെ ആ കുംഭം സൈഹികേയൻ മോഷ്ടിച്ചു പാതാളത്തിലേക്ക് കൊണ്ടുപോയി. ഇന്ദ്രാദികൾ വിലപിടിപ്പുള്ള വസ്തുക്കൾ പങ്കിട്ടെടുക്കുന്ന കൂട്ടത്തിൽ ആരും ഇക്കാര്യം ശ്രദ്ധിച്ചില്ല. മായാവി അപ്രത്യക്ഷനായപ്പോഴാണ് ദേവന്മാർ കുംഭത്തിന്റെ കാര്യം ഓർക്കുന്നത്. ഉടൻ മഹാവിഷ്ണു മോഹിനി വേഷം പൂണ്ടു അമൃത കുംഭമെടുത്തു ദേവന്മാർക്ക് കൊടുത്തു. ദേവന്മാർ നിരന്നിരുന്നു അമൃത് വാങ്ങിക്കുടിക്കാൻ തുടങ്ങി. തൽക്ഷണം സൈഹികേയൻ ഒരു വൃദ്ധ ബ്രാഹ്മണവേഷമെടുത്തു പന്തിയിൽ ചെന്നു അമൃത് വാങ്ങി കുടിക്കാൻ തുടങ്ങി. ദ്വാരപാലകരായി നിന്ന സൂര്യചന്ദ്രന്മാർ മഹാവിഷ്ണുവിനെ വിവരം അറിയിച്ചു. അദ്ദേഹം സുദർശനചക്രം കൊ

ണ്ടു ബ്രാഹ്മണന്റെ കഴുത്തറുത്തു. എങ്കിലും കപട ബ്രാഹ്മണൻ കുടിച്ച അമൃതിന്റെ പാതികണ്ഠത്തിന് മുകളിലും മറുപാതി കണ്ഠത്തിന് താഴെയും തങ്ങി നിന്നു. ഈ രണ്ടു ഭാഗങ്ങളാണ് പിന്നീട് രാഹുവും കേതുവുമായത്. സൂര്യചന്ദ്രന്മാർ ഒറ്റു കൊടുത്തതിലുള്ള പക ഇന്നും നിലനിൽക്കുന്നു. അതുകൊണ്ടാണ് രാഹുവും കേതുവും ഇപ്പോഴും സൂര്യചന്ദ്രന്മാരെ വിഴുങ്ങുന്നത് എന്നു ചിലർ വിശ്വസിക്കുന്നു.

# 11

## ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ അതിരുകൾ

മഹാരാഷ്ട്രയിൽ ഡോ.നരേന്ദ്ര ദാബോൽക്കറെ മത തീവ്ര വാദികൾ തോക്കിനിരയാക്കുന്നത് 2013 ആഗസ്റ്റ് മാസത്തിലാണ്. അതിന്റെ തുടർച്ചയെന്നോണം 2015 ഫെബ്രുവരിയിൽ ഗോവിന്ദ് പൻസാരെയും തീവ്രവാദികൾ കൊല ചെയ്തു. മാത്രമല്ല അഭിജിത് റോയി എന്ന എഴുത്തുകാരനെയും ഫെബ്രുവരിയിൽ തീവ്രവാദികൾ കൊല ചെയ്തു. മൂന്നു പേരും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടിവന്ന സ്വതന്ത്ര ചിന്തകന്മാരായിരുന്നു.

രാവിലെ പ്രഭാത സവാരിക്കിറങ്ങിയപ്പോഴാണ് ബൈക്കിൽ വന്നു തീവ്രവാദികൾ നരേന്ദ്ര ദാബോൽക്കറെ വെടിവെച്ചതെങ്കിൽ ഗോവിന്ദ് പൻസാരെ ഭാര്യയുമൊത്ത് രാവിലെ നടക്കാനിറങ്ങിയപ്പോഴാണ് കോലാപുരിയിലെ വീടിനു സമീപം വച്ച് ബൈക്കിലെത്തിയ രണ്ടു പേർ വെടിവെച്ചത്. കഴുത്തിനും നെഞ്ചിനും കൈയ്ക്കും വെടിയേറ്റ് പൻസാരെ വീഴുമ്പോൾ ഭാര്യ തലയ്ക്കാണ് വെടിയേറ്റ് തറയിൽ വീഴുന്നത്. കോലാപുരിയിലെ ചികിത്സ കഴിഞ്ഞു മുംബെയ് ബീച്ച് കാൻഡിയിൽ വിദഗ്ധ ചികിത്സയ്ക്ക് എത്തിയപ്പോഴാണ് ഫെബ്രുവരി 15 ന് പൻസാരെ അന്തരിക്കുന്നത്. മരിക്കുന്നതിന് രണ്ടാഴ്ച മുമ്പ് കോലാപുരിയിലെ ശിവാജി യൂണിവേഴ്സിറ്റിയിൽ നടത്തിയ പ്രഭാഷണം ഗാന്ധി വധവുമായി ബന്ധപ്പെട്ട ഗോഡ്

സെയെ മഹത്വവൽക്കരിക്കുന്നതിനെതിരായിട്ടായിരുന്നു. അന്നു ആ യോഗത്തിൽ ഒരു യുവാവ് പ്രസംഗം അലങ്കോലപ്പെടുത്താൻ ശ്രമിച്ച സംഭവം നടക്കുകയുണ്ടായി. അതുപോലെ ഫെബ്രുവരി 27 ന് ഔറംഗബാദ് സ്വദേശിയായ അമോൽ പാട്ടീൽ എന്ന യുവാവ് പൻസാരയ്ക്കെതിരെ സോഷ്യൽ മീഡിയയിൽ വിവാദ പരാമർശം നടത്തിയിരുന്നു.

മാത്രമല്ല അടുത്ത വധം മനുഷ്യാവകാശ പ്രവർത്തകനായ പുരുഷോത്തം കേത്കറെയാണെന്ന് വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൊലപാതകത്തിൽ പ്രതിഷേധിച്ചു സി.പി.ഐ., കോൺഗ്രസ്, എൻ.ഡി.പി, ആർ.പി.ഐ. തുടങ്ങിയ രാഷ്ട്രീയ പാർട്ടികൾ ബന്ദുകൾ നടത്തിയിരുന്നു. നാസിക്കിലെ 5000 അഭിഭാഷകർ കൊലപാതകത്തിൽ പ്രതിഷേധിച്ചു കോടതി ബഹിഷ്കരിച്ചിരുന്നു. മാർച്ച് 22 ന് മുംബൈയിലെ രക്തസാക്ഷി മണ്ഡപമായ ഹുതാത്മ ചൗക്കിൽ പാർട്ടി പ്രവർത്തകർ മനുഷ്യ ചങ്ങല നടത്തിയിരുന്നു.

പൻസാരെ കേസ് സി.ബി.ഐ അന്വേഷിക്കണമെന്നാവശ്യപ്പെട്ടു മുൻ മാധ്യമ പ്രവർത്തകനായ കേതൻ തിരോഡ്ക്കർ മുംബൈ കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സി.ബി.ഐയുടെ അന്വേഷണം തൃപ്തികരമല്ലെന്നും കോടതിയുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും പൻസാരെയുടെ മകൾ ആവശ്യപ്പെട്ടിരുന്നു.

ദാബോൽക്കർ വധം സി.ബി.ഐ. ഏറ്റെടുത്തിട്ട് ഒരു പ്രയോജനവും ഉണ്ടാകാത്ത സാഹചര്യത്തിലാണ് ഇങ്ങനെ ആവശ്യപ്പെടുന്നതെന്ന് മകൾ അഭിപ്രായപ്പെട്ടു. മുംബൈയ് പോലീസ് ക്രൈം ബ്രാഞ്ച്, മഹാരാഷ്ട്ര ആന്റി ടെററിസം സ്ക്വാഡ്, പൂനൈ പോലീസ്, കോലാപൂർ പോലീസ് തുടങ്ങി വിവിധ ഗ്രൂപ്പുകൾ കേസ് അന്വേഷിക്കുന്നുണ്ട്. വിവരം നൽകുന്നവർക്ക് 25 ലക്ഷം രൂപ പോലീസ് ഇനാം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്രയൊക്കെയായിട്ടും പ്രതിയുടെ തുമ്പു കിട്ടിയില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. യഥാർത്ഥത്തിൽ സാമാന്യം ബുദ്ധിയുള്ള ആർക്കും പ്രതിയെ കണ്ടെത്താൻ ഒരു ബുദ്ധിമുട്ടുമില്ല. പോലീസിന്റെ മോഡസ് ഓപ്പറാന്റി (പ്രവർത്തന രീതി) വെച്ചു നോക്കുമ്പോൾ ആദ്യം ബൈക്കിൽ

വന്നു കൊല നടത്തിയവർ തന്നെയാണ് പിന്നെയും ബൈക്കിൽ വന്നു നടത്തിയതെന്നു വ്യക്തം. ഇവരെ കണ്ടെത്താൻ പോലീസിന് ഒരു ബുദ്ധിമുട്ടുമില്ല. പക്ഷേ കണ്ടെത്തുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

2015 ഫെബ്രുവരിയിൽ മറ്റൊരു വധം കൂടി നടന്നു. പ്രശസ്ത ബ്ലോഗ് റൈട്ടറായ അവിജിത്ത് റോയി എന്ന സ്വതന്ത്ര ചിന്തകനെ. സ്വതന്ത്രചിന്തകർക്കെതിരെയുള്ള അക്രമണം ലോകത്താകെ വളരുകയാണ്. മതവിശ്വാസികളിലെ ഒരു വിഭാഗം തീവ്രവാദികളാണ് ഈ ആക്രമണങ്ങൾക്കു പിന്നിൽ. അവർ സ്വതന്ത്രചിന്തയെ ഭയക്കുന്നു. സ്വതന്ത്രചിന്തകനായ എഴുത്തുകാരനെയും പത്രപവർത്തകനെയും ഭയക്കുന്നു. കാരണം ആശയത്തെ ആശയംകൊണ്ട് നേരിടാൻ അവരുടെ കൈയ്യിൽ ആശയമില്ല. ഉള്ളത് പഴകി ദ്രവിച്ചു പൊടിഞ്ഞു പോയ പഴയ വിശ്വസങ്ങളാണെന്ന് ആർക്കും തന്നെയറിയാം അതുകൊണ്ടാണവർ ആയുധമെടുക്കുന്നത്. ഇതിൽ ഒരു മതവിഭാഗവും ഭേദമല്ല. എല്ലാവരും ഇക്കാര്യത്തിൽ ഒന്നാണ്. അടുത്ത കാലത്തു പെരുമാൾ മുരുകനെതിരെയും പി.കെ. എന്ന സിനിമയ്ക്കെതിരെയും ഹൈന്ദവ തീവ്രവാദ സംഘടനകളും പാരീസിലെ ചാർലി ഹെബ്ദോ എന്ന വാരികയ്ക്കെതിരെ ഇസ്ലാം തീവ്രവാദ സംഘടനകളും ഉറഞ്ഞു തുള്ളിയ കഥ നമുക്കറിയാം.

2014-ൽ 180 രാജ്യങ്ങളിലാണ് മാധ്യമസ്വാതന്ത്ര്യം ഹനിക്കപ്പെട്ടത്. ഇസ്ലാമിക് സ്റ്റേറ്റ് ഭീകരരും ബോക്കോ ഹറാം ഭീകരരുമാണ് ഇതിന് പിന്നിൽ. വാച്ച്ഡോഗ് ഗ്രൂപ്പിന്റെ റിപ്പോർട്ട് വിത്തൗട്ട് ബോർഡേഴ്സ് പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് ഈ വിവരം വെളിപ്പെടുത്തുന്നത്.

മതനവീകരണത്തിന്റേയും പുരോഗമനത്തിന്റെയും മുഖം മുടിയണിഞ്ഞ ഫ്രാൻസിസ് മാർപ്പാപ്പ കഴിഞ്ഞ ജനുവരി 15 നു പ്രഖ്യാപിക്കുകയുണ്ടായി. 'മതസ്വാതന്ത്യവും ആവിഷ്കാര സ്വാതന്ത്രവും ഒരാളുടെ അടിസാഥ്ന അവകാശമാണെങ്കിലും ആവിഷ്കാര സ്വാതന്ത്രത്തിന് ഒരു പരിധിയുണ്ടെന്ന അഭിപ്രായം'. ഇത് തീവ്രവാദികളെ സഹായിക്കുന്ന അഭിപ്രായമാണ് ഈ പരിധി കഴിഞ്ഞെന്ന ന്യായവാദത്തിൽ നിന്നാണ് തീവ്രവാദികൾ വെടിയുണ്ട ഉതിർക്കുന്നത്. ഇത് തിരിച്ചറിഞ്ഞത് കൊണ്ടാണ് ചാർളി ഹെബ്ദോ വാരിക ആക്രമണത്തിനുശേഷം പുറത്തിറക്കിയ വാരി

കയുടെ ലക്കത്തിൽ കൊടുത്ത ചിത്രത്തിൽ മാർപ്പാപ്പയുടെ പടം കൂടി ഉൾപ്പെടുത്തിയിരിക്കുന്നത്. 'ഞങ്ങൾ തിരിച്ചെത്തി' എന്ന തലക്കെട്ടുള്ള പുതിയ ലക്കത്തിൽ ഫ്രാൻസിന്റെ മുൻ പ്രസിഡന്റ് നിക്കോളാ സർക്കോസിനോടൊപ്പമാണ് മാർപ്പാപ്പയുടെ ചിത്രവും കൊടുത്തിരിക്കുന്നത്. ചാർളി ഹെബ്ദോ എന്ന വാരിക കടിച്ചുപിടിച്ചു കൊണ്ടോടുന്ന പട്ടിക്കുട്ടിയുടെ പിറകെ വിവിധ മൃഗങ്ങൾ ആക്രമണോത്സുകരായി ഓടുന്ന കാർട്ടൂണാണു പുതിയ ലക്കത്തിന്റെ പുറംചട്ട. ഇവയിലൊന്നിലാണ് മാർപ്പാപ്പയുടെ മുഖം ഉള്ളത്. ഏതായാലും ഇവർക്ക് സ്വതന്ത്ര ചിന്തകരായ എഴുത്തുകാരെയോ പത്രപ്രവർത്തകരെയോ മാധ്യമ സ്ഥാപനങ്ങളെയോ സിനിമയേയോ മാത്രമെ ഉന്മുലനം ചെയ്യാൻ കഴിയു. മറിച്ചു സ്വതന്ത്ര ചിന്തയെ കുഴിച്ചു മൂടാൻ ആർക്കും കഴിയില്ല. അതു ഒന്നിന് പത്ത് പത്തിനു നൂറ് നൂറിന് ആയിരമായി വളർന്നുകൊണ്ടേയിരിക്കും.

അതിന്റെ തെളിവാണ് മാർച്ച് 24ന് നമ്മുടെ ബഹുമാനപ്പെട്ട സുപ്രീം കോടതി സുപ്രധാനമായ ഒരു വിധി പ്രഖ്യാപിച്ചത്. ഐ.ടി നിയമത്തിലെ 66 എ വകുപ്പും കേരളാ പോലീസ് നിയമത്തിലെ 118 ഡി വകുപ്പും അഭിപ്രായ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റവും ഭരണഘടനാ വിരുദ്ധവുമാണെന്ന വിധി. ഡൽഹിയിൽ നിയമ വിദ്യാർത്ഥിയായ ശ്രേയാ സിംഗാൾ സമർപ്പിച്ച ഹർജിയിലാണ് ഈ സുപ്രധാന വിധിയുണ്ടായത്.

# 12

## മകരവിളക്കിന്റെ പിന്നാമ്പുറം

മകരവിളക്ക് സംബന്ധിച്ച് അന്വേഷിക്കുന്നതിനായി യുക്തിവാദികൾ തയ്യാറായി. 1973 ൽ ആയൂർ സ്വദേശിയായ കെ.പി.സ്വാമിയും രാമദേവനുമടക്കം ഇരുപത്തിനാലു പേർ പൊന്നമ്പലമേട്ടിൽ ചെല്ലുകയും പടക്കവും അമിട്ടും പൊട്ടിക്കുകയുണ്ടായി. ദിവ്യജ്യോതിസ് കൂടാതെ മറ്റു വിളക്കുകളും ശബരിമലയിൽ നിന്ന് കണ്ട ദേവസ്വം ബോർഡ് പ്രസിഡന്റ് മാധവൻ നായർ പറഞ്ഞു. ദിവ്യ സന്നിധി കളങ്കപ്പെടുത്തിയ സാമൂഹ്യദ്രോഹികളെ പോലീസ് പിടികൂടണമെന്ന്. തുടർന്ന് പോലീസ് രാമസ്വാമിയെയും സംഘത്തെയും അറസ്റ്റ് ചെയ്യുകയും വകുപ്പില്ലാത്തതിനാൽ വിട്ടയ്ക്കുകയും ചെയ്തു.

അതിനുശേഷം 1980ൽ തിരുവനന്തപുരത്തു നിന്ന് ഒരു സംഘം പൊന്നമ്പലമേട്ടിൽ പോവുകയും കേരളാ ഇലക്ട്രിസിറ്റി ബോർഡിലെ ഡ്രൈവറായ ഗോപിയാണ് വിളക്കു കത്തിക്കുന്നതെന്ന് മനസ്സിലാക്കുകയും ആ വിവരം 1980 ഡിസംബർ നുള്ള കേരള കൗമുദി പത്രത്തിലൂടെ വെളിപ്പെടുത്തുകയും ചെയ്തു. 1981ൽ വീണ്ടും തിരുവനന്തപുരത്തു നിന്നും 590 യുക്തിവാദികളും തൃശൂരിൽ നിന്ന് 59 യുക്തിവാദികളും ആലപ്പുഴ എറണാകുളം ചാലക്കുടി ഗുരുവായൂർ ഭാഗങ്ങളിൽ നിന്നും ഇരുപത്തിയഞ്ചു പേരും പൊന്നമ്പലമേട്ടിൽ എത്തിച്ചേർന്നു. ആ വർഷം ദേവസ്വം പ്രതിനിധികളും ഫോറസ്റ്റധികൃതരും ഇലക്ട്രിസിറ്റി ബോർഡിലെ ഉയർന്ന

ഉദ്യോഗസ്ഥന്മാരും വിളക്ക് കൊളുത്തിക്കാണിക്കുന്നതിന് എത്തിയിരുന്നു. ആ വർഷവും ഗോപി തന്നെയാണ് കത്തിച്ചു കാണിച്ചത്. കൊളുത്തുന്നവരോട് യുക്തിവാദികൾ ഈ വഞ്ചന നിർത്തണമെന്നാവശ്യപ്പെട്ടുവെങ്കിലും അതിന് അവർ തയ്യാറായില്ല. അവസാനം യുക്തിവാദികൾ മത്താപ്പു, എലിവാണം തുടങ്ങിയ വെടിമരുന്ന് പ്രയോഗങ്ങൾ നടത്തി. 1983ൽ പോയ യുക്തിവാദികളെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തു. എതിർപ്പുമായി ചെന്ന യുക്തിവാദികളെ പോലീസ് ദൂരെ മാറ്റി ഇരുത്തിയിട്ടാണ് വിളക്ക് കൊളുത്തിയത്. 1984 ൽ ഈ ലേഖകൻ കൊല്ലം എ.ആർ. ക്യാമ്പിൽ പോലീസുകാരനായി ജോലി ചെയ്യുകയായിരുന്നു. അന്ന് പത്തനംതിട്ട കൊല്ലം ജില്ലയുടെ ഭാഗമായിരുന്നു. അത് കൊണ്ട് പത്തനംതിട്ടയിലേക്ക് റിസർവ്വ് പോലീസ് പോകുന്നതു കൊല്ലം എ.ആർ.ക്യാമ്പിൽ നിന്നായിരുന്നു.

ശബരിമല ഡ്യൂട്ടിക്ക് അന്ന് ഹിന്ദുമത വിഭാഗത്തിൽപ്പെട്ട പോലീസുകാരെ മാത്രമായിരുന്നു അയച്ചിരുന്നത്. അവിശ്വാസി ആയത് കൊണ്ട് എന്നെ അയക്കില്ലായിരുന്നു. നിലയ്ക്കൽ സംഭവമുണ്ടായപ്പോഴും മൂഴിയാർ പോലീസ് സ്റ്റേഷനിലേക്കും പൊന്നമ്പലമേട്ടിലുള്ള കെവിയിൽ ഗാഡ് ഡ്യൂട്ടിക്കും കൊല്ലം പോലീസുകാരായിരുന്നു അന്നു പോയിക്കൊണ്ടിരുന്നത്. കക്കി പമ്പാ ഡാം പണി ആരംഭിച്ചപ്പോൾ ഡ്യൂട്ടിക്കു പോയ ചില പോലീസുകാരാണ് പൊന്നമ്പലമേട്ടിലെ ആദിവാസികളെ അടിച്ചോടിച്ചതെന്ന് പോലീസ് സുഹൃത്തുക്കൾ എന്നോടു പറഞ്ഞിട്ടുണ്ട്. 1984ൽ പൊന്നമ്പലമേട്ടിൽ ദിവ്യജ്യോതി കൊളുത്തിക്കാണിക്കുന്നതു എനിക്കു അടുത്തുനിന്ന് നേരിട്ടു കാണാൻ കഴിഞ്ഞു. ഞാനന്നു പോലീസിലായിരുന്നുവെങ്കിലും ഡ്യുട്ടിക്കായിട്ടായിരുന്നില്ല പോയത്. ദിവ്യജ്യോതിയുടെ രഹസ്യം അറിയാനുള്ള ജിജ്ഞാസ കൊണ്ടുമാത്രമായിരുന്നു പോയത്. ശബരിമലയിൽ നിന്നും പൊന്നമ്പലമേട്ടിലേക്ക് നോക്കിയാൽ ഇടയ്ക്ക് അഗാധമായ കൊക്കയാണ്. പോരാത്തതിന് വന്യമൃഗ സങ്കേതവും.

ആർക്കും നേരെ പോകാൻ എളുപ്പമായിരുന്നില്ല. അതുകൊണ്ടാവണം പൊന്നമ്പലമേട് അമാനുഷരുടെ സങ്കേതമാണെന്ന് വിശ്വാസം ഉടലെടുത്തിട്ടുള്ളത്. എന്നാൽ ശബരി മലയിൽ പോകുന്ന വഴി പ്ലാപ്പള്ളിയിൽ ചെന്ന് ആങ്ങാമൂഴി വഴി മുഴിയാറിൽ ചെന്നിട്ട് കക്കി പമ്പയിൽ ചെല്ലാവുന്നതാണ്. അവിടെ നിന്നും

പൊന്നമ്പലമേട്ടിലെത്താം. 84 ൽ ഞാനവിടെ ചെല്ലുമ്പോൾ വിളക്ക് കൊളുത്തിക്കാണിക്കുന്ന ഒരുക്കങ്ങളിലും മറ്റുമായി ഇരുനൂറോളം പേരെ കാണുവാനിട വന്നിട്ടുണ്ട്. അതിൽ ശബരിഗിരി വൈദ്യുത പ്രോജക്ടുമായി ബന്ധപ്പെട്ട ക്വാർട്ടേർസുകളിൽ താമസിക്കുന്ന സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഒരു കൂട്ടം പേരായിരുന്നു ഉണ്ടായിരുന്നത്.

ഞാൻ ചെല്ലുമ്പോൾ കുണ്ടറ പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടറായിരുന്ന സത്യരാജനും ഒരു സബ് ഇൻസ്പെക്ടറും പട്രോൾ ഡ്യൂട്ടി നടത്തി വരികയായിരുന്നു. എന്നെ കണ്ടയുടൻ അവർ ജീപ്പ് എന്റെ മുന്നിലേക്കു കൊണ്ടു വന്നു വിറപ്പിച്ചു നിർത്തി. ഞാനുടൻ സല്യൂട്ട് ചെയ്തു. മേലുദ്യോഗസ്ഥനെ കണ്ടാൽ സിവിൽ വേഷത്തിലാണെങ്കിലും സല്യൂട്ട് ചെയ്യണമെന്നാണ് വ്യവസ്ഥ. എന്റെ സല്യൂട്ട് കണ്ടയുടൻ സ്ബ് ഇൻസ്പെക്ടർ പറഞ്ഞു. 'സർ.. ഇത്... പോലീസുകാരൻ... പോലീസുകാരൻ എന്ന്.' എങ്കിലും ഞാൻ പോലിസുകാരനാണെന്നുറപ്പിക്കുന്നതിനുവേണ്ടി കുറെ ചോദ്യങ്ങൾ എന്നോട് ചോദിച്ചു.

അവസാനം ബോദ്ധ്യപ്പെട്ടപ്പോൾ സർക്കിൾ ഇൻസ്പെക്ടർ അടുത്തുനിന്ന കൊല്ലം എ.ആർ. ക്യാമ്പിലെ ഡ്രൈവർ സോമനോട് പറഞ്ഞു. "ഇയാൾ നമ്മുടെ ആളാണ് ഇയാളെ കയറ്റി വിട്ടേക്ക്". എന്നിട്ട് എന്നോടായി പറഞ്ഞു "അവിടെ ഡി.വൈ.എസ്.പി. അദ്ദേഹം ഇരിപ്പുണ്ടു. സൂക്ഷിച്ചുപോണം." അങ്ങനെ ഞാൻ പൊന്നമ്പലമേട്ടിലേക്ക് കയറി. മുകളിൽ ചെല്ലുമ്പോൾ കൊല്ലം എ.ആർ.ക്യാമ്പിലെ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി. ആയ ഗോപാലകൃഷ്ണപിള്ള ഉണ്ടായിരുന്നു. അദ്ദേഹത്തിനായിരുന്നു കൊളുത്തുന്ന ചാർജ്ജ്. പൊന്നമ്പലമേട്ടിൽ ഒരു പാറപ്പുറമുണ്ട്. അതിൽ മുമ്പേ ചെന്നവരാരോ പൊടിയൻ, ചന്ദ്രൻ, ഒരു ശൂലം എന്നിവ കൊത്തിവെച്ചിട്ടുണ്ട്. ഇവിടെ വെച്ചാണ് വിളക്ക് കത്തിച്ചു കാണിക്കുന്നത്. അല്പം മാറി പാറയിൽ വെട്ടിയ ഒരു കുളമുണ്ട്. കുന്നിന്റെ മുനമ്പിൽ ഒരു ഗുഹയുണ്ട്. അവിടെ നിന്ന് കിഴ്തൂക്കായി വളരെ വിദൂരതയിൽ നോക്കുമ്പോൾ വലിയ കാടിന്റെ മദ്ധ്യത്തായി കുറെ വിളക്കുകൾ കൂടിക്കിടക്കുന്നത് കാണാം. അത് ശബരിമലയാണ്. അവിടെ വെക്കുന്ന വെടിയുടെ വെട്ടം കണ്ടു ഒരു മിനിറ്റ് കഴിയുമ്പോഴാണ് ശബ്ദം പൊന്നമ്പലമേട്ടിൽ കേൾക്കുന്നത്. തിരുവാഭരണം കൊണ്ടു വരുന്ന സമയത്തുള്ള ആരവങ്ങളും ശരണം

വിളികളും മേളങ്ങളും അവിടെ അവ്യക്തമായി കേൾക്കാവുന്നതാണ്. ഒരു അലൂമിനിയം പാത്രത്തിൽ ഉമിയിട്ടതിനുശേഷം കർപ്പൂരവും തട്ടിയിട്ടു ഏതാനും പേർ നില്പുണ്ട്. ഒപ്പം ഒരാൾ ചാക്കു നനച്ചു പിടിച്ചു നില്പുണ്ട്. ഇവർ ദേവസ്വം പ്രതിനിധികളും ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരും ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരുമായിരുന്നു. ഡി.വൈ. എസ്.പി. ട്രാൻസിസ്റ്ററിലൂടെ തിരുവാഭരണത്തിന്റെ കമന്ററി കേട്ടുകൊണ്ടിരിക്കയാണ്. 6.42 ആയപ്പോൾ ഡി.വൈ.എസ്.പി. പോലീസുകാരോട് ചോദിച്ചു.

"തിരുവാഭരണം ചാർത്തി നട അടച്ചു കഴിഞ്ഞ് തുറക്കുമ്പോഴെന്നല്ലേ പറഞ്ഞത്." ആരോ പറഞ്ഞയച്ചിരിക്കുന്നു. 'സർ....' ഒരു പോലീസുകാരൻ ഉത്തരവുമൂളി. ഡി.വൈ. എസ്.പി.പറഞ്ഞു 'ങ്ങാം കൊളുത്തിക്കോ'. പിന്നൊട്ടും താമസിച്ചില്ല കർപ്പൂര പാത്രത്തിലേക്കു തീപ്പെട്ടിക്കൊള്ളി ഉരച്ചു വെച്ചു. വെച്ചയാൾ രണ്ടു കൈകൊണ്ടു പാത്രം പൊക്കി ഉയർത്തിക്കാണിച്ചു. ഉടൻ ഗോപാലകൃഷ്ണ പിള്ള പറഞ്ഞു. "ന്ങ്ങൾ ഇങ്ങനെ പൊക്കിക്കാണിച്ചാൽ അവിടെയുള്ളവർ വിളക്കു കാണില്ല. പാത്രം കുറെ ചരിച്ചു കൊടെ" എന്നു പറഞ്ഞു. അപ്രകാരം അവർ ചെയ്തു. ആ വർഷം നമ്മുടെ മുഖ്യ പത്രങ്ങൾ എഴുതി ഈ വർഷം രണ്ടു ജ്യോതിസ്സ് മാത്രമേ പ്രത്യക്ഷപ്പെട്ടുള്ളുവെന്ന്. കാരണം പാത്രം താഴ്ത്തി വെച്ചപ്പോൾ നനഞ്ഞ ചാക്കു രണ്ടു തലയ്ക്കൽ പിടിച്ചു കൊണ്ടു രണ്ടു പേർ പാടെ ആളിക്കത്തുന്ന പാത്രത്തിന്റെ മുകളിലേക്കിട്ടു. ഇതോടെ തീയണഞ്ഞു. ചരിച്ചുകൊടുത്തത് മാത്രമേ ശബരിമലയിൽ നിന്നവർ കണ്ടുള്ളൂ.

അടുത്തവർഷം വീണ്ടും ഞാൻ ഒന്നും കുടി വിശദമായി കാണുവാനായി പുറപ്പെട്ടു. അന്നും ഞാൻ പോലീസുകാരനായിരുന്നുവെങ്കിലും പോലീസ് ഡ്യൂട്ടിയുടെ ഭാഗമായിട്ടായിരുന്നില്ല പോയത്. എന്റെ കുടെ ഒരു പോലീസ് സുഹൃത്ത് കുടി ഉണ്ടായിരുന്നു. ഞങ്ങൾ പമ്പ (കക്കി) യിലുള്ള റെസ്റ്റ് ഹൗസിലേക്ക് ചെന്നു. കാരണം ഡ്യൂട്ടിക്കു വന്ന പോലീസ് ഓഫീസേഴ്സ് അവിടെയാണ് തമ്പടിച്ചിരിക്കുന്നത്. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ പഴയ ഗോപാലകൃഷ്ണ പിള്ളയും അമ്പതോളം പോലീസ് ഓഫീസേഴ്സ് ഹാളിനുള്ളിൽ വട്ടം വട്ടം കൂടി ഇരിപ്പുണ്ടായിരുന്നു. ഞാൻ പഴയതുപോലെ ഓഫിസറെ സല്യൂട്ട് ചെയ്തു. ഉടൻ അദ്ദേഹം ചോദിച്ചു. ഡ്യൂട്ടിക്കു വന്നതാണോ? ഞാൻ പറഞ്ഞു അല്ല പിന്നെന്തിനു വന്നു? അദ്ദേഹത്തിന്റെ നിറമാകെ മാറി. ഉറഞ്ഞു തുള്ളാൻ തുടങ്ങി. പെ

ട്ടെന്നു വട്ടം കൂടിയിരുന്ന എല്ലാ പോലീസുദ്യോഗസ്ഥന്മാരും എഴുന്നേറ്റ് വന്നു. ഡി.വൈ.എസ്.പി. പറഞ്ഞു 'എവന്മാരുടെ ബാഗെല്ലാം പരിശോധിക്ക്...'. എന്റെ സുഹൃത്തിന്റെ കൈയിൽ ഒരു കിറ്റ് ഉണ്ടായിരുന്നു. അത് തട്ടിയിട്ടപ്പോൾ ഒരു ഡയറിയും ഒരു തുണ്ട് പേപ്പറും ഒരു പേനയും കൂടി തറയിൽ വീണു. "ഓ... എവമ്മാര്.. യുക്തിവാദിസംഘക്കാരാ... പത്രങ്ങൾക്ക് റിപ്പോർട്ട് ചെയ്യാൻ വന്നതാ.'' എസ്.പി. പറഞ്ഞു. വീണ്ടും അടുത്ത ചോദ്യം സുഹൃത്തിനോട്. "നീ ഡയറിയൊക്കെ എഴുതുവോ... എവന്റെ ഡയറിയെല്ലാം വാങ്ങി പരിശോധിക്കണം." അവസാനം അദ്ദേഹം പറഞ്ഞു; "ഒറ്റ വ്യവസ്ഥ, വിളക്കു കാണണമെങ്കിൽ തിരിച്ചു ചെല്ലുമ്പോൾ പണി കാണില്ല. പണി വേണമെങ്കിൽ മടങ്ങിപ്പോകാം. ഞാനാലോചിച്ചപ്പോൾ ഒന്നു മനസ്സിലായി. വിളക്കു കാണാൻ നിന്നാൽ വിളക്കു കാണിക്കത്തുമില്ല പണി പോവുകയും ചെയ്യും. ചിലപ്പോൾ ശരീരം ചീത്തയാവുകയും ചെയ്യും. ഞാൻ പറഞ്ഞു. ഞങ്ങൾ മടങ്ങി പൊയ്ക്കൊള്ളാം. ഉടൻ ഡി.വൈ.എസ്.പി സർക്കിളിനോട് പറഞ്ഞു ഇവരെ കൊണ്ടു പോയി ബസ്സിൽ കയറ്റി വിട്ടേക്കു. അപ്രകാരം അവർ അതു ചെയ്തു. ഇടയ്ക്ക് എസ്.ഐ സർക്കിളിനോട് ചോദിക്കുന്നതു കേട്ടു". ഒരു പോലീസുകാരൻ വരുമെന്നു പറഞ്ഞിരുന്നത് എവ്നാണല്ലേ?"

പിന്നീടുള്ള വർഷങ്ങളിൽ ഞാൻ പോയിട്ടില്ല. 1990 ൽ ഇന്ത്യൻ യുക്തിവാദി സംഘത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു ഞാൻ. അന്ന് സംഘം പതിനായിരം യുക്തിവാദികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു പൊന്നമ്പലമേട് മാർച്ച് സംഘടിപ്പിക്കുന്നതിനായി തീരുമാനിച്ചു. ഞാൻ ക്യാപ്റ്റനായും സനൽ ഇടമറുക് ജനറൽ ക്യാപ്റ്റനായും കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. പത്രമാധ്യമങ്ങളിൽ പ്രധാന ചർച്ചാ വിഷയമാകുകയും ചെയ്തു. അന്ന് രാമൻ ഭട്ടതിരിപ്പാടായിരുന്നു ദേവസ്വം പ്രസിഡന്റ്. അദ്ദേഹം അന്ന് വിളക്കിനെക്കുറിച്ച് പറഞ്ഞത് മനുഷ്യനോ ശാസ്ത്രത്തിനോ ഇതുവരെ തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത 'അത്ഭുത പ്രതിഭാസ' മാണെന്നായിരുന്നു. അതുകൊണ്ട് ഞങ്ങളുടെ പ്രധാന ആവശ്യം ഈ പ്രസ്താവന സർക്കാർ പിൻവലിക്കണമെന്നായിരുന്നു. സമര ഒരുക്കങ്ങളുടെ അവസാനഘട്ടം ഞങ്ങൾ മുഖ്യമന്ത്രി നായനാരെ കാണുകയും ആവശ്യമുയർത്തുകയും ചെയ്തു. അപ്പോൾ "അത് അത്ഭുതമൊന്നുമല്ല. ആ ഭട്ടതിരിപ്പാടി (ദേവസ്വം പ്രസിഡന്റ്) ന്റെ

അത് പണിയാ" എന്ന് നായനാർ സ്വതസിദ്ധമാം ശൈലിയിൽ പറഞ്ഞു. അത് ദേവസ്വം പ്രസിഡന്റിന്റെ നേതൃത്വത്തിൽ കൊളുത്തി കാണിക്കുന്നതാണെന്നുമായിരുന്നു. തുടർന്നു ഞങ്ങൾ മാർച്ച് പിൻവലിച്ചതായി പ്രഖ്യാപിച്ചു.

1995 ൽ ഞാനെഴുതിയ ശബരിമല അയ്യപ്പൻ 'വിശ്വാസവും യാഥാർത്ഥ്യവും' എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പിന്റെ പ്രകാശനം നിർവ്വഹിക്കുന്നതിന് ഡി.ജി.പിയായിരുന്ന എൻ.കൃഷ്ണൻ നായരോട് അഭ്യർത്ഥിച്ചു. അദ്ദേഹം പറഞ്ഞു പുസ്തകം കൊണ്ടുവരു വായിച്ചു നോക്കിട്ട് വരാനൊക്കുമോ ഇല്ലയോ എന്നു പറയാം എന്നു പറഞ്ഞു. പുസ്തകം കൊടുക്കുകയും വായിച്ചു നോക്കുകയും ചെയ്തശേഷം അദ്ദേഹം പ്രകാശനം ചെയ്യാൻ വരാമെന്ന് സമ്മതിച്ചു. അപ്രകാരം കൊല്ലം കാർത്തിക ഹോട്ടലിൽ വെച്ചു നടന്ന പ്രകാശന ചടങ്ങിൽ അദ്ദേഹം പറഞ്ഞു. അയ്യപ്പ സേവാ സംഘം പ്രസിഡന്റ് വി.എൻ.നെഹ്റു ഇത് കൊളുത്തുന്നതാണെന്നും അങ്ങനെ വെളിപ്പെടുത്തണമെന്നും അഭിപ്രായമുള്ള ആളായിരുന്നു. വർഷം തോറും പോലീസിന് അയ്യപ്പ സേവാ സംഘം കൊടുത്ത റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. ഞാൻ മാതൃഭുമിയിൽ ആത്മകഥ എഴുതുന്നുണ്ടു. എല്ലാം അതിൽ വിശദീകരിക്കും. നിങ്ങൾ വായിച്ചോളു എന്നു പറഞ്ഞു. മറ്റൊരു സന്ദർഭത്തിൽ അദ്ദേഹം എന്നെ കണ്ടപ്പോൾ പറഞ്ഞു. അവർ ആ കത്തുകൾ പ്രസിദ്ധീകരിച്ചില്ല. എനിക്കിനി അതിന്റെ ആവശ്യമില്ല. താങ്കൾക്കത് പ്രയോജനപ്പെട്ടേക്കും താങ്കൾ ഒരു ദിവസം വീട് വരെ വരിക. ഞാനങ്ങനെ അദ്ദേഹത്തിന്റെ വീട്ടിൽ പോവുകയും മകരവിളക്ക് കൊളുത്തുന്നത് സംബന്ധിച്ച് അയ്യപ്പ സേവാ സംഘം പോലീസിന് കൊടുത്ത കത്തുകൾ എനിക്കു തരികയും ചെയ്തു. അക്കാലത്തും മകരവിളക്കിനെക്കുറിച്ച് പത്രദൃശ്യ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുമ്പോൾ ദിവ്യജ്യോതിയാണെന്നും അത്ഭുതമാണെന്നും പറയുമായിരുന്നു. അതുകൊണ്ട് വീണ്ടും 2011 ൽ ഭാരതീയ യുക്തിവാദി സംഘത്തിനു വേണ്ടി സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്ന ഈ ലേഖകൻ സംസ്ഥാന സർക്കാർ, ഫോറസ്റ്റ്, ഡി.ജി.പി., തിരുവിതാംകൂർ ദേവസ്വം ബോർഡ്, വൈദ്യുതി ബോർഡ് എന്നിവരെ പ്രതികളാക്കി ഹൈക്കോടതിയിൽ അഡ്വ.രാംകുമാർ മുഖേന റിട്ട് ഹർജി നൽകി.

അതിനെ തുടർന്ന് കോടതി പ്രതികളിൽ നിന്നും വിശദികരണം

ആവശ്യപ്പെട്ടു. ദേവസ്വം ബോർഡ് കൊടുത്ത സത്യവാങ്മൂലത്തിൽ മകര സംക്രാന്തി ദിവസം പൊന്നമ്പല മേട്ടിൽകാണപ്പെടുന്നത് ദിവ്യജ്യോതിസ്സാണെന്നോ മനുഷ്യാതീതമായ ശക്തിയുടെ സൃഷ്ടിയാണെന്നോ ഒരിക്കലും അവകാശപ്പെട്ടിട്ടില്ലെന്നു വ്യക്തമാക്കിയിരുന്നു. റിട്ട് ഹർജി പൊതുവെ തള്ളിയെങ്കിലും ദേവസ്വത്തിന്റെ അഭിപ്രായം വിധിന്യായത്തിൽ എടുത്തു പറഞ്ഞിരുന്നു. ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ, ജസ്റ്റിസ് എസ്.എസ്. സതിഷ് ചന്ദ്രനുമടങ്ങിയ സമിതിയാണു വിധി പ്രഖ്യാപിച്ചത്. ആ സന്ദർഭത്തിൽ ദേവസ്വം മന്ത്രിയായിരുന്ന ജി.സുധാകരന്റെയും എന്റെയും വെളിപ്പെടുത്തൽ കൈരളി ചാനൽ ചിത്രങ്ങൾ സഹിതം പ്രക്ഷേപണം ചെയ്തു.

ഈ സന്ദർഭത്തിൽ രാഹുൽ ഈശ്വറും മുത്തച്ഛനുമായി തിരവുവനന്തപുരം പ്രസ്സ് ക്ലബിൽ വരികയും കോടതിവിധിയിൽ പറയുന്ന വസ്തുത വിശദീകരിക്കുകയും ചെയ്തു. മകരവിളക്ക്കൊളുത്തുന്നത് തന്നെ, എന്നാൽ മകരജ്യോതിസ്സ് കൊളുത്തുന്നതല്ലെന്നും സ്വയം ഭുവാണെന്നും വിളക്കു പ്രത്യക്ഷപ്പെടുമ്പോൾ ഉദിച്ചു നില്ക്കുന്ന നക്ഷത്രമാണ് മകരജ്യോതിസ്സ് എന്നുമായിരുന്നു.

പത്രവാർത്ത വന്നതിന്റെ പിറ്റേദിവസം തന്നെ ഞാൻ തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ ചെല്ലുകയും ജഡ്ജ്മെന്റ് പരാമർശത്തേയും രാഹുൽ ഈശ്വറിന്റെ വാദങ്ങളെയും പൊളിക്കുകയും ചെയ്തു. വിധിയിൽ പരാമർശിക്കുന്ന ദിവ്യ നക്ഷത്രം വേട്ടക്കാരൻ (ഓറിയോൺ?) എന്ന നക്ഷത്ര സമുഹത്തിന് തൊട്ടു താഴെയുള്ള നക്ഷത്രഗണമാണ് വേട്ടപ്പട്ടി കാനിസ്മേജർ (വേട്ടപ്പട്ടി). കാനിസ്മേജറിലെ തിളങ്ങുന്ന ഒരു നക്ഷത്രമാണ് സിറിയസ് (രുദ്രൻ). ഈ സിറിയസ് മേൽശാന്തിയും മകനും പറയുന്നതുപോലെ ഒരു നക്ഷത്രമല്ല. മറിച്ച് രണ്ടു നക്ഷത്ര (മൂന്നെണ്ണമാണെന്ന സ്ഥിരീകരിക്കാത്ത അഭിപ്രായവുമുണ്ട്) മാണ്. സിറിയസ് എ. എന്നും സിറിയസ് ബി. എന്നുമാണ് ഇതിന്റെ പേർ. മകര വിളക്ക് കൊളുത്തുന്നത് നേരിട്ടു അടുത്തു നിന്നു കണ്ടിട്ടുള്ള ആളാണ് ഈ ലേഖകൻ. 1992 ൽ ഞാനവിടെ നിൽക്കുമ്പോൾ ദിവ്യനക്ഷത്രത്തിന്റെ കാര്യം പരിശോധിക്കുകയുണ്ടായി, അത്ഭുതമെന്നു പറയട്ടെ. അപ്പോൾ ആകാശത്ത് ഈ നക്ഷത്രം മാത്രമല്ല ഉണ്ടായിരുന്നത് കുടെ ഒരായിരം നക്ഷത്രങ്ങളും ഉണ്ടായിരുന്നു.

# 13

## സായിബാബയുടെ മറുപുറം

ഒരിക്കൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെ കാണാൻ സത്യസായി ബാബ ഡൽഹിയിലെത്തി. അന്ന് മനുഷ്യ ദൈവങ്ങളെക്കാൾ വലിയവൻ പ്രധാനമന്ത്രിയായിരുന്നു. അതുകൊണ്ട് പ്രധാനമന്ത്രിയെ കാണണമെങ്കിൽ ഡൽഹിയിൽ ചെല്ലണമായിരുന്നു. ഇപ്പോൾ പ്രധാനമന്ത്രി, പ്രസിഡന്റ് എന്നിവരെക്കാൾ വലുത് മനുഷ്യ ദൈവങ്ങളാണ്. അതുകൊണ്ടാണ് നമ്മുടെ പ്രധാനമന്ത്രിയും പ്രസിഡന്റുമൊക്കെ ദൈവങ്ങളെക്കാണാൻ അങ്ങോട്ട് ചെല്ലുന്നത്.

നെഹ്റുവിനെ കണ്ടമാത്രയിൽ സായിബാബ പറഞ്ഞു. "ഞാൻ വിദേശ രാജ്യങ്ങളിൽ പോയി പല പ്രമുഖരേയും കണ്ടു. അവരെല്ലാം എന്റെ അത്ഭുതപ്രവൃത്തികൾ കണ്ടു സർട്ടിഫിക്കറ്റുകൾ തന്നിട്ടുണ്ട്. വായുവിൽ നിന്നും മോതിരവും മാലയും വിഭൂതിയുമൊക്കെ എടുത്തുകാണിക്കുന്നത് കണ്ടിട്ടാണ് സർട്ടിഫിക്കറ്റ് തന്നിട്ടുള്ളത്. അങ്ങും സർട്ടിഫിക്കറ്റ് തരണം.

അണക്കെട്ടു സന്ദർശിച്ചതിനുശേഷം ഇതാണു യഥാർത്ഥ ദേവാലയമെന്നും ഇതു നിർമ്മിച്ച തൊഴിലാളികളാണ് യഥാർത്ഥ ദേവന്മാരുമെന്നും ഒരിക്കൽ പറഞ്ഞ ജവഹർലാൽ സായ്ബാബയോട് പറഞ്ഞു. "ഒരു വ്യവസ്ഥ. ഞാൻ പറയുന്നതുപോലെ അത്ഭുതം ചെയ്തുകാണിക്കണം. സർട്ടിഫിക്കറ്റ് തരാം." സായ്ബാബ കാതോർത്തു നിന്നു. നെഹ്റു പറഞ്ഞു. "നമ്മുടെ രാജ്യം

പട്ടിണിരാജ്യമാണ്. പതിനായിരങ്ങൾ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി വളരെയധികം ബുദ്ധിമുട്ടുന്നു. അതുകൊണ്ടു താങ്കൾ ഗംഗയുടെ തീരത്തു ചെന്നു ഓരോ മണലുകളും അരിയാക്കിയിട്ടു വരൂ, സർട്ടിഫിക്കറ്റ് തരാം. അപ്പോഴാണ് ബാബയ്ക്ക് കാര്യം മനസ്സിലായത്. നെഹ്റുവിന്റെ മുമ്പിൽ ചെപ്പടിവിദ്യ ചെലവാകില്ലെന്ന്. പിന്നീടൊരു നിമിഷം ബാബ അവിടെ നിന്നില്ല. സ്ഥലം കാലിയാക്കി. അന്നു പോയ ബാബ പിന്നീടൊരിക്കലും ഡൽഹിയിൽ പോയിട്ടില്ലെന്നാണറിയുന്നത്.

1980 കാലത്ത് സായ്ബാബയെ ശ്വാസം മുട്ടിപ്പിച്ച മറ്റൊരു സംഭവമുണ്ടായി. അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന സായ്ബാബയെ ഡോ. എ.ടി.കോവൂർ വെല്ലുവിളിച്ചു. തലമുണ്ഡനം ചെയ്തു ഒറ്റ തോർത്തുമുണ്ടുടുത്തു വന്നു അത്ഭുതങ്ങൾ കാണിക്കാൻ തയ്യാറാണോ. ബാബ ആ വെല്ലുവിളി സ്വീകരിച്ചില്ല. പക്ഷെ കോവൂരു വിട്ടില്ല. കോവൂർ ദക്ഷിണേന്ത്യൻ പര്യടനകാലത്ത് നേരെ പുട്ടപർത്തിയിൽ ചെന്നു. അവിടെ നടന്ന യോഗത്തിലേക്ക് സായ്ബാബയെ ക്ഷണിച്ചു. പക്ഷെ സായ്ബാബ വന്നില്ല. പക്ഷെ എല്ലാ അത്ഭുതങ്ങളും കോവൂർ അവിടെ വെച്ച് അനാവരണം ചെയ്തു. ബാബയ്ക്ക് ഒരു ദിവ്യതയുമില്ലെന്ന തെളിയിച്ചിട്ടാണ് കോവൂർ മടങ്ങിയത്.

പണ്ടുമുതൽ പറഞ്ഞു കേൾക്കുന്ന കാര്യങ്ങളാണ് സായ്ബാബയുടെ പീഢന കഥകൾ. കുട്ടികളോടും സ്ത്രീകളോടും ബാബ ലൈംഗികമായി ഇടപെടുന്നു വെന്നത്. 1970 കാലഘട്ടത്തിൽ മലയാളത്തിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. 'സായ്ദാസികൾ' എന്നാണ് ആ പുസ്തകത്തിന്റെ പേര്. ദീർഘകാലം സായ്ബാബയുടെ വിശ്വാസികളായിരുന്ന ഒരു കുടുംബത്തിലെ അംഗവും പോത്തനൂർക്കാരനുമായ പ്രേമാനന്ദ് ആണ് ആ പുസ്തകം എഴുതിയത്. പുത്രസൗഭാഗ്യമില്ലാതെ വരുന്ന സ്ത്രീകളെ ആശ്രമത്തിൽ 41 ദിവസം ഭജനം പാർക്കാൻ നിർദ്ദേശിക്കുകയും അതുവഴി പീഢനത്തിനിരയാക്കുകയും ചെയ്തപ്പോൾ ഇറങ്ങി ഓടിയ സ്ത്രീകളുടെ കഥകൾ. ഒരു സ്ത്രീ ഭർത്താവിനോട് പറഞ്ഞത് രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്." കണ്ടവന്റെ കൊച്ചുങ്ങളെ ചുമക്കുന്നതിനെക്കാൾ ഭേദം നമുക്ക് മക്കളില്ലാതിരിക്കുന്നതാണ് നന്നു" എന്നായിരുന്നു.

പുസ്തകമെഴുതിയ പ്രേമാനന്ദ് വിശ്വാസിയായിരുന്ന കാലത്ത് കോളേജ് ഉണ്ടാക്കുന്നതിനായി ബാബയ്ക്ക് നൂറോളം ഏക്കർ സ്ഥലം ദാനമായി നൽകിയിരുന്നു. എന്നാൽ ബാബയുടെ പ്രവർത്തനങ്ങളിൽ സത്യസന്ധത ഇല്ലാത്തതിനാൽ ദാനം ചെയ്ത ഭൂമി നീണ്ട നിയമ യുദ്ധത്തിലൂടെ പ്രേമാനന്ദ് തിരിച്ചു വാങ്ങിക്കുകയുണ്ടായി. വീണ്ടും പ്രേമാനന്ദിന്റെ വസ്തുവിനോടുള്ള കയ്യേറ്റ ശ്രമങ്ങൾക്കെതിരെ പ്രേമാനന്ദ് സായ്ബാബയോട് കേസ് പറഞ്ഞിരുന്നു.

2001 മാർച്ചിലെ ഇന്ത്യാ ടുഡേയിൽ ഒരു സമ്പൂർണ്ണ റിപ്പോർട്ട് വന്നിരുന്നു. അതു കുട്ടികളെ ബാബ ലൈംഗികമായി പീഡിപ്പിക്കുന്നുവെന്ന് പറഞ്ഞാണ്. 1999 ൽ അമേരിക്കയിലെ സായ്ബാബാ ഓർഗനൈസേഷന്റെ പ്രസിഡന്റായിരുന്ന യംഗിന്റെ മകൻ സാമിനെ 1977 മുതൽ (സാമിന് 16 വയസ്) 1999 ലെ വേനൽക്കാലം വരെ സായ്ബാബ പീഡിപ്പിച്ചിരുന്നുവെന്നു ലണ്ടനിലെ ഡെയ്ലി ടെലിഗ്രാഫ് എന്ന പത്രം റിപ്പോർട്ടു ചെയ്യുകയുണ്ടായി. ഇന്ത്യാ ടുഡേ നടത്തിയ അന്വേഷണത്തിൽ അതു ശരിവെക്കുകയും ചെയ്തിരുന്നു. സാമിന്റെ തലപിടിച്ചു താഴ്ത്തി വദനസുരതം ചെയ്യാൻ നിർബന്ധിച്ചതും സാമിന്റെ ലിംഗം തലോടുകയും വായിലിടുകയും ചെയ്ത ബാബ ഉദ്ധാരണം ഉണ്ടാകാത്തതിൽ കുപിതനാവുകയും ബാബ പിന്നീട് സുന്ദരിയായ സ്ത്രീയായി മാറി സാമിനെ സ്വീകരിക്കാമെന്നു പറഞ്ഞെന്നും പിന്നീട് നടന്നില്ലെന്നും പറയുന്നു.

ബാബയെ 20 വർഷത്തിലധികം ദൈവമായി കരുതിയിരുന്ന യംഗ് ദമ്പതികളുടെ വെളിപ്പെടുത്തൽ വൻ ഒച്ചപ്പാടുണ്ടാക്കി. ബാബയുടെ ആശ്രമത്തിൽ 1992-95 കാലഘട്ടത്തിൽ സ്വയം സേവക സുരക്ഷാ ഭടനായി പ്രവർത്തിച്ച ചിക്കാഗോയിലെ സോഫ്റ്റ് എഞ്ചിനീയർ ഹരി സമ്പത്ത് പറയുന്നു തന്റെ അന്വേഷണത്തിൽ ബാബയുടെ ബാലലൈംഗിക പീഢനങ്ങൾ ശരിയായിരുന്നുവെന്നാണ്. ചുരുക്കത്തിൽ ഇന്നായിരുന്നുവെങ്കിൽ ലൈംഗിക പീഢനത്തിനു ബാബയെ അറസ്റ്റ് ചെയ്യുമായിരുന്നു.

1993 ജൂൺ 6 ന് രാത്രി പത്തര മണിക്ക് ബാബക്ക് നേരെ വധശ്രമമുണ്ടായി. വധശ്രമത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നുവെന്ന് ഇതുവരെ ആരും അന്വേഷിച്ചിട്ടില്ല. തന്റെ ശിഷ്യന്മാരായ ഇ.കെ.സുരേഷ് കുമാർ, ജഗന്നാഥൻ, കെ.സായ്റാം, സുരേഷ് ശാന്താറാം പ്രഭു എ

ന്നിവർ ബാബയുടെ മുറിയിലേക്ക് കടന്നു ചെന്നു ബാബയെ കൊല്ലാൻ ശ്രമിച്ചു. പദ്ധതി പാളിപ്പോയതിനാൽ സെക്യൂരിറ്റികളായ രാധാകൃഷ്ണൻ, സായികുമാർ മഹാജൻ എന്നിവർ കുത്തേറ്റു മരിച്ചു. സായ് ബാബ അടുത്ത മുറിയിൽ കയറി പൂട്ടി അലാറാം മുഴക്കി ഭക്തജനങ്ങളെയും പോലീസിനേയും വിളിച്ചാണ് രക്ഷപ്പെട്ടത്. പോലീസ് തൽക്ഷണം നാല് ശിഷ്യന്മാരെയും വെടിവെച്ചുകൊന്നു.

ഇവിടെ അവശേഷിച്ച ചോദ്യങ്ങൾ എന്തിനാണ് പ്രിയ ശിഷ്യന്മാർ അവരുടെ ഗുരുവായ ബാബയെ വധിക്കാൻ ഗൂഢാലോചന നടത്തിയത്? എന്തുകൊണ്ടാണ് വന്ന പോലീസ് ഒരാളെപോലും അരക്കു താഴെ വെടിവെച്ചു പിടിക്കാതിരുന്നത്? എന്നിവയാണ്.

1980 കാലഘട്ടത്തിൽ വലിയൊരു പ്രചാരണമുണ്ടായിരുന്നു. സായ് ബാബ മരിക്കുമ്പോൾ ബീഹാറിൽ ഒരു സ്ഥലത്തു പുനർജനിക്കുമെന്ന്. പക്ഷെ അതു ഇതുവരെ ഉണ്ടായില്ല. ഉണ്ടായെങ്കിൽ മീഡിയയിൽ വരുമായിരുന്നു.

പല ശിഷ്യന്മാരുടെയും മനസ്സിൽ പ്രത്യക്ഷപ്പെടുകയും അപകടങ്ങളിൽ നിന്നും രക്ഷിച്ചുവെന്നും പറയുന്ന ബാബ ഒരു മാസക്കാലം ആസ്പത്രിയിൽ ജീവന്മരണപോരാട്ടം നടത്തി. അവസാനം ജീവൻ നിലനിന്നത് ഡോക്ടർമാരുടെ സഹായത്താലായിരുന്നു. ഭൗതിക സുഖഭോഗങ്ങൾ ഉപേക്ഷിച്ച ഷിർദ്ദിസായ് ബാബയുടെ പുനർജന്മമാണ് സായ്ബാബ എന്നവകാശപ്പെടുമ്പോൾ ഷിർദ്ദിയുടെ നാട്ടുകാർ ഇതംഗീകരിക്കുന്നില്ലെന്നുള്ളത് ശ്രദ്ധേയമാണ്. 96 വയസ്സുവരെ ജീവിച്ചിരിക്കുമെന്നു പറഞ്ഞ ബാബ എൺപത്തി നാലിൽ മരിക്കേണ്ടി വന്നത് ബാബക്ക് ഒരു സിദ്ധിയുമില്ലെന്നതിന്റെ തെളിവാണ്.

ബാബ്റി മസ്ജിദ് വിവാദകാലത്തു ബാബ ആരുടെയും പക്ഷം ചേർന്നില്ലെന്നും പ്രശംസനീയമായി പറയാറുണ്ട്. യഥാർത്ഥത്തിൽ ബാബ അങ്ങനെയൊരു നിലപാട് സ്വീകരിച്ചതു വിശ്വപ്രേമംകൊണ്ടായിരുന്നില്ല. മറിച്ചു ബാബയ്ക്ക് മുസ്ലീം അനുയായികൾ നഷ്ടപ്പെടുമെന്ന് ഭയന്നിട്ടായിരുന്നു. ജാതിമതങ്ങൾക്കതീതനാണെന്ന പ്രചാരണം തട്ടിപ്പായിരുന്നുവെന്ന് അദ്ദേഹത്തിന്റെ മരണാനന്തര ചടങ്ങ് വ്യക്തമാക്കുന്നു. ബാബ ഒരു ഹിന്ദുവായി തന്നെയാണ് മരിച്ചത്. എല്ലാവിധമായ ഹിന്ദുമതാചാരങ്ങളോടെ.

എല്ലാ വലിയ മതസ്ഥാപനങ്ങളിലെയും സംഘർഷം സായിയുടെ ആശ്രമത്തിലും നടക്കുന്നുണ്ട്. 40,000 കോടിയുടെ ഉടമസ്ഥാവകാശം നേടുന്നതിന് മരണാനന്തരം ശിഷ്യന്മാർ മത്സരിക്കുകയുണ്ടായി.

അവസാനകാലത്തു സായിബാബയെ ജീവനോടെ കുഴിച്ചിടാൻ (സജീവ സമാധി) ശ്രമം നടത്തിയെന്ന് പറയുന്നത് ഇതിന്റെ ഭാഗമാണ്.

എല്ലാ മഠങ്ങളിലെയും ദൈവങ്ങൾ പാവകളാണെന്ന് തെളിഞ്ഞു വരികയാണ്. ഇത്തരം ശ്രമങ്ങൾക്ക് പിന്നിൽ ഒരു ബുദ്ധി വർഗ്ഗം പ്രവർത്തിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. അവരാണ് സായ്ബാബമാരെ സൃഷ്ടിക്കുന്നതും സ്ഥാപനം നടത്തുന്നതും ലാഭം കൊയ്യുന്നതും.

സായ്ബാബയുടെ 6 അംഗങ്ങൾ ഇതിനുദാഹരണമാണ്. സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് പി.എൻ.ഭഗവതി, മുംബൈയിൽ നിന്നുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഇന്ദുലാൽ ഷാ, മുൻകേന്ദ്ര വിജിലൻസ് കമ്മീഷണർ എസ്.വി.ഹിരി, വ്യവസായിയും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് മുൻ ദേശീയ പ്രസിഡന്റ് വി.ശ്രീനിവാസൻ, റിട്ട. ഐ.എ.എസ്.ഓഫീസർ ചക്രവർത്തി തുടങ്ങിയവരാണ്.

ചില്ലറകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും അതിന്റെ മറവിൽ വൻ ആരോഗ്യ-വിദ്യാഭ്യാസ കച്ചവടവും മറ്റും നടത്തുന്ന നടപടികളാണ് ആശ്രമങ്ങളിൽ പൊതുവെ കാണുന്നത്. സായ്ബാബയും ഇതിൽ നിന്നും അന്യമാണെന്നു തോന്നുന്നില്ല. അതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തേണ്ടതുണ്ട്.

# 14

## മതതീവ്രവാദികൾ ആക്രമിച്ച സിനിമകൾ

ലോക മുസ്ലീം തീവ്രവാദത്തിന്റെ വിശ്വരൂപമാണ് 'വിശ്വരൂപം' എന്ന സിനിമയിലൂടെ കമലഹാസൻ അവതരിപ്പിച്ചത്. അതുകൊണ്ട് തന്നെ തീവ്രവാദികളുടെ എതിർപ്പും ഉണ്ടായി. എങ്കിലും ചില ഭേദഗതികളോടെ ചിത്രം വീണ്ടും പ്രദർശിപ്പിക്കുവാൻ കഴിഞ്ഞു വെന്നത് വിജയമാണ്.

മറ്റു സിനിമകളെ അപേക്ഷിച്ചു വിശ്വരൂപത്തിനെതിരെയുള്ള നീക്കം തുടക്കം മാത്രമായിരുന്നു. വിശ്വരൂപത്തിന് പിന്നാലെ വന്ന ചില സിനിമകൾക്കും പ്രതിഷേധമുണ്ടായി. അതിൽ ആദ്യത്തേത് റോമൻസ് ആയിരുന്നു. ബോബൻ കുഞ്ചാക്കോയും ബിജു മേനോനും പുരോഹിതന്മാരായി അഭിനയിക്കുന്നതാണ് സിനിമ. പെരുന്നാൾ നടത്താൻ കഴിയാതെ മുടങ്ങിക്കിടന്ന പള്ളിയിലേക്ക് രണ്ടു കള്ളന്മാർ കടന്നുവരുന്നു. കടന്നുവന്ന കള്ളന്മാർ റോമിൽ നിന്നും വന്ന പുരോഹിതന്മാരാണെന്നു പള്ളി അധികാരികൾ വിശ്വസിക്കുന്നു, സത്പ്രവൃത്തിയിലൂടെ വിശ്വാസികളുടെ ഹൃദയം കവർന്ന പുരോഹിതന്മാർ അവസാനം പള്ളിയിലെ പെരുന്നാൾ നടത്താൻ തന്നെ തീരുമാനിച്ചു. എന്നാൽ ആരു നടത്തിയാലും നടത്തുന്നവർ ചോര ഛർദ്ദിച്ചു മരിക്കുമെന്നാണ് വിശ്വാസം. അങ്ങനെ ശ്രമിച്ച ഒരു പുരോഹിതൻ നേരത്തെ അകാലചരമം പ്രാപിച്ചിരുന്നു. അയാൾ ശവക്കല്ലറയിൽ അന്ത്യവിശ്രമം

കൊള്ളുന്നുണ്ട്. കല്ലറയിലെ ആത്മാവാണ് ചോര വർദ്ധിപ്പിക്കുന്നതിനു പിന്നിലെന്നു മനസ്സിലാക്കിയ റോമൻ പുരോഹിതൻ ഈ അന്ധവിശ്വാസമാണ് തകരേണ്ടതെന്നു പറഞ്ഞു ആ ശവക്കല്ലറ വെട്ടിപ്പൊളിക്കാൻ ശ്രമിക്കുന്നു. തൽക്ഷണം ശവക്കല്ലറയിലെ പുരോഹിതന്റെ പിതാവ് രോഷാകുലനായി പറയുന്നു. ഈ ശവക്കല്ലറയല്ല വെട്ടിപൊളിക്കേണ്ടത് ആ പള്ളിയാണ് വെട്ടിപ്പൊളിക്കേണ്ടത്. എന്റെ മകൻ പള്ളിക്കാരെ ശുദ്ധീകരിക്കാൻ ശ്രമിച്ചപ്പോൾ അവനെ അവർ കൊല ചെയ്യുകയാണുണ്ടായത് എന്നു പറഞ്ഞു. ഈ സന്ദർഭമാണു ക്രൈസ്തവസഭയെ കലി തുള്ളിപ്പിച്ചത്.

മണിരത്നം സംവിധാനം ചെയ്ത കടലിനെതിരെയും മത സംഘടനകൾ ക്ഷുഭിതരായി. യേശുവിന്റെ ഏട്ടനായി സാത്താനെ അവതരിപ്പിക്കുകയും രണ്ടുപേരും തമ്മിലുള്ള മത്സരത്തിൽ സാത്താൻ ജയിക്കുകയും ചെയ്തതായി ചിത്രീകരിച്ചിരിക്കുന്നു. കഥാനായകന്റെ ബാല്യം കാണിക്കുമ്പോൾ പള്ളിയിൽ മൂത്രമൊഴിക്കുന്ന ഒരു രംഗം കൂടിയുണ്ട്. ഇക്കാരണങ്ങളാൽ ഈ ചിത്രം പ്രദർശിപ്പിക്കാൻ പാടില്ലെന്നും വിവാദ ഭാഗങ്ങൾ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു ചെന്നൈ പോലീസ് കമ്മീഷണർക്ക് മതസംഘടനക്കാർ പരാതി കൊടുക്കുകയും ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുകയും ചെയ്തിരുന്നു.

സൂര്യ നായകനാവുന്ന സിങ്കം-2 ൽ കടൽക്കൊള്ളക്കാരായി കാണിക്കുന്നത് മുസ്ലീംങ്ങളെയാണെന്നും അതുകൊണ്ടു ചിത്രം പ്രദർശിപ്പിക്കാൻ അനുവദിക്കില്ലെന്നും കാണിച്ചു മുസ്ലിം മതസംഘടനകൾ പ്രതിഷേധമുയർത്തിയിരുന്നു. ഈ ചിത്രത്തിന്റെ ഷൂട്ടിംഗ് പൂർത്തിയാകുന്നതിന് മുമ്പേയാണ് ഈ പ്രതിഷേധം. അതുപോലെ മറ്റൊരു ചിത്രമാണ് അമീർ സംവിധാനം ചെയ്ത ആദി ഭഗവാൻ. ആദി ഭഗവാനു പിന്നിൽ ഹിന്ദുമത വാദികളാണ്. കൃഷ്ണമൂർത്തി എന്ന അഡ്വക്കേറ്റിന്റെ നേതൃത്വത്തിലാണ് പ്രതിഷേധക്കാർ സംഘടിച്ചിരിക്കുന്നത്. അവർ മുന്നോട്ടു വയ്ക്കുന്ന വാദം ആദി ഭഗവാൻ എന്നത് ഹിന്ദു ദൈവ സങ്കല്പത്തിന്റെ അടിസ്ഥാനമാണെന്നും അതുകൊണ്ടു അത്തരം പേര് സിനിമയ്ക്ക് നൽകിയത് മതവികാരം വ്രണപ്പെടുത്തുന്നതാണെന്നും ഇതു ഹിന്ദുമതത്തെ അവഹേളിക്കുന്നതാണെന്നും അതുകൊണ്ടു ഈ സിനിമ തിയേറ്ററിൽ കാണിക്കാൻ അനുവദിക്കില്ലെന്നുമാണ്.

വിക്രം നായകനായ ചിത്രമാണ് ഡേവിഡ്. ഡേവിഡിന്റെ കേന്ദ്ര ബിന്ദു ക്രിസ്തു മതത്തിലേക്ക് മതപരിവർത്തനം ചെയ്യുന്ന പാസ്റ്ററുടെ കഥയാണ്. ഹൈന്ദവ തീവ്രവാദിയായ ഒരു വനിതാ നേതാവിന്റെ ആഹ്വാനപ്രകാരം ആയിരങ്ങളടങ്ങിയ ജനക്കൂട്ടം പാസ്റ്ററെയും കുടുംബത്തേയും നിഷ്ഠൂരമായി ഉപദ്രവിക്കുന്ന ഒരു രംഗം സിനിമയിലുണ്ട്. മറ്റൊരു സന്ദർഭത്തിൽ വമ്പിച്ച റാലിയെ അഭിസംബോധന ചെയ്തുകൊണ്ടു നിൽക്കുന്ന വനിതാ നേതാവിന് നേരെ ജനക്കൂട്ടത്തിൽ നിന്നും അജ്ഞാതനായ ഒരു ചെറുപ്പക്കാരൻ നേതാവിന്റെ നെഞ്ചിലേക്ക് നിറയൊഴിക്കുകയും അവർ മരണപ്പെടുകയും ചെയ്യുന്നു. ഈ ചിത്രീകരണത്തിനെതിരെ ഹിന്ദുമത സംഘടനകൾ രംഗത്തു വരികയുണ്ടായി.

തമിഴ് ചിത്രമായ തുപ്പാക്കിയിൽ പ്രത്യക്ഷപ്പെടുന്ന തീവ്രവാദികളുടെ പേരെല്ലാം ഇസ്ലാം മതത്തിലേതാണെന്നും തീവ്രവാദികൾ ഖുർആൻ വായിക്കുന്നുണ്ടെന്നും പറഞ്ഞു ചില മുസ്ലീം സംഘടനകൾ രംഗത്തു വന്നു. പക്ഷെ പ്രശ്നം വഷളാക്കുന്നതിനുമുമ്പ് തുപ്പാക്കിയുടെ നിർമാതാവും സംവിധായകനും മുസ്ലീം സംഘടനയുടെ പ്രതിപുരുന്മാരുമായി ചർച്ച ചെയ്യുകയും വിശ്വരൂപത്തിൽ നിന്നും ഒഴിവാക്കിയതുപോലെ ചില രംഗങ്ങൾ ഒഴിവാക്കി പ്രശ്നം പരിഹരിച്ചു. വിശ്വരൂപത്തിനു ലഭിച്ച കളക്ഷൻപോലെ 2012 ൽ തുപ്പാക്കി വമ്പിച്ച കളക്ഷൻ നേടി.

സിനിമയ്ക്കെതിരെ ഇത്രയും എതിർപ്പുണ്ടാകുന്നതു ഇപ്പോഴാണ്. ഇതുവരെ ഉണ്ടായ എതിർപ്പെല്ലാം സാഹിത്യത്തിനെതിരെയായിരുന്നു. പ്രവാചകൻ മുഹമ്മദിനെ കുറിക്കുന്ന ഒരു കഥ 1985 ൽ ഡെക്കാൻ ഹെറാൾഡിൽ പ്രസിദ്ധീകരിച്ചതിനെ തുടർന്ന് ബാംഗ്ലൂരിൽ മുസ്ലീം മതസംഘടനകൾ വലിയ കലാപം അഴിച്ചുവിട്ടിരുന്നു. അതെ സമയത്തു തന്നെ അംബേദ്ക്കറിന്റെ ഹിന്ദു മതത്തിന്റെ പ്രഹേളികൾ എന്ന ഗ്രന്ഥത്തിനെതിരെ മഹാരാഷ്ട്രയിലെ ശിവസേന കലാപം അഴിച്ചു വിട്ടിരുന്നു.

ഈ കാലയളവിൽ തന്നെയാണ് കസാൻദ് സാക്കീസിന്റെ 'ദി ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ്' എന്ന പുസ്തകത്തെ അവലംബമാക്കി എം.കെ.വാര്യർ എഴുതിയ ക്രിസ്തുവിന്റെ അന്ത്യപ്രലോഭനവും പി.എം.ആന്റണി എഴുതിയ ക്രിസ്തുവിന്റെ ആറാം തിരു

മുറിവ് എന്ന നാടകത്തിനെതിരെയും കത്തോലിക്കാ സഭ ബഹളമുണ്ടാക്കിയത്. ഇതേ കാലയളവിൽ 'ഭഗവാൻ കാലുമാറുന്നു' എന്ന നാടകം അവതരിപ്പിക്കുന്നതിനെ ഹിന്ദുമത സംഘടനകളും പ്രക്ഷോഭമുയർത്തിയിരുന്നു. ഡാവിഞ്ചികോഡ്, ജീസസ് ക്രൈസ്റ്റ് ദി സൂപ്പർസ്റ്റാർ എന്നീ ചിത്രങ്ങൾക്കെതിരെ ക്രിസ്ത്യാനികളും ദീപാ മേത്തയുടെ വാട്ടർ, ഫയർ എന്നീ ചിത്രങ്ങൾക്കെതിരെ ഹിന്ദു സംഘടനകളും കലാപമുയർത്തിയിരുന്നു.

അമൃതാനന്ദമയിയെക്കുറിച്ച് പുസ്തകമെഴുതിയതിന് ഗ്രന്ഥകാരനെ പ്രോസിക്യൂട്ട് ചെയ്യാൻ ഉത്തരവ് വാങ്ങുകയും സംഘപരിവാർ പ്രതിഷേധമുയർത്തുകയും ചെയ്തിരുന്നു. 'മതമില്ലാത്ത ജീവൻ' എന്ന പാഠഭാഗവും മതനവീകരണം എന്ന പാഠഭാഗവും പാഠപുസ്തകത്തിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടു കത്തോലിക്കാ സഭ ബഹളമുണ്ടാക്കിയിരുന്നു.

ചോദ്യ പേപ്പറിൽ പ്രവാചകനെ നിന്ദിച്ചെന്നു പറഞ്ഞു പ്രൊഫസർ ജോസഫിന്റെ കരങ്ങൾ ഛേദിച്ചതും ചിൻവാദ്പാലം കേസിൽ വിമർശനം ഉയർത്തിയതിന് ചെറുപ്പക്കാരെ മുസ്ലീം സംഘടനകൾ ജയിലിടക്കുകയും കന്യാമറിയത്തിന്റെ കണ്ണിൽ നിന്നും ഒഴുകിയതു കണ്ണീരല്ലെന്നും തെളിയിച്ചതിന് സനലിനെതിരെ ക്രൈസ്തവ സഭാദ്ധ്യക്ഷന്മാർ കേസെടുക്കുകയും ചെയ്തത് സമീപകാലത്താണ്. പ്രശസ്ത എഴുത്തുകാരായ സൽമാൻ റുഷ്ദിക്കെതിരെയും തസ്ലിമ നസ്റീനെതിരെയും മുസ്ലീം സംഘടനകളുടെ ഭീഷണി വർഷങ്ങൾ കഴിഞ്ഞിട്ടും നിലനിൽക്കുന്നു. പ്രശസ്ത ചിത്രകാരനായ എൻ.എഫ്.ഹുസൈന് സ്വന്തം രാജ്യം വിടേണ്ടി വന്നു. കമലഹാസനും അങ്ങനെ പോകേണ്ടി വരുമെന്നും ഭീഷണിപ്പെടുത്തുകയുണ്ടായി.

നമ്മുടെ രാജ്യം എങ്ങോട്ടാണ് പോകുന്നതെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. കലയും സാഹിത്യവും ആവിഷ്ക്കരിക്കാൻ മതസംഘടനകളുടെ അനുവാദം വേണമെന്ന അവസ്ഥ വന്നിരിക്കുന്നു. സിനിമയുടെ സെൻസർഷിപ്പിന് ഒരു വിലയും ഇല്ലാതായി മാറിയിരിക്കുന്നു. മതസംഘടനകളെ ഈ വിധത്തിൽ വളർത്തിയത് ഇവിടുത്തെ ജാതിമത രാഷ്ട്രീയമാണ്. അന്ധവിശ്വാസങ്ങളിലധിഷ്ഠിതമായ മതവിശ്വാസങ്ങളെ ചോദ്യം ചെയ്യാൻ

അവർക്ക് കഴിയാതെ വന്നിരിക്കുന്നു. ന്യൂനപക്ഷ ഭൂരിപക്ഷ, മത പ്രീണന നയം മതവിശ്വാസികൾ തഴച്ചു കൊഴുക്കാൻ അവസരം ഉണ്ടാക്കികൊടുത്തു.

പ്രാകൃത വിശ്വാസങ്ങളിലധിഷ്ഠിതമായ മതവിശ്വാസങ്ങളെ ചോദ്യം ചെയ്യാൻ ഏതൊരു പൗരനും (ഏതൊരു കലാകാരനും) ഭരണഘടന ആർട്ടിക്കിൾ 51 എ.എച്ച്. പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. യുക്തി ചിന്തയും ശാസ്ത്രബോധവും പ്രചരിപ്പിക്കേണ്ടത് ഏതൊരു പൗരന്റെയും കർത്തവ്യമാണ്. ഇപ്രകാരം കർത്തവ്യം നിർവ്വഹിക്കുമ്പോൾ വേണ്ട എല്ലാ സഹായവും ചെയ്തു കൊടുക്കേണ്ടത് ഭരണകൂടവും നിയമ സംവിധാനവുമാണ്. എന്നാൽ ഇവിടെ സംഭവിക്കുന്നത് തിരിച്ചാണ്. പ്രകാശം പരത്തുന്ന എഴുത്തുകാരെയും കലാകാരന്മാരെയും തളയ്ക്കാതെ സാധാരണക്കാരനെ ചൂഷണം ചെയ്യുന്ന മതസംഘടനകളെയാണ് കയ്യാമം ചെയ്യേണ്ടത്.

മതേതരത്വം ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ആ ആദർശ ശുദ്ധിയോടെ നിലകൊള്ളുകയും ശക്തമായ ചെറുത്തു നില്പിന് തയ്യാറാവുകയുമാണ് വേണ്ടത്.

# 15

# ജാതി ഭ്രാന്തിൽ ചരമം പ്രാപിച്ച ആദ്യ സിനിമ

മലയാള സിനിമയുടെ അടിവേര് കണ്ടെത്തിയ മനോഹരമായ ഒരു സിനിമയാണ് സെല്ലുലോയിഡ്. തുടക്കത്തിലെ അന്ത്യം കുറിച്ച മലയാള സിനിമയുടെ ദാരുണമായ കഥയാണ് സംവിധായകൻ കമൽ ഈ ചിത്രത്തിലൂടെ ആവിഷ്ക്കരിക്കുന്നത്.

ജെ.സി.ഡാനിയേൽ എന്ന ചെറുപ്പക്കാരൻ സിനിമാ നിർമ്മാണ ത്തിലുണ്ടായ അഭിനിവേശം മൂലം 1926 ൽ ഇന്ത്യൻ സിനിമയുടെ പിതാവായ ദാദാ സാഹിബ് ഫാൽക്കെയെ കാണാൻ ബോംബെ യിൽ എത്തുന്നു. നിർമ്മാണത്തിന്റെ പാഠങ്ങൾ അദ്ദേഹത്തിൽ നിന്നും പഠിക്കുന്നു. തിരിച്ചു നാട്ടിൽ വരുന്നു. ഭാര്യയുടെ സ്വത്തു ക്കൾ വിറ്റ് നിർമ്മാണത്തിനാവശ്യമായ പണം കണ്ടെത്തുന്നു. ക്യാമ റയും ഫിലിമും മറ്റും വരുത്തുന്നു. നടിയെ കണ്ടെത്തുന്നു. ലൊക്കേഷൻ നിശ്ചയിക്കുന്നു. ഷൂട്ടിംഗ് ആരംഭിക്കുന്നു.

നവോത്ഥാന കാലഘട്ടത്തിൽ മാലാഖമാരുടെയും ദൈവങ്ങളു ടെയും സ്ഥാനത്തു മനുഷ്യ സ്ത്രീയായ മൊണാലിസയുടെ മുഖം പ്രതിഷ്ഠിച്ച ലിയാനാർഡോ ഡാവിഞ്ചിയെപ്പോലെ, ജെ.സി. ഡാനിയേൽ എന്ന ചെറുപ്പക്കാരൻ പുരാണകഥകൾക്കുപകരം സാമൂഹ്യ കഥയും രാജ്ഞിമാരുടെയും ദേവതകളുടെയും വേഷം

മാത്രം അഭിനയിക്കുന്ന നടിമാരുടെ സ്ഥാനത്തു ഒരു ദളിത് യുവതിയായ റോസിയേയും അവതരിപ്പിക്കുന്നു.

സിനിമ കാണാൻ പല ഭാഗത്തുനിന്നും ആൾക്കാർ തിയേറ്ററിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. കൂട്ടത്തിൽ തമ്പ്രാക്കന്മാരും ദളിത് നടിയും ഒന്നുപോലെ തീയറ്ററിലേക്ക് പ്രവേശിക്കുന്നു. റോസിയെ കണ്ട മാത്രയിൽ തന്നെ പ്രശസ്ത വക്കീലായ മള്ളൂരും പ്രമാണിമാരും ക്ഷുഭിതരാവുകയും ബഹളമുണ്ടാക്കുകയും "വാ നമുക്ക് പോകാം അയാള് കണ്ട പറേരെയും പൊലേരെയും കാണിക്കട്ടെ" എന്നു പറഞ്ഞു ബഹളമുണ്ടാക്കി. ഡാനിയേൽ ഉടൻ തന്നെ റോസിയെ സമാധാനിപ്പിക്കുകയും മറ്റൊരു ദിവസം കാണിക്കാമെന്നു പറഞ്ഞു മടക്കി അയക്കുകയും തമ്പ്രാക്കന്മാരുടെയും മള്ളൂരിന്റെയും കാലുപിടിക്കുകയും മള്ളൂരിനെക്കൊണ്ട് ഉദ്ഘാടനം ചെയ്യിപ്പിക്കുകയും സിനിമ ആരംഭിക്കുകയും ചെയ്യുന്നു.

സിനിമയുടെ ആദ്യസീൻ റോസി നിലവിളക്കും തെളിച്ചു അകത്തു നിന്നും പുറത്തേക്കിറങ്ങി വരുന്ന രംഗമായിരുന്നു. ഇതുകണ്ട സവർണ്ണ നാട്ടുപ്രമാണിമാരുടെ രക്തം തിളച്ചു. അവരൊന്നടങ്കം ചാടി എഴുന്നേറ്റു ആക്രോശിച്ചു. 'ഇതാണോടാ നിന്റെ സിനിമ ഇതു കാണാനാണോടാ ഞങ്ങളെ വിളിച്ചു വരുത്തിയത്. എവ്ട്റാ അവള്. കൊല്ലടാ അവളെ എന്നാക്രോശിച്ചുകൊണ്ട് എല്ലാവരും വെളിയിലേക്ക് ചാടിയിറങ്ങി. ഇതു കണ്ട റോസി ജീവനുംകൊണ്ടോടി ഇരുളിൽ മറഞ്ഞു. ക്ഷുഭിതരായ പ്രമാണിമാരും റൗഡികളും അവളുടെ പിതാവിനെ ക്രൂരമായി മർദ്ദിക്കുകയും വീടിന് തീയ് വെയ്ക്കുകയും ചെയ്തു. ജെ.സി.ഡാനിയേൽ നിർമ്മാണം നടത്തിയ മലയാളത്തിലെ ആദ്യത്തെ സിനിമയായ 'വിഗതകുമാരൻ' അങ്ങനെ ജാതിഭ്രാതിനിരയായി അന്ത്യശ്വാസം വലിച്ചു.

ചേലങ്ങാട്ട് ഗോപാലകൃഷ്ണൻ എന്ന പത്രപ്രവർത്തകന്റെ അന്വേഷണത്തിലാണു രഹസ്യമായി കിടന്ന ഈ സംഭവത്തിന്റെ ചുരുളഴിയുന്നത്. തുടർന്ന് വിഗതകുമാരൻ മലയാളത്തിലെ ആദ്യത്തെ സിനിമയാണെന്ന് അധികാരികളെക്കൊണ്ട് സമ്മതിപ്പിക്കാനുള്ള ചേലങ്ങാടിന്റെ ശ്രമങ്ങളിൽ ജാതിയുടെ സർപ്പങ്ങൾ ആഞ്ഞുകൊത്തുന്നത് സിനിമയിൽ കാണാം. ചേലങ്ങാട് അധികാരികളുടെ മുമ്പിൽ ചെല്ലുമ്പോൾ "ഡാനിയേൽ ഒരു നാടാരല്ലേ"

യെന്ന് ചോദിക്കുന്നതും മലയാറ്റൂർ രാമകൃഷ്ണനെ സ്വാധീനിക്കാൻ ചേലങ്ങാട്ട് വയലാർ രാമവർമ്മയെ കാണാൻ ചെല്ലുമ്പോൾ "അയ്യരെ ഒതുക്കാനാണോടോ വർമ്മയെ കാണാൻ വന്നതെന്നു" ചേലങ്ങാടിനോട് ചോദിക്കുന്നതും 'അച്ഛനും ബാപ്പയ്ക്കും' വേണ്ടി താൻ ഒരു പാട്ടെഴുതിയിട്ടുണ്ടെന്നും ആ പാട്ടൊന്നു താൻ വായിച്ചു നോക്കെന്നു പറഞ്ഞിട്ട് ചേലങ്ങാടിന്റെ കയ്യിലേക്ക് കൊടുക്കുകയും ചേലങ്ങാട് ആ ഗാനം വായിച്ചു നോക്കുകയും ചെയ്യുന്നു. "മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു, മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു, മനുഷ്യനും മതങ്ങളും കൂടി മണ്ണ് പങ്കുവച്ചു. മനസ്സ് പങ്കുവച്ചു.......".

വിഗതകുമാരൻ നിർമ്മിച്ചു ഒരു ദശാബ്ധകാലം കഴിഞ്ഞു സവർണ്ണ സമുദായക്കാരനായ റാവു നിർമ്മിച്ച ബാലൻ എന്ന സിനിമയാണ് മലയാള സിനിമയുടെ പ്രഥമ സിനിമയെന്നു 'തട്ടാമുട്ട്,' ന്യായം പറഞ്ഞു. വിഗതകുമാരനെ സവർണ്ണ ലോബി അവഗണിക്കുന്നത് നമുക്ക് ചിത്രത്തിൽ കാണാവുന്നതാണ്.

ഒരു ദലിത് നടി മലയാളത്തിന്റെ പ്രഥമ നടിയാകണ്ട എന്നു ചിലർ തീരുമാനിച്ചതാവാം ഈ സിനിമയ്ക്ക് അവഗണന ഉണ്ടാവാൻകാരണമെന്ന് നമുക്ക് കരുതാം.

# 16

## മതനിന്ദാ നിയമങ്ങൾ യുക്തിവാദികൾക്ക് ബാധകമല്ല

നമ്മുടെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ കറുത്ത നിയമങ്ങളാണ് ഐ.പി.സി.295, 295 എ, 153 ബി എന്നീ വകുപ്പുകൾ. എന്താണീ നിയമങ്ങളെന്നു നോക്കാം.

295 എന്നു പറയുന്നത് ഏതെങ്കിലും ഒരു ജനവിഭാഗം പരിപാവനമായി കരുതുന്ന ഏതെങ്കിലും വസ്തുവിനെയോ ആരാധനാലയത്തിനെയോ മലിനപ്പെടുത്തുകയോ കേടുപാടുകൾ വരുത്തുകയോ നശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും ശിക്ഷാനടപടിക്ക് വിധേയമാണെന്നാണ്.

295 എ എന്നു പറയുന്നത്, ഏതെങ്കിലും ഒരു വിഭാഗത്തിന്റെ മതത്തെയോ മതവിശ്വാസങ്ങളെയോ വിദ്വേഷമുണ്ടാകത്തക്ക വിധം വ്രണപ്പെടുത്തി നിന്ദിക്കുന്ന ഏതൊരു പ്രവർത്തിയും ശിക്ഷാർഹമാണെന്നാണ്.

153 ബി എന്നു പറയുന്നത്, വ്യത്യസ്ത മതങ്ങളും, വംശങ്ങളും, ജാതിയും, സമുദായങ്ങളും, ഭാഷകളും പ്രദേശങ്ങളും തമ്മിൽ നിലനില്ക്കുന്ന സൗഹാർദ്ദത്തെ തകർക്കുന്ന വിധം ദോഷകരമായി ബാധിക്കുന്ന ഏതു പ്രവൃത്തിയും കുറ്റകരവും ശിക്ഷാർഹവുമാണെന്നാണ്. മൂന്നു വർഷം വരെ തടവോ, പിഴയോ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതാണ് ഈ വകുപ്പുകൾ. എന്നാൽ 1957

ൽ ഒരു വിധിയിലൂടെ സുപ്രീം കോടതി 295 എ നടപ്പാക്കുന്നതിന് ചില വ്യവസ്ഥകൾ കൊണ്ടുവന്നിരുന്നു. അത്, മതത്തെ നിന്ദിക്കുന്നതും നിന്ദിക്കാൻ ശ്രമിക്കുന്നതുമായ എല്ലാപ്രവർത്തനങ്ങളും ശിക്ഷാർഹമല്ലെന്നും ബോധപൂർവ്വവും വിദ്വേഷാത്മകവുമായ നിന്ദ മാത്രമേ ശിക്ഷാർഹമാവുന്നുള്ളുവെന്നുമായിരുന്നു.

യുക്തിവാദികൾ ഒരിക്കലും ആരാധനാലയങ്ങൾ നശിപ്പിക്കാൻ പോയിട്ടില്ല. ആ നടപടി ശരിയാണെന്ന് യുക്തിവാദികൾ വിശ്വസിക്കുന്നുമില്ല. ഏതൊരാൾക്കും വിശ്വസിക്കുവാനും അവിശ്വസിക്കുവാനുമുള്ള സ്വാതന്ത്ര്യം ഭരണഘടന നൽകുന്നുണ്ട്. അതുമാനിക്കുന്നവരാണ് യുക്തിവാദികൾ. എന്നാൽ വിശ്വാസികളുടെ മനസ്സിൽ ബാധിച്ചിരിക്കുന്ന അന്ധമായ വിശ്വാസങ്ങളെ ബോധവത്ക്കരണ പ്രക്രിയയിലൂടെ ശുദ്ധീകരിക്കുകയാണ് യുക്തിവാദികൾ ചെയ്യുന്നത്. അതുകൊണ്ട് 295 എന്ന നിയമം യുക്തിവാദികൾക്ക് ബാധകമേയല്ല. അതുപോലെ 295 എയിൽ പറയുന്നത് പ്രധാനമായും നിന്ദയെന്ന വാക്കിനെക്കുറിച്ചാണ്. യുക്തിവാദികളുടെ പക്ഷത്തു നിൽക്കുന്ന ആരും തന്നെ മതങ്ങളെ നിന്ദിക്കാറില്ല. മറിച്ചു വിമർശിക്കാറെയുള്ളു.

നിന്ദയും വിമർശനവും രണ്ടാണ്. പലപ്പോഴും ശത്രുപക്ഷത്തു നില്ക്കുന്നവരെ ബഹുമാനപുരസ്സരം കാണുകയും അവരുടെ വിശ്വാസങ്ങളുടെ വൈകല്യങ്ങൾ അവർക്കുകൂടി ബോധ്യപ്പെടുന്നവിധം മാന്യമായ ഭാഷയിൽ പ്രകടിപ്പിക്കുകയാണ് പതിവ്. വസ്തുനിഷ്ഠമായ ആ അഭിപ്രായപ്രകടനങ്ങളെ അവരും ശരിയായ ദിശയിൽ സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഇത് വിമർശന സമീപനം. എന്നാൽ നിന്ദ അതല്ല. മ്ലേച്ഛമായ ഭാഷയിൽ, സംസ്കാരശൂന്യമായ ഭാഷയിൽ അപകീർത്തിപരമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനെയാണ്. മതവിമർശനം ഒരിക്കലും മതനിന്ദയല്ല. യുക്തിവാദികൾ ആരും മതനിന്ദ നടത്താറില്ല. അതുകൊണ്ട് 295 എ. യുക്തിവാദികൾക്ക് ബാധകമേയല്ല.

അതുപോലെ 153 ബി യുക്തിവാദികൾ മതസൗഹാർദ്ദം എന്നതിലുപരിയായി കാണുന്നത് മാനവ സൗഹാർദ്ദത്തിലാണ്. മതസൗഹാർദ്ദത്തിൽ വ്യത്യസ്ത മതവിഭാഗക്കാരുണ്ട്. എന്നാൽ മാനവ സൗഹാർദ്ദത്തിൽ മനുഷ്യൻ മാത്രമേയുള്ളു. മനുഷ്യ സമുഹത്തിൽ

വിശ്വസിക്കുന്ന യുക്തിവാദി എങ്ങനെയാണ് മതസൗഹാർദ്ദം തകർക്കുക. അത് പലപ്പോഴും മതമൗലികവാദ മനോഭാവമുള്ള കൂട്ടരാണ് തകർക്കുന്നത്. അതുകൊണ്ട് യുക്തിവാദികൾക്ക് 153 ബിയും ബാധകമേയല്ല. ചുരുക്കത്തിൽ പ്രധാനപ്പെട്ട ഈ മൂന്നു നിയമങ്ങൾ പ്രകാരം യുക്തിവാദികൾ ഒരു കുറ്റവും ചെയ്യുന്നില്ല. എന്നാൽ മറ്റുള്ളവർ ഇവിടെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് യുക്തിവാദികളെ കുറ്റവാളികളാക്കി ജയിലിലടക്കാൻ ശ്രമിക്കുക മാത്രമാണ് ചെയ്യുന്നത്.

എന്തായാലും അധികാരികൾ ഒരു കാര്യം ശ്രദ്ധിക്കണം. ആരാധനാലയങ്ങൾ തകർക്കുകയോ മലിനപ്പെടുത്തുകയോ ഉണ്ടാകാം. അതു പലപ്പോഴും സംഭവിക്കുന്നത് ഒരു മത വിഭാഗത്തിനെതിരെ മറ്റൊരു മതവിഭാഗത്തിന്റെ ആക്രമണമായിരിക്കും. മറിച്ച് യുക്തിവാദികളുടെയോ മതനിരപേക്ഷകരുടെയോ ആക്രമണമായിരിക്കില്ല. അതുപോലെ നികൃഷ്ടമായ ഭാഷയിൽ മതത്തെ നിന്ദിക്കുന്നവരുണ്ടാകാം. അതു പലപ്പോഴും ഒരു മതവിഭാഗത്തിനെതിരെ മറ്റൊരു മതവിഭാഗത്തിന്റെയോ സംസ്കാരശൂന്യരിൽ നിന്നോ ആവാം. മറിച്ച് മതരഹിതരും പരിഷ്കൃതരുമായ യുക്തിവാദികളിൽ നിന്നാവില്ല.

ചുരുക്കത്തിൽ ഈ നിയമങ്ങൾ പരിശോധിക്കുമ്പോൾ ഈ വകുപ്പുകളിൽ പറയുന്ന കുറ്റങ്ങൾ യുക്തിവാദികൾ ചെയ്യുന്നില്ലായെന്നു തെളിയുകയാണ്. അതായത് ആരാധനാലയങ്ങളുടെ നശീകരണവും മതനിന്ദ, കലാപമുണ്ടാക്കൽ എന്നിവ. അതുകൊണ്ട് ചെയ്യാത്ത കുറ്റത്തിനാണ് ഈ നിയമങ്ങൾ യുക്തിവാദികൾക്കെതിരെ ഉപയോഗിക്കുന്നത്. ഇതിനെ ശക്തമായി ചെറുക്കേണ്ടതുണ്ട്.

# 17

# യുക്തിവാദി സംഘം ദേശീയ ചരിത്രം

ഭാരതത്തിന്റെ പാരമ്പര്യം ആത്മീയതയുടേതല്ല; ഭൗതികത്തിന്റേതാണ്. മൂവായിരം വർഷം മുമ്പ് ഭാരതത്തിൽ ഭൗതികചിന്ത ഏകദേശം ആയിരം വർഷത്തോളം സമൃദ്ധമായി നിലനിന്നിരുന്നു. അതിന്റെ തെളിവാണ് ഭാരതത്തിന്റെ പ്രധാന ദർശനങ്ങളെല്ലാം ഭൗതികമായി കാണുന്നത്. ലോകായതം, സാംഖ്യദർശനം, ന്യായദർശനം, യോഗദർശനം, വൈശേശിക ദർശനം, ബൗദ്ധദർശനം, ജൈനദർശനം എല്ലാം ദൈവത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്നതാണ്. ശരീരം, ഇന്ദ്രിയങ്ങൾ, വസ്തുക്കൾ മുതലായവ മൂലധാതുക്കളുടെ വ്യത്യസ്ത രീതിയിലുള്ള സംയോജനം കൊണ്ടുണ്ടായവയാണ്. അതുപോലെ വ്യത്യസ്തങ്ങളായ ചില പദാർത്ഥങ്ങൾ തമ്മിൽ ചേരുമ്പോൾ പ്രത്യേക ലഹരിയുണ്ടാകുന്നതുപോലെ മൂലധാതുക്കളുടെ സംയോജനത്തിൽ നിന്ന് പ്രജ്ഞയുണ്ടാകുന്നു എന്നു ലോകായതം പറഞ്ഞിരുന്നു. കപിലവസ്തുവിൽ ജനിച്ച കപിലനാണ് സാംഖ്യദർശനത്തിന്റെ കർത്താവ്. ആത്മീയവാദത്തിന്റെ പ്രചരണത്തിനെതിരായ തത്വശാസ്ത്രമെന്ന നിലയ്ക്കാണ് സാംഖ്യദർശനമുണ്ടായത്.

സാംഖ്യദർശനം വേദവിരുദ്ധവും ദൈവവിരുദ്ധവുമായിരുന്നു. ആരംഭത്തിൽ ആത്മീയവാദത്തെ, മൂല പ്രകൃതിയിൽ നിന്നു പരിണമിച്ചുണ്ടായ മനുഷ്യന്റെ ഗുണമാണ് ചേതനയെന്ന്

സാംഖ്യന്മാർ വാദിച്ചിരുന്നു.

പ്രപഞ്ചം ഉത്ഭവിച്ചത് പരമാണുവിൽ നിന്നാണെന്ന യുക്ത്യാധിഷ്ഠിത ദർശനം അവതരിപ്പിച്ചത് വൈശേഷികമാണ്. കണാദനാണ് വൈശേഷിക ദർശനത്തിന്റെ ഉപജ്ഞാതാവ്. പ്രപഞ്ചം വസ്തുനിഷ്ഠമായ യാഥാർത്ഥ്യമാണെന്നു ന്യായദർശനം വാദിച്ചു. പൃഥി, അപ്, തേജസ്, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളിൽ നിന്നാണ് പ്രപഞ്ചമുണ്ടായതെന്നും അത് ശാശ്വതമാണെന്നും ആരാലും സൃഷ്ടിക്കപ്പെട്ടതല്ലെന്നും ഭൗതിക യാഥാർത്ഥ്യങ്ങളുടെ സൃഷ്ടാവായി ഒരു ദൈവത്തെയോ ബ്രഹ്മത്തെയോ അംഗീകരിക്കുന്നില്ലെന്നും ന്യായദർശനം വാദിച്ചിരുന്നു. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവിനെ മീമാംസ ദർശനം ശക്തമായി നിഷേധിക്കുന്നു. പ്രപഞ്ചത്തിന്റെ ഭൗതിക ഘടകങ്ങൾ നിത്യങ്ങളും അനശ്വരങ്ങളുമാണ്. ബുദ്ധദർശനം ഈശ്വര നിഷേധാത്മകമാണ്. ശാശ്വതമോ അനശ്വരമോ ആയ ഒരു മൂലതത്വമില്ലെങ്കിൽ, യാതൊന്നിനും സ്ഥിരമോ നിശ്ചിതമോയായ ഒരു അസ്തിത്വമില്ലെങ്കിൽ, പ്രപഞ്ചത്തിന്റെ മൂലകാരണവും ലോകത്തിന്റെ സൃഷ്ടികർത്താവുമായ ഒരു ദൈവത്തെ സങ്കല്പിക്കുന്നതെങ്ങനെയെന്ന് ബുദ്ധൻ ചോദിച്ചു. ഈ ലോകം ഈശ്വരന്റെ സൃഷ്ടിയാണെങ്കിൽ പരിവർത്തനം, നാശം ഉണ്ടാകുമായിരുന്നില്ല. ജീവികളിൽ കാണപ്പെടുന്ന ദുഃഖം, ആനന്ദം, പ്രേമം, വിദ്വേഷം എന്നിവ ദൈവത്തിന്റെ പ്രവർത്തനങ്ങളാണെങ്കിൽ ആ ദൈവത്തിനും ദുഃഖം, ആനന്ദം, വിദ്വേഷം എന്നിവ അനുഭവപ്പെടണം. ഉദ്ദേശ്യത്തോടുകൂടിയാണ് സൃഷ്ടി നടത്തുന്നതെങ്കിൽ ഈശ്വരൻ പൂർണ്ണനാകുന്നതെങ്ങനെ. യാതൊരു ഉദ്ദേശ്യവുമില്ലാതെയാണ് ദൈവസൃഷ്ടി നടത്തുന്നതെങ്കിൽ ദൈവം മുലകുടി മാറാത്ത ഒരു പിഞ്ചുകുട്ടിയായിരിക്കണം.

ഈശ്വരൻ സൃഷ്ടാവാണെങ്കിൽ മനുഷ്യൻ എല്ലായ്പ്പോഴും ആത്മസമർപ്പണം നടത്തുന്നതെന്തിന്. ഇത്തരം യുക്ത്യാധിഷ്ഠിതമായ കാരണങ്ങളാൽ ഈശ്വരൻ ഇല്ല എന്നു തെളിയുന്നതായി ബുദ്ധൻ പ്രഖ്യാപിച്ചു. ജൈനമതത്തിന്റെ സ്ഥാപകൻ വർദ്ധമാനമഹാവീരനാണ്. ജൈനമതം ഈശ്വരനെ നിഷേധിച്ചിരുന്നു. പകരം സന്മാർഗജീവിതം പ്രതിഷ്ഠിക്കയാണ് ചെയ്തത്.

ഭാരതത്തിന്റെ അടിസ്ഥാന പാരമ്പര്യം അന്ധവിശ്വാസികളായ ഋഷികളുടെ ആർഷഭാരതമല്ല. യുക്തിചിന്തയുടെയും ശാസ്ത്രബോധത്തിന്റെയും കരുത്തുറ്റ പുരോഗമന ചിന്തയുടെ ഭൗതിക ഭാരതമാണ്. ഭാരതീയ ഭൗതികവാദ പ്രസ്ഥാനം ഈ ചിന്തയിൽ നിന്നും ഉടലെടുത്തതാണ്. ഈ ചിന്തയുടെ ഉല്പന്നമാണ് ആധുനിക ഭാരതം.

എന്നാൽ ഭൂരിപക്ഷ വർഗ്ഗീയ ശക്തികൾ എല്ലാക്കാലത്തും ന്യൂനപക്ഷ പുരോഗമന ശക്തികളെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ആദ്യത്തെ ആക്രമണമുണ്ടാകുന്നത് ഗുപ്ത രാജാക്കന്മാരുടെ കാലത്തായിരുന്നു. അവർ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ജാതി സമ്പ്രദായവും നിലനിർത്താൻ ആയുധമേന്തി. ചാർവാകന്മാരെ അവർ അരുംകൊല ചെയ്തുകൊണ്ടു ബ്രാഹ്മണമേധാവിത്വം പുനഃസ്ഥാപിച്ചു. പിന്നീട് പത്താം ശതകത്തോളം ഉത്തരേന്ത്യയിൽ മുസ്ലീംങ്ങളുടെ ആക്രമണമുണ്ടായി. ഏകദൈവവിശ്വാസികളായ മുസ്ലിംകളും അവിശ്വാസികളെ ആക്രമിച്ചു.

പിന്നീട് ഭൗതികചിന്തക്ക് ഉണർവ്വുണ്ടാകുന്നത് ഇന്ത്യയിലേക്കുള്ള ബ്രിട്ടീഷുകാരുടെ ആഗമനത്തോട് കൂടിയാണ്. 18-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ നടന്ന വ്യവസായ വിപ്ലവത്തിന്റെ ഫലമായി പലപുത്തൻ ചിന്തകളും ഉദയം ചെയ്തു. ആ ചിന്തകൾ അവർ പിടിച്ചടക്കിയ സാമ്രാജ്യങ്ങളിലും വ്യാപിപ്പിച്ചു. നാസ്തികചിന്തകളും യുക്തിവാദവുമായിരുന്നു അതിൽ പ്രധാനം.

1806 ൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചപ്പോൾ തലസ്ഥാനം കൽക്കട്ടയായിരുന്നു. അക്കാരണത്താൽ പല ഇംഗ്ലീഷുകാരും കൽക്കട്ട സന്ദർശിച്ചിരുന്നു. ഈ സന്ദർഭത്തിൽ ക്രിസ്ത്യൻ മിഷണറിമാർ വൻതോതിൽ ക്രിസ്തുമത പ്രചരണം ആരംഭിച്ചിരുന്നു.

ഇതു കണ്ടു അവിശ്വാസികളായ ക്രിസ്ത്യാനികൾ ക്രിസ്തുമതത്തിനും മതവിശ്വാസങ്ങൾക്കുമെതിരായി പ്രചരണത്തിന് രംഗത്തു വന്നു. അവരിൽ പ്രധാനികളായിരുന്നു സ്കോട്ട്ലണ്ടുകാരനായ ഡേവിഡ് ഹാരേയും ഇംഗ്ലീഷുകാരനായ ഡേവിഡ് ഡ്രമ്മനും. ഡേവിഡ് ഹാരെ ഭൗതിക വാദചരണത്തിനായി കൽക്കട്ടയിൽ ഒരു സെക്യുലർ സ്കൂളും ഡേവിഡ് ഡ്രമ്മൻ അതേ ലക്ഷ്യത്തിനാ

യി ഒരു സെക്യുലർ അക്കാദമിയും സ്ഥാപിക്കയുണ്ടായി. ഇവിടെ പഠിച്ച പലരും ഭൗതികവാദികളും യുക്തിവാദികളുമായി മാറി. അവരിൽ പ്രധാനിയായിരുന്നു ഹെട്രി വിവിയൻ ഡെറോസിയോ (1809 –1881).

ഡെറോസിയോ ജനിച്ചത് 1809 ഏപ്രിൽ 10 നാണ്. അദ്ദേഹം ഒരു മിശ്ര വിവാഹദമ്പതികളുടെ മകനായിരുന്നു. അച്ചൻ പോർട്ടുഗീസുകാരനും അമ്മ ഇന്ത്യക്കാരിയുമായിരുന്നു. 14–ാമത്തെ വയസ്സിൽ ഡ്രമ്മണിന്റെ സ്കൂളിൽ ചേരുകയും പാശ്ചാത്യ യുക്തിചിന്ത പഠിക്കുകയും ചെയ്തു. പിന്നീട് ഡ്രമ്മണിന്റെ ശക്തനായ പിൻഗാമിയായിത്തീരുകയും ചെയ്തു. 1826 ൽ കോളേജ് അധ്യാപകനായി. 1831 വരെ അവിടെ തുടരുകയും ചെയ്തു. 1880ൽ അദ്ദേഹം 'യംഗ് ബംഗാൾ മൂവ്മെന്റ്' എന്ന ഒരു സംഘടനക്ക് രൂപം കൊടുത്തു. ഈ സംഘടനയാണ് ഇന്ത്യയിലെ ആദ്യത്തെ യുക്തിവാദി സംഘം. ഡെറോസിയോയുടെ ആശയങ്ങളിൽ ആകൃഷ്ടരായവരാണ് ഈശ്വരചന്ദ്ര വിദ്യാസാഗറും ഗോപാൽ ഘോഷും. ഈ കാലഘട്ടത്തിൽ ബംഗാളിൽ കോളറ പടർന്നു പിടിച്ചു. വിശ്വാസികൾ ഇതു ദുർഗ്ഗാദേവിയുടെ കോപമാണെന്നു വിശ്വസിച്ചു. ഡെറോസിയോയും കൂട്ടരും ഈ അന്ധവിശ്വാസത്തിനെതിരെ പ്രവർത്തിക്കുകയും പലരേയും മരണത്തിന്റെ പിടിയിൽ നിന്നും രക്ഷിക്കുകയും ചെയ്തു. എന്നാൽ 1881 ൽ ഡെറോസിയോ കോളറ ബാധയിൽ മരണപ്പെടുകയാണുണ്ടായത്. ഡെറോസിയോ കവിയും സാഹിത്യകാരനും പത്രപ്രവർത്തകനുമായിരുന്നു. സതി നിർത്തലാക്കാൻ ഗവൺമെന്റിന് പ്രേരണ നൽകിയത് അദ്ദേഹത്തിന്റെ ഒരു കവിത കൂടിയായിരുന്നു.

അദ്ദേഹത്തിന്റെ മരണശേഷം 1850 ൽ തത്വചിന്തകനായ അഗസ്റ്റസ് കോംഡെ ഇന്ത്യയിൽ എത്തുകയും പ്രചരണങ്ങൾ ആരംഭിക്കുകയും ചെയ്തു. യംഗ് ബംഗാൾ മുവ്മെന്റിന്റെ പത്രപ്രവർത്തകർ തോമസ് പെയിനിന്റെ യുക്തിയുടെ കാലഘട്ടം എന്ന ഗ്രന്ഥം ഇന്ത്യയിൽ പ്രകാശനം ചെയ്തു. യുക്തിവാദികളുടെ പ്രവർത്തനത്തിന്റെ ഫലമായി വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ചാതുർവർണ്യ വ്യവസ്ഥയ്ക്കെതിരെ സമരം ചെയ്യുവാൻ തുടങ്ങി. യുക്തിവാദികളുടെ സമത്വവാദത്തിലും ബ്രാഹ്മണ വിരുദ്ധ നില

പാടുകളിലും ജനങ്ങൾ ആകൃഷ്ടരാവുകയും പ്രതിഷേധിക്കുകയും ചെയ്തു.

ഡെറോസിയോയുടെ മരണശേഷം ഇന്ത്യയിലെത്തിയ അഗസ്റ്റസ് കോംടെ കൽക്കട്ടയിൽ എത്തുകയും അദ്ദേഹത്തിന്റെ 'പോസിറ്റിവിസം' എന്ന ആശയം പ്രചരിപ്പിക്കാനും തുടങ്ങി. അതിൽ ആകുഷ്ടരായിരുന്നു കൃഷ്ണകമൽ ഭട്ടാചാര്യയും രാംകമൽ ഭട്ടാചാര്യയും ഡെറോസിയോയും കോംടെയിക്കും കൊളുത്തിവിട്ട യുക്തിചിന്ത ബംഗാളിൽ പടർന്നുപിടിച്ചു. ഇതുകണ്ട് അമ്പരന്ന ആത്മീയവാദികളിൽ പ്രധാനിയായ ദേവേന്ദ്രനാഥ ടാഗോർ 'തത്വ ബോധിനി സഭ' ആരംഭിച്ചു.

'യംഗ് ബംഗാൾ മുവ്മെന്റി'ന്റെ പ്രവർത്തനം സാംസ്കാരിക മണ്ഡലത്തിലായിരുന്നു. എന്നാൽ ഈ ഘട്ടം ഇന്ത്യയിലെ ജനകോടികൾ സ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിക്കുന്ന സമയമായിരുന്നു. അതിന്റെ തുടക്കമെന്ന നിലയിൽ 1885 ഡിസംബർ 28 ന് ബോംബെയിൽ ഡബ്ല്യു.സി.ബാനർജിയുടെ നേതൃത്വത്തിൽ 73 പേരടങ്ങിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകൃതമായി.ഇതോടുകൂടി പശ്ചിമ ബംഗാളിൽ പ്രവർത്തിച്ചിരുന്ന യുക്തിവാദി സംഘംകാലഘട്ടത്തിന്റെ ആവശ്യം സ്വാതന്ത്ര്യസമരമാണെന്നു കരുതി അതിനുവേണ്ടിയുള്ള പ്രവർത്തനത്തിലേക്ക് നീങ്ങി.

1889 ൽ കോൺഗ്രസ്സിന്റെ അഞ്ചാമത് സമ്മേളനം ലാഹോറിൽ വെച്ച് നടന്നപ്പോൾ സമ്മേളനം ഉദ്ഘാടനം ചെയ്തത്യുക്തിവാദിയായ ചാൾസ് ബ്രാഡ്ലയാണ്. ബംഗാളിലെ യുക്തിവാദി സംഘം സ്വാതന്ത്ര്യ സമരത്തിലേക്ക് തിരിഞ്ഞുവെങ്കിലും സംഘത്തിൽ പ്രവർത്തിച്ചിരുന്ന ചിലർ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു രൂപം നൽകുന്നതിനു തിരിയുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഇന്ത്യയുടെ വിവിധ സ്ഥലങ്ങളിൽ ചില നവോത്ഥാന സംഘങ്ങൾ രൂപം കൊള്ളുകയുണ്ടായി.

1840 ൽ മഹാരാഷ്ട്രയിലും ഗുജറാത്തിലും പരമഹംസ മണ്ഡലിയുടെ നേതൃത്വത്തിലും പൂനയിൽ റാം ബാലകൃഷ്ണജയകർും പാണ്ഡ്യ രംഗയുടെയും നേതൃത്വത്തിലും പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 1867 ൽ ആത്മാറാം പാണ്ഡ്യയ രംഗെ സ്ഥാപിച്ച പ്രാർത്ഥന സമാജങ്ങൾ സ്ത്രീവിദ്യാഭ്യാസത്തിനും വിധവ

വിവാഹത്തിനും സ്ത്രീസ്വാതന്ത്ര്യത്തിനും ജാതി വ്യവസ്ഥയ്ക്കെതിരെയും ശൈശവ വിവാഹങ്ങൾക്കെതിരായും പ്രവർത്തിച്ചു. മഹാരാഷ്ട്രയിലെ നവോത്ഥാന പ്രസ്ഥാനത്തിനുവേണ്ടി ജീവൻ അർപ്പിച്ച പ്രധാന പ്രവർത്തകൻ ജ്യോതി ബാഫ്യുലെ (1827-1890) ആയിരുന്നു. 1852 ൽ പെൺകുട്ടികൾക്കുവേണ്ടി അദ്ദേഹം ഒരു സ്കൂൾ തുറന്നു.

1870 ൽ മുരുകേശ് മുതലിയാരുടെ നേതൃത്വത്തിൽ 'താത്വികാന്വേഷി' എന്ന ഒരു പ്രസിദ്ധീകരണം ആരംഭിക്കുകയുണ്ടായി. ന്യൂയോർക്കിലെ ട്രൂത് സീക്കറിലെയും ഇംഗ്ലണ്ടിലെ നാഷണൽ റിഫോമറിലെയും ലേഖനങ്ങൾ ഇതിൽപ്രസിദ്ധീകരിച്ചിരുന്നു. ഇതായിരുന്നു ഇന്ത്യയിലെ ആദ്യത്തെ യുക്തിവാദ പ്രസിദ്ധീകരണം. പ്രസിദ്ധീകരണം പിന്നിട് ഇംഗ്ലണ്ടിലെ നാഷണൽ സെക്യുലർ സൊസൈറ്റിയുമായി അഫിലിയേറ്റ് ചെയ്യപ്പെടുകയും ചാൾസ് ബ്രാഡ്ലയുടെ നേതൃത്വത്തിലേക്ക് വരികയും ചെയ്തു. 19-ാം നൂറ്റാണ്ടിൽ ദയാനന്ദ സരസ്വതിരൂപം നൽകിയ 'ആര്യസമാജം' ഹിന്ദുമതത്തിലെ ഒരു പരിഷ്ക്കരണ പ്രസ്ഥാനമായിരുന്നുവെങ്കിലും ജാതിവ്യവസ്ഥയ്ക്കെതിരെയായിരുന്നു. ഇതു ഹരിയാന, പഞ്ചാബ് തുടങ്ങിയ സ്ഥലങ്ങളിൽ യുക്തിവാദി സംഘങ്ങൾ രൂപം കൊള്ളുന്നതിന് കാരണമായി. ആന്ധ്രാപ്രദേശിൽ യുക്തിവാദാശയം പ്രചരിപ്പിക്കുന്നത് ത്രിപുരനേനി രാമസ്വാമിയാണ്. 1925 ൽ തമിഴ്നാട്ടിൽ പെരിയാർ ഇ.വി.രാമസ്വാമി നായ്ക്കരുടെ നേതൃത്വത്തിൽ രൂപം കൊണ്ട സ്വയം മര്യാദ പ്രസ്ഥാനം യുക്തിവാദ പ്രവർത്തനങ്ങളാണ് നടത്തിയത്. പിന്നീട് ദ്രാവിഡ കഴകത്തിന്റെ പ്രവർത്തനങ്ങളും കെ.വീരമണിയുടെ നേതൃത്വത്തിലുള്ള ദ്രാവിഡ കഴകം ഇപ്പോഴും യുക്തിവാദത്തിന് മുൻതൂക്കം നൽകി പ്രവർത്തിച്ചു വരുന്നു.

1930 ലാണ് റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ രൂപം കൊള്ളുന്നത്. ആസ്ട്രേലിയയിലെ മുൻ ഹൈകമ്മീഷണറും ബോംബെ യുണിവേഴ്സിറ്റി വൈസ് ചാൻസലറുമായ ഡോ.പി. ആർ. പറഞ്ച് പൈയുടെ നേതൃത്വത്തിലാണ് രൂപം കൊള്ളുന്നത്. ഡോ.സി.എൽ.ഡി.അവിയോൺ, ആർ.ഡി.കാർവെ, ഡോ.ജി. പി.ദേശ്മുഖ്, എബ്രഹാം സോളമൻ എന്നിവരായിരുന്നു നേതൃപ്രവർത്തകർ. റീസൺ (63503) എന്നൊരു പ്രസിദ്ധീകരണവും അവർ

നടത്തിയിരുന്നു. 1942 ൽ ഗാന്ധിജിയുടെ പ്രമുഖ സുഹൃത്തുക്കളിൽ ഒരാളായ ഗോറയടെ നേതൃത്വത്തിൽ കൃഷ്ണ ജില്ലയിൽ ഒരു നാസ്തിക ക്രന്ദ്രം' സ്ഥാപിക്കുകയുണ്ടായി. അതു പിന്നീട് വിജയവാഡയിലേക്ക് മാറ്റുകയുണ്ടായി. ഇന്നു അതൊരു അന്തർദേശീയ സ്ഥാപനമായി വളർന്നു.

1917 ൽ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ ആരംഭിച്ച യുക്തിവാദ സംഘമായ സഹോദര സംഘം പിന്നീട് കേരള യുക്തിവാദ സഭയായി 1925 ൽ പരിണമിച്ചു. കേരളത്തിൽ എം.സി.ജോസഫിന്റെയും എ.ടി.കോവൂരിന്റെയും ഇടമറുകിന്റെയും പ്രവർത്തനങ്ങൾ പ്രസ്ഥാനത്തിന് കൂടുതൽ സംഭാവന ചെയ്തിട്ടുണ്ട്. കേരളത്തിൽ അയ്യപ്പൻ സി.എൽ.സി.അവിയോൺ തുടങ്ങിവെച്ച പ്രവർത്തനങ്ങളും 1930 ൽ ഡോ.പറഞ്ച്പൈ തുടങ്ങിവെച്ച പ്രവർത്തനങ്ങളുടെയും പിന്തുടർച്ചാ പ്രവത്തനങ്ങളാണ് ഭാരതീയ യുക്തിവാദി സംഘം തുടർന്നു വരുന്നത്.

കേരള സംഘടനയുടെ 97ാം വാർഷി കമായും ദേശീയ സംഘടനയുടെ 84-ാം വാർഷികമായും ആഘോ ഷിക്കുകയാണ്. കൊല്ലത്തു വെച്ച് ഫെബ്രുവരി 15, 16 ന് നടക്കുന്ന ഭാരതീയ യുക്തിവാദി സംഘം സംസ്ഥാന സമ്മേളനം. ഈ സമ്മേളനത്തിൽ കേരളത്തിലെയും ദേശീയ തലത്തിലേയും അന്തർദേശീയ തലത്തി ൂലേയും പ്രമുഖ യുക്തി എംവാദികൾ പങ്കെടുക്കും. ള് അംമാത്രമല്ല നൂതന ദശാസ്ത്രസവിഷയങ്ങളി യം ന്ലുള്ള പ്രഭാഷണങ്ങളും 7) മനഃശാസ്ത്ര പരിപാടി ര % !കളും കലാസാഹിത്യ അ.ഗിസംഗമങ്ങളും ഈ സമ്മേളനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യുക്തിവാദാശയം മനസ്സിൽ സൂക്ഷിക്കുന്ന ഏതൊരാളും ഈ സമ്മേളനം നഷ്ടപ്പെടുത്താതെ പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഈ സമ്മേളനത്തിലേക്ക് താങ്കളെയും താങ്കളുടെ കുടുംബത്തേയും സ്നേഹാദരങ്ങളോടെ ക്ഷണിക്കുന്നു.

## കേരളചരിത്രം

1915 ജൂലൈ 15 ന് കൊല്ലം പട്ടത്താനത്തെ അച്യുതൻ മേശിരിയുടെ പണി കഴിപ്പിച്ച വീടിന്റെ ഗൃഹപ്രവേശനത്തിന് നാരായണ ഗുരു വന്നപ്പോൾ പറഞ്ഞു "ഏതെങ്കിലും മതവുമായി നമുക്ക് യാതൊരു ബന്ധവുമില്ല. നാമായിട്ട് ഒരു മതം സ്ഥാപിച്ചിട്ടുമില്ല. നാം ജാതി മതങ്ങൾ വിട്ടിരിക്കുന്നു."

1916 മെയ് 28 ന് വീണ്ടും അദ്ദേഹം പറഞ്ഞു "നാം ജാതിമതഭേദം വിട്ടിട്ട് ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചിലർ നമ്മെ അവരുടെ വർഗ്ഗത്തിൽപ്പെട്ടവരായി ചിന്തിച്ചും പ്രവർത്തിച്ചും വരുന്നതായും അത് നമ്മുടെ വാസ്തവത്തിന് വിരുദ്ധമായ ധാരണയ്ക്കിടെ വന്നിട്ടുണ്ടെന്നും നാം അറിയുന്നു."

ഗുരുവിന്റെ ഈ വെളിപ്പെടുത്തലുകൾ വ്യക്തമാക്കുന്നത് അവസാനകാലത്ത് അദ്ദേഹം മാനസികമായി പരിപൂർണ്ണ യുക്തിവാദിയായി മാറിയെന്നുള്ളതാണ്. ജാതിക്കും മതത്തിനും അതീതമായി മാനവികതയിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ഗുരു എസ്.എൻ.ഡി.പി. യോഗത്തിന്റെ ജാതീയമായ പോക്കിൽ അമർഷം കൊള്ളുകയും 1916 മെയ് 22 ന് "യോഗത്തിന് ജാത്യാഭിമാനം വർദ്ധിച്ചുവരുന്നതുകൊണ്ട് നാം യോഗത്തെ വിട്ടിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് രാജി കത്തെഴുതി ഡോ.പൽപ്പുവിനെ ഏൽപ്പിച്ചു. എസ്.എൻ.ഡി.പി.യോഗം ജാതിമത രഹിത സംഘടനയായി വളരുമെന്നു ഗുരു ചിന്തിച്ചെങ്കിലും അതിനു വിരുദ്ധമായി മാറുന്നതുകൊണ്ട് മാനവിക പ്രസ്ഥാനത്തിന് രൂപം കൊടുക്കണമെന്ന് ഗുരു ചിന്തിച്ചു.

ഇതിനിടയിൽ കെ.അയ്യപ്പനാണു യഥാർത്ഥ മാനസികവാദിയെന്നു ഗുരു മനസ്സിലാക്കിയിരുന്നു. ജാതിക്കും ദൈവത്തിനും എതിരായി പ്രവർത്തിക്കുന്നത് കണ്ടിട്ടു അയ്യപ്പനോട് ധർമ്മ സ്ഥാപനങ്ങളുടെ ചുമതല ഏറ്റെടുക്കാമോ എന്നു ഗുരു ചോദിച്ചു. ചെറായിയിൽ വെച്ചു നടന്ന മിശ്രഭോജനത്തിന് എല്ലാ ഭാഗത്തു നിന്നും എതിർപ്പ് വന്നപ്പോഴും ഗുരുമാത്രം എല്ലാ പിന്തുണയുമായി നിന്നു.

ഗുരുവിന്റെ ചിന്തയായിരുന്നു സാഹോദര്യം. എല്ലാവരും സഹോദരന്മാരാണ് (1928-ൽ ശ്രീനാരായണ ധർമ്മ സംഘം രജിസ്റ്റർ ചെയ്തപ്പോൾ യുക്തിവാദി സംഘം സ്ഥാപക പ്രസിഡന്റായ രാജവർമ്മത്തമ്പാൻ ബി.എ. എൽ.ടി. അവർകളെ ക്ഷണിച്ചു വരുത്തി നിയമാവലി തയ്യാറാക്കിയപ്പോൾ ഗുരു കാര്യം വ്യക്തമായി പറഞ്ഞിരുന്നു. അത് ധർമ്മസംഘം ട്രസ്റ്റിൽ അംഗമാകുന്നവരെല്ലാം സഹോദരി ഭാവന ഉള്ളവരായിരിക്കണമെന്ന്).

ഈ ഉണർവ്വിൽ നിന്നാണ് കെ.അയ്യപ്പൻ 1917 മെയ് 29-ാം തീയതി സഹോദര സംഘം രൂപീകരിച്ചത്. മിശ്രഭോജനം, മിശ്രവിവാഹം, അധഃകൃത വർഗ്ഗ ഉദ്ധാരണം, സ്ഥിതി സമത്വവാദം എന്നിവ സംഘത്തിന്റെ ലക്ഷ്യമായിരുന്നു. കൊടുങ്ങല്ലൂർ ഭരണിക്കെതിരാ

യും ജാതിക്കെതിരായും പ്രതിഷേധ സമരങ്ങൾ നടത്തി വന്നെങ്കിലും കേരളത്തിലെ ആദ്യ തൊഴിലാളി സംഘടനയായ 'ആദിവൈപ്പിൻ തൊഴിലാളി സംഘം, ഓച്ചൻ തുരുത്തു തൊഴിലാളി വർഗ്ഗ തിരുവിതാംകൂർ ലേബർ അസ്സോസിയേഷൻ, എസ്.എൻ.ഡി.പി. യോഗം എന്നീ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിലേയ്ക്ക് തിരിഞ്ഞതോടെ സഹോദരസംഘം നിർജ്ജീവമായി.

ഈ സമയത്ത് അയ്യപ്പനോടൊപ്പമുണ്ടായിരുന്ന യുക്തിവാദി സുഹൃത്തുക്കൾ മുൻകൈയെടുത്ത് 1925 ൽ ആലുവയിലെ അദ്വൈതാശ്രമ പാഠശാലയിൽ വെച്ചു 'കേരള യുക്തിവാദി സഭയ്ക്ക് രൂപം കൊടുത്തു. അയ്യപ്പന്റെ ഗുരുനാഥനായ രാമവർമ്മത്തമ്പാൻ പ്രസിഡന്റായും എം.സി.ജോസഫ് സെക്രട്ടറിയായും, കുറ്റിപ്പുഴ കൃഷ്ണപിള്ള, ഡോക്ടർ പി.പി.ആന്റണി എന്നിവർ അംഗങ്ങളായും. ഈ കൂടിച്ചേരലാണു യുക്തിവാദി സംഘത്തിന്റെ സമ്മേളനം.

അതിനുശേഷം 1927 ജനുവരിയിൽ കോഴിക്കോട്ടെ മിതവാദി പത്രാധിപർ സി.കൃഷ്ണന്റെ വീട്ടിൽ കൂടുകയും കേരള യുക്തിവാദി സഭയുടെ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ടി യുക്തിവാദി എന്നൊരു മാസിക തുടങ്ങണമെന്നും കെ.രാമവർമ്മത്തമ്പാൻ എം.സി.ജോസഫ്, കെ.അയ്യപ്പൻ, സി.വി.കുഞ്ഞുരാമൻ, സി.കൃഷ്ണൻ എന്നിവർ പത്രാധിപന്മാരായിരിക്കണമെന്നും തീരുമാനിച്ചു. ഈ വാർത്ത അന്നത്തെ 'സഹോദരൻ' പത്രം പ്രസിദ്ധീകരിച്ചിരുന്നു.

1935 നവംബർ 11-ാം തീയതി കൊച്ചി സംസ്ഥാനത്തു യുക്തിവാദി സംഘം രജിസ്റ്റർ ചെയ്തപ്പോൾ പ്രസിഡന്റ് കെ.രാമവർമ്മ തമ്പാനും സെക്രട്ടറി എം.സി.ജോസഫും ട്രഷറർ പനമ്പിള്ളി ഗോവിന്ദമേനോനുമായിരുന്നു.

1949 ൽ തിരുവനന്തപുരത്ത് റിട്ടയേർഡ് ജഡ്ജിയായിരുന്ന എച്ച്. രാമകൃഷ്ണയ്യർ പ്രസിഡന്റായും സി.കേശവൻ, കെ.ദാമോദരൻ, ചൊവ്വര പരമേശ്വരൻ എന്നിവർ അംഗങ്ങളായും എം.പ്രഭ സെക്രട്ടറിയായും ഒരു യുക്തിവാദി സംഘം പ്രവർത്തിച്ചിരുന്നു. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി മെൻസ് ഹോസ്റ്റലിൽ വെച്ച് നടന്ന യോഗത്തിൽ കേരള യുക്തിവാദി സഭയുടെ നേതാക്കളായിരുന്ന എം.സി.ജോസഫ്, സഹോദരൻ അയ്യപ്പൻ എന്നിവ

രും എസ്.രാമനാഥൻ (മദ്രാസ്) ബാഹുലേയൻ (മദ്രാസ്) എന്നിവരെയും പങ്കെടുപ്പിച്ചു നടത്തിയ സമ്മേളനം ശ്രദ്ധേയമായിരുന്നു.

1953 ൽ ആലുവാ അദ്വൈതാശ്രമ പാഠശാലയിൽ വെച്ച് ശ്രദ്ധേയമായ ഒരു സമ്മേളനം നടക്കുകയുണ്ടായി. കേരള യുക്തിവാദി സഭയുടെ ഭാരവാഹികളായ സഹോദരൻ, എം.സി. കുറ്റിപ്പുഴ, ഡോ. പി.എൻ. നാരായണൻ എന്നിവർ പങ്കെടുത്തു. പിറവത്തു വെച്ച് 1954 ൽ പെരുമ്പടവം തോമസ് സെപ്തംബർ 25-ാം തീയതി ഒരു അഖില കേരള യുക്തിവാദി സമ്മേളനം വിളിച്ചിരുന്നു. അതിൽ എം.സി. ജോസഫും, ഇടമറുകും, പെരുമ്പടവം ശ്രീധരൻ, പെരുമ്പടവം തോമസ്, കെ.എസ്.സ്ഫടികം എന്നിവർ സംസാരിച്ചു. സംഘടന രൂപീകരിക്കപ്പെട്ടില്ല.

1956 സെപ്തംബർ 2-ാം തീയതി ഇടമുറുക്, ജി.സുകുമാരൻ നായർ, ഇളംകുളം ശിവശങ്കരൻ നായർ എന്നിവരുടെ അഭ്യർത്ഥപ്രകാരം വിളിച്ചുകൂട്ടിയ സമ്മേളനം സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നതിനായി അഖില കേരള യുക്തിവാദി സംഘം രൂപീകരിച്ചു. പ്രസിഡന്റായി ഡോ. പി.എൻ. നാരായണനും കൺവീനറായി കെ.ആർ. രാമകൃഷ്ണനും കേരള യുക്തിവാദി സഭ അതോടെ രണ്ടായി മാറി. ഇതിനു കാരണം മതപരമായി സന്ധി ചെയ്തു യ്കുതിവാദ പ്രവർത്തനം നടത്തണമെന്ന എം.സി.യുടെ അഭിപ്രായവും പോരെന്ന ഇടമുറുകിന്റെ അഭിപ്രായ ഗതികളുമായിരുന്നു.

1956 ഡിസംബർ 23-ാം തീയതി സ്ലിക് സ്റ്റോൺ ഹോട്ടലിൽ വെച്ച് വീണ്ടും യോഗം കൂടി ഭരണഘടനയും മാനിഫെസ്റ്റോയും അംഗീകരിച്ചു. പ്രസിഡന്റായി ഡോ.പി.എൻ.നാരായണനു, വർക്കി ശാന്തിസ്ഥാൻ, കെ.ആർ.രാമകൃഷ്ണൻ എന്നിവർ വൈസ് പ്രസിഡന്റുമാരായും ഇടമറുക് സെക്രട്ടറിയായും സംഘം രൂപീകരിച്ചു. തുടർന്ന് രണ്ടു സംഘടനകളും നിർജ്ജീവമായി.

1965 സെപ്തംബറിൽ കോഴിക്കോട് ജില്ലാ യുക്തിവാദി സംഘം രൂപീകരിച്ചു. കെ.കെ.പണിക്കർ പ്രസിഡന്റും ബി.കെ. വെങ്ങാലിൽ സെക്രട്ടറിയുമായി 15 പേരടങ്ങിയ കമ്മിറ്റി രൂപീകരിച്ചു.

1966 ൽ ചൊവ്വര പരമേശ്വരന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് യുക്തിവാദി സംഘം പ്രവർത്തനം ആരംഭിച്ചു. പവനൻ, പി.

എസ്.രാമൻകുട്ടി, പെരുമ്പടവം ശ്രീധരൻ, മാത്യു എം.കുഴിവേലി പ്രൊഫ. തോമസ് വർഗ്ഗീസ്, പി.എം.പിള്ള എന്നിവരായിരുന്നു പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. പവനൻ പ്രസിഡന്റായും പി.എസ്.രാമൻകുട്ടി സെക്രട്ടറിയായും തിരുവനന്തപുരം ജില്ലാ യുക്തിവാദി സംഘം രൂപീകരിക്കപ്പെട്ടു. തുടർന്നുള്ള പ്രവർത്തനങ്ങളിൽ കെ.വേണു, എ.കെ.ഹമീദ്, കെ.ഐ. ഗംഗാധരൻ തുടങ്ങിയവർ പങ്കെടുത്തിരുന്നു.

ഈ സാഹചര്യത്തിൽ 1967 ഡിസംബർ 12 ന് തൃശ്ശൂരിൽ എ.വി. ജോസ് വിളിച്ചു കൂട്ടിയ സമ്മേളനം കേരള യുക്തിവാദി സംഘം രൂപീകരിച്ചു. പ്രസിഡന്റായി എം.സി.ജോസഫിനെയും വൈസ് പ്രസിഡന്റുമാരായി വി.ടി. ഭട്ടതിരിപ്പാട്, കുറ്റിപ്പുഴ കൃഷ്ണപിള്ള എന്നിവരെയും ജനറൽ സെക്രട്ടറിയായി കെ.ഏ. സുബ്രഹ്മണ്യത്തിനെയും ജോയിന്റ് സെക്രട്ടറിമാരായി എ.വി.ജോസ്, പി.എസ്. രാമൻകുട്ടി എന്നിവരെയും ട്രഷററായി ജോസഫ് കുന്നത്തിനെയും തെരഞ്ഞെടുത്തു.

1969 ൽ മെയ് 19, 20 ന് ഒന്നാം വാർഷിക സമ്മേളനം നടന്നു. എം.പ്രഭയെ പ്രസിഡന്റായും ഇടമറുകിനെ വൈസ് പ്രസിഡന്റായും പി.എസ്. രാമൻകുട്ടിയെ ജനറൽ സെക്രട്ടറിയായും പുതിയ സമിതിയെ തെരഞ്ഞെടുത്തു.

1976 ൽ എറണാകുളത്തു വെച്ച് നടന്ന സമ്മേളനം ഡോ.പി.പി. വേലായുധൻ പിള്ളയെ പ്രസിഡന്റായും കഥാനാഥന്റെ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുത്തു. എം.സി.ജോസഫ്, വി.ടി. ഭട്ടതിരിപ്പാട്, എം.പ്രഭ, എ.ടി.കോവൂർ എന്നിവർ യോഗത്തിൽ സംസാരിച്ചു.

1985 മാർച്ച് 15 ന് ദേശീയ സംഘടനയായ ഇന്ത്യൻ റാഷണലിസ്റ്റ് അസ്സോസിയേഷനിൽ നിന്നും കേരള യുക്തിവാദി സംഘം അഫിലിയേഷൻ പിൻവലിച്ചു. ഈ പശ്ചാത്തലത്തിൽ ഇന്ത്യൻ റാഷണലിസ്റ്റ് അസ്സോസിയേഷന്റെ സംസ്ഥാന ഘടകം കേരളത്തിൽ രൂപംകൊണ്ടു. ഈ ലേഖകൻ ജനറൽ സെക്രട്ടറിയായും അബ്ദുള്ള മേപ്പയ്യൂർ പ്രസിഡന്റായും കമ്മിറ്റി രൂപീകരിച്ചു.

1997 ൽ ഇന്ത്യൻ റാഷണലിസ്റ്റ് അസ്സോസിയേഷന്റെ കേന്ദ്ര സം

സ്ഥാന ഘടകങ്ങളിലുണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് ഭാരതീയ യുക്തിവാദിസംഘം രൂപം കൊണ്ടു. ഇതു റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുമായി അഫിലിയേറ്റ് ചെയ്തു.

സി.ഐ.ഉമ്മൻ പ്രസിഡന്റായും ഈ ലേഖകൻ ജനറൽ സെക്രട്ടറിയായും സംസ്ഥാന കമ്മിറ്റി രൂപീകരിച്ചു.

ജനാധിപത്യ മാനവിക മൂല്യങ്ങളും മതത്തിനെതിരെ സന്ധിയില്ലാത്ത സമരവും വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്കെതിരെ മതേതര പ്രസ്ഥാനങ്ങളുടെ ഐക്യവും ഉണ്ടാകണമെന്നും സംഘം വിചാരിക്കുന്നു.

റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ : 1929 ൽ ദി ആന്റി പ്രീസ്റ്റ് ക്രാഫ്റ്റ് അസ്സോസിയേഷൻ എന്ന പൗരോഹിത്യ വിരുദ്ധ സംഘടന രൂപീകരിക്കാൻ തീരുമാനിച്ചു. 1930 മാർച്ചിൽ ബോംബെയിലെ സ്റ്റുഡന്റ് ബ്രദർ ഹുഡ് ഹാളിൽ സോ.ജി.വി.ദേശ്മുഖിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഭാരവാഹികളെ തെരഞ്ഞെടുത്തു. ഡോ. ജി.വി. ദേശ്മുഖ് പ്രസിഡന്റ് എ.എസ്.തായാബ്ജി, ഡോ.സി.എൽ.എ. അവിയോൺ എന്നിവർ വൈസ് പ്രസിഡന്റുമാരെയും ഡി.ആർ.ഡി. വാഡിയ ഖജാൻജിയായും.

1931 ൽ സംഘടനയുടെ പേര് റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ എന്നാക്കി മാറ്റി. ഇപ്പോൾ സംഘടനയുടെ ഭാരവാഹികൾ അഖിലേന്ത്യാ പ്രസിഡന്റ് ~~രാവിപുസി വെങ്കടാദ്രിയും അഖിലേന്ത്യാ ചെയർമാൻ~~ കുറാഹനുമന്ത റാവുവും അഖിലേന്ത്യാ ജനറൽ സെക്രട്ടറി മേദുരി സത്യനാരായണനുമാണ്.

1917 ൽ കേരളത്തിലാരംഭിച്ച മതവിരുദ്ധ മാനസിക സംഘടനയായ യുക്തിവാദ പ്രസ്ഥാനത്തിന്റെ വാർഷികവും ബി.വൈ.എസ്സിന്റെ 14-ാമത് സംസ്ഥാന സമ്മേളനവുമാണ് 2011 ഓഗസ്റ്റ് 14, 15 ന് കൊല്ലത്തു വെച്ച് നടക്കുന്നത്. സമ്മേളനത്തിൽ താങ്കളും കുടുംബവും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

# 18

## ചട്ടമ്പിസ്വാമിയുടെ യുക്തിവാദ ചിന്തകൾ

തിരുവനന്തപുരം കൊല്ലൂരി (കണ്ണൻ മൂല)ലെ ഉള്ളൂർക്കോട് എന്ന ഭവനത്തിൽ തിരു നങ്കേയി (നങ്ങേമപ്പിള്ള) മകനായിട്ടാണ് ചട്ടമ്പി ജനിച്ചത്. അന്നു സംബന്ധ കാലമായതിനാൽ അനന്ത ശർമ്മാവ് (വാസു ദേവശർമ്മ) എന്ന ബ്രാഹ്മണനായിരുന്നു പിതാവ്. മാതാപിതാക്കൾ കുട്ടിക്ക് അയ്യപ്പനെന്ന് പേരിട്ടു. എന്നാൽ കുഞ്ഞനെന്ന ഓമനപ്പേരാണ് എല്ലാവരും വിളിച്ചിരുന്നതു്. ഇതിനിടയിൽ ആശാൻ പള്ളിക്കുടത്തിൽ നിന്നും ചട്ടമ്പി എന്ന പേരും ലഭിച്ചു. ശൂദ്രന് വിദ്യാഭ്യാസം നിഷിദ്ധമായിരുന്ന കാലമായിരുന്നെങ്കിലും ബ്രാഹ്മണനായ പിതാവിൽ നിന്നും ബ്രാഹ്മണരായ മറ്റു ചില ഗുരുക്കന്മാരിൽ നിന്നും കുഞ്ഞന് ശിക്ഷണം ലഭിക്കുകയുണ്ടായി രാമൻപിള്ള ആശാനും തൈക്കാട് അയ്യാവും തമിഴ് പണ്ഡിതനായ സ്വാമിനാഥനും തിരുനൽവേലി കല്ലടക്കുറിച്ചിയിലെ ബ്രാഹ്മണ പണ്ഡിതനായ സുബ്ബാജഡാ പാടിയും ചട്ടമ്പിയുടെ ഗുരുക്കന്മാരായിരുന്നു.

ഇവരിൽ നിന്നും സംഗീതം, യോഗ, പൂജാക്രമങ്ങൾ. ചിത്രമെഴുത്തു, കായികാഭ്യാസം തുടങ്ങിയവ പഠിച്ചു വെങ്കിലും തമിഴ് ഗുരുക്കന്മാരിൽ നിന്നും തമിഴ് ശാസ്ത്ര സാഹിത്യം, വേദാന്തം, സിദ്ധാന്തങ്ങൾ കൂടി പഠിക്കുവാനിടയായി. ഇതു ചട്ടമ്പിയിൽ ചില ചിന്താവിപ്ലവങ്ങൾ സൃഷ്ടിച്ചു. യുക്തി ചിന്തയും ശാസ്ത്രബോധവും കുഞ്ഞനിൽ അങ്കുരിച്ചു. കേരളം സൃഷ്ടിച്ച പരശുരാമ കഥയും ശൂദ്ര

ന് വിദ്യ നിഷേധിക്കുന്ന വേദങ്ങളെയും ചട്ടമ്പി അതി നിഷിധമായി ചോദ്യം ചെയ്തു. മാത്രമല്ല ക്രിസ്തുമതത്തെയും അദ്ദേഹം വിമർശിച്ചു തുടർന്നു വിശദമായ വസ്തുതകൾ അനാവരണം ചെയ്യുന്ന ആധികാരികഗ്രന്ഥങ്ങൾ ചട്ടമ്പിയുടെതായി പുറത്തു വന്നു. അവ പ്രാചീന മലയാളം, വേദാധികാരനിരൂപണം, ക്രിസ്തുമത നിരൂപണം എന്നിവയായിരുന്നു. പ്രാചീന മലയാളത്തിൽ, പരശുരാമൻ കേരളത്തെ സമുദ്രത്തിൽ നിന്നും ഉയർത്തിക്കൊണ്ടുവന്നു ബ്രാഹ്മണർക്കായി ദാനം ചെയ്തുവെന്നും ഇവിടെയുള്ള നായർ മാർ ബ്രാഹ്മണരുടെ ദാസ്യപ്പണി ചെയ്യാൻ കൊണ്ടുവന്ന ശൂദ്രരുമാണെന്ന വിശ്വാസത്തെ ചട്ടമ്പിസ്വാമികൾ ചോദ്യം ചെയ്തു. അന്നുവരെ ശൂദ്രന്മാരായ നായർമാർക്കു വേദങ്ങൾ പഠിക്കുവാനോ  അനുഷ്ഠാനങ്ങൾ നടത്തുവാനോ അവകാശമുണ്ടായിരുന്നില്ല. ഇതായിരുന്നു ചട്ടമ്പിയിലുണ്ടായ യുക്തിബോധവും യുക്തിവാദവും.

വേദാധികാരനിരൂപണത്തിൽ അദ്ദേഹം ചോദിച്ചതു' ശൂദ്ര മക്ഷരസംയുക്തം ദൂരത: പരിവർജ്ജയേത്' അതായതു് അക്ഷരം പഠിച്ച ശൂദ്രനെ അടിച്ചു പുറത്താക്കണം ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ ഈ മൂന്നു ജാതികൾക്ക് പഠിക്കാം. എന്നാൽ പഠിപ്പിക്കാൻ അവകാശമില്ല. അതിനുള്ള അവകാശം ബ്രാഹ്മണനു മാത്രം ഇതെന്ത് നീതി എന്നദ്ദേഹം ചോദിച്ചു. വീണ്ടും അദ്ദേഹം വിശദീകരിച്ചു .ആഹാരം പോലെ അറിവ് എല്ലാ മനുഷ്യനും ആവശ്യമാണ്. വേദം അപൗരുഷേയമല്ല അതു് മുനിമാർ രചിച്ചതാണ്. വേദം എല്ലാപേർക്കും പഠിക്കാനും പഠിപ്പിക്കാനും അവകശമുണ്ടു. തുടർന്നു വേദങ്ങളിലെ അനവധിസന്ദർഭങ്ങൾ ഉദ്ധരിച്ചു അവയുടെ അശാസ്ത്രീയത വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പ്രസ്തുത ഗ്രന്ഥത്തിൽ. ക്രിസ്തുമതത്തെ വിമർശിക്കാനുള്ള കാരണം ബിട്ടീഷുകാർ ഇന്ത്യയിൽ വന്നതോടെ ക്രിസ്ത്യൻ മിഷ്യനറിമാരും ഇന്ത്യയിലേക്ക് വന്നു. അവർ ക്രിസ്തുമതത്തിന്റെ ശ്രേഷ്ഠതയെ ഉയർത്തിക്കാട്ടി പലരേയും കൂട്ടത്തോടെ ക്രിസ്തുമതത്തിൽചേർക്കുന്നുണ്ടായിരുന്നു. ഇതിനെ തടയുന്നതിന്വേണ്ടി കിസ്തുമതത്തിന്റെ പൊള്ളത്തരം തുറന്നു കാണിക്കന്നതിനു് ക്രിസ്തുമതനിരൂപണം എന്ന ഗ്രന്ഥം രചിക്കുകയും ശിഷ്യന്മാരായ കാളികാവ് നീലകണ്ഠപിള്ളയേയും കരുവാ കൃഷ്ണനാശാനെയും തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ പറഞ്ഞുവിടുകയും മതപ്രചരണത്തിനെതിരായ ബോധവൽക്കരണം നടത്തു

കയും ചെയ്തു.

ജ്യോതിഷത്തിന് പുല്ലുവിലപോലും അദ്ദേഹം കൽപ്പിച്ചിരുന്നില്ല. ഒരിക്കൽ ഒരു ജ്യോതിഷർ അദ്ദേഹത്തെ കാണുവാൻ വന്നു. ജ്യോത്സ്യരോട് സ്വാമി ചോദിച്ചു; "ജ്യോതിഷത്തിന്റെ എത്ര പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്". ജ്യോത്സ്യർ പറഞ്ഞു "ഇരുപതോളംളം. സ്വാമി ഉടൻ ചോദിച്ചു "അത്രയേ ഉള്ളോ, ഒരാവശ്യം ഇല്ലെങ്കിൽപ്പോലും ഞാൻ 500 ഓളം തമിഴ് ജ്യോതിഷ ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ട്." അതുകേട്ട ജ്യോത്സ്യർ അമ്പരക്കുകയും സ്ഥലം കാലിയാക്കുകയും ചെയ്തു. "സ്വാമികളുടെ ജന്തുകാരുണ്യ നിരൂപണം ശ്രദ്ധേയമാണ്. അഹിംസയാണ് പരമമായ ധർമ്മമെന്ന് പ്രഖ്യാപിച്ച ബുദ്ധന്റെ സിദ്ധാന്തത്തെ സ്വാമി സ്വജീവിതത്തിൽ പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു. ബ്രാഹ്മണ സിദ്ധാന്തങ്ങളെ ചോദ്യം ചെയ്ത ബുദ്ധനെ ഗുരുവായി സ്വീകരിച്ച ചട്ടമ്പി പുരോഗമന പക്ഷത്തായിരുന്നുവെന്ന് വ്യക്തം.

പ്രധാനപ്പെട്ട ഈ അഞ്ച് കാര്യങ്ങൾ അദ്ദേഹം നടത്തിയ യുക്തിവാദ പ്രവർത്തനങ്ങളായിരുന്നു. അതു വ്യക്തമാക്കുന്ന ഒരഭിപ്രായം ചുവടെ ചേർക്കുന്നു. പത്മന ആശ്രമത്തിലെ സന്യാസി ബ്രഹ്മശ്രീ പ്രണവാനന്ദതീർഥപാദർ വേദാധികാരനിരൂപണം എന്നഗ്രന്ഥത്തിന്റെ അവതാരികയിൽ പറയുന്നു 'ഗാർഗ്ഗി മൈത്രേയി, കാർത്യാനി തുടങ്ങിയ സ്ത്രീകൾ, യുക്തിവാദ പടുവും ബ്രഹ്മജ്ഞാനിയുമായ യാജ്ഞവൽക്യനോട് പോലും വാദപ്രതിവാദം നടത്തി. ഇതെല്ലാം ഉദാഹരണസഹിതം ഈ ഗ്രന്ഥത്തിൽ ചട്ടമ്പിസ്വാമികൾ വിശദീകരിച്ചിരിക്കുന്നു.

# 19

## ദൃഢപ്രതിജ്ഞയുടെ ചരിത്രം

നമ്മുടെ ഭരണഘടനയിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി അധികാരിയായി മാറുമ്പോൾ ഈശ്വരവിശ്വാസമില്ലാത്ത ഒരാളാണെങ്കിൽ ദൃഢപ്രതിജ്ഞ ചെയ്യാവുന്നതാണ്. ഈശ്വരവിശ്വാസിയാണെങ്കിൽ ദൈവനാമത്തിലും. പ്രതിജ്ഞ ഇങ്ങനെയാണ്. "ക.... ഖ..... ആയ ഞാൻ വിശ്വസ്തതയോടെ ഭാരതത്തിന്റെ....... ഉദ്യോഗം നിർവ്വഹിക്കും. അല്ലെങ്കിൽ ചുമതല നിർവ്വഹിക്കും. എന്നും കഴിവിന്റെ പരമാവധി ഭരണഘടനയും നിയമവും നിലനിർത്തുകയും രക്ഷിക്കുകയും പാലിക്കുകയും ചെയ്യുമെന്നും ഭാരതത്തിലെ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിനും അവർക്ക് ക്ഷേമം കൈവരുത്തുന്നതിനും സ്വയം അർപ്പിച്ചിരിക്കുന്നുവെന്നും ദൈവനാമത്തിൽ സത്യം (ദൃഢപ്രതിജ്ഞ) ചെയ്യുന്നു." ഈ പ്രതിജ്ഞയിൽ ദൃഢപ്രതിജ്ഞ എങ്ങനെയാണ് കയറിപ്പറ്റിയത്. അതു ഒരു യുക്തിവാദി നടത്തിയ ധീരമായ സമരത്തിന്റെ ഫലമായിരുന്നു. 1880-88 ലാണ് സംഭവം. ബ്രിട്ടീഷ് പാർലമെന്റിലാണ് സംഭവം നടന്നത്. 1880 ഏപ്രിൽ 2 ന് ബ്രിട്ടീഷ് പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ നോർത്താംപ്ടൺ മണ്ഡലത്തിൽ നിന്ന് ഒരു യുക്തിവാദി തെരഞ്ഞെടുക്കപ്പെട്ടു. ആനിബസന്റിന്റെ പ്രിയപ്പെട്ട സുഹൃത്ത് ചാൾസ് ബ്രാഡ്‌ല. അദ്ദേഹമാണ് ദൃഢപ്രതിജ്ഞയുടെ സൃഷ്ടികർത്താവ്. തെരഞ്ഞെടുപ്പിന് ശേഷം സത്യപ്രതിജ്ഞാകർമ്മം നടക്കുമ്പോൾ ബ്രാഡ്‌ല ഒരു ആവശ്യം ഉന്നയിച്ചു. ദൈവനാമത്തില

ല്ലാതെ ദൃഢപ്രതിജ്ഞ ചെയ്യാൻ തന്നെ അനുവദിക്കണമെന്നായിരുന്നു. അത് സഭയിലൊരു പുതിയ സംഭവമായിരുന്നു. അതു കൊണ്ട് തന്നെ ആ ആവശ്യം നിരസിക്കപ്പെട്ടു. അവസാനം പ്രശ്നം പരിശോധിക്കാൻ ഒരു കമ്മീഷനെ ചുമതലപ്പെടുത്തി. കമ്മീഷൻ ബ്രാഡ്ലയ്ക്കെതിരായി റിപ്പോർട്ടു നൽകി. പക്ഷേ ബ്രാഡ്ല പിന്തിരിയാൻ തയ്യാറായില്ല. പാർലമെന്റിൽ പ്രമേയം വന്നു. തുടർന്നു മറ്റൊരു പരിശോധനാസമിതി നിയമിക്കപ്പെട്ടു. സമിതി മുമ്പാകെ ബ്രാഡ്ല തന്റെ കാഴ്ചപ്പാട് അവതരിപ്പിച്ചു ശക്തിയുക്തം വാദിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ബ്രാഡ്ലയ്ക്ക് അനുകൂലമായി പ്രമേയം പാർലമെന്റിൽ അവതരിപ്പിച്ചു. എന്നാൽ വോട്ടെടുപ്പിൽ പരാജയപ്പട്ടു. ബ്രാഡ്ല വീണ്ടും പാർലമെന്റിനെ സമീപിച്ചു. ബ്രാഡ്ല ആദ്യത്തെ പ്രസംഗം നടത്തി. അദ്ധ്യക്ഷൻ ക്ഷോഭിച്ചു. ബ്രാഡ്ലയെ പോലീസ് ബലം പ്രയോഗിച്ചു പുറത്താക്കുകയും പാർലമെന്റിന്റെ ക്ലോക്ക് ടവറിൽ തടവുകാരനാക്കുകയും ചെയ്തു.

ഈ അനീതിക്കെതിരെ ആനിബസന്റ് നാഷണൽ റിഫോർമർ എന്ന പത്രത്തിൽ ശക്തിയായി പ്രതിഷേധിച്ചു. നോർത്താംപ്ടനിലെ പുരോഗമനവാദികൾ ഇളകി മറിഞ്ഞു. അവർ നാടിന്റെ നാനാഭാഗങ്ങളിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തി. പിറ്റേ ദിവസം ബ്രാഡ്ല തടവിൽ നിന്നും വിമോചിതനായി. ദൃഢപ്രതിജ്ഞ ചെയ്യാൻ അനുവാദവും നൽകി. എന്നാൽ ദൃഢപ്രതിജ്ഞയുടെ സാധ്യതയെ ചോദ്യം ചെയ്തുകൊണ്ട് കോടതിയിൽ കേസ് വന്നു. അതോടെ ബ്രാഡ്ലയുടെ തെരഞ്ഞെടുപ്പ് വിജയം അസാധുവാക്കി. പക്ഷേ ബ്രാഡ്ല പരാജയപ്പെടാതെ വീണ്ടും മത്സരിച്ചു. ആ തെരഞ്ഞെടുപ്പിൽ ബ്രാഡ്ലയ്ക്ക് വമ്പിച്ച ഭൂരിപക്ഷം ലഭിച്ചു. ജനഹിതം ബ്രാഡ്ലക്കു അനുകൂലമായതിനാൽ അംഗീകരിക്കേണ്ടിവന്നു. അതിന്റെ ഫലമായി 1888 ആഗസ്റ്റ് 9 ന് ദൃഢപ്രതിജ്ഞാനിയമം നിലവിൽ വന്നു. ദേശീയ മതേതര സംഘത്തിലെ അംഗങ്ങൾക്കു യോഗ്യതാ പത്രം വിതരണം ചെയ്യാൻ ബ്രാഡ്ല ലണ്ടനിൽ എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ വമ്പിച്ച ജനാവലി തടിച്ചു കൂടി. ആ കാലഘട്ടത്തിലെ ഉജ്ജ്വല വാഗ്മിയായിരുന്നു അദ്ദേഹം. 1891 ൽ 58-മത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു. ഇന്ത്യയെ സ്നേഹിക്കുകയും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി അദ്ദേഹം വാദിക്കുകയും ചെയ്തിരുന്നു.

# 20

## വി.ആർ.കൃഷ്ണയ്യരും മരണാനന്തര ജീവിതവും

1998 മാർച്ച് 6 ലെ മലയാള മനോരമ സൺഡേ സപ്ലിമെന്റിൽ 'മരണം ഒരു വാതിൽ' എന്ന തലക്കെട്ടിൽ ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ ഒരു ലേഖനം എഴുതുകയുണ്ടായി. മരിച്ചു പോയ തന്റെ ഭാര്യ ശാരദാ കൃഷ്ണയ്യരുമായി താൻ ആശയവിനിമയം നടത്താറുണ്ടെന്നായിരുന്നു ലേഖനത്തിന്റെ ഉള്ളടക്കം.

ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ ഇങ്ങനെയാണ്.

"മരണാനന്തര ജീവിതത്തെക്കുറിച്ച് ഞാൻ അന്വേഷണം തുടങ്ങിയത് എന്റെ ഭാര്യയുടെ മരണത്തിന് ശേഷമാണ്.

"എന്റെ അന്വേഷണം ഭാര്യയുടെ മരണം എന്ന അത്യാഹിതത്തിൽ നിന്നു മാത്രം ഉടലെടുത്തതാണ് എന്ന് പറഞ്ഞുകൂടാ." "യുക്തിവാദത്തിൽ വിശ്വസിക്കുന്ന ആളാണെന്ന് ഞാൻ നടിക്കുന്നു. ഞാനും എന്റെ ഭാര്യയും എറണാകുളത്ത് ഒന്നിച്ചു ജീവിച്ചിരുന്ന കാലത്ത് ഞങ്ങൾ രണ്ടു പേരും നിരീശ്വരവാദികളായിരുന്നു. അവിശ്വാസികളായിരുന്നു. സത്യസായി ബാബ തുടങ്ങിയ ആത്മീയ നേതാക്കന്മാരെക്കുറിച്ച് അത്ര വലിയ മതിപ്പുണ്ടായിരുന്നില്ല. എങ്കിലും ഞങ്ങൾ രണ്ടുപേരും തനി ഭൗതികവാദത്തിനപ്പുറം മനുഷ്യൻ ഒരു ആത്മീയ ശക്തിയുള്ള ആദ്ധ്യാത്മിക ജീവിയാണ് എന്ന ബോധമുള്ളവരായിരുന്നു".

"1974 ഓഗസ്റ്റ് 12 ന് രാത്രി അമേരിക്കയിലെ മിൽവാക്കി ആശുപത്രിയിൽ നടന്ന ആ കറുത്ത സംഭവം, അതായത് എന്റെ ഭാര്യയുടെ മരണം, ഏൽപ്പിച്ച ആഘാതം എന്നെ ചിന്തിപ്പിച്ചു".

"സ്ഥൂല ശരീരത്തിൽ നിന്നു വിട്ട് എന്റെ ഭാര്യ - ശാരദ എന്നാണവളുടെ പേര് - സൂക്ഷ്മശരീരത്തിൽ ജീവിക്കുന്നുണ്ടോ".

"മനുഷ്യൻ വെറും ചാമ്പൽ മാത്രമാണോ മറ്റൊന്നുമില്ലേ?"

"ഒടുവിൽ ഒരു രാത്രി, ഒന്നുമില്ല ഇനി എന്ന നിലയിലേക്ക് അവൾ നീങ്ങി എന്ന് എനിക്ക് അംഗീകരിക്കാൻ സാധിച്ചില്ല. അപ്പോൾ ഞാൻ തീർച്ചയാക്കി. ഇതിനെക്കുറിച്ചന്വേഷിക്കണം. മനുഷ്യൻ മരിക്കുന്നതോടെ വെറും സ്മരണയായി മാറുന്നുവോ?"

"ഒരു മനുഷ്യൻ മരിക്കുന്നതോടെ മറ്റൊന്നും ബാക്കിയില്ല എന്ന് കരുതുന്നത് യുക്തിക്ക് നിരക്കില്ല.യുക്തിവാദിയാണെങ്കിൽ ദേഹവിയോഗം കൊണ്ടു സർവ്വം നശിക്കുന്നു എന്നുള്ള നിഗമനത്തിൽ എത്താൻ സാധ്യമല്ല."

"മനുഷ്യൻ വെറുതെ കുറെ മദ്യപിക്കുകയും സുഖലോലുപനായി ജീവിക്കുകയും ഭോഗങ്ങൾ തേടുകയും ചെയ്യുന്ന ഒരു വസ്തുവല്ല. അന്ത:സത്ത - അതായത് ആത്മീയമായ ഒരു സത്ത മനുഷ്യനുണ്ട്. ആ ആത്മീയസത്ത ദേഹം നശിക്കുന്നതോടെ നശിക്കുന്നില്ല എന്ന അടിസ്ഥാനതത്വം അബോധമണ്ഡലത്തിലെങ്കിലും ഉണ്ടായതു കൊണ്ടായിരിക്കണം, ദേഹവിയോഗത്തിനുശേഷം ദേഹി ഏത് രൂപത്തിൽ ജീവിക്കുന്നു എന്ന ചോദ്യം നേരിടാൻ ഞാൻ തയ്യാറായി."

"മരണാനന്തരജീവിതത്തെക്കുറിച്ച് എവിടെ നിന്നെല്ലാം വെളിച്ചം കിട്ടുമെന്ന് അന്വേഷിച്ചു തുടങ്ങി."

"ഈ അന്വേഷണത്തിന്റെ ഘട്ടത്തിലാണ് 75 സിയാറ്റിലിൽ ഈ വിഷയത്തിൽ അന്താരാഷ്ട്ര സമ്മേളനം ചേരുന്നതായി മനസ്സിലാക്കിയത്. അതിൽ ഞാൻ പങ്കു കൊള്ളുകയും ചെയ്തു. ആ സമ്മേളനം സംഘടിപ്പിച്ചത് അക്വേറിയൻ ഫൗണ്ടേഷൻ എന്ന സ്ഥാപനമാണ്. റവ. റയിൻ ഹാർട്ട് എന്ന വ്യക്തിയായിരുന്നു ആ സ്ഥാപനത്തിന്റെ നേതാവ്".

അദ്ദേഹത്തെപ്പറ്റി പല ദുരാരോപണങ്ങളും ഉണ്ടായിരുന്നുവെ

ങ്കിലും അദ്ദേഹത്തിന്റെ കഴിവിനെക്കുറിച്ച് അതായത് പരേതാത്മാക്കളുമായുള്ള ആശയവിനിമയം എന്ന പ്രക്രിയയെക്കുറിച്ചുള്ള പൊതുയോഗങ്ങളിൽ അദ്ദേഹത്തിന് തെളിവുകൾ നൽകാൻ സാധിച്ചു.

"ഡൽഹിയിൽ തിരിച്ചെത്തിയപ്പോൾ അന്നത്തെ ഉപരാഷ്ട്രപതി ബി.ഡി. ജെട്ടിയുമായി ഈ വിഷയം ചർച്ച ചെയ്തു. ഇക്കാര്യത്തിൽ യാഥാർത്ഥ്യമുണ്ട് എന്ന് വിശ്വസിക്കുന്ന കൂട്ടത്തിലായിരുന്നു അദ്ദേഹം. സംഗതി തെളിയിക്കാൻ കഴിവുള്ള ഒരു വ്യക്തിയെ അദ്ദേഹം എന്റെ വീട്ടിലേക്ക് അയച്ചു. പ്രശസ്ത സാഹിത്യകാരൻ ആർ.കെ. നാരായണന്റെ ജ്യേഷ്ഠൻ ആർ.കെ.ശ്രീനിവാസനായിരുന്നു ജെട്ടിയുടെ പ്രൈവറ്റ് സെക്രട്ടറി. അദ്ദേഹമാണ് ടൈനി ത്യാഗരാജൻ എന്ന ശ്രീലങ്കൻ തമിഴ് സ്ത്രീയെ കൂട്ടിക്കൊണ്ട് വന്നത്."

"ഞാൻ ആർ.കെ.നാരായണനുമായി സമ്പർക്കം പുലർത്തി. കാരണം ആർ.കെ.നാരായണനും ഈ വിഷയത്തിൽ സ്വാനുഭവമുണ്ടെന്നും എന്നോട് പറഞ്ഞിരുന്നു. നാരായണൻ സ്വന്തം അനുഭവം രണ്ട് പുസ്തകങ്ങളിൽ കൂടി വെളിപ്പെടുത്തിയിട്ടുണ്ട്. ഒന്ന് 'ദ ഇംഗ്ലീഷ് ടീച്ചർ' എന്ന പുസ്തകം. അക്കാലത്തു തന്നെയാണ് അദ്ദേഹം ആത്മകഥയിൽ മരണാനന്തരജീവിതം എന്ന വിഷയത്തെക്കുറിച്ച് സ്വന്തം അനുഭവമുണ്ടെന്ന് പ്രസ്താവിച്ചത്.

രണ്ടു മൂന്നു തവണ അദ്ദേഹത്തോട് ഞാൻ നേരിട്ടന്വേഷിച്ചു. അപ്പോഴെല്ലാം 'ദ ഇംഗ്ലീഷ് ടീച്ചർ' അനുഭവത്തിന്റെ വെളിച്ചത്തിൽ രചിച്ചതാണെന്ന് അദ്ദേഹം ഉറപ്പ് നൽകി. "ആർ. കെ. നാരായണന്റെ അനുഭവം ആ നോവലിൽ കൂടിഅദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നു. അതിൽ പ്രധാനമായൊരു ഘടകമാണ് അദ്ദേഹത്തിന്റെ പത്നിയുടെ മരണാനന്തരജീവിതവും അവർ ഇരുവരും തമ്മിലുള്ള കൂടിക്കാഴ്ചകളും സംഭാഷണങ്ങളും. മരണാനന്തരജീവിതമുണ്ടെന്ന് സമർത്ഥിക്കുന്ന പല തെളിവുകളും പുസ്തകത്തിലുണ്ട്. അതെപ്പറ്റി ഞാൻ കൂടുതൽ പറയുന്നില്ല. മരണാനന്തരജീവിതത്തെക്കുറിച്ച് അറിയണമെന്ന് ജിജ്ഞാസയുള്ള ഏവനും ഈ നോവൽ വായിക്കണം. നോവലിൽ പറയുന്ന എല്ലാ സംഗതികളും യാഥാർത്ഥ്യങ്ങളാണ് കഥയ്ക്കു വേണ്ടി കൂട്ടിച്ചേർത്ത കള്ളങ്ങൾ അതിൽ ഒട്ടും തന്നെയില്ല."

"മറ്റൊരു കഥ അദ്ദേഹം എന്നോടു പറയുകയുണ്ടായി. കഥയല്ല, നടന്ന സംഗതി. ഈനാടിഗ്ഗ് എന്ന സ്ത്രീ വളരെ പ്രശസ്തി നേടിയ ഒരു മീഡിയം ആണ് (പരേതാത്മാവിനും അതിനോട് സംസാരിക്കുന്നയാൾക്കും ഇടക്കു നിൽക്കുന്ന ആളാണ് മീഡിയം) അവർ ലണ്ടനിലാണ്. ഞാനവരെ കണ്ടിട്ടുണ്ട്. പക്ഷേ ഞങ്ങൾ തമ്മിലുണ്ടായ കൂടിക്കാഴ്ചയിൽ എനിക്ക് വേണ്ടത്ര തെളിവ് കിട്ടിയിട്ടില്ല.എങ്കിലും അവരെയൊന്നു കാണാൻ നാരായണനോട് ഞാൻ അപേക്ഷിച്ചിരുന്നു. നാരായണൻ ഇംഗ്ലണ്ടിൽ പോവുകയും അവരുമായി ഒരഭിമുഖം ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ വല്ല സിറ്റിംഗ് വേണോ എന്ന് അവർ ആർ. കെ. യോട് ചോദിച്ചു. പിന്നീട് അവർ നാരായണനോട് പറഞ്ഞു.

എന്തെ നിങ്ങൾ ഇങ്ങനെ പറയുന്നത്, നിങ്ങളുടെ അമ്മ ഇവിടെയുണ്ടല്ലോ. അവർ നിങ്ങളോട് ചില സംഗതികൾ പറയുകയാണ് അതു കേൾക്കാൻ ആഗ്രഹമില്ലെ? ഉണ്ട് എന്ന് മറുപടി പറഞ്ഞതോടെ മറ്റാരും അറിയാത്ത ചില വസ്തുതകൾ നാരായണന്റെ മാതാവ് അദ്ദേഹത്തോട് പറഞ്ഞു - ഈനാടിഗ്ഗ് എന്ന മീഡിയം മുഖാന്തിരം.

"ഞാൻ മരിക്കുന്ന സമയത്ത് മകനെ നീ എന്റടുത്തുണ്ടായിരുന്നില്ല. പക്ഷെ എനിക്കതിൽ പരിഭവമില്ല''

അമ്മയ്ക്ക് ആശ്വാസമുണ്ടെന്നു കരുതി ഡെൽഹിയിൽ അവാർഡ് വാങ്ങാൻ വേണ്ടി നാരായണൻ പോയതായിരുന്നു. ആ മരണദിവസം എയർപോർട്ടിൽ എത്തിയപ്പോൾ അമ്മ മരിച്ച വിവരം കിട്ടി. അടുത്ത പ്ലയിനിൽ തന്നെ തിരിച്ചു. ഈ സംഗതി ഈനാടിഗ്ഗിൽ കൂടി അമ്മ മകനോട് പറഞ്ഞപ്പോൾ നാരായണൻ ഞെട്ടിപ്പോയി. "ടൈനി ത്യാഗരാജൻ എന്ന സ്ത്രീയെയാണു ഉപരാഷ്ട്രപതി ജെട്ടി എന്റെ വീട്ടിലേക്കയച്ചത്. അവർ പല സംഗതികളും അൽപം സ്മരണയും ധ്യാനവും മൗനവും കൂടിയുള്ള പ്രക്രിയ നടത്തി. ക്രിസ്റ്റൽ ബോളിലൂടെ നോക്കി. എന്റെ ഭാര്യയുടെ ചിത്രം കൈവശം വച്ചുകൊണ്ട് പല വസ്തുക്കളും പറഞ്ഞു. വളരെ വ്യക്തിഗതമായ സംഗതികളായതുകൊണ്ട് ആ കാര്യങ്ങൾ ഞാനിവിടെ പ്രതിപാദിക്കാൻ ഒരുങ്ങുന്നില്ല."

എന്റെ അടുത്ത ബന്ധുവായ വിശ്വനാഥൻ അയ്യർ അദ്ദേഹ

ത്തിന്റെ വീടു വിൽക്കുന്ന വേളയിൽ ചില സംശയങ്ങൾ കൊണ്ടു കാലതാമസം വരുത്തുകയായിരുന്നു. അതിനെക്കുറിച്ച് അദ്ദേഹത്തോട് ടൈനി ത്യാഗരാജൻ എന്റെ ഭാര്യ പറയുന്നതായി ചില ഉപദേശങ്ങൾ കൊടുത്ത ആ സംഗതിയെക്കുറിച്ച് യാതൊരു വിവരവും ഉണ്ടായിരുന്നില്ല. അന്വേഷിച്ചപ്പോൾ വിശ്വനാഥഅയ്യർ സംഗതികൾ ശരിയാണെന്നു സമ്മതിച്ചു. "അതു പോലെ തന്നെ എന്റെ അനുജത്തിക്കു മരിച്ച ഭർത്താവ് വെങ്കിടാചലം അവിടെ ടൈനിയുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾക്ക് അദൃശ്യൻ പക്ഷെ അവർക്ക് കാണാമായിരുന്നു. അദ്ദേഹം ധരിച്ച വസ്ത്രങ്ങളും ആകാരവും ടൈനി വർണ്ണിച്ചപ്പോൾ അദ്ദേഹത്തിന്റെ വീട്ടിൽ കയറി ചെല്ലേണ്ട വഴി വിവരിച്ചപ്പോൾ ഇരുന്ന മട്ട് എതു വിധത്തിലായിരുന്നുവെന്ന് പറഞ്ഞപ്പോൾ എന്റെ സഹോദരി ഞെട്ടിപ്പോയി, ഞങ്ങളും."

മുകളിൽ ഉദ്ധരിച്ച പ്രസക്തഭാഗങ്ങളിൽ നിന്നും വി.ആർ. കൃഷ്ണയ്യർ എന്താണ് എന്ന് വ്യക്തമാക്കുന്നതാണ്. അവ അക്കമിട്ട് ഉദ്ധരിക്കാം. യുക്തിവാദത്തിൽ വിശ്വസിക്കുന്ന ആളാണെന്ന് ഞാൻ നടിക്കുന്നു. ഞങ്ങൾ നിരീശ്വര ഭൗതികവാദികളാണെങ്കിലും ഭൗതികവാദത്തിനപ്പുറം മനുഷ്യൻ ആദ്ധ്യാത്മിക ജീവിയാണെന്ന ബോധമുള്ളവരായിരുന്നു. ഈ പ്രസ്താവന വ്യക്തമാക്കുന്നത് വി. ആർ. കൃഷ്ണയ്യർക്ക് യുക്തിവാദവും ആത്മീയവാദവും എന്താണെന്നു തിരിച്ചറിഞ്ഞുകൂടെന്നുള്ളതാണ്. ഒരു യഥാർത്ഥ യുക്തി വാദി നിരീശ്വരവാദിയും ഭൗതികവാദിയുമായിരിക്കും. ഒരു യഥാർത്ഥ ആത്മീയവാദി നിരീശ്വരവാദത്തിനും ഭൗതികവാദത്തിനും എതിരായിരിക്കും. എന്നിരിക്കെ ഒരു ഭൗതികവാദി എങ്ങനെയാണ് ആദ്ധ്യാത്മികജീവിയാണെന്ന ബോധമുള്ളവനായിരിക്കുന്നത്. കൃഷ്ണയ്യരുടെ മാനസികഘടന പരിശോധിച്ചാൽ കൃഷ്ണയ്യർ ഒരു ആത്മീയവാദി പോലുമല്ലെന്നാണ് ബോധ്യപ്പെടുന്നത്. അത് തെളിയിക്കുന്നതാണ് അദ്ദേഹം അറിയാതെ പറഞ്ഞു പോയത്. താൻ യുക്തിവാദത്തിൽ വിശ്വസിക്കുന്നു നടിക്കുകയാണെന്ന് പറഞ്ഞത്. അതു തന്നെയാണു ശരി. കൃഷ്ണയ്യർ പുരോഗമനവാദിയാണെന്ന് അഭിനയിക്കുക്കയായിരുന്നു. ഇങ്ങനെയൊരു മനുഷ്യനായിരുന്നല്ലോ നമ്മുടെ പരമോന്നതനീതിപീഠത്തിന്റെ ന്യായാധിപൻ. അദ്ദേഹംന്യായാധിപനായിരുന്ന കാലത്ത് എത്ര പുരോഗമന വാദി

കൾക്ക് നീതി ലഭിച്ചിട്ടുണ്ടാവും എന്ന കാര്യം അന്വേഷിക്കേണ്ട താണ്. ഭാര്യ സൂക്ഷ്മശരീരത്തിൽ ജീവിക്കുന്നുണ്ടോ മനുഷ്യൻ വെറും ചാമ്പൽ മാത്രമാണോ? മനുഷ്യൻ മരിക്കുന്നതോടെ വെറും സ്മരണയായി മാറുമോ,മരണാനന്തരം ബാക്കിയൊന്നുമില്ലെന്ന് കരുതുന്നത് യുക്തിക്ക് നിരക്കുമോ. ദേഹവിയോഗം കൊണ്ടു സർവ്വവും നശിക്കുമോ?

കൃഷ്ണയ്യരുടെ ഈ ചോദ്യങ്ങളിൽ നിന്നും മനസ്സിലാവുന്നത് കൃഷ്ണയ്യർക്ക് ശാസ്ത്രവിജ്ഞാനമില്ലെന്നുള്ളതാണ്. അതാണ് ശങ്കക്ക് കാരണം. കൃഷ്ണയ്യർ പഠിച്ചതെല്ലാം നിയമമാണല്ലൊ. നിയമഗ്രന്ഥം വായിക്കുന്നതിനിടയിൽ ജീവശാസ്ത്രവും ഭൗതികശാസ്ത്രവും പഠിക്കാൻ സമയം കിട്ടുന്നതെവിടെ നിന്ന്? സ്വാഭാവികമായും നിയമജ്ഞാനമുള്ള ഒരാൾക്ക് ശാസ്ത്രജ്ഞാനമുണ്ടാകണമെന്നില്ല. കൃഷ്ണയ്യരുടെ സംശയങ്ങൾക്ക് ശാസ്ത്രത്തിൽ ഉത്തരമുണ്ട്. അതു മനസ്സിലാക്കിയാൽ കൃഷ്ണയ്യരുടെ സംശയം മാറും. യുക്തിക്ക് നിരക്കില്ലെന്ന് യുക്തിവാദി ആത്മീയമായ ഒരു സത്ത മനുഷ്യനുണ്ടെന്നും ദേഹവിയോഗത്തിനു ശേഷം ദേഹി ജീവിക്കുന്നുവെന്ന കൃഷ്ണയ്യരുടെ സംശയം ശാസ്ത്രീയമായ അടിത്തറയുടെ പോരായ്മയാണ്. ജീവനെയും മനസ്സിനെയും കുറിച്ചുള്ള പ്രാകൃതമനുഷ്യന്റെ ഉത്തരം തേടലാണ് ആത്മാവ്. ജീവനും മനസ്സിനും വ്യക്തമായ നിർവ്വചനം കൊടുക്കാൻ കഴിയാതിരുന്ന കാലത്ത് കൊടുത്ത ഉത്തരമാണ് ആത്മാവ്. ഇന്നിത് അന്ധവിശ്വാസമാണെന്നു വ്യക്തമായിരിക്കുന്നു.

റവ. റയിൻ ഹാർട്ട് എന്ന വ്യക്തിയായിരുന്നു ഈ വിഷയത്തെക്കുറിച്ച് അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചത്. അദ്ദേഹത്തെപ്പറ്റി പല ദുരാരോപണങ്ങളും ഉണ്ടായിരുന്നതായി പറയുന്നു. പരേതാത്മാവിന് തെളിവുകൾ ഇദ്ദേഹത്തെക്കുറിച്ചുള്ള ദുരാരോപണം എന്തായിരുന്നുവെന്നു കൃഷ്ണയ്യർ പറയുന്നില്ല. എന്നാൽ അതു നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇയാളുടെ ഈ വിനിമയ പരിപാടിയെ ചോദ്യം ചെയ്തവർ അന്നുണ്ടാവണം അവർ ഇദ്ദേഹത്തിന്റെ കള്ളി വെളിച്ചത്താക്കിയിട്ടുണ്ടാവണം. കൃഷ്ണയ്യരെപ്പോലുള്ളവർക്ക് ഹാർട്ടിന്റെ പരിപാടി ശരിയാണെന്നു തോന്നാം. എന്നാൽ ശാസ്ത്രീയമായി നിരീക്ഷിക്കുന്നവർ ഇത് നിരാകരിക്കും. ഉപരാഷ്ട്രപതി ബി. ഡി. ജെട്ടിയുടെ കാര്യം കൃഷ്ണയ്യരുടെ അഭി

പ്രായത്തിൽ നിന്നു തന്നെ. ജെട്ടിയും കൃഷ്ണയ്യരെപ്പോലെ ഒര ന്ധവിശ്വാസിയാണെന്നു തെളിയുന്നു. അദ്ദേഹമാണ് ആത്മാവിനെ തെളിയിക്കാൻ ടൈനി ത്യാഗരാജൻ എന്ന സ്ത്രീയെ പറഞ്ഞയ ച്ചത് എന്നു പറയുന്നു. അതു പോലെ മറ്റൊരു അന്ധവിശ്വാ സിയാണ് ആർ.കെ. നാരായണനെന്നു കൃഷ്ണയ്യരുടെ അഭിപ്രാ യത്തിൽ നിന്നും മനസ്സിലാവുന്നു. ആർ. കെ. നാരായണൻ രണ്ടു പുസ്തകങ്ങളാണെഴുതിയത്. ഒന്ന് ആത്മകഥയും ഒന്ന് നോവലും. ആർ. കെ. നാരായണൻ പറയുന്ന ആത്മകഥാപരമായ ഭാഗം എന്താ ണെന്ന് കൃഷ്ണയ്യർ വിശദീകരിക്കുന്നില്ല. എന്നാൽ നോവൽ വായി ച്ചുവോ എന്ന് പല പ്രാവശ്യം ആർ. കെ. ചോദിച്ചതായി പറയുന്നു. നോവൽ രചന എന്നത് കൂടുതൽ കാല്പനികത (ഉമിമേര്യ) കട ന്നുവരാവുന്നതാണ്. പൊടിപ്പും തൊങ്ങലും കൂടുതൽ ആവിഷ്ക രിക്കാം. ആ അവതരണത്തിന്റെ അഭിപ്രായം എങ്ങനെയുണ്ടെന്നറി യാൻ ആർ. കെ. യ്ക്കു ജിജ്ഞാസ പൂണ്ടു. ഒരെഴുത്തുകാരന് അതു ണ്ടാവുന്നതാണ്. ഇവിടെ ഒരു കാര്യം വ്യക്തം. യാഥാർത്ഥ്യം എന്നു പറയാവുന്ന ആത്മകഥ വായിച്ചോ എന്നല്ല, ആർ. കെ. ചോദി ച്ചത്. മറിച്ച് നോവൽ വായിച്ചോ എന്നായിരുന്നു. അതു മരണാന ന്തരജീവിതത്തെക്കുറിച്ചറിയാനല്ല മറിച്ച് മരണാനന്തരജീവിതത്തെ ക്കുറിച്ച് കെട്ടിയുണ്ടാക്കിയ അവതരണം എങ്ങനെയുണ്ടെന്നറിയാ നായിരുന്നു. അതു കൊണ്ടാണ് കൃഷ്ണയ്യർ ഏവനും ഈ നോവൽ വായിക്കണം എല്ലാ സംഗതികളും യാഥാർത്ഥ്യങ്ങളാണ് കള്ളങ്ങൾ ഒട്ടുമില്ലെന്നു ഉറക്കെപ്പറയുന്നത്. ഈനാടിഗ്ഗ് എന്ന മീഡിയയെക്കു റിച്ച് കൃഷ്ണയ്യർ പറഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമായിരുന്നു. ഞങ്ങൾ തമ്മിലുള്ള കൂടിക്കാഴ്ചയിൽ എനിക്ക് വേണ്ടത്ര തെളിവ് കിട്ടിയില്ല. അതുകൊണ്ട് ആർ. കെ. നാരായണനെ പറഞ്ഞയച്ചു. ആർ. കെ. യോട് ഈനാടിഗ്ഗ് പറഞ്ഞു അമ്മ മരിക്കുമ്പോൾ മകന ടുത്തില്ലെന്ന്.

ടൈനി ത്യാഗരാജന്റെ കഥയും ഇതുതന്നെ. അവർ കൃഷ്ണയ്യ രുടെ വീട്ടിൽ വന്നപ്പോൾ ക്രിസ്റ്റൽ ബോളെടുത്ത് വെച്ച് ധ്യാനം നടത്തി. ശാരദാകൃഷ്ണയ്യരുടെ ഫോട്ടോ കയ്യിലെടുത്ത് വച്ച് വ്യക്തിഗതമായ കാര്യങ്ങൾ പറഞ്ഞു. വ്യക്തിഗതമായതുകൊണ്ട് ഞാൻ പറയുന്നില്ല. ഈ നാടിഗ്ഗിനെപ്പോലുള്ള തന്ത്രമാണ് ടൈനി ത്യാഗരാജനും പ്രയോഗിച്ചത്. ഭാര്യയും ഭർത്താവും തമ്മിലുള്ള

ശൃംഗാരമാണ് ടൈനി പ്രയോഗിച്ചതെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ഇത് പ്രയോഗിച്ചപ്പോൾ കൃഷ്ണയ്യർ വീണുവെന്നതാണ് സത്യം.

വിശ്വനാഥയ്യരുടെ കാര്യം. അടുത്ത ബന്ധു വീടുവെക്കുന്ന സമയത്ത് തീർച്ചയായും വീടുനിർമ്മാണവുമായുള്ള കാര്യങ്ങൾ പറയുക സ്വാഭാവികമാണ്. ആ വേളയിൽ നമ്മൾ പ്രതികരിക്കുന്നതും പതിവാണ്. ഗുണദോഷങ്ങൾ നമ്മൾ പറയുകയും ചിന്തിക്കുകയും ചെയ്യാറുണ്ട്. വിശ്വനാഥ അയ്യരോട് സാമൂഹ്യപ്രവർത്തക കൂടിയായിരുന്ന ശാരദാകൃഷ്ണൻ വീടുനിർമ്മാണത്തിന്റെ വരുംവരായ്കകളെക്കുറിച്ച് പറഞ്ഞിരിക്കാൻ സാധ്യതയുണ്ട്. ഇതിൽ അത്ഭുതമൊന്നുമില്ല. ടൈനി ഇത് മനസ്സിലാക്കി പ്രയോഗിച്ചപ്പോൾ കൃഷ്ണയ്യർ അടിമപ്പെട്ടുവെന്നതാണ് സത്യം. പൊട്ടക്കണ്ണന്റെ മാവിലെറിപോലെ കൊണ്ടാ കൊണ്ട് കൊണ്ടില്ലെങ്കിൽ പോയി എന്നു പറയും പോലെയാണ് എല്ലാ മീഡിയകളും ഇത് പ്രയോഗിക്കുന്നത്. നമ്മുടെ നാട്ടിലെ കൈനോട്ടക്കാർ, ജ്യോത്സ്യൻമാർ, മനുഷ്യദൈവങ്ങൾ എന്നിവർ ഈ രീതിയാണ് പ്രയോഗിക്കുന്നത്. ആർ. കെ. നാരായണനെപ്പോലെ തിരക്കുള്ളവർ അമ്മ മരിക്കുമ്പോൾ കൂടെയുണ്ടാവണമെന്നില്ല. അതുപോലെ ആർ. കെ. ചെല്ലുന്നതിന് മുമ്പ് തന്നെ ഒരഭിമുഖത്തിനുള്ള സമയം ആവശ്യപ്പെട്ടിരുന്നു.

ഇപ്പോൾ ഈനാ വല്ല സിറ്റിംഗും ആവശ്യമാണോ എന്ന് ചോദിച്ചിരുന്നു. ഇക്കാര്യം വ്യക്തമാക്കുന്നത് ആർ.കെ. യെ കുറിച്ച് വിവരങ്ങൾ ശേഖരിക്കാനും അതിനു വേണ്ടി മുൻകൂർ തയ്യാറാകാനും സമയം കിട്ടിയെന്നുള്ളതാണ് മാത്രമല്ല ആർ. കെ. യുടെ ആത്മകഥ ഇല്ലസ്ട്രേറ്റ് എന്ന വീക്കിലിയിൽ വന്നു കൊണ്ടുമിരിക്കുന്നു. ഇതിൽ നിന്ന് അമ്മ മരിക്കുമ്പോൾ താനടുത്തില്ലായിരുന്നു എന്ന പരാമർശം കിട്ടിയിരിക്കാം. ആ വിവരമെടുത്തു മറ്റൊരു രീതിയിൽ അവതരിപ്പിക്കാനും സാദ്ധ്യതയുണ്ട്. മറിച്ചാണെങ്കിൽ എന്ത് കൊണ്ട് ഈനാടിവിഗ്ഗ് നാരായണൻ വെളിപ്പെടുത്തിയതുപോലെ അവാർഡ് വാങ്ങാൻ പോയപ്പോൾ എയർപ്പോട്ടിൽ വച്ച് വിവരമറിഞ്ഞെന്നും തിരിച്ച് അടുത്ത പ്ലെയിനിൽ പോയെന്നും പറഞ്ഞില്ല. ഒരു തത്വം പ്രയോഗിക്കുക മാത്രമാണ് ചെയ്തത്.

ഇതുപോലെ തന്നെയാണ് അനുജത്തിയുടെ മരിച്ച ഭർത്താവ്

വെങ്കിടാചലം പ്രത്യക്ഷപ്പെട്ട കഥയും. ടൈനി എന്ന മിടുക്കിയുടെ മറ്റൊരു തന്ത്രമായിരുന്നു അതും. ഇവിടെ കൃഷ്ണയ്യർക്ക് മാത്ര മല്ല അന്ധവിശ്വാസം കുടുംബത്തിനു മുഴുവൻ ഉണ്ടെന്നുള്ളതാണ്. ടൈനി ത്യാഗരാജനെ ഇവർ അന്ധമായി വിശ്വസിച്ചുവെന്നുള്ള താണ് ഇതിലെ പരാജയം. ടൈനിയുടെ ഈ തന്ത്രങ്ങൾ നാലാം തരം തട്ടിപ്പിൽപെടുന്നതാണ്. കൃഷ്ണയ്യരെപ്പോലുള്ള ബുദ്ധിജീ വികൾ ഇത് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ് സാമൂഹ്യവിപത്ത്.

കൃഷ്ണയ്യർ ഈനാടവിഗ്ഗിനെ കണ്ടപ്പോൾ കൃഷ്ണയ്യരെ ബോദ്ധ്യപ്പെടുത്തുക തെളിവ് കൊടുക്കാൻ ഈനാടവിഗ്ഗിന് കഴിഞ്ഞി ല്ലെന്ന് അദ്ദേഹം ആർ. കെ. നാരായണന്റെ ദ ഇംഗ്ലീഷ് ടീച്ചറാണ് കൃഷ്ണയ്യരെ ഇത്രയും കുഴപ്പത്തിൽ കൊണ്ട് ചാടിച്ചത്. നാരായ ണനും പത്നിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പ്രതിപാ ദനം കൃഷ്ണയ്യരെ വല്ലാതെ സ്വാധീനിച്ചു. നാരായണൻ നോവ ലിൽ എഴുതിയ ആവിഷ്കാരം മുഴുവൻ യാഥാർത്ഥ്യമാണെന്നു കൃഷ്ണയ്യർ ധരിക്കുകയും കൃഷ്ണയ്യർ അങ്ങനെ ഒരാളായി മാറാൻ തീരുമാനിക്കുകയും ചെയ്തു. ഈ ഉപബോധചിന്ത യാഥാർത്ഥ്യ മാണെന്നു വരുത്തിത്തീർക്കാൻ ശ്രമിച്ചതിന്റെ ബഹളങ്ങളാണ് നാം കണ്ടത്. 2004 മെയ് 30ന് ഏഷ്യാനെറ്റിൽ നമ്മൾ തമ്മിൽ എന്ന പരി പാടിയിൽ മരണാനന്തരജീവിതം മിഥ്യ എന്ന വിഷയത്തെക്കുറിച്ച് ചർച്ച നടത്തിയിരുന്നു. ചർച്ചയിൽ പ്രശസ്ത മനശാസ്ത്രജ്ഞനായ ഡോ. ഡേവിഡ്, ഈ ലേഖകൻ തുടങ്ങിയവർ പങ്കെടുത്തിരുന്നു. ആ ചർച്ചയിൽ പങ്കെടുത്ത കൃഷ്ണയ്യർ ഒരു കാര്യം തുറന്നുപറ യുകയുണ്ടായി. താൻ ഭാര്യയുമായി മരണാനന്തരം നേരിട്ടു സംസാ രിച്ചിട്ടില്ലെന്നും ലണ്ടനിലുള്ള ഒരു മീഡിയം വഴിയാണ് സംസാരി ച്ചതെന്നും. ഇത്രയും കാലം കൃഷ്ണയ്യർ പറഞ്ഞു വച്ചിരുന്ന കള്ളം അദ്ദേഹം തന്നെ പൊളിച്ചു പറഞ്ഞത് ജനങ്ങൾക്ക് ബോധ്യപ്പെട്ടു. കൃഷ്ണയ്യരുടെ ഈ വെളിപ്പെടുത്തലുകൾ കേട്ടപ്പോൾ ചർച്ചയിലു ണ്ടായിരുന്ന കെ. എസ്. ഡേവിഡ് പറഞ്ഞത് കുറുന്തോട്ടിക്ക് വാതം പിടിച്ചാൽ ഇങ്ങനെയിരിക്കുമെന്നാണ്.

# 21

സമരചരിത്രം

## ആറാട്ടുപുഴയുടെ തകരുന്ന തറവാട്

സാംസ്ക്കാരികവകുപ്പും എസ്എൻഡിപിയും ഇത് എന്തുകൊണ്ട് അവഗണിക്കുന്നു? നവോത്ഥാന ശിൽപിയായ ആറാട്ടുപുഴ വേലായുധ പണിക്കരുടെ തകരുന്ന തറവാട് സംരക്ഷിക്കണം. സാംസ്കാരിക വകുപ്പും എസ്.എൻ.ഡി.പി. യോഗവും എന്തുകൊണ്ട് ഇത് അവഗണിക്കുന്നു? കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ സമരനായകന് ആറാട്ടുപുഴ വേലായുധപണിക്കർ. സവർണാധിപത്യ അതിക്രമങ്ങളെ സുധീരം വെല്ലുവിളിച്ചുകൊണ്ട് നീതിക്കും സമത്വത്തിനും വേണ്ടി പോരാടിയ ചരിത്രമാണ് ഉള്ളത്. ആരാധനാ സ്വാതന്ത്ര്യത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും സ്ത്രീ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ജന്മിത്വത്തിനും ഭരണകൂട വിവേചനത്തിനും എതിരായി നിർഭയത്തോടെ പോരാടിയ ഇതിഹാസ പുരുഷനാണ് ആറാട്ടുപുഴ വേലായുധ പണിക്കർ. നാരായണ ഗുരുവിനുപോലും പ്രചോദനമേകിയ സാംസ്കാരിക നായകനും നവോത്ഥാന ശില്പിയുമായ വേലായുധപണിക്കർക്ക് ഇതുവരെ ഉചിതമായ ഒരു സ്മാരകം ഉണ്ടായിട്ടില്ലെന്നത് അനീതിയാണ്. വർഷം മുമ്പ് സവർണ വിശ്വാസങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പണിക്കർ കെട്ടിയ വീടും പറമ്പും ഇന്ന് അനാഥമാണ്. നാലുകെട്ട് ധാരണകളെയും വാസ്തു ശാസ്ത്രത്തെയും വെല്ലുവിളിച്ചുകൊണ്ട് പണിക്കർ കെട്ടിയ എട്ടുകെട്ട് വീട് തകർന്നു തരിപ്പണമാ

യികൊണ്ടിരിക്കുകയാണ്. ആരോ ഒരു വിഭാഗം പൊളിച്ചു കൊണ്ടുപോവുകയും ചെയ്തു. രണ്ടേക്കറോളം വരുന്ന സ്ഥലം ഇന്ന് നശിച്ചുക്കൊണ്ടിരിക്കുകയാണ്. ഇത് വേണ്ട രീതിയിൽ സംരക്ഷിക്കുവാൻ ഉത്തരവാദപ്പെട്ടവർ ഇതുവരെ തയ്യാറായിട്ടില്ല എന്നതും ചരിത്ര പുരുഷനോട് കാണിക്കുന്ന നന്ദികേടാണ്. അവർണ്ണ സമുദായങ്ങളുടെ മോചനത്തിനുവേണ്ടി പോരാടിയ വ്യക്തി എന്ന നിലയിൽ സാംസ്കാരിക വകുപ്പിനും ഈഴവ സമുദായത്തിൽ ജനിച്ച ഒരാളെന്ന നിലയിലും ഈഴവരാദി പിന്നോക്ക വിഭാഗങ്ങളുടെ മോചനത്തിനുവേണ്ടി പോരാടിയ ആളെന്ന നിലയിലും എസ്.എൻ.ഡി.പി. യോഗത്തിന് ഇതിൽ പങ്കുണ്ട്. അനന്തരാവകാശികളിൽ നിന്നും ഇത് വീണ്ടെടുത്ത് നാടിന് സമർപ്പിക്കാൻ ബന്ധപ്പെട്ടവർ ഇനിയെങ്കിലും തയ്യാറാകണം. അതുപോലെ അദ്ദേഹത്തിന് ലഭിച്ച വാളും വീരശൃംഖലയും ഏറ്റെടുത്ത് സംരക്ഷിക്കാൻ പുരാതന വകുപ്പ് ഇതുവരെ തയ്യാറായിട്ടില്ല. അഞ്ചു വർഷം മുമ്പ് വീരശൃംഖലയും അന്വേഷിച്ചു നടന്ന ഈ ലേഖകൻ നങ്ങ്യാർകുളങ്ങര കിഴക്ക് റെയിൽവേ ക്രോസിന് സമീപമുള്ള പണിക്കരുടെ അനന്തരാവകാശിയായ ഭാസ്ക്കരൻ ചാന്നാരുടെ വീട്ടിൽ വെച്ചാണ് കാണുന്നത്. അദ്ദേഹം ഉപയോഗിച്ചിരുന്ന കട്ടിലും അവിടെ കാണുകയുണ്ടായി. ഇന്ന് ഭാസ്ക്കരൻ ചാന്നാൻ ജീവിച്ചിരിപ്പില്ല. ഇത് കണ്ടെത്തി സംരക്ഷിക്കുവാൻ സർക്കാർ തയ്യാറാകണം.

പണിക്കർ നടത്തിയ സമരപോരാട്ടങ്ങളുടെ കഥ ആവേശം പകരുന്നതുമാണ്. അത് കേരളീയ സമൂഹത്തിന് അജ്ഞാതമാണ്. അദ്ദേഹത്തിന്റെ പങ്കും പ്രാധാന്യവും തിരിച്ചറിയുന്നത് ഏതൊരു പൗരനും മനസ്സിലാക്കേണ്ട ചരിത്രമാണ്. അടുത്തകാലത്ത് ഈ ലേഖകൻ നടത്തിയ അന്വേഷണത്തിന്റെയും പഠനത്തിന്റെയും ഭാഗമായി ലഭിച്ച പരമാവധി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ജ്ഞാനക്ഷേത്രം**

നാരായണഗുരു ജനിക്കുന്നതിന് 40 വർഷം മുമ്പാണ് ആറാട്ടുപുഴ വേലായുധ പണിക്കർ ജനിക്കുന്നത് (1825 ജനുവരി 7). 1904 അരുവിപ്പുറത്ത് ഗുരു 'നാം നമ്മുടെ ശിവനെ' (സഹോദര സങ്കൽപം) അഥവാ മാനവികത പ്രതിഷ്ഠിക്കുന്നതിനും 40 വർഷം മുമ്പാണ് വേലായുധപണിക്കർ ആറാട്ടുപുഴ ശിവക്ഷേത്രം (ശിവലിംഗം) സ്ഥാപിക്കുന്നത്. ഗുരുവിന്റേത് ശിവൻ സഹോദരസങ്കല്പമായിരു

ന്നുവെങ്കിൽ, പണിക്കരുടെ ശിവജ്ഞാനത്തിന്റെ പ്രതീകമായിരുന്നു. എല്ലാ അജ്ഞതയും അകറ്റുവാനുള്ള അറിവിന്റെ വെളിച്ചം അപരിചിതമായിരുന്ന സമുദായങ്ങളെ പരിഷ്കാരത്തിലേക്ക് കൊണ്ടുവരണമെങ്കിൽ വിദ്യാഭ്യാസമാണ് ലഭിക്കേണ്ടത് എന്ന് മനസ്സിലാക്കിയ പണിക്കർ അതിനുവേണ്ടി സ്ഥാപിച്ചതായിരുന്നു ജ്ഞാനക്ഷേത്രം.

അവർണ്ണ സമുദായക്കാർക്ക് ആരാധനാസ്വാതന്ത്ര്യം ഇല്ലാതിരുന്ന കാലത്ത് 1853 ലാണ് അദ്ദേഹം വിദ്യയുടെ പ്രതീകമായ ആറാട്ടുപുഴ മംഗലത്ത് ശിവലിംഗം പ്രതിഷ്ഠിക്കുന്നത്. ഇങ്ങനെയൊരു ക്ഷേത്രം സ്ഥാപിക്കുവാൻവേണ്ടി പണിക്കർ എടുത്ത അധ്യാനം ചില്ലറയൊന്നുമല്ല. അന്നുവരെ വിഗ്രഹം പ്രതിഷ്ഠിക്കാൻ പൂജാദികാര്യങ്ങൾ ചെയ്യാനുമുള്ള അവകാശം ബ്രാഹ്മണർക്കായിരുന്നു. പക്ഷേ പണിക്കർ തോൽവി സമ്മതിക്കാൻ തയ്യാറായില്ല. അദ്ദേഹം ബ്രാഹ്മണവിദ്യ പഠിക്കുവാൻ തന്നെ തീരുമാനിച്ചു. പണിക്കർ അതിനൊരു തന്ത്രം പ്രയോഗിച്ചു നേരെ വൈക്കം ക്ഷേത്രത്തിൽ ചെന്ന് മേൽശാന്തിയെ കണ്ട് ബ്രാഹ്മണനാണെന്ന് വിശ്വസിപ്പിച്ചു. അവിടെ പൂജാദിമന്ത്രങ്ങൾ പഠിക്കാൻ അനുവാദം നേടി. തുടർന്ന് മൂന്നു മാസക്കാലം അവിടെ നിൽക്കുകയും പൂജാവിധികൾ സ്വന്തമാക്കുകയും ചെയ്തു.

പഠനാന്തരം അവിടെ നിന്ന് പോകാൻ ശ്രമിക്കുമ്പോൾ മേൽശാന്തിയോട് പണിക്കർ ഒരു ചോദ്യം ചോദിച്ചു. സവർണരുടെ ക്ഷേത്രത്തിൽ ഒരു അവർണൻ കയറി മന്ത്രവാദികൾ പഠിക്കുകയും ആ വിവരം തിരുമേനി അറിഞ്ഞാൽ എന്തു ശിക്ഷയാണ് ഉണ്ടാവുകയെന്ന്. മേൽശാന്തി പറഞ്ഞ് നൂറ് സ്വർണ്ണനാണയം പിഴയായി കൊടുക്കണമെന്ന്. കയ്യിൽ ഒളിച്ചുവെച്ചിരുന്ന സ്വർണ്ണ നാണയം വെച്ചിട്ടുള്ള പണ സഞ്ചി മേൽശാന്തിയുടെ കയ്യിൽ കൊടുത്തിട്ട് പരിഹാരം വേണ്ടത് ചെയ്യണം എന്ന് പറഞ്ഞിട്ട് കോവിലിന് വെളിയിലേക്ക് മതിൽ ചാടി. ചാടുമ്പോൾ പണിക്കർ നേരത്തെ തയ്യാറാക്കി നിർത്തിയിരുന്ന കുതിരപ്പുറത്തേക്ക് കയറുകയും ആറാട്ടുപുഴയിൽ പോവുകയും ചെയ്തു. പിന്നീട് പണിക്കർ ഗോകർണ്ണത്തും കർണാടകത്തിലും തമിഴ്നാട്ടിലും പോയി ക്ഷേത്രങ്ങൾ കാണുകയും മന്ത്രിമാരുമായി സംസാരിച്ച് കാര്യങ്ങൾ ഗ്രഹിക്കുകയും ചെയ്തു. ആ യാത്രയ്ക്ക് ശേഷം പണിക്കർ ക്ഷേത്രം കെട്ടുവാൻ

തീരുമാനിച്ചു. ഗോകർണ്ണത്തു നിന്നും ജ്യോത്സ്യരെ കൊണ്ടുവന്നു, ജോത്സ്യർ പ്രശ്നം വെച്ചു പറഞ്ഞു. ഈ കാട്ടിലേക്ക് പശുക്കളെ അഴിച്ചു വിടുക അതിൽ കറുപ്പിൽ വെളുത്ത പുള്ളികളുള്ള പശുവിനെ എപ്പോഴും ശ്രദ്ധിക്കുക. പടിഞ്ഞാറോട്ടോ കിഴക്കോട്ടോ നോക്കി ചാണകം ഇടുന്ന സ്ഥലം വിഗ്രഹം പ്രതിഷ്ഠിക്കണം. ചാണകം ഇടുന്നിടത്ത് ക്ഷേത്രം പണിയാൻ തീരുമാനിച്ചു. പ്രമുഖ ക്ഷേത്രങ്ങളിലുള്ള ചടങ്ങുകൾ ഏർപ്പെടുത്തി. ആനപ്പുറത്തെഴു ന്നള്ളി, നിലവിളക്ക്, കൊടിയേറ്റ്, നാദസ്വരം, ചെണ്ടമേളം, തിമില, നെടുകുഴൽ, വാരുണ കുഴൽ തുടങ്ങിയ വാദ്യമേളങ്ങളും ഏർപ്പെ ടുത്തി. സവർണരുടെ ക്ഷേത്രങ്ങൾക്ക് സമാനമായ എല്ലാ സൗക ര്യങ്ങളും പണിക്കർ ഒരുക്കി. വിദ്യാലയം, കഥകളി, വാദ്യമേളങ്ങൾ, സംഗീതം, നൃത്തം, കളരി, ദേവസ്വം ഓഫീസ് എന്നിവ ആരംഭിച്ചു. എന്നിട്ട് ആരാധനാ സ്വാതന്ത്ര്യമില്ലാത്ത അവർണ്ണ സമുദായ ത്തിൽപ്പെട്ടവർക്കും

പൊതുജനങ്ങൾക്കുമായി ക്ഷേത്രം തുറന്നു കൊടുത്തു. ചരി ത്രത്തിലെ ആദ്യ ക്ഷേത്രപ്ര വേശനം ആയിരുന്നു അത്. സംഭവ ത്തെതുടർന്ന് സവർണ പ്രമാണിമാർ ചെമ്പകശ്ശേരി രാജാവിനോ ട് പരാതി ബോധിഷിച്ചു. രാജാവ് ആ പരാതികണക്കി ലെടുത്തി ല്ല. മാത്രമല്ല ആ നടപടിയെ അംഗീകരിക്കുകയാണുണ്ടായത്. മംഗ ലത്തുള്ള ഇടയ്ക്കാട് ക്ഷേത്രം നാരായണഗുരു പിന്നീട് പലതവ ണ സന്ദർശിച്ചിട്ടുണ്ട്.

നാട്ടുകാരുടെ യോഗം

ക്ഷേത്ര സ്ഥാപനത്തിന് ശേഷം പണിക്കർ 1845 ൽ ക്ഷേത്രാ ങ്കണത്തിൽ വെച്ച് നാട്ടുകാരുടെ ഒരു യോഗം വിളിച്ചു കൂട്ടി. അവ രോട് പണിക്കർ പറഞ്ഞു നാം സവർണരുടെ അടിമകളാണ്, അവരുടെ അടിയും തൊഴിയും ഏറ്റ്, നമുക്ക് വഴിനടക്കുവാനും നല്ല വസ്ത്രം ധരിക്കുവാനും പള്ളിക്കൂടത്തിൽ പോയി നമ്മുടെ കുട്ടികൾക്ക് പഠിക്കുവാനും അനുവാദമില്ല. മൃഗങ്ങളേക്കാൾ മോശം ആണ് നമ്മുടെ അവസ്ഥ.

ഈ വ്യവസ്ഥിതി നമ്മൾ ചോദ്യം ചെയ്യാൻ പോവുകയാണ്. നമുക്ക് അവയുരായി ഏറ്റുമുട്ടേണ്ടി വരും. അത് ഒരു ചെറിയ കാര്യമല്ല. നിങ്ങൾ എന്നോടൊപ്പം ഉണ്ടാകുമോ? എനിക്ക് യുവാക്കളെയാണ് ആവശ്യം. പണിക്കരുടെ വാക്കുകൾ കേട്ടശേഷം

കുറെ ചെറുപ്പക്കാർ ചാടിയെഴുന്നേറ്റു. അവർ പറഞ്ഞു ഞങ്ങൾ തയ്യാർ. പണിക്കർ അവരെ അഭിനന്ദിച്ചു. പിന്നീട് പണിക്കർ അവരെ കൊണ്ടുപോയി. ആയോധന വിദ്യയും പയറ്റും പഠിപ്പിച്ചു. അതിനുശേഷം വാരണപ്പള്ളി കുടുംബത്തിൽ കളരി ഉണ്ടാക്കി കുറെ പേരെ പരിശീലിപ്പിച്ചു.

മൂക്കുത്തി സമരം

വേലായുധ പണിക്കർ നടത്തിയ ഒരു സുപ്രധാന സമരമായിരുന്നു മൂക്കു കുത്തി സമരം. പന്തളത്തിനടുത്ത് വെച്ച് മൂക്കു കുത്തി ധരിച്ച് പോയ ഈഴവ സമുദായത്തിൽപ്പെട്ട ഒരു യുവതിയുടെ മൂക്കിൽ നിന്ന് സവർണ്ണ സമുദായത്തിൽ പെട്ട ചിലർ മൂക്കുത്തി പറിച്ചെടുക്കുകയുണ്ടായി. മൂക്കു മുറിഞ്ഞു അപമാനിതയായ സ്ത്രീയുടെ സംഭവം അറിഞ്ഞയുടൻ പണിക്കർ പന്തളത്തു വന്നു. സ്വർണ്ണ പണിക്കാരന്റെ ആലയിൽ പോയി മൂന്ന് മാസം അവിടെ തമ്പടിച്ചിരുന്നു മൂക്കുകുത്തികൾ പണി കഴിപ്പിച്ചു. ആയിരം മൂക്കുകുത്തികൾ പണി കഴിപ്പിച്ചു വിത്തു കൊട്ടയിലാക്കി ആൾക്കാരെയും കൂട്ടി പന്തളത്തിലേക്ക് അയച്ചു. പിന്നാലെ ഒരു കുതിരപ്പുറത്ത് പണിക്കരും എത്തി. താണ സമുദായത്തിൽപെട്ട ആയിരത്തോളം യുവതികളെ അവിടെ വിളിച്ചുകൂട്ടുകയും അവരെക്കൊണ്ട് മൂക്കുത്തി ധരിപ്പിച്ച് വിടുകയും ചെയ്തു. എന്നിട്ട് അവരെ അപമാനിക്കാൻ ആരെങ്കിലും മുന്നോട്ടു വരുന്നുണ്ടോ എന്നറിയാൻ പണിക്കർ അവിടെ തമ്പടിച്ചു. പക്ഷേ പണിക്കരോട് ഏറ്റുമുട്ടാൻ ആരും തയ്യാറായില്ല. അന്നുമുതൽ സ്ത്രീകൾക്ക് മൂക്കുത്തി ധരിച്ച് നടക്കുവാൻ ഉള്ള സ്വാതന്ത്ര്യം കിട്ടി.

ഏത്താവു സമരം

ഈഴവ സമുദായത്തിൽ പെട്ട സ്ത്രീകൾക്ക് മേൽവസ്ത്രം ധരിച്ച് നടക്കാൻ സ്വാതന്ത്രം ഇല്ലാതിരുന്ന കാലത്ത് കായംകുളത്ത് പൊതുവഴിയിലൂടെ ഒരു യുവതി രണ്ടാം മുണ്ട് (ഏത്താ) ദേഹത്തിട്ട് നടന്നു. ഇത് കണ്ട് ക്ഷോഭിച്ച സവർണ ജാതിയിലെ ചിലരും അവരുടെ കൂട്ടാളികളായ ചില അന്യ മതസ്ഥരും ചേർന്ന് മാറിൽ നിന്നും ഏത്താ വലിച്ചെടുക്കുകയും വലിച്ച് കീറിക്കളയുകയും ചെയ്തു.എന്നിട്ട് അവരുടെ മാറിൽ വെള്ളക്ക തോട്ടട്ടിച്ചു പിടിപ്പിച്ചു പരസ്യമായി ആക്ഷേപിച്ചു വിട്ടു. ഈ സംഭവമറിഞ്ഞ് പണിക്കർ ഇതിനെ നേരിടാൻ തന്നെ തീരുമാനിച്ചു. അദ്ദേഹം ആയിരം

ചുട്ടിയുള്ള തോർത്തുമുണ്ട് വാങ്ങി, അനുയായികളെ വാഹനത്തിൽ കയറ്റി കായംകുളത്തേക്ക് വിട്ടു. പിന്നേട് പണിക്കർ കുതിരഷുറത്തുകയറി കായംകുളത്തേക്ക് ചെന്നു. ഈഴവ സമുദായത്തിൽപെട്ടസ്ത്രീകളെ വിളിച്ചുകൂട്ടി മേൽമുണ്ട് ധരിപ്പിച്ച് കായംകുളത്തെ തെരുവുകളിലൂടെ നടത്തിപ്പിച്ചു. ആ സമരത്തെ ചെറുക്കുവാൻ ആരും തയ്യാറായില്ല. അന്നുമുതൽ സ്രീകൾക്ക് ഏത്താ ധരിച്ച് നടക്കാൻ എതിർപ്പില്ലാതെ ആയി.

കർഷക സമരം

മുട്ടിന് താഴെ ഉടുവസ്ത്രം താഴ്ത്തിയിട്ട് ഇടതുവശം ചായിച്ചു കൊണ്ട് നടക്കുവാനുള്ള സ്വാതന്ത്ര്യം താണ സമുദായത്തിൽ ഫെട്ടസ്ത്രീകൾക്ക് ഇല്ലായിരുന്നു. 1866 കായംകുളത്തിന് വടക്ക് പത്തിയൂരിലെ വയൽ വരമ്പിലൂടെ ഏതാനും സ്ത്രീകൾ വലിയ കരയുള്ള മുണ്ട് മുട്ടിനു താഴെ ഉടുത്തു നടന്നു നീങ്ങിയത് ഉയർന്ന സമുദായക്കാരെ ചൊടിപ്പിച്ചു.

അവർ അവരെ ആക്ഷേപിച്ചു. ഈ സംഭവം അറിഞ്ഞ ഉടൻ പണിക്കർ സവർണ ജന്മിമാർക്ക് വേണ്ടി പണിയെടുത്തിരുന്ന ഈഴവർ പുലയർ വിഭാഗക്കാരെ വിളിച്ചുകൂട്ടുകയും ഇനി മുതൽ വിപണിയും മറ്റു പണികളും ബഹിഷ്കരിക്കുവാൻ അഭ്യർത്ഥിച്ചു. അഭ്യർത്ഥന മാനിച്ച് തൊഴിലാളികൾ പണിമുടക്കി. ജന്മിമാരുടെ വരുമാനം കുറഞ്ഞു. തൊഴിലാളികൾക്ക് ആഹാരത്തിനുള്ള വക പണിക്കർ എത്തിച്ചു. മറ്റു പ്രദേശങ്ങളിൽ നിന്നും ജോലിക്ക് ആൾക്കാരെ കൊണ്ടുവരാൻ ജന്മിമാർ തയ്യാറായി. അങ്ങനെ വരുന്നതുവരെ ഉന്മൂലനം ചെയ്യും എന്നാണ് പണിക്കർ പറഞ്ഞത്. അവസാനം ഗത്യന്തരമില്ലാതെ വന്നപ്പോൾ ജന്മിമാർ പരാജയം സമ്മതിച്ചു. ആക്ഷേപിക്കപ്പെട്ട തൊഴിലാളികൾക്ക് മുണ്ടു വാങ്ങിക്കൊടുക്കാൻ പണിക്കർ കൽപ്പിച്ചു. അതോടുകൂടി സ്ത്രീകൾക്ക് മുട്ടിനുതാഴെ മുണ്ട് ഉടുത്ത് നടക്കാമെന്ന് ആയി.

മെതിയടി സമരം

ഒരിക്കൽ കല്ലിശേരിക്ക് അടുത്തുള്ള മുസ്ലിം പള്ളിയുടെ അടുത്തുള്ള ഇടവഴിയിലൂടെ ഒരു അവർണൻ മെതിയടി ഇട്ടു നടന്നപ്പോൾ മെതിയടിയുടെ ശബ്ദം കേട്ട് പള്ളിക്കാർ അയാളെ ശകാരിച്ച സംഭവം ഉണ്ടായി. ഇതറിഞ്ഞ പണിക്കർ രോഷാകുലനായി. അന്നു തന്നെ ആശാരിമാരെ വീട്ടിൽ വിളിപ്പിച്ച് 100 മെതിയടി പണികഴി

പ്പിച്ചു. തുടർന്ന് അടുത്ത ദിവസം 100 പേരെ കൊണ്ട് മെതിയടി ധരിപ്പിച്ചു ശബ്ദവുമുണ്ടാക്കി പള്ളിയുടെ മുമ്പിലൂടെ പണിക്കർ നടത്തിപ്പിച്ച്. ആരും അതിനെ എതിർക്കാൻ തയ്യാറായില്ല. പേഷ്കാർക്ക് എതിരെ ഒരിക്കൽ തന്റെ അനുയായികൾ സ്ഥലത്തില്ല എന്ന് അറിഞ്ഞു ക്രൂരനായ പേഷ്കാർ പണിക്കരെ ആക്രമിക്കുവാൻ തീരുമാനിച്ചു. ഇത് മുൻകൂട്ടി തിരിച്ചറിഞ്ഞ് പണിക്കർ പേഷ്കാർ ദൂരെ എത്തുമ്പോഴേ കാണത്തക്കവിധം ഒരു പട്ടാളത്തെ സൃഷ്ടിച്ചു. വേലി പത്തൽ വെട്ടിയെടുത്ത് പ്രധാന വഴിയിൽ നിരത്തി ഉറപ്പിച്ചിട്ട് അതിന് മുകളിൽ കലങ്ങൾ കമഴ്ത്തി ഉറപ്പിച്ചതിനുശേഷം കലങ്ങൾ വെള്ള തുണികൊണ്ട് മൂടിക്കെട്ടി. അങ്ങേത്തലയ്ക്കലും ഇങ്ങേ തലക്കലും രണ്ടു ഭടന്മാരും നിന്നു. ഭടന്മാർ മുമ്പോട്ട് നീങ്ങുന്നതിനുവേണ്ടിയുള്ള കമാൻറുകൾ ലീഡർമാരായ ഭടന്മാർ വളരെ ഉറക്കെ വിളിച്ചു പറഞ്ഞു. ഇത് കേൾക്കുകയും കാണുകയും ചെയ്ത പേഷ്കാർ ഇത് ശക്തമായ സൈന്യം ആണെന്ന് തെറ്റിദ്ധരിച്ച് മടങ്ങിപ്പോയി. രാജ പുത്രന്മാർക്കെതിരെ മറ്റൊരിക്കൽ പണിക്കരും അനുയായികളും പുളികീഴിലേക്ക് പോവുകയായിരുന്നു. അപ്പോൾ എതിരെ ഇടപ്പള്ളി രാജാവിന്റെ മകനും അകമ്പടിക്കാരും വന്നു. പണിക്കർ മാറി പോകുന്നതിനുവേണ്ടി രാജപക്ഷത്തുനിന്നും 'ഹോയ്' വിളികൾ ആരംഭിച്ചു. പക്ഷേ പണിക്കർ മാറിയില്ലെന്ന് മാത്രമല്ല അവർ ഒഴിഞ്ഞു പോകുന്നതിനുവേണ്ടി പണിക്കരുടെ പക്ഷത്തു നിന്ന് 'ഹോയ്' വിളികളുയർന്നു. രണ്ടു കൂട്ടരും പിന്മാറാതെ വന്നപ്പോൾ സംഘർഷാവസ്ഥയായി.

പണിക്കർ രാജാവിന്റെ പുത്രനെയും കൂട്ടരെയും തോട്ടിലേക്ക് വലിച്ചെറിഞ്ഞു. പണിക്കർ തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. ശിക്ഷ കഴിഞ്ഞു വന്നപ്പോൾ നാദസ്വരം, ചെണ്ടമേളം മുത്തുക്കുടയോടെ ജനങ്ങൾ പണിക്കരെ സ്വീകരിച്ചു. അതോടുകൂടി അവിടെയുള്ളവർക്ക് പിന്നീട് ഹോയ് വിളി കേൾക്കേണ്ടി വന്നിട്ടില്ല. കുടി കിടപ്പിനെതിരെ കാർത്തിക പള്ളിക്ക് പടിഞ്ഞാറുള്ള മഹാദേവിക്കാട് എന്ന സ്ഥലത്തുള്ള ബ്രാഹ്മണനായ ഒരു ജന്മി ഉണ്ടായിരുന്നു. ഇയാളുടെ ഭൂമിയിലെ കുടി കിടപ്പുകാരൻ ആയിരുന്നു കേശവൻ. ബ്രാഹ്മണൻ കേശവനെ നിർബന്ധപൂർവ്വം ഒഴിപ്പിച്ചു. സംഭവം പണിക്കരുടെ മുമ്പിലെത്തി. പണിക്കർ പിന്നൊന്നും ആലോചിച്ചില്ല. കേശവനെയും പിടിച്ച് നേരെ പഴയ വീട്ടിലെത്തി.

കേശവനോട് പഴയ വീട്ടിൽ തന്നെ താമസിച്ചുകൊള്ളാൻ പറഞ്ഞു. താമസിക്കുവാൻ കൊണ്ടുവന്ന കേശവനെ പുറത്താക്കാൻ പിന്നേട് ജന്മിക്ക് ധൈര്യംവന്നില്ല. ജന്മിത്വത്തിനെതിരെ കൂട്ടനാട്ടിലെ മാമ്പഴകുരിയിലെ ഒരു പ്രമാണിയായിരുന്നു തയ്യിൽ പഞ്ചു മേനോൻ. അവിടെ ആരുടെ പശു പ്രസവിച്ചാലും മേനോൻറെ വീട്ടിൽ കെട്ടണം എന്നാണ് നിയമം. അല്ലെങ്കിൽ ശിക്ഷ ഏറ്റുവാങ്ങേണ്ടി വരും. ഒരിക്കൽ അവിടുത്തെ വൈദ്യന്റെ പശു പ്രസവിച്ചു. മേനോൻ വീട്ടിലില്ലാത്തതിനാൽ പശുവിനെ കൊണ്ടുപോയി കെട്ടിയില്ല. പക്ഷേ മേനോൻ ക്ഷുഭിതനായി വൈദ്ധ്യനെയും പശുവിനെയും പിടിച്ചു കെട്ടി കൊണ്ടുവരാൻ ആജ്ഞാപിച്ചു. ഇത് അറിഞ്ഞ വൈദ്യൻ ഒളിവിൽ പോയി. മേനോൻ തന്റെ ആൾക്കാരെ അയച്ച് വീട് കൊള്ളയടിക്കുകയും പശുവിനെ അഴിച്ചു കൊണ്ടുവരികയും ചെയ്തു. ഈ അനുമതി ഇല്ലായിരുന്നു. അതുകൊണ്ട് അതിനെയും പണിക്കർ വെല്ലുവിളിച്ചു. തന്റെ സ്വന്തം സഹോദരിയെ അന്യമത സമുദായത്തിലുള്ള യുവാവിന് വിവാഹം ചെയ്തുകൊടുത്ത് മാതൃകയായി എന്നാണ് പറയപ്പെടുന്നത്. തുടക്ക കാരണം പണിക്കർക്ക് പത്തു വയസ്സുള്ളപ്പോൾ പണിക്കരുടെ അമ്മയുടെ സഹോദരിപുത്രൻ കുടുംബത്തിൽ വന്നു.

അവരുമായി കൂട്ടുകൂടിയപ്പോൾ പണിക്കർ അമ്മയോടു പറഞ്ഞു ഞാൻ ഒരു മാസം അമ്മയുടെ വീട്ടിൽ പോയി നിൽക്കാൻ പോവുകയാണെന്ന്. അങ്ങനെ സഹോദരന്റെ കൂടെ വീട്ടിലേക്ക് പോകാൻ തീരുമാനിച്ചു. രണ്ടുപേരും കൂടി മാവേലിക്കരയിലെ അമ്മൂമ്മയുടെ വീടായ കുന്നത്തേക്ക് പുറപ്പെട്ടു. യാത്ര തുടങ്ങി കുന്നത്ത് എത്തിയപ്പോൾ എതിരെവന്ന കുറേപേർ പുറകെ മാറിനിൽക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ മാറി നിൽക്കുന്നത് എന്തിന് എന്ന് വേലായുധൻ ചോദിച്ചപ്പോഴാണ് നമ്മുടെ നാട്ടിൽ താണ ജാതിക്കാർ വരുമ്പോൾ മാറിനിൽക്കണമെന്ന് മനസ്സിലായത്. അതാണ് വേലായുധപണിക്കരുടെ മനസ്സിൽ തീപ്പൊരികൾ വീഴ്ത്തുന്നത്. അതിന്റെ ഫലമായിട്ടാണ് വേലായുധൻ 18 വയസ്സുള്ളപ്പോൾ കളരിയും അടിയും തടയും മറ്റും പഠിക്കാനായി മലബാറിലേക്ക് പുറപ്പെട്ടത്. ഈ അവഗണനയിൽ നിന്നാണ് വേലായുധപണിക്കർ എന്ന വിപ്ലവകാരി ഉണ്ടായത്.

ഞാറ്റുപാട്ടിൽ

മാവേലിക്കര പള്ളിക്കൽ ഭാഗത്തെ കർഷകത്തൊഴിലാളികൾക്കിടയിൽ ഇന്നും പ്രചാരത്തിലുള്ള ഞാറ്റുപാട്ടാണ് വേലായുധപണിക്കരച്ചോ എന്നു തുടങ്ങുന്ന പാട്ട. അതുപോലെ പള്ളിക്കൽ നാണി എന്ന ഗ്രാമീണ കലാകാരി ഇന്നും ഓർക്കുന്നു. അയിത്ത ജാതിക്കാരെന്നു മുദ്ര കുത്തിയ തങ്ങളുടെ കാതിൽ പൊന്നരിമ്പിടാനും മാറിലൊരു കുറി മുടുത്ത് മാറു മറയ്ക്കാനും സ്വാതന്ത്ര്യം നേടിത്തന്നത് ആറാട്ടുപുഴ വേലായുധപണിക്കരാണെന്നത്.

(അവലംബം ഡോ ആറാട്ടുപുഴ സുകുമാരന്റെ ലേഖനത്തിൽ നിന്ന് അന്ത്യം 1049 ധനുമാസം ഇരുപത്തിനാലാം തീയതി (187) കൊല്ലം കോടതിയിൽ കേസുള്ളതിനാൽ തലേദിവസം രാത്രി കായംകുളം കായലിലൂടെ അദ്ദേഹം കൊല്ലത്തേക്ക് പോവുകയായിരുന്നു. ഓടവള്ളത്തിലായിരുന്നു യാത്ര. വള്ളം കള്ളിക്കാട് ചെന്നപ്പോൾ ഇതിലെ ഒരു വള്ളം വരികയും സങ്കടമുണ്ടേ എന്ന് വിളിച്ച് പറയുകയും ചെയ്തു. സങ്കടം ഉണ്ടെന്ന് ആരു പറഞ്ഞാലും പണിക്കർ അത് കേട്ടിട്ട് പോവുകയേ പതിവുള്ളു. അതുകേട്ട് ഉടൻ തുഴ നിർത്താൻ പണിക്കർ വള്ളക്കാരനോട് പറയുകയും എതിരെവന്ന വള്ളം വന്നുചേരുകയും ചെയ്തു.

അപ്രതീക്ഷിതമെന്ന് പറയേണ്ടൂ, അതിൽ നിന്നും കഠാരയും വെട്ടുകത്തിയുമായി ഒരുസംഘം വള്ളത്തിലേക്ക് ചാടിക്കയറുകയും പണിക്കരെ കുത്തിയും വെട്ടിയും ആക്രമിക്കുകയും ചെയ്തു. തൽസമയം കൂടെയുള്ളവരോട് എങ്ങിനെയെങ്കിലും രക്ഷപ്പെടാൻ പണിക്കർ വിളിച്ചു പറയുകയും പണിക്കർ എതിരിടാൻ കഴിയാതെ പിടിക്കപ്പെടുകയും ചെയ്തു. തൊപ്പി കിട്ടൻ എന്ന സാമൂഹ്യ, വിരുദ്ധനായിരുന്നു വധത്തിന് പിന്നിൽ. തൊപ്പി കിട്ടൻ പണിക്കരോട് വൈരാഗ്യം ഉണ്ടാകാൻ ഒരു കാരണവുമുണ്ടായിരുന്നു. കിട്ടൻ ഒരു ദിവസം സ്വന്തം പിതാവിനെ തല്ലി. ഇതുകണ്ട് മാതാവ് ഓടിവന്നു കിട്ടൻ മാതാവിനെയും തല്ലി. കേസ് പണിക്കരുടെ മുന്നിൽ വന്നു. അത് അറിഞ്ഞ ഉടൻ പണിക്കർ ആളിനെ വിട്ടു കിട്ടനെ പിടിച്ചു കൊണ്ടുവന്നു തെങ്ങിൽ കെട്ടി. കിട്ടന്റെ പിതാവിനെ കൊണ്ടുവന്നു ആറടി അടിപ്പിച്ചു. ഇനി അടിക്കുമോടാ എന്ന് ചോദിച്ചപ്പോൾ കിട്ടൻ വീണ്ടും അടിക്കും എന്ന് പറഞ്ഞു. പിന്നീടും അടിച്ചു വിട്ടു. ഈ വൈരാഗ്യം മൂലം കിട്ടൻ ആൾ സഹായം കിട്ടുന്നതിന് ഇസ്ലാം മതത്തിലും അതിലെ ചില സാമൂഹ്യവിരുദ്ധരും

ആയി ചേർന്ന് പണിക്കരെ ആക്രമിക്കുകയാണുണ്ടായത്.

ഇതിന് പണിക്കരുടെ ശത്രുക്കളായ പുള്ളിക്കണക്ക് ഉണ്ണിത്താൻമാരുടെ ഒത്താശയും ഉണ്ടായിരുന്നതായി പറയുന്നു. വെള്ളത്തിലേക്ക് ചാടിക്കയറിയ അവർ പണിക്കരെ കുത്തിയും വെട്ടിയും കൊലപ്പെടുത്തിയശേഷം കഷ്ണങ്ങളാക്കി കടലിലേക്കെറിഞ്ഞു എന്നാണ് പറയുന്നത്. അതുപോലെ ശക്തമായ ജനരോഷം ഉണ്ടാകാത്തതിനാൽ അന്നത്തെ പോലീസ് കൊലപാതകം അന്വേഷിക്കുകയോ കോടതിയിൽ ഹാജരാക്കി ശിക്ഷ വാങ്ങി കൊടുക്കുകയോ ഈ സംഭവത്തിൽ കഴിയാതെ പോയി എന്ന് പറയുന്നു.

(അവലംബം കെ.ഇന്ദ്രന്റെ ലേഖനത്തിൽ നിന്ന്) അനുമതി ഇല്ലായിരുന്നു. അതുകൊണ്ട് അതിനെയും പണിക്കർ വെല്ലുവിളിച്ചു. തന്റെ സ്വന്തം സഹോദരിയെ അന്യമത സമുദായത്തിലുള്ള യുവാവിന് വിവാഹം ചെയ്തുകൊടുത്ത് മാതൃകയായി എന്നാണ് പറയപ്പെടുന്നത്.

തുടക്ക കാരണം

പണിക്കർക്ക് പത്തുവയസ്സുള്ളപ്പോൾപണിക്കരുടെ അമ്മയുടെ സഹോദരിപുത്രൻ കുടുംബത്തിൽ വന്നു. അവരുമായി കൂട്ടുകൂടിയപ്പോൾ പണിക്കർ അമ്മയോടു പറഞ്ഞു ഞാൻ ഒരു മാസം അമ്മയുടെ വീട്ടിൽ പോയി നിൽക്കാൻ പോവുകയാണെന്ന്. അങ്ങനെ സഹോദരൻറെ കൂടെ വീട്ടിലേക്ക് പോകാൻ തീരുമാനിച്ചു. രണ്ടുപേരുംകൂടിമാവേലിക്കരയിലെ അമ്മൂമ്മയുടെ വീടായ കുന്നത്തേക്ക് പുറപ്പെട്ടു. യാത്ര തുടങ്ങി കുന്നത്ത് എത്തിയപ്പോൾ എതിരെ വന്ന കുറേപേർ പുറകെ മാറി നിൽക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ മാറി നിൽക്കുന്നത് എന്തിന് എന്ന് വേലായുധൻ ചോദിച്ചപ്പോഴാണ് നമ്മുടെ നാട്ടിൽ താണജാതിക്കാർ വരുമ്പോൾ മാറിനിൽക്കണമെന്ന് മനസ്സിലായത്. അതാണ് വേലായുധപണിക്കരുടെ മനസ്സിൽ തീപ്പൊരികൾ വീഴ്ത്തുന്നത്. അതിന്റെ ഫലമായിട്ടാണ് വേലായുധൻ 18 വയസ്സുള്ളപ്പോൾ കളരിയും അടിയും തടയും മറ്റും പഠിക്കാനായി മലബാറിലേക്ക് പുറപ്പെട്ടത്. ഈ അവഗണനയിൽ നിന്നാണ് വേലായുധ പണിക്കർ എന്ന വിപ്ലവകാരി ഉണ്ടായത്. ഞാറ്റുപാട്ടിൽ മാവേലിക്കര പള്ളിക്കൽ ഭാഗത്തെ കർഷകത്തൊഴിലാളികൾക്കിടയിൽ ഇന്നും പ്രചരാത്തിലുള്ള ഞാറ്റുപാട്ടാണ് വേലായുധപണിക്കരച്ചോ എന്നു തുടങ്ങുന്ന

പാട്ട. അതുപോലെ പള്ളിക്കൽ നാണി എന്ന ഗ്രാമീണ കലാകാരി ഇന്നും ഓർക്കുന്നു അയിത്തജാതിക്കാരെന്നു മുദ്രകുത്തിയ തങ്ങളുടെ കാതിൽ പൊന്നരിമ്പിടാനും മാറിലൊരു കുറിമുടുത്ത് മാറുമറയ്ക്കാനും സ്വാതന്ത്ര്യം നേടിത്തന്നത് ആറാട്ടുപുഴ വേലായുധ പണിക്കരാണെന്നത്.

(അവലംബം ഡോ ആറാട്ടുപുഴ സുകുമാരന്റെ ലേഖനത്തിൽ നിന്ന് അന്ത്യം 1049 ധനുമാസം ഇരുപത്തിനാലാം തീയതി (187മ)കൊല്ലം കോടതിയിൽ കേസുള്ളതിനാൽ തലേദിവസം രാത്രി കായംകുളം കായലിലൂടെ അദ്ദേഹം കൊല്ലത്തേക്ക് പോവുകയായിരുന്നു. ഓടവള്ളത്തിലായിരുന്നു യാത്ര. വള്ളം കള്ളിക്കാട് ചെന്നപ്പോൾ ഇതിലെ ഒരുവള്ളം വരികയും സങ്കടമുണ്ടേ എന്ന് വിളിച്ച് പറയുകയും ചെയ്തു സങ്കടം ഉണ്ടെന്ന് ആരു പറഞ്ഞാലും പണിക്കർ അത് കേട്ടിട്ട് പോവുകയേ പതിവുള്ളു. അതുകേട്ട് ഉടൻ തുഴ നിർത്താൻ പണിക്കർ വള്ളക്കാരനോട് പറയുകയും എതിരെവന്ന വള്ളം വന്നു ചേരുകയും ചെയ്തു. അപ്രതീക്ഷിതമെന്ന് പറയേണ്ടൂ, അതിൽനിന്നും കഠാരയും വെട്ടുകത്തിയുമായി ഒരുസംഘം വള്ളത്തിലേക്ക് ചാടിക്കയറുകയും പണിക്കരെ കുത്തിയും വെട്ടിയും ആക്രമിക്കുകയും ചെയ്തു. തൽസമയം കൂടെയുള്ളവരോട് എങ്ങിനെയെങ്കിലും രക്ഷചെടാൻ പണിക്കർ വിളിച്ചു പറയുകയാം പണിക്കർ എതിരിടാൻ കഴിയാതെ പിടിക്കപ്പെടുകയും ചെയ്തു. തൊപ്പി കിട്ടൻ എന്ന സാമൂഹ്യ, വിരുദ്ധനായിരുന്നു വധത്തിന് പിന്നിൽ. തൊപ്പി കിട്ടൻ പണിക്കരോട് വൈരാഗ്യം ഉണ്ടാകാൻ ഒരു കാരണവുമുണ്ടായിരുന്നു. കിട്ടൻ ഒരു ദിവസം സ്വന്തം പിതാവിനെ തല്ലി. ഇതുകണ്ട് മാതാവ് ഓടി വന്നു കിട്ടൻ മാതാവിനെയും തല്ലി. കേസ് പണിക്കരുടെ മുന്നിൽ വന്നു. അത് അറിഞ്ഞ ഉടൻ പണിക്കർ ആളിനെ വിട്ടു കിട്ടനെ പിടിച്ചു കൊണ്ടുവന്നു തെങ്ങിൽ കെട്ടി. കിട്ടന്റെ പിതാവിനെ കൊണ്ടുവന്നു ആറടി അടിപ്പിച്ചു. ഇനി അടിക്കുമോടാ എന്ന് ചോദിച്ചപ്പോൾ കിട്ടൻ വീണ്ടും അടിക്കും എന്ന് പറഞ്ഞു. പിന്നീടും അടിച്ചു വിട്ടു. ഈ വൈരാഗ്യം മൂലം കിട്ടൻ ആൾ സഹായം കിട്ടുന്നതിന് ഇസ്ലാം മതത്തിലും അതിലെ ചില സാമൂഹ്യവിരുദ്ധരും ആയി ചേർന്ന് പണിക്കരെ ആക്രമിക്കുകയാണുണ്ടായത്. ഇതിന് പണിക്കരുടെ ശത്രുക്കളായ പുള്ളിക്കണക്ക് ഉണ്ണിത്താന്മാരുടെ ഒത്താശയും ഉണ്ടായി

രുന്നതായി പറയുന്നു. വെള്ളത്തിലേക്ക് ചാടിക്കയറിയ അവർ പണിക്കരെ കുത്തിയും വെട്ടിയും കൊലപ്പെടുത്തിയശേഷം കഷണങ്ങളാക്കി കടലിലേക്കെറിഞ്ഞു എന്നാണ് പറയുന്നത്. അതുപോലെ ശക്തമായ ജനരോഷം ഉണ്ടാകാത്തതിനാൽ അന്നത്തെ പോലീസ് കൊലപാതകം അന്വേഷിക്കുകയോ കോടതിയിൽ ഹാജരാക്കി ശിക്ഷ വാങ്ങി കൊടുക്കുകയോ ഈ സംഭവത്തിൽ കഴിയാതെ പോയി എന്ന് പറയുന്നു.

(അവലംബം കെ.ഇന്ദ്രന്റെ ലേഖനത്തിൽ നിന്ന്)

# 22

## ഒരു വിവാദ പാഠഭാഗം

പത്താം ക്ലാസ്സിലെ സാമൂഹിക ശാസ്ത്രം ഒന്നാം ഭാഗത്തിലെ നവോത്ഥാനം എന്ന അദ്ധ്യായം പഠിപ്പിക്കേണ്ടതില്ലെന്നു കാണിച്ചുള്ള സർക്കുലർ ഡി.പി.ഐ. എല്ലാ സ്കൂളുകൾക്കും അയച്ചതായിട്ടാണറിയുന്നത്. പുസ്തകത്തിലെ നവോത്ഥാനം എന്ന അദ്ധ്യായത്തിലെ ചില പരാമർശങ്ങൾ കത്തോലിക്കാ സഭയ്ക്കെതിരാണെന്നും എന്നഅതുകൊണ്ട് ഈ ഭാഗം പിൻവലിക്കണമെന്നും മെത്രാൻ സമിതിയായ കെ.സി.ബി.സി. രംഗത്തു വന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടി. ദേശീയ പാഠ്യപദ്ധതി അനുസൃതമായി 2007 ൽ എസ്.സി.ഇ. ആർ.ടി. രൂപവൽക്കരിച്ച പാഠ്യപദ്ധതി പ്രകാരമാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. പുസ്തകം പിൻവലിക്കുന്നതിനോടോ തിരുത്തുന്നതിനോടോ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ.എം. എ.ഖാദർ വിയോജിപ്പ് പ്രകടിപ്പിക്കുകയും അവധിയിൽ പോവുകയും ചെയ്തു. ഈ സന്ദർഭത്തിൽ ഡയറക്ടറുടെ താൽക്കാലിക ചുമതലയുള്ള ചാന്ദ്നിയുടെ നിർദ്ദേശപ്രകാരമാണ് ഡി.പി.ഐ. സർക്കുലർ അയച്ചതെന്നാണ് അറിയുന്നത്.

പാഠപുസ്തകം പരിശോധിക്കാൻ മൂന്നംഗ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നു. ചരിത്ര പണ്ഡിതനായ എം.ജി.എസ്. നാരായണന്നും പ്രൊഫ. ബാബുപോളും മത ശാസ്ത്ര പണ്ഡിതൻ ഫാ.റെ

യ്മണ്ടുമാണ് സമിതി അംഗങ്ങൾ. എന്നാൽ ആദ്യമേ തന്നെ എം.ജി.എസ്. പിൻവാങ്ങിയിരുന്നു. ജൂൺ 6 ന് സമർപ്പിക്കാൻ പറഞ്ഞിരുന്ന റിപ്പോർട്ട ജൂൺ 15 വരെ സമർപ്പിച്ചിട്ടില്ലെന്നാണറിയുന്നത്.

മ്രെതാൻ സമിതി പറയുന്ന കാര്യങ്ങൾ എത്രമാത്രം ശരിയുണ്ടെന്നു ഏതൊരാൾക്കും പരിശോധിച്ചു നോക്കാവുന്നതാണ്. ഈ ലേഖകൻ ആ ഭാഗം പരിശോധിച്ചു നോക്കിയ പ്പോൾ അത്ഭുതപ്പെട്ടുപോയി. കാരണം അതിൽ അനാവശ്യമായ ഒരു പരാമർശവും ഇല്ലെ ന്നുള്ളതാണ്. വർഷങ്ങളായി കുട്ടികൾ സ്കൂളിലും കോളേജിലും പഠിച്ചുവ രുന്ന കാര്യങ്ങളല്ലാതെ ഒന്നും തന്നെ പുതിയതായി ഇതിൽ ഉൾപ്പെ ടിട്ടില്ല. ആരെന്തൊക്കെപ്പറഞ്ഞാലും കത്തോലിക്കാ സഭയ്ക്ക് ഒരു ചരിത്രമുണ്ട്. ആ ചരിത്രം അതുപോലെ പുസ്തകത്തിൽ കൊടു ത്തിരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ ചരിത്രം ആർക്കും തിരുത്തിയെന്ന് കഴിയുന്നതല്ല. പാഠപുസ്തകത്തിൽ തിരുത്തിയെന്ന കരുതി ചരിത്രം ചരിത്രമല്ലാതായി മാറുമോ.

കത്തോലിക്കാ സഭയ്ക്കു അനവധി സ്കൂളുകളും കോളേജു കളുമുണ്ട്. ചരിതം ഐച്ഛികമായെടുത്തു പഠിച്ചിട്ടുള്ള എല്ലാ കുട്ടി കളും ഇതുവരെ കത്തോലിക്കാ സഭയുടെ ഈ ചരിത്രം പഠിച്ചിട്ടുണ്ട് . ഇനി പഠിക്കേണ്ടന്നാണോ മ്മരെതാൻ സമിതിയുടെ തീരു മാനം. പാഠപുസ്തകത്തിന് പിന്നാലെ ലോക ചരിത്രവും കുട്ടികൾ പഠിക്കേണ്ടെന്നു പറയാൻ മ്മെതാൻ സമിതി ഒരു ങ്ങുകയാണോ. കത്തോലിക്കാ സഭ മ്രെതാൻ സമിതി അംഗങ്ങൾക്ക് കത്തോലിക്കാ സഭയുടെ ചരിത്രം അറിഞ്ഞുകൂടെന്നു തോന്നുന്നു. അതുകൊണ്ടാണ് പാഠപുസ്തകത്തിലെ പരാ മർശം കണ്ടപ്പോൾ വിറളി പിടിച്ചത്. മ്രെതാൻ സമിതി അംഗ ങ്ങൾക്ക് അഭിമാനത്തോടെ പുത്തൻ തലമുറയെ അഭിമു ഖീകരിക്കാൻ കഴിയുന്നില്ല. പൂർവ്വ ചരിധ്രമറിയുമ്പോൾ കുട്ടികൾ എന്തു വിചാരിക്കുമെന്നുള്ള ആവലാതിയാണ് ഇതിനു പിന്നിൽ.

മറ്റെല്ലാപേർക്കുമുള്ളതുപോലെ അന്തസ്സുള്ള ഒരു ചരിത്രമല്ല കത്തോലിക്കാ സഭ യ്ക്കുള്ളത്. മനുഷ്യ വർഗ്ഗത്തെ അരുംകൊല ചെയ്ത പൈശാചികത്ചത്തിന്റെ ബീഭത്സ ചിത്രമാണ് കത്തോലിക്കാ സഭയ്ക്കുള്ളത്. അതു പുതിയ തലമുറയോട് പറയാൻ കൊ

ള്ളാവുന്നതല്ല. പറഞ്ഞാൽ സഭയുടെ മേലദ്ധ്യക്ഷന്മാരുടെ മുഖംമൂടി അഴിഞ്ഞു കഴിയും. ഈ ഭയമാണ് പാഠപുസ്തകത്തിനെതിരെ വിവാദവുമായി രംഗത്തു വന്ന തിന്റെ രഹസ്യം. എന്താണ് പാഠപുസ്തകത്തിലുള്ളതെന്നു നമുക്ക് പരിശോധിക്കാം. ചരിത്രത്തിലില്ലാത്തതെന്തെങ്കിലും ഉണ്ടോ എന്നു നമുക്ക് നോക്കാം. പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

നവോത്ഥാനം

*റിനെസ്സാൻസ്' എന്ന പദത്തിനർത്ഥം 'പുനർജ്ജന്മം 'നവോത്ഥാനം' എന്നൊക്കെ യാണ്. എന്നാൽ അതിലും കവിഞ്ഞൊരർത്ഥം ഈ പദത്തിനുണ്ട്. പതിനാലും പതി നഞ്ചും നൂറ്റാണ്ടുകളിൽ ഇറ്റാലിയൻ നഗരങ്ങളിലും തുടർന്നു ഇതര യൂറോപ, യൻ രാജ്യങ്ങളിലുമുണ്ടായ കലാവൈജ്ഞാനിക രംഗങ്ങളിലെ പുത്തൻ ഉണർവ്വിനെയാണ് നവോ ത്ഥാനം കുറിക്കുന്നത്. ഫ്യൂഡൽ പ്രഭുക്കന്മാരും കത്തോലിക്കാസഭയും വിലക്കേർപ്പെ ടുത്തിയിരുന്ന പ്രാചീന ഗ്രെക്കോറോമൻ സംസ്കാരങ്ങളുടെ പുനർജന്മമാണത്. കത്തോലിക്കാ സഭ അടിച്ചേൽപ്പിച്ച യുക്തിരഹിതമായ വിശ്വാസത്തെ നിരാകരിക്കാ നുള്ള അന്വേഷണത്വരയുടെയും വിമർശനബുദ്ധിയുടെയും ഫലം. ഇത് പെട്ടെന്നൊരു ദിവസംകൊണ്ടു ഉണ്ടായതല്ല.' (പേജ് 12)

'ഇറ്റാലിയൻ നവോത്ഥാനത്തിന്റെ തുടക്കം 1490 നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രെടാർക്കിന്റെ (13041374) സാഹിത്യ സംഭാവനയോട് കൂടിയാണെന്നു പറയാം. സ്വർഗ്ഗ സ്ഥനായ ദൈവത്തിന്റെയും പുണ്യാളന്മാരുടെയും മാലാഖമാരുടെയും അപദാനങ്ങളെ വാഴ്ത്തുന്ന മധ്യകാല സാഹിത്യ ശൈലിയിൽ വ്യത്യസ്തമായി വെറും മനുഷ്യരുടെ വിചാര വികാരങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരുന്നു പ്രെടാർക്കിന്റെ ഗീതകങ്ങൾ.' (പേജ് 13)

മതവുമായി ബന്ധപ്പെട്ട പല വിശ്വാസങ്ങളെ ഇക്കാലത്ത് പുറത്തിറങ്ങിയ ഡിവൈൻ കോമഡിപോലുള്ള കൃതികൾ വിമർശന വിധേയമാക്കിയിട്ടുണ്ട്. പ്രാചീന റോമൻ കവി യായ വെർജിലിനെ കൂട്ടി കവിയായ ദാന്തെ അകാലത്തിൽ പൊലിഞ്ഞുപോയ തന്റെ പ്രണയിനിയെത്തേടി സ്വർഗ്ഗനരകങ്ങൾ സന്ദർശിക്കുന്നതാണ് കൃതിയുടെ ഇതിവൃത്തം. ഈ കൃതികളിലെല്ലാം നിറഞ്ഞു നിൽക്കു

ന്നത് നവോത്ഥാന മൂല്യങ്ങളായ വിമർശന ബുദ്ധിയും മാനവിക തയുമാണ്. (പേജ് 13)

നവോത്ഥാനകല

'വാസ്തുശ്രം, ശില്പവിദ്യ, ചിത്രമെഴുത്തു എന്നീ രംഗങ്ങളിലും ഇറ്റാലിയൻ കലാ കാരന്മാർ ഒരു നൂതന ശൈലിക്ക് തുടക്കം കുറിച്ചു. ലിയനാർഡോ ഡാവിഞ്ചി, മൈക്കൽ ആഞ്ചലോ, ടിഷ്യാൻ, ഡൊണാറ്റലോ, രബ്രുണലസ്കി മുതലായവർ നവോത്ഥാന കലയെ സമ്പന്നമായി. അവ്യാഖ്യേയമായ പുഞ്ചിരി പൊഴിക്കുന്ന സുന്ദരിയെ അവതരിപ്പിക്കുന്ന മൊണാ ലിസ് എന്ന ഒറ്റ ചിത്രത്തിലൂടെ തന്നെ അനശ്വരനായിത്തീർന്നു ലിയനാർഡോ ഡാവി ഞ്ചി. മാലാഖമാരുടെ ചിത്രങ്ങൾ വിരസമായി അവതരിപ്പിക്കുന്ന മദ്ധ്യകാല ശൈലിയിൽ നിന്നും ഭിന്നമായി ഒരു മനുഷ്യസ്ത്രീയുടെ ഭാവദീപ്തമായ മുഖമാണ് മൊണാലിസയിൽ ദർശിക്കാൻ കഴിയുക.' (പേജ് 13)

'ശാന്ത ഗംഭീരനായിരിക്കുന്ന യേശുവിനെയും സംശയദൃഷ്ടിയോടെ പരസ്പരം വീക്ഷിക്കുന്ന പ്രന്തണ്ടു ശിഷ്യന്മാരെയും അവതരിപ്പിക്കുന്ന അവസാനത്തെ അത്താഴ ത്തിലും (175 ടഥലാ006) മകന്റെ വേർപാടുണ്ടാക്കിയ ദുഃഖം മുഴുവൻ മുഖത്തു പ്രതിഫ ലിപ്പിക്കുന്ന കന്യാമറിയ (ഗ്നത്ദനമ്ഥ) ത്തിലും ഡാവിഞ്ചിയുടെ മാനവികത പ്രകടമാ ണ്.' (പേജ് 13, 14)

'കത്തോലിക്കാ സഭയുടെ കാലഹരണപ്പെട്ട വിശ്വാസ പ്രമാണങ്ങളെ കളിയാക്കുന്ന താണ് ഡച്ചു ഭാഷയിൽ ഇറാസ്മസ് രചിച്ച വിഡ്ഢിത്തത്തെ വാഴ്ത്തൽ (കി ൂമശലെ ീള 1011) എന്ന കൃതി (പേജ് 14)

മൃതനവീകരണം


10 നൂറ്റാണ്ടിൽ യൂറോപ്പിലെ കത്തോലിക്കാ സഭയിലുണ്ടായ നവീകരണ ശ്രമ ങ്ങൾ മതനവീകരണം അഥവ പ്രൊട്ടസ്റ്റന്റ് നവീകരണം എന്നു അറിയപ്പെട്ടു. ആക ഠമചഡിലെ ജോൺ വൈക്കിഫ് (13241384) സ്രാഹയിലെ ജോൺഹസ് (13691415) എന്നിവർ സഭയിൽ നിലനിന്നി രുന്ന അഴിമതിയെയും ഐഹിതയേയും ചോദ്യം ചെയ്തു അവരെല്ലാം ശിക്ഷിക്കപ്പെട്ടു.' ധർമനിഷ്ഠരായ അനേകം വിശ്വാസികൾ പ്രത്യേകിച്ചു നഗരവാസികൾ പൌരോഹി

ത്യ മേഖലയിലെ അഴിമതികൾ കാരണം വൈദിക വൃത്തിയിൽ പ്രവേശിക്കുവാൻ കൂട്ടാക്കാതായി. യൂറോപ്പിന്റെ പല ഭാഗത്തും മ തനിന്ദയിൽ ഏർപ്പെ ടുന്നവരുടെ എണ്ണം വർദ്ധിച്ചു. പുതുതായി വ ളർന്നു വന്ന വ്യാപാരി വർഗം സഭാ സ്ഥാപനങ്ങളെക്കാൾ രാജാ ക്കന്മാരെ പിന്താങ്ങി. 1൦ം നൂറ്റാണ്ടിൽ കത്തോലിക്കാ സഭ ഒരു സാ ഹസിക പ്രതിസന്ധിയെ നേരിട്ടു. സെന്റ് പീറ്റേഴ്സ് ദേവാലയത്തി ന്റെ പദ്ധതികൾ വൻ സാമ്പത്തിക ബാധ്യത ഉള്ളതായിരുന്നു. ഇ തു മറി; കടക്കാൻ കത്തോലിക്കാ സഭയിൽ മാർപ്പാപ്പ ധാരാളം പ ദവികൾ സൃഷ്ടിച്ചു വിറ്റു. ഏറെ അപകീർത്തികരമായ മറ്റൊരു നട പടിയായിരുന്നു. 'പാപപരിഹാര വില്പന' പാപപരിഹാരത്തിനു ള്ള ഉപാധിയായി സാധാരണക്കാർക്ക് പാപമുക്തി പ്രതം' (1൦ധി ള൦) വിറ്റു സഭ പണമുണ്ടാക്കി. അധികാര ദുർവിനിയോഗം വളരെ യധികം വർദ്ധിച്ചു. (പേജ് 15)

മാർട്ടിൻ ലൂഥർ

'റോമിലെ സെന്റ് പീറ്റേഴ്സ് ദേവാലയം പുതുക്കിപ്പണിയാനാ യി ധനസമാഹരണത്തിനായി 'പാപമുക്തിപ്രതം' വിൽക്കുന്നതി ലെ അധാർമികതയെ ചോദ്യം ചെയ്ത മതപണ്ഡിതനായിരുന്നു മാർട്ടിൻ ലൂഥർ. ജർമ നിയിലെ വിറ്റൻബർഗ് സർവ്വകലാശാലയിൽ ജൈവശാസ്ത്ര പ്രൊഫസായിരുന്നു അദ്ദേഹം. തന്റെ വാദഗതി കൾ വിശദമാ ക്കുന്ന 95 സിദ്ധാന്തങ്ങൾ (100 നീഡ ?ടെ!ട) അദ്ദേ ഹം തയ്യാ റാക്കി. അദൂഹം ഇത് വിറ്റൻബർഗ് ദേവാലയത്തിന്റെ വാതിലിൽ ആണി അടിച്ചു തൂക്കി. കത്തോലിക്കാ സഭയിൽ നിന്ന് പോപ്പ് മാർട്ടിൻ ലൂഥറെ പുറത്താക്കി. ഇതിനെതിരെ പ്രതിഷേധി ച്ചവ രാണ് പ്രൊട്ടസ്റന്റുകൾ." (പേജ് 16)

'പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ ഫലമായി സഭയ്ക്കുളിലും പ രിഷ്കരണ ശ്രമങ്ങൾ ഉണ്ടായി. പ്രതി നവീകരണ പ്രസ്ഥാനം, ക ത്തോലിക്കാ നവീകരണം, കത്തോലിക്കാ പുനരുദ്ധാരണം എന്നൊ ക്കെ ഇതു അറിയപ്പെടുന്നു.'





ശ്രീനിപട്ടത്താനം

കേരളത്തിലെ പ്രമുഖ യുക്തിവാദികളിൽ പ്രധാനിയാണ് ശ്രീനിപട്ടത്താനം. 1985 നും 2021 നും ഇടയിൽ അദ്ദേഹം എഴുതിയ ചില പ്രധാന ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യാഥാസ്ഥിതിക വിശ്വാസങ്ങളെ യുക്തിചിന്തയുടെയും ശാസ്ത്രബോധത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ് ലേഖനങ്ങൾ. ഇത് വായനക്കാരുടെ ചിന്തയിൽ വിസ്ഫോടനം സൃഷ്ടിക്കും എന്ന കാര്യത്തിൽ സംശയമില്ല.

Rationalist Writers Publications
Kollam-691021
Kerala

ഗവേഷണ പഠനം

Rs.190/-



ശ്രീനിപട്ടത്താനം

# തെരഞ്ഞെടുത്ത യുക്തിവാദ ലേഖനങ്ങൾ

RW
Publications

Indic Digital Archive Foundation
gpura.org